KOTTAYAM PUBLIC LIBRARY

Call No. 301.45 Acc. No. 81857

Author ഗാന്ധി

Title ദൈവത്തിന്റെ മുമ്പിൽ എല്ലാവരും തുല്യർ

# ദൈവത്തിന്റെ മുമ്പിൽ എല്ലാവരും തുല്യർ

KOTTAYAM PUBLIC LIBRARY ★ KOTTAYAM ★
8185?

മഹാത്മാ ഗാന്ധിയുടെ ലേഖനങ്ങളിൽനിന്നു്

DISTRIBUTING LIBRARY KOTTAYAM

പബ്ലിക്കേഷൻസ് ഡിവിഷൻ
വാർത്താവിതരണ - പ്രക്ഷേപണവകുപ്പ്
ഭാരതഗവമ്മെൻറ്

മെയ് 1967 (ജ്യേഷ്ഠം 1889)
May 1967 ( Jyaistha 1889)

© നവജീവൻ ട്രസ്റ്റ്, അഹമ്മദാബാദ്

**ALL ARE EQUAL IN THE EYES OF GOD**
( *Malayalam* )

301.45
Gan-D

Price: 1.50
വില: 1.50

*പ്രസാധകൻ :*
ഡയറക്ടർ, പബ്ലിക്കേഷൻസ് ഡിവിഷൻ,
ഓൾഡ് സെക്രട്ടേറിയററ്, ദില്ലി-6

*അച്ചടി :*
ജനതാ പ്രസ്സ്, മദിരാശി-5

81857

# ആമുഖം

ഈ പുസ്തകത്തിനു് ഒരു ആമുഖം എഴുതുവാൻ എന്നോടാവശ്യപ്പെട്ടതിൽ ഞാൻ ബഹുമാനിതനായതുപോലെ തോന്നുന്നു.

അയിത്തത്തിനെതിരായുള്ള മഹാത്മാ ഗാന്ധിയുടെ ലേഖനങ്ങളിൽനിന്നെടുത്ത കുറെ ഭാഗങ്ങൾ "ദൈവത്തിന്നു മുമ്പിൽ എല്ലാവരും തുല്യർ" എന്ന പേരിൽ സമാഹരിച്ചിറക്കുന്നതു് ഒരു നല്ല കാര്യമാണു്. ഇതു് എല്ലാ ഭാരതീയഭാഷകളിലേക്കും തർജ്ജമ ചെയ്തു്, പരക്കെ പ്രസിദ്ധം ചെയ്യണമെന്നു് ഞാൻ നിർദ്ദേശിക്കുന്നു.

നമ്മുടെ ഭരണഘടനയുടെ പതിനേഴാം ഖണ്ഡിക 'അയിത്തത്തെ നിരോധിച്ചിട്ടുണ്ടു്; ഭാരതം സ്വതന്ത്രമാകുന്നതിനു് വളരെക്കാലം മുമ്പു് സാമൂഹ്യപരിഷ്കർത്താക്കളും രാഷ്ട്രീയചിന്തകരും ഹൈന്ദവസമൂഹത്തിന്റെ മേലുള്ള ഈ കളങ്കം കഴിയുന്നത്ര നേരത്തെ നീക്കംചെയ്യണമെന്നു് പഠിപ്പിക്കുകയുണ്ടായി. എന്നാൽ, സ്വാതന്ത്ര്യം കിട്ടിയ ശേഷം പതിനാറു കൊല്ലം കഴിഞ്ഞിട്ടും, അയിത്തം നിയമമനുസരിച്ചു് ഒരു കുററമാവുകയും അതിന്റെ മൂച്ച് കുറയുകയും ചെയ്തിട്ടും, ഇപ്പോഴും ഗ്രാമപ്രദേശങ്ങളിൽ അതു് പരക്കെ ആചരിക്കപ്പെടുന്നുണ്ടെന്നുള്ളതു് ഖേദകരമാണു്. താൻ പഠിപ്പിച്ചതു് തനിക്കു് സ്വതസ്സിദ്ധമായ രീതിയിൽ ഗാന്ധിജി ആചരിച്ചു. ഈ ദൂഷ്യം ഉന്മൂലനംചെയ്യാനുള്ള പ്രസ്ഥാനത്തിൽ അദ്ദേഹത്തിന്റെ വാക്കുകൾ, ഗവൺമെന്റു് തുറകളുടേയും അനൗദ്യോഗികതുറകളുടേയും യുക്തമായ ഒരു ഉപകരണം ആകേണ്ടതാണു്,

ന്യൂദില്ലി,
ജനുവരി 25, 1964

ജി. എൽ. നന്ദ

81857

## ഉള്ളടക്കം


| അദ്ധ്യായം | | പുറം |
|---|---|---|
| 1 | അയിത്തവും അതിന്റെ ബാഹ്യരൂപവും | 1 |
| 2 | സാമൂഹിക–സാമ്പത്തികഫലങ്ങൾ | 14 |
| 3 | അയിത്തത്തിന്റെ ദോഷങ്ങൾ | 30 |
| 4 | അയിത്തം എങ്ങിനെ നീക്കാം? | 37 |
| 5 | അയിത്തോച്ചാടനത്തിന്റെ പുരോഗതി | 53 |
| 6 | ഭാവിപ്രതീക്ഷ | 95 |
| 7 | പട്ടികജാതികളും ഗോത്രവർഗ്ഗങ്ങളും | 106 |

81457

## അദ്ധ്യായം 1

# അയിത്തവും അതിൻെറ ബാഹ്യരൂപങ്ങളും

ഞാൻ വീണ്ടും ജനിയ്ക്കാൻ ആഗ്രഹിയ്ക്കുന്നില്ല. പക്ഷേ, വീണ്ടും ജനിയ്ക്കേണ്ടിവന്നാൽ, ഞാൻ ഒരു തൊട്ടുകൂടാത്തവനായി ജനിയ്ക്കണം. അപ്പോൾ, അവരുടെ ദുഃഖങ്ങളും ദുരിതങ്ങളും, അവരുടെ നേർക്ക് എറിയപ്പെടുന്ന അപമാനങ്ങളും, എനിയ്ക്കു് പങ്കിടാമല്ലോ? അങ്ങനെ ദുരിതപൂർണ്ണമായ ആ അവസ്ഥയിൽനിന്നു് എന്നേയും അവരേയും മോചിപ്പിയ്ക്കുന്നതിന്നു വേണ്ടി യത്നിയ്ക്കാൻ എനിക്കു് കഴിയും. അതുകൊണ്ടു്, ഞാൻ വീണ്ടും ജനിയ്ക്കണമെങ്കിൽ, ഒരു ബ്രാഹ്മണനായോ, ക്ഷത്രിയനായോ, വൈശ്യനായോ, ശൂദ്രനായോ അല്ല, ഒരു അതിശൂദ്രനായി ജനിയ്ക്കണമെന്നു് ഞാൻ പ്രാർത്ഥിയ്ക്കുന്നു.

*യംഗ് ഇൻഡ്യ, മേയ് 4, 1921*

## അയിത്തത്തിനു് അനുമതിയില്ല

അയിത്തത്തിനു് അനുമതി നൽകിയതിൽ ഹിന്ദുമതം പാപം ചെയ്തിരിയ്ക്കുന്നു. അതു് നമ്മെ അധഃപതിപ്പിച്ചിരിയ്ക്കുന്നു; പറയന്മാരാക്കിയിരിയ്ക്കുന്നു. മുസൽമാന്മാർക്കുപോലും നമ്മിൽനിന്നു് പാപപൂർണ്ണമായ ആ പകർച്ചവ്യാധി പിടിപെട്ടിരിയ്ക്കുന്നു.

*യംഗ് ഇൻഡ്യ, ഏപ്രിൽ 24, 1921*

ഒരൊററ മനുഷ്യനെയെങ്കിലും തൊട്ടുകൂടാത്തവനായി കരുതാൻ ഹിന്ദുമതം അനുമതി നല്കിയിട്ടില്ലെന്നു് ഞാൻ നിങ്ങൾക്കു് ഉറപ്പു് നൽകുന്നു. തൻെറ മതത്തെ അറിയുകയും ആചരിയ്ക്കുകയും ചെയ്യുന്ന ഒരു ബ്രാഹ്മണൻെറ ഗണനയിൽ, ഒരു ശൂദ്രൻ തന്നോളംതന്നെ നല്ലവനാണു്. ഒരു ചണ്ഡാലൻ ഒരു ബ്രാഹ്മണനേക്കാൾ ഏതെങ്കിലും തരത്തിൽ താണവനാണെന്നു് ഭഗവദ്ഗീത

ഒരിടത്തും പഠിപ്പിയ്ക്കുന്നില്ല. ഒരു ബ്രാഹ്മണൻ അഹങ്കാരിയാവുകയും, താൻ മേലേക്കിടയിലുള്ള ഒരാളാണെന്ന് കരുതുകയും ചെയ്യുന്ന നിമിഷം അയാൾ ബ്രാഹ്മണനല്ലാതാകുന്നു. എല്ലാവരുടേയും ഉൽക്കർഷത്തിനുവേണ്ടി സ്വയമേവ ആത്മത്യാഗം നടത്തിയ ബ്രാഹ്മണരോട്ട് ഭാരതത്തിന്ന് അഗാധമായ കടപ്പാടുണ്ട്. ഈശ്വരനെ സേവകരിൽ സേവകനെന്നും, അധഃപതിച്ചവരുടെ സമുദ്ധാരകനെന്നും വിളിച്ചതു് ബ്രാഹ്മണരാണ്. വേശ്യയും ചണ്ഡാലനും അവരുടെ ഹൃദയം ശുദ്ധമാക്കിയാൽ മതി അവർക്കും മോക്ഷം പ്രാപിയ്ക്കാമെന്ന് പഠിപ്പിച്ചതു് ബ്രാഹ്മണരാണ്.

എന്നാൽ, മനുഷ്യവംശത്തിന്റെ നിർഭാഗ്യമെന്നുതന്നെ പറയട്ടെ, മനുഷ്യസമുദായത്തിന്റെ ദൗർബ്ബല്യങ്ങളെല്ലാം ബ്രാഹ്മണനും പങ്കിടുന്നു. മനുഷ്യരാശിയ്ക്ക് അറിവ് പകർന്നുകൊടുക്കുകയും, അവർക്ക് നേരായ, ഏററവും സത്യസന്ധമായ, വഴി കാട്ടിക്കൊടുക്കുകയും ചെയ്യുകയെന്ന സ്വധർമ്മം മററുള്ളവരോടൊപ്പം ബ്രാഹ്മണനും അവഗണിച്ചിരിയ്ക്കുന്നു. ഇംഗ്ലീഷുകാർ അഹങ്കാരവും ഡംഭുമുള്ളവരാണെന്ന് നാം ഒഴുക്കൻമട്ടിൽ കുററപ്പെടുത്താറുണ്ട്. നാം അവരുടെ നേർക്ക് കല്ലെറിയുംമുമ്പ്, കഠിനമായി കുററപ്പെടുത്തുവാനുള്ള ബാധ്യതയിൽനിന്ന് നമുക്ക് സ്വയം വിമുക്തരാകാം. നമുക്കു നമ്മുടെ സ്വന്തം വീട്ട് നേരേയാക്കാം.

*യംഗ് ഇൻഡ്യ, മേയ് 11, 1921*

'തൊട്ടുകൂടാത്ത'വർക്ക് തങ്ങൾ നിന്ദിയ്ക്കപ്പെടുന്നുവെന്നോ, വെറുപ്പോടെ നോക്കപ്പെടുന്നുവെന്നോ തോന്നാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കുകയെന്നുള്ളതു് നമ്മുടെ കടമയാണ്. നമ്മുടെ പാത്രങ്ങളിൽനിന്നുള്ള എച്ചിൽ അവരുടെ ഉപജീവനത്തിനായി കൊടുക്കാതിരിയ്ക്കാം. ഒരേ ഈശ്വരനെ ആരാധിയ്ക്കുകയും, തന്റെ ശരീരവും ആത്മാവും ശുദ്ധവും വൃത്തിയുള്ളതുമാക്കി വച്ചുകൊണ്ടിരിയ്ക്കുകയും ചെയ്യുന്ന ഏതൊരാളോടും, അയാൾ ഒരു ബ്രാഹ്മണനായാലും ശരി, ഭങ്ഗിയായാലും ശരി, എനിയ്ക്കെങ്ങിനെ വിവേചനപരമായി പെരുമാറുവാൻ കഴിയും? അടുക്കളയിലുള്ള എച്ചിലിൽനിന്ന് ഞാൻ ഒരു ഭങ്ഗിയ്ക്കു ആഹാരം കൊടുക്കുകയോ, അയാൾക്കു് ആവശ്യം വന്നപ്പോൾ ഞാൻ നേരിട്ട് സഹായം നൽകാതിരിയ്ക്കുകയോ ചെയ്താൽ, ഞാൻ പാപം ചെയ്തതായി കണക്കാക്കപ്പെടും.

എന്റെ നില തികച്ചും വ്യക്തമാക്കിക്കൊള്ളട്ടെ. ഇന്നു് നിലവിലുള്ളതായ അയിത്തമെന്ന ഏർപ്പാടിന്ന് ഹിന്ദുമതത്തിൽ

യാതൊരു അനുമതിയും ഇല്ലെന്നു് ഞാൻ ഉറപ്പിച്ചു പറയുന്നു. എന്നാൽ, ഹിന്ദുമതം പരിമിതാൎത്ഥത്തിലും, ചില പരിതസ്ഥിതികളിലും 'അയിത്തം' അംഗീകരിയ്ക്കുന്നുണ്ടു്. ഉദാഹരണത്തിനു്, എന്റെ അമ്മ വൃത്തികെട്ട സാധനങ്ങൾ കൈകാര്യംചെയ്കു ഓരോ പ്രാവശ്യവും തല്ക്കാലത്തേയ്ക്കു് തൊട്ടുകൂടാത്തവരായിരുന്നു; അവർ കുളിച്ചു് ശുദ്ധം മാറേണ്ടിവന്നിരുന്നു. ആരെയെങ്കിലും അവന്റെയോ അവളുടേയോ ജന്മംകൊണ്ടു് തൊട്ടുകൂടാത്തവനെന്നു് കരുതാമെന്നു് വിശ്വസിയ്ക്കുവാൻ, ഒരു വൈഷ്ണവനെന്ന നിലയിൽ, ഞാൻ വിസമ്മതിയ്ക്കുന്നു. മതം അംഗീകരിയ്ക്കുന്ന തൊട്ടുകൂടായ്മ സ്വാഭാവികമായിത്തന്നെ ക്ഷണികമാണു്; എളുപ്പത്തിൽ നീക്കം ചെയ്യാവുന്നതുമാണു്. അതു് കൃത്യത്തെ മുൻനിർത്തിയുള്ളതാണു്, കർത്താവിനെയല്ല. അതു മാത്രമല്ല, നാം കുഞ്ഞുങ്ങളായിരിയ്ക്കുമ്പോൾ, നമുക്കു അമ്മ ചെയ്യുതരുന്ന ശുചീകരണസേവനത്തിനു് നാം അവരെ ആരാധിയ്ക്കുന്നതുപോലെ, അവരുടെ സേവനം എത്ര വലുതാണോ, അത്രയും നമ്മുടെ ഭക്തിയും വലുതാകുന്നതുപോലെ, ഭങ്ഗികൾ സമൂഹത്തിനുവേണ്ടി നിൎവ്വഹിയ്ക്കുന്ന ശുചീകരണസേവനത്തിനു് നമ്മുടെ ഏററവും ഉന്നതമായ ഭക്തിയ്ക്കു് അവകാശപ്പെട്ടവരാണവർ.

*യംഗ് ഇൻഡ്യ, ജനുവരി 22, 1925*

## ശാസ്ത്രങ്ങളും അയിത്തവും

ഹിന്ദുമതത്തിൽ അയിത്തം ഉള്ളിടത്തോളം കാലം ആ മതവിശ്വാസത്തേയോ, അതിന്റെ അനുയായികളേയോ ആദരിയ്ക്കുവാൻ മുസൽമാന്മാർക്കു് വിഷമമാണെന്നു് വിചാരശീലനായ ഒരു മുസൽമാൻ ഒരിയ്ക്കൽ എന്നോടു് പറഞ്ഞു. 'തൊട്ടുകൂടാത്ത' ഒരു സമുദായം ശാസ്ത്രങ്ങൾക്കു് അജ്ഞാതമാണെന്നു് ഞാൻ അസംഖ്യം തവണ ആവൎത്തിച്ചു പറഞ്ഞിട്ടുണ്ടു്. ശാസ്ത്രങ്ങൾ നെയ്ത്തുകാരനേയും തോട്ടിയേയും തൊട്ടുകൂടാത്തവരെന്നു് തരം തിരിച്ചിട്ടില്ല. ഞാൻ അവ രണ്ടുമാണു്. ഞാനൊരു കുട്ടിയായിരുന്നപ്പോൾ, എന്റെ അമ്മ എന്നെ വൃത്തിയാക്കിയിടത്തോളം, അവർ തീർച്ചയായും തോട്ടിയായിരുന്നു. പക്ഷേ, അക്കാരണത്താൽ അവർ തൊട്ടുകൂടാത്തവരായില്ല. അപ്പോൾ, അതുപോലുള്ള അവശ്യസേവനം നിർവഹിയ്ക്കുന്ന ഒരു ഭങ്ഗിയെ തൊട്ടുകൂടാത്തവനായി എന്തിനു് കരുതണം? ശാസ്ത്രിമാരുടെ ലോകം മുഴുവനും എനിയ്ക്കു് എതിരായാൽപോലും, അയിത്തം ഹിന്ദുമതത്തി

ൻെറ ഭാഗമാണെന്നു് അവർ കരുതുന്നതു് തെററാണെന്നു് ഞാൻ പുരമുകളിൽ നിന്നു് വിളിച്ചുപറയും.

*യംഗ് ഇൻഡ്യ, ഫെബ്രുവരി 26, 1925*

ശൂദ്രന്മാർ വേദങ്ങൾ പഠിയ്ക്കുന്നതിനെതിരായുള്ള നിരോധനത്തിനു് കൂട്ടുനിൽക്കുവാൻ എനിക്കു് സാധ്യമല്ല. വാസ്തവത്തിൽ എൻെറ അഭിപ്രായത്തിൽ, ഈ അവസരത്തിൽ നാം അടിമകളാണെന്നുള്ളതിനാൽ നമ്മളെല്ലാവരും ഏറിയപങ്കും ശൂദ്രന്മാരാണു്.

*യംഗ് ഇൻഡ്യ, ആഗസ്റ്റ് 27, 1925*

സസ്യഭക്ഷണവാദത്തെ സംബന്ധിച്ചു് ബ്രാഹ്മണർ ഉന്നയിയ്ക്കുന്ന അവകാശവാദം മുഴവൻ പരമാൎത്ഥമല്ല. ദക്ഷിണഭാരതത്തിലെ ബ്രാഹ്മണരെ സംബന്ധിച്ചു മാത്രം അതു് പരമാൎത്ഥമാണു്. എന്നാൽ, മററുള്ളിടത്തു് അവർ യഥേഷ്ടം മീൻ തിന്നാറുണ്ടു്. ബംഗാൾ, കാശ്മീർ മുതലായ സ്ഥലങ്ങളിൽ അവർ ഇറച്ചിപോലും തിന്നും. പോരെങ്കിൽ, തെക്കു് എല്ലാ മാംസഭുക്കുകളും മത്സ്യഭുക്കുകളും തീണ്ടിക്കൂടാത്തവരല്ല. അങ്ങേയററം പരിശുദ്ധനായ ഒരു 'തീണ്ടിക്കൂടാത്തവൻ'പോലും 'തൊട്ടുകൂടാത്ത'തെന്നോ, 'തീണ്ടിക്കൂടാത്ത'തെന്നോ നിയമപരമായി കരുതപ്പെട്ടുന്ന ഒരു കുടുംബത്തിൽ ജനിച്ചുപോയെന്ന കാരണത്താൽ ഭ്രഷ്ടനാകുന്നു. അധികാരത്തിലിരിയ്ക്കുന്നവരാണെങ്കിൽ, മാംസം കഴിയ്ക്കുന്ന അബ്രാഹ്മണരുമായി ബ്രാഹ്മണർ തോളുരുമ്മാറില്ലേ? മാംസം കഴിയ്ക്കുന്ന ഹിന്ദുരാജാക്കന്മാൎക്കു് അവർ ആദരമർപ്പിയ്ക്കുന്നില്ലേ?

*യംഗ് ഇൻഡ്യ, ജനുവരി 21, 1926*

## അദ്ദേഹവും ഭ്രഷ്ടനായി

ബോംബേയിൽ വച്ചു് എനിക്കു് ധാരാളം സമയമുണ്ടായിരുന്നു. ഇംഗ്ലണ്ടിൽ പോകുന്നതിനെപ്പററി ഞാൻ നിരന്തരം സ്വപ്നം കണ്ടു. ഇതിനിടയ്ക്കു്, എൻെറ ജാതിക്കാർ ഞാൻ വിദേശത്തു പോകുന്നതിനെപ്പററി വളരെ അസ്വസ്ഥരായിരുന്നു. അതുവരെ ഒരു 'മോഡ്'ബനിയയും ഇംഗ്ലണ്ടിൽ പോയിട്ടില്ലായിരുന്നു. ഞാൻ അങ്ങിനെ ചെയ്യാൻ ധൈര്യപ്പെട്ടാൽ, എന്നെ ശിക്ഷിയ്ക്കണം. ആ ജാതിക്കാരുടെ ഒരു പൊതുയോഗം വിളിച്ചുകൂട്ടി. എന്നോട്ടു് ആ യോഗത്തിൻെറ മുമ്പിൽ ഹാജരാകാൻ ആവശ്യപ്പെട്ടു. ഞാൻ ചെന്നു. പെട്ടെന്നു് ഞാൻ ധൈര്യമവലംബിച്ചതെങ്ങിനെയെന്നു് എനിയ്ക്കറിഞ്ഞുകൂടാ. ഒട്ടും കൂസാതെ, ലവലേശം മടിയ്ക്കാതെ, ഞാൻ ആ യോഗത്തിനു മുമ്പിൽ ചെന്നു.

എന്നോട്ട് അകന്ന ബന്ധമുള്ളയാളും, എന്റെ അച്ഛനുമായി വളരെ നല്ല ബന്ധത്തിൽ കഴിഞ്ഞ ആളുമായ സേഠ് (സമുദായത്തലവൻ) എന്നോടിങ്ങനെ പറഞ്ഞു:

''ജാതിയെക്കുറിച്ച് എനിക്കുള്ള അഭിപ്രായത്തിൽ, ഇംഗ്ലണ്ടിലേയ്ക്ക് പോകാനുള്ള നിന്റെ നിർദ്ദേശം ഉചിതമല്ല. നമ്മുടെ മതം വിദേശയാത്രകൾ നിരോധിയ്ക്കുന്നു. മതത്തിൽ വിട്ടുവീഴ്ച വരുത്താതെ അവിടെ കഴിഞ്ഞുകൂടാൻ സാധ്യമല്ലെന്നാണ് ഞങ്ങൾ കേട്ടിട്ടുള്ളതും; യൂറോപ്യന്മാരുമായി ഭക്ഷണം കഴിയ്ക്കാൻ നീ നിർബന്ധിതനാകും.''

അതിന്ന് ഞാൻ മറുപടി നൽകി: ''ഇംഗ്ലണ്ടിലേയ്ക്ക് പോകുന്നതു് നമ്മുടെ മതത്തിന്ന് ഒരു തരത്തിലും എതിരാണെന്നു് ഞാൻ വിചാരിയ്ക്കുന്നില്ല. കൂടുതൽ പഠിയ്ക്കാൻ വേണ്ടിയാണ് ഞാൻഅവിടെ പോകാൻ ഉദ്ദേശിയ്ക്കുന്നതു്. നിങ്ങൾ ഏററവും ഭയപ്പെടുന്ന മൂന്നു കാര്യങ്ങളിൽനിന്നു് വിട്ടുനിൽക്കാമെന്നു് ഞാൻ ഇതിനകം തന്നെ എന്റെ അമ്മയോട്ട് സത്യം ചെയ്തിട്ടുണ്ട്. ആ ശപഥം എനിയ്ക്കു് രക്ഷ നൽകുമെന്നു് എനിയ്ക്കുറപ്പുണ്ട്.''

''അവിടെ നമ്മുടെ മതം നിലനിർത്താൻ സാദ്ധ്യമല്ലെന്നു് നിന്നോട്ട് ഞങ്ങൾ പറയുന്നു,'' സേഠ് പ്രതിവചിച്ചു. ''നിന്റെ അച്ഛനുമായുള്ള എന്റെ ബന്ധം നിനക്കറിയാമല്ലോ? എന്റെ ഉപദേശം നീ കേൾക്കണം.''

''ആ ബന്ധം എനിയ്ക്കറിയാം.'' ഞാൻ പറഞ്ഞു: ''അങ്ങ് എനിക്കു് ഒരു കാരണവരെപ്പോലെയാണു്. പക്ഷേ, ഇക്കാര്യത്തിൽ ഞാൻ നിസ്സഹായനാണു്. ഇംഗ്ലണ്ടിലേയ്ക്ക് പോകാനുള്ള എന്റെ തീരുമാനം മാററാൻ സാദ്ധ്യമല്ല. എന്റെ അച്ഛന്റെ കൂട്ടുകാരനും ഉപദേഷ്ടാവുമായ ഒരു പണ്ഡിതബ്രാഹ്മണൻ ഞാൻ ഇംഗ്ലണ്ടിൽ പോകുന്നതിൽ ഒരു ആക്ഷേപവും കാണുന്നില്ല. എന്റെ അമ്മയും ജ്യേഷ്ഠനും എനിക്കു് അനുമതി നൽകിക്കഴിഞ്ഞു.''

''പക്ഷേ സ്വജാതിയുടെ ആജ്ഞ നീ ധിക്കരിയ്ക്കുമോ?''

''ഞാൻ യഥാർത്ഥത്തിൽ നിസ്സഹായനാണു്. ഇക്കാര്യത്തിൽ ജാതി ഇടപെടരുതെന്നു് എനിക്കു തോന്നുന്നു.''

ഇതു് സേഠിനെ ശുണ്ഠി പിടിപ്പിച്ചു. അദ്ദേഹം എന്നെ ശകാരിച്ചു; ഞാൻ കുലുങ്ങിയില്ല. അപ്പോൾ സേഠ് ഇങ്ങിനെ വിധി കൽപ്പിച്ചു: "ഇന്നു മുതൽ ഈ കുട്ടിയെ ഒരു ഭ്രഷ്ടനായി കരുതണം. അവനെ ആരെങ്കിലും സഹായിക്കുകയോ, തുറമുഖത്തു യാത്രയയക്കുവാൻ ചെല്ലുകയോ ചെയ്താൽ, അയാൾക്കു് ഒരു രൂപ നാലണ പിഴയിടുന്നതാണു്."

ഈ കല്പന എൻെറ മേൽ ഒരു സ്വാധീനവും ചെലുത്തിയില്ല; ഞാൻ സേഠിനോടു് യാത്ര പറഞ്ഞു.

*യംഗ് ഇൻഡ്യ, ഫെബ്രുവരി 25, 1926*

## തൊട്ടുകൂടാത്തവനാരു്?

അയിത്തം (തൊട്ടുകൂടായ്മ) ആയിരം വായുള്ള ഒരു സർപ്പമാണു്. അതു് അതിൻെറ ഓരോ വായിൽക്കൂടിയും വിഷപ്പല്ലുകൾ പുറത്തുകാട്ടും. അതിനെ നിർവ്വചിക്കാൻ സാധ്യമല്ല. മനുവിൽ നിന്നോ, മററു പൌരാണികനിയമനിർമ്മാതാക്കളിൽനിന്നോ യാതൊരു അനുമതിയും അതിനാവശ്യമില്ല. അതിനു് അതിൻേറതായ സ്മൃതിയുണ്ടു്. അങ്ങനെ അൽമോഡയിൽ, സനാതനധർമ്മമെന്നു വിളിക്കപ്പെടുന്നതനുസരിച്ചുപോലും നിർദ്ദോഷമാണെന്നു പറയുന്ന ഒരു തൊഴിൽ ചെയ്യുന്ന ഒരു ജനസമുദായം മുഴുവൻ തൊട്ടുകൂടാത്തവരാണു്. അവരെല്ലാവരും സ്വന്തം ഭൂമികളുള്ള കൃഷിക്കാരാണു്. അവരെ 'ശില്പി'കളെന്നാണു് വിളിക്കുന്നതു്. 'ബോഡ'കളെന്നു് വിളിക്കപ്പെടുന്ന ഇതുപോലുള്ള മറ്റൊരു ജനസമുദായമുണ്ടു്. അവർ ഇറച്ചി തിന്നുകയോ, മദ്യം കഴിക്കുകയോ ഇല്ല. മററാരേയും പോലെ ശുചിത്വത്തിൻെറ എല്ലാ ചട്ടങ്ങളും അവർ ആചരിക്കുന്നു. എങ്കിലും, അവരും ഇതേ രീതിയിൽ കഷ്ടപ്പെടുന്നു. പാരമ്പര്യം അവരെ തൊട്ടുകൂടാത്തവരെന്നു പറഞ്ഞു് അവഹേളിച്ചിരിക്കുയാണു്. ചിന്തിക്കാൻ കൂട്ടാക്കാത്ത ഹിന്ദുമതം ഈ പാരമ്പര്യത്തെ ചോദ്യം ചെയ്യാതെ സ്വീകരിക്കുകയും, അർഹമായ പരിഹാസത്തിനും അതിലും മോശമായ പലതിനും സ്വയം പാത്രമാവുകയും ചെയ്യുന്നു. ഈ ദൂഷ്യം പരിഹരിക്കാൻ പരിഷ്കർത്താക്കൾ ശ്രമിച്ചുവരുന്നുണ്ടു്. എന്നാൽ, ഹിന്ദുമതത്തിൻെറ ഈ കളങ്കം ഇല്ലായ്മ ചെയ്യാൻ കുറേക്കൂടി കർക്കശമായ സമ്പ്രദായങ്ങൾ ആവശ്യമാണു്. മാമൂൽപ്രിയന്മാരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതിൽ നാം ആവ

ശ്യമില്ലാതെ ഭയപ്പെട്ടുന്നു. നമ്മുടെ പുരുഷാന്തരത്തിൽതന്നെ ഈ ദൂഷ്യം ഇല്ലാതാക്കാമെന്നു് നാം പ്രതീക്ഷിയ്ക്കുന്നുണ്ടെങ്കിൽ, നാം ഈ ഭയം കൈവെടിയണം. ഈ അയിത്തം അതിനു് ഉത്തരവാദികളാകുന്നവരുടെ തലയ്ക്കു മേൽ സ്വാഭാവികമായും തിരിച്ചടിയ്ക്കും. അൽമോഡയിൽ ജാതികൾക്കിടയിലും, ഉപജാതികൾക്കിടയിൽ പോലും, ചോക (ഭക്ഷണസമയത്തെ അയിത്തം) പതിയിരുന്നു് കയറിയിട്ടുണ്ടു്. അവസാനം, ഓരോ മനുഷ്യനും തന്നത്താൽ തൊട്ടുകൂടാത്തവനാകും. പ്രേംവിദ്യാലയം തുടങ്ങിയ ദേശീയ സ്ഥാപനങ്ങളിൽപോലും ഈ 'ചോക' അതിന്റെ ദൂഷിതമായ ആധിപത്യം ചെലുത്തുന്നു. ആ വിദ്യാലയത്തിന്റെ ട്രസ്റ്റികളിലാരും തന്നെ ഈ 'ചോക'യിൽ വിശ്വസിയ്ക്കുന്നില്ലെന്നും, ആ സ്ഥാപനത്തിൽ പഠിയ്ക്കുന്ന കുട്ടികളുടെ അച്ഛനമ്മമാരെ വിരട്ടിയോടിയ്ക്കാതിരിയ്ക്കാൻ വേണ്ടിയാണു് അവർ അതു പൊറുക്കുന്നതെന്നും അന്വേഷിച്ചറിഞ്ഞപ്പോൾ, ഞാൻ വളരെ ആശ്വസിച്ചു.

*യംഗ് ഇൻഡ്യ, ജൂലായ് 11, 1929*

ഒരു ഹിന്ദുവെന്നു് സ്വയം വിളിയ്ക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. എന്തെന്നാൽ, ഭൂമിയുടെ നാലു കോണുകളിൽ നിന്നുമുള്ള പ്രവാചകരുടെ ശാസനങ്ങൾ പൊറുക്കുവാൻ മാത്രമല്ല, ഗ്രഹിയ്ക്കുവാനും പോരുന്നവണ്ണം ആ പദം വിശാലമാണെന്നു് ഞാൻ കാണുന്നു. ഈ ജീവിതഗ്രന്ഥത്തിൽ അയിത്തത്തിനു് യാതൊരു അനുശാസനവും ഞാൻ കാണുന്നില്ല. നേരെ മറിച്ചു് എല്ലാ ജീവനും ഒന്നാണെന്നും, അതു് ഈശ്വരനിലൂടെയാണെന്നും അദ്ദേഹത്തിലേയ്ക്കു് അതു് മടങ്ങി ചെല്ലണമെന്നും വിശ്വസിയ്ക്കാൻ എന്നെ നിർബ്ബന്ധിതനാക്കുന്നു. കാന്തശക്തിയുള്ളതെന്നു് തോന്നിയ്ക്കുന്ന ഭാഷയിൽ, എന്റെ യുക്തിയേയും, അതിലുമേറെ തുളച്ചു കയറുന്ന രീതിയിൽ എന്റെ ഹൃദയത്തേയും, ബോധ്യപ്പെടുത്തി, സംപൂജ്യമായ ആ അമ്മ പഠിപ്പിച്ച സനാതനധർമ്മമനുസരിച്ചു്, ജീവിതം ബാഹ്യമായ ആചാരങ്ങളിലും ചടങ്ങുകളിലുമല്ല കിടക്കുന്നതു്; പിന്നെയോ, പരമമായ ആന്തരികശുദ്ധീകരണത്തിലും ശരീരവും ആത്മാവും മനസ്സും ഒപ്പം ദൈവീകസത്തയിൽ വിലയം കൊള്ളുന്നതിലുമാണു്.

*എന്റെ ആത്മാവിന്റെ വേദന, നവമ്പർ 4, 1932*

അതുകൊണ്ടു്, ജാതിവ്യവസ്ഥയും അയിത്തവും തമ്മിലുള്ള വ്യത്യാസം തോതിലല്ല, തരത്തിലാണു്. ഒരു 'തൊട്ടുകൂടാത്ത

വൻ' ബഹുമാന്യമായ സമുദായത്തിന്റെ പരിധിയ്ക്കു് പുറത്താണു്. അയാളെ കഷ്ടിച്ചേ മനുഷ്യനായി കരുതാറുള്ളു. ഒരേ വേദിയിലിരിയ്ക്കുന്ന സഹോദരമനുഷ്യർ ഒരു പാതാളത്തിലേയ്ക്കു് വലിച്ചെറിഞ്ഞ ജാതിഭ്രഷ്ടനാണയാൾ. അതിനാൽ, ഈ വ്യത്യാസം സ്വർഗ്ഗവും നരകവും തമ്മിലുള്ള വ്യത്യാസത്തിനു് ഏതാണ്ടു് സദൃശമാണു്.

ജാതിവ്യവസ്ഥയെപ്പററി ഓർക്കേണ്ടതായ ഒരു കാര്യം കൂടിയുണ്ടു്. എനിക്കു് അതു് വർണ്ണാശ്രമത്തിനു് സമമല്ല. ജാതിവ്യവസ്ഥ സാമൂഹ്യാവശ്യത്തിനു് ഒരു ഉത്തരമാണു്. വർണ്ണാശ്രമം ഹിന്ദുമതഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണു്; ജാതിവ്യവസ്ഥ അങ്ങിനെയല്ല. അസംഖ്യം ജാതികളുള്ളപ്പോൾ (ചിലതു് നശിയ്ക്കുന്നു; ചിലതു് പുതിയതായി ഉടലെടുക്കുന്നു). വർണ്ണങ്ങൾ നാലേയുള്ളു; എപ്പോഴും അത്രയേ ഉണ്ടായിരുന്നിട്ടുള്ളു. ഞാൻ വർണ്ണാശ്രമത്തിൽ ദൃഢമായി വിശ്വസിയ്ക്കുന്നവനാണു്. ഹിന്ദുമതം മനുഷ്യസമുദായത്തിനു് നൽകിയ ഒരു സംഭാവനയായി അതിനെ പരിഗണിയ്ക്കുവാൻ ഞാൻ ഇതിനുമുമ്പ് മടിച്ചിട്ടില്ല. എനിക്കു് കാണുവാൻ കഴിയുന്നിടത്തോളം, ആ ധർമ്മം സ്വീകരിയ്ക്കുകയെന്നതു് ആധ്യാത്മികവളർച്ചയുടെ ഒരു ഉപാധിയാണു്. നാലു വിഭാഗങ്ങൾ കൂത്തനേയുള്ളവയല്ല. അതാതിനു് യഥാക്രമം വിധിച്ചിട്ടുള്ള സേവനങ്ങൾ ചെയ്തുകൊണ്ടു് സമത്വത്തിൻെറ അടിസ്ഥാനത്തിൽ നിൽക്കുന്ന നെടുകേയുള്ള ഒരു സമതലമാണു്. നല്ലവണ്ണം ജോലി ചെയ്ത ബ്രാഹ്മണനു് കൊടുക്കുന്ന അത്രയും മാക്കുതന്നെ ഈശ്വരൻെറ ഗ്രന്ഥത്തിൽ അങ്ങനെ ചെയ്ത ഭങ്ഗിയ്ക്കും കൊടുക്കുന്നു.

*ഹരിജൻ, ഫെബ്രുവരി 11, 1933*

ഇന്നത്തെ ഹിന്ദുമതത്തെ അലങ്കോലപ്പെടുത്തുന്ന "എന്നെ തൊട്ടുകൂടാ" വാദം ആരോഗ്യഹീനമായ ഒരു വളർച്ചയാണു്. അതു് മനസ്സിൻെറ മരവിപ്പിനെ, അന്ധമായ അഹന്തയെ, മാത്രമാണു് വെളിവാക്കുന്നതു്. അതു് മതത്തിൻെറ അന്തസ്സത്തയ്ക്കും ധർമ്മത്തിനും ഒരുപോലെ നികൃഷ്ടമാണു്.

*ഹരിജൻ, ഏപ്രിൽ 20, 1934*

ശൂദ്രന്മാരെക്കുറിച്ചു് സ്മൃതിയിലുള്ള ശ്ലോകങ്ങൾ മനുഷ്യസമുദായത്തിൻെറ അന്തസ്സത്തയ്ക്കു് കടകവിരുദ്ധമെന്ന നിലയ്ക്കു ഉടനടി തള്ളിക്കളയാൻ അർഹതയുള്ളവയാണു്.

*ഹരിജൻ, സെപ്റ്റംബർ 28, 1934*

## തോട്ടിപ്പണി (ഒരു ലളിതകല)

തോട്ടിപ്പണി ഒരു ലളിതകലയാണ്. വൃത്തിയാക്കൽ കുററമററതായിരിയ്ക്കണമെന്ന മാത്രമല്ല, അതു ചെയ്യുന്ന രീതിയും അതിനുപയോഗിയ്ക്കുന്ന ഉപകരണങ്ങളും വൃത്തിയുള്ളതും, നമ്മുടെ ശുചിത്വബോധത്തിനു് വെറുപ്പുളവാക്കാത്തതുമായിരിയ്ക്കണം. ഞാൻ ഉപയോഗിയ്ക്കുന്ന കക്കൂസ് നിങ്ങളൊന്നു നോക്കൂ. അല്പംപോലും നാററമില്ലാതെ, അത്യന്തം വൃത്തിയുള്ളതാണ് അവിടം. ഞാൻ തന്നെ വൃത്തിയാക്കുന്നതുകൊണ്ടാണ് അങ്ങിനെയിരിക്കുന്നത്, മുനിസിപ്പാലിററിയിലെ തോട്ടി മലവണ്ടികളിലുള്ള സാധനം മുഴവൻ ഒരു കുന്നിൻെറ മുകളിലൂടെ ചരിച്ച് മനോഹരമായ ഒരു സ്ഥലത്തെ മനം മറിപ്പിയ്ക്കുന്ന സ്ഥലമാക്കി മാററുന്നു. നിങ്ങൾ തന്നെ നിങ്ങളുടെ തോട്ടികളായാൽ, കുററമററ ശുചിത്വം ഉറപ്പു ചെയ്യുവാൻ മാത്രമല്ല, ചുററുപാടുകൾ വൃത്തിയാക്കുവാനും, ഭങ്ഗികളെ ഇന്ന് ഞെരിച്ചുകൊല്ലുന്ന മർദ്ദനഭാരം എടുത്തു കളഞ്ഞു്, അവക്ക് ആശ്വാസമരുളാനും നിങ്ങൾക്കു കഴിയും. അതുമൂലം അവരുടെ ഉപജീവനമാർഗ്ഗം ഇല്ലാതാക്കുകയാണെന്ന് സങ്കൽപ്പിയ്ക്കേണ്ട. ഇന്നു് നാം അവരെ മൃഗസമാനരാക്കിയിരിയ്ക്കുന്നു. അവർ ഏതാനും ചെമ്പുതുട്ടുകൾ സമ്പാദിയ്ക്കുന്നുണ്ട്. പക്ഷേ, അതു് അവരുടെ മാനുഷികമായ അന്തസ്സിനു് ചേതമുണ്ടാക്കിക്കൊണ്ടാണെന്നു മാത്രം. മുനിസിപ്പാലിററിയിലും നിങ്ങളുടെ ബംഗളാവിലും ഒരേ ഭങ്ഗിയാണ് ജോലി ചെയ്യുന്നത്. അതിൻെറ ഫലമോ? അയാൾക്കു് രണ്ടിനോടും നീതി ചെയ്യാനാവില്ല. അഴുക്കിനാൽ ചുററപ്പെട്ട്, കക്കൂസ് ചുമരിൻെറ തണലിൽ കുനിപ്പിടഞ്ഞിരുന്നു് ഭക്ഷണം കഴിയ്ക്കുന്ന അയാളെ നോക്കുക. ഹൃദയം പൊട്ടാൻ അതു മതി. അയാൾക്കു് കുറേക്കൂടി അന്തസ്സുള്ള ഒരു തൊഴിൽ കണ്ടുപിടിച്ചുകൊടുക്കാൻ നിങ്ങൾക്കു് വിഷമമുണ്ടാകയില്ല.

*ഹരിജൻ, ആഗസ്റ്റ് 11, 1946*

അയിത്തം ഹിന്ദുമതത്തിൻെറ അവിഭാജ്യഭാഗമല്ലെന്നു് മാത്രമല്ല, ഒരു വ്യാധിയുംകൂടിയാണ്. അതിനോട്ട് പൊരുതേണ്ടതു് ഓരോ ഹിന്ദുവിൻേറയും അപരിത്യാജ്യമായ കടമയാണ്. ഭാരതത്തിൽ അതിനു് മതപരമായ അനുമതി കിട്ടിയിട്ടുണ്ട്. ലക്ഷക്കണക്കിനു്, കോടിക്കണക്കിനു്, മനുഷ്യരെ അടിമത്തത്വത്തിൻെറ വക്കത്തെത്തുന്ന ഒരവസ്ഥയിലേയ്ക്കു് അതു് തള്ളിവിട്ടിരിയ്ക്കുന്നു.

*യെറാവ്ഡാ മന്ദിരത്തിൽനിന്നു്, പുറം 32*

ഇന്നു് ഹിന്ദുമതം മാച്ചുകളയാനാവാത്ത ഒരു കളങ്കം കൊണ്ടു നടക്കുന്നുണ്ടു്. അതു് സ്മരണാതീതകാലംമുതൽ കൈമാറികൈമാറി നമുക്കു് കിട്ടിയിട്ടുള്ളതാണെന്നു് വിശ്വസിയ്ക്കാൻ ഞാൻ വിസമ്മതിയ്ക്കുന്നു. നാം നമ്മുടെ ഏററവും താണ നിലയിൽ കഴിഞ്ഞപ്പോഴായിരിയ്ക്കണം ഈ വൃത്തികെട്ട, അറുവഷളനായ, അടിമത്വത്തിലാഴ്ത്തുന്ന, "തൊട്ടുകൂടായ്മ" മനസ്ഥിതി നമുക്കു് കൈവന്നതെന്നു് ഞാൻ വിചാരിയ്ക്കുന്നു. ഈ ദൂഷ്യം നമ്മെ പററിപ്പിടിച്ചുനിന്നു; ഇന്നും നമ്മുടെ കൂടെ നിൽക്കുന്നു. നമുക്കു് കൈവന്ന ഒരു ശാപമാണതെന്നു് തോന്നുന്നു. ആ ശാപം നമ്മോടൊപ്പം നിലനിൽക്കുന്നിടത്തോളം, ഈ പുണ്യഭൂമിയിലുള്ള ഓരോ വ്യാധിയും നാം ചെയ്യുന്ന, മാച്ചുകളയാനാകാത്ത, കുററത്തിനുള്ള ശരിയായ ഒരു ശിക്ഷയാണെന്നു് നാം തീർച്ചയായും കരുതുമെന്നു് ഞാൻ വിചാരിയ്ക്കുന്നു.

ഇന്നു് ഹിന്ദുമതത്തിൽ ആചരിയ്ക്കപ്പെട്ടുന്ന രീതിയിലുള്ള അയിത്തം, എൻെറ അഭിപ്രായത്തിൽ, ഈശ്വരനും മനുഷ്യനുമെതിരായുള്ള ഒരു പാപമാണു്. അതുകൊണ്ടു്, ഹിന്ദുമതത്തിൻെറ ജീവനെത്തന്നെ മെല്ലെ കാന്തുതിന്നുന്ന ഒരു വിഷത്തെപ്പോലെയാണതു്. എൻെറ അഭിപ്രായത്തിൽ, ഹിന്ദുശാസ്ത്രങ്ങൾ മുഴുവനും ഒന്നിച്ചെട്ടുത്താലും, ഇതിനു് യാതൊരു തരത്തിലുമുള്ള അനുമതിയുമില്ല. ആരോഗ്യകരമായ തരത്തിലുള്ള അയിത്തം ശാസ്ത്രങ്ങളിൽ നിസ്സംശയമായും കാണപ്പെട്ടുന്നുണ്ടു്. അതു് എല്ലാ മതങ്ങങ്ങളിലും സാർവത്രികമാണു്. ശുചിത്വത്തിൻെറ ഒരു ചട്ടമാണതു്. കാലത്തിൻെറ അവസാനം വരെ അതു നിലനിൽക്കും. പക്ഷേ, ഇന്നു് ഭാരതത്തിൽ നാം ആചരിയ്ക്കുന്ന തരത്തിലുള്ള അയിത്തം ബീഭത്സമായ ഒന്നാണു്. വിവിധ പ്രവിശ്യകളിൽ, എന്തിനു് ജില്ലകളിൽപോലും, അതു് വിവിധരൂപങ്ങൾ കൈക്കൊള്ളുന്നു. 'തൊട്ടുകൂടാത്തവരേയും തൊടാവുന്നവരേയും അതു് അധഃപതിപ്പിച്ചു. അതു് ഏതാണ്ടു് നാലു കോടി മനുഷ്യരുടെ വളർച്ചയെ മുരടിപ്പിച്ചു. അവക്കു് ജീവിതത്തിലെ സാധാരണ സൗകര്യങ്ങൾ പോലും നിഷേധിയ്ക്കപ്പെട്ടുന്നു. അതുകൊണ്ടു്, എത്ര വേഗം അതു് അവസാനിപ്പിയ്ക്കുന്നുവോ, അത്രയും ഹിന്ദുമതത്തിനു് നന്നു്; ഭാരതത്തിനു നന്നു്; ഒരുപക്ഷേ മനുഷ്യരാശിയ്ക്കു് പൊതുവേ നന്നു്.

ഭാരതത്തിലെ അഞ്ചിലൊന്നാളുകളെ ശാശ്വതികമായ അടിമത്വത്തിൽ വച്ചുകൊണ്ടിരിയ്ക്കുവാൻ നാം ആഗ്രഹിയ്ക്കുകയും, ദേശീയസംസ്കാരത്തിന്റെ ഫലങ്ങൾ അവർക്കു് മനഃപൂർവ്വം നിഷേധിയ്ക്കുകയും ചെയ്താൽ, 'സ്വരാജ്' അർത്ഥശൂന്യമായ ഒരു വാക്കായിരിയ്ക്കും. മഹത്തായ ഈ ശുദ്ധീകരണപ്രസ്ഥാനത്തിൽ നാം ഈശ്വരൻെറ സഹായം തേടുന്നു. പക്ഷേ, അദ്ദേഹത്തിൻെറ സൃഷ്ടികളിൽ ഏററവും അർഹരായിട്ടുള്ളവർക്കു് മനുഷ്യസമുദായത്തിൻെറ അവകാശങ്ങൾ നാം നിഷേധിയ്ക്കുന്നു. സ്വയം മനുഷ്യത്വവിഹീനരായ നാം മററുള്ളവരുടെ മനുഷ്യത്വമില്ലായ്മയിൽനിന്നു് മോചനം വേണമെന്നു് ഈശ്വരൻെറ മുമ്പിൽ വാദിച്ചുകൂടാ.

അയിത്തം ഒരു പഴയ ഏർപ്പാടാണെന്നുള്ളതു് ആരും ഒരിയ്ക്കലും നിഷേധിച്ചിട്ടില്ല. പക്ഷേ, അതു് ഒരു ദൂഷ്യമാണെങ്കിൽ, അതിൻെറ പഴമയുടെ പേരിൽ അതിനെ ന്യായീകരിയ്ക്കാൻ സാധ്യമല്ല. തൊട്ടുകൂടാത്തവർ ആര്യസമുദായത്തിലെ ഭ്രഷ്ടരാണെങ്കിൽ, ആ സമുദായത്തിനു് മഹാകഷ്ടമെന്നേ പറയേണ്ടു! ആര്യന്മാർ, അവരുടെ പുരോഗതിയുടെ ഒരു ഘട്ടത്തിൽ, ഒരു വിഭാഗം ജനങ്ങൾക്കുള്ള ശിക്ഷയെന്നോണം അവരെ ഭ്രഷ്ടരാണെന്നു് കരുതിയെങ്കിൽ, ആ ശിക്ഷ, തങ്ങളുടെ പൂർവ്വികർ ശിക്ഷിയ്ക്കപ്പെട്ടതു് ഏതു് കാരണങ്ങൾക്കായിട്ടാണോ, അവയൊന്നും കണക്കാക്കാതെ, അവരുടെ സന്താനപരമ്പരകളുടെ മേൽ വീഴുന്നതിനു് യാതൊരു ന്യായവുമില്ല. തൊട്ടുകൂടാത്തവർക്കിടയിൽപോലും തൊട്ടുകൂടായ്മയുണ്ടെന്നുള്ളതു് ആ ദൂഷ്യം ഒതുക്കിനിർത്തുവാൻ സാധ്യമല്ലെന്നും, അതിൻെറ മാരകഫലം സർവ്വവ്യാപകമാണെന്നും മാത്രമേ കാണിയ്ക്കുന്നുള്ളൂ. തൊട്ടുകൂടാത്തവർക്കിടയിലുള്ള തൊട്ടുകൂടായ്മയുടെ നിലനിൽപ്പു് സംസ്കൃതചിത്തമായ ഹിന്ദുസമൂഹം ഏററവും വേഗത്തിൽ ഈ ശാപത്തെ ഉച്ചാടനം ചെയ്യുന്നതിനുള്ള ഒരു അധികകാരണമാണു്. തൊട്ടുകൂടാത്തവർ അങ്ങനെയാവുന്നതു് അവർ ജന്തുക്കളെ കൊല്ലുന്നതുകൊണ്ടും, മാംസം, രക്തം, എല്ലുകൾ, മലം എന്നിവ കൈകാര്യം ചെയ്യുന്നതുകൊണ്ടുമാണെങ്കിൽ, ഓരോ നഴ്സും, ഓരോ ഡാക്ടരും തൊട്ടുകൂടാത്തവരാണു്. അതുപോലെതന്നെ ക്രിസ്ത്യാനികളും, മുസൽമാന്മാരും, ഭക്ഷണത്തിനോ ബലിയ്ക്കോ ആയി മൃഗങ്ങളെ കൊല്ലുന്ന ഉന്നതകുലജാതരെന്നു് പറയപ്പെടുന്ന ഹിന്ദുക്കളും, തൊട്ടുകൂടാത്തവരാണു്. കശാപ്പുശാലകളും, കള്ളു

ഷാപ്പുകളും, വേശ്യാലയങ്ങളും ഒററപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നോ, അവയെ ഒററപ്പെടുത്തണമെന്നോ ഉള്ള കാരണത്താൽ, തൊട്ടുകൂടാത്തവരേയും അതുപോലെ ഒററപ്പെടുത്തണമെന്നുള്ള വാദം കടുത്ത പ്രതികൂലമനോഭാവമാണ് വെളിവാക്കുന്നതു്. കശാപ്പുശാലകളേയും കള്ളുഷാപ്പുകളേയും ഒററപ്പെടുത്തിയിട്ടുണ്ടു്; ഒററപ്പെടുത്തുകയും വേണം. പക്ഷേ, കശാപ്പുകാരേയോ, കള്ളുകടക്കാരേയോ ഒററപ്പെടുത്താറില്ല.

അയിത്തത്തെ എതിർക്കുന്നതിൽ ഞാൻ അതിൻെറ നാരായവേരുവരെ പോയിട്ടുണ്ടു്. അതുകൊണ്ടു്, രാഷ്ട്രീയഭരണഘടനകളുടെ പേരിൽ നോക്കുമ്പോൾ, അതു് സ്വരാജിനെ അത്യധികം അതിക്രമിക്കുന്ന താൽക്കാലികമൂല്യമുള്ള ഒരു പ്രശ്നമാണ്. ലക്ഷോപലക്ഷം അധഃകൃതരുടെ ചുമലുകളിൽ നിന്നു് ഭാരം എടുത്തുമാററാൻപോകുന്നു എന്നു് ഇപ്പോൾ അവരുടെ നെഞ്ചുകളിൽ ഉയിരെടുത്തിട്ടുള്ള ആശയെ ധാർമ്മികാടിസ്ഥാനം കൊണ്ടു് പിൻതാങ്ങിയില്ലെങ്കിൽ ഇങ്ങനെയുള്ള ഭരണഘടന മൃതഭാരമായിരിക്കുമെന്നു് ഞാൻ പറയുന്നു.

ആരംഭത്തിൽ, അയിത്തം ശുചിത്വത്തിൻെറ ഒരു ചട്ടമായിരുന്നു. ഇപ്പോഴും ഭാരതത്തിനു് പുറത്തുള്ള ലോകത്തിൻെറ എല്ലാഭാഗങ്ങളിലും അതങ്ങിനെയാണു്. അതായതു്, വൃത്തിയില്ലാത്ത ഒരു മനുഷ്യനോ, സാധനമോ, തൊട്ടുകൂടാത്തതാകുമോ? എന്നാൽ, അയാളുടേയോ, അതിൻെറയോ, വൃത്തികേടു് മാററിയാൽ ഉടൻതന്നെ, അയാളും, അതും, തൊട്ടുകൂടാത്തതല്ലാതാകും. അതുകൊണ്ടു്, ശമ്പളമുള്ള ഭങ്ഗിയായാലും, ശമ്പളമില്ലാത്ത അമ്മയായാലും, തോട്ടിപ്പണി ചെയ്യാനുള്ള ആളുകൾ അവരുടെ വൃത്തി കെട്ട ജോലി കഴിഞ്ഞു് കഴുകി വൃത്തിയാകുംവരെ വൃത്തികെട്ടവരാണു്. എന്നെന്നേയ്ക്കും തൊട്ടുകൂടാത്തവനായി കരുതപ്പെടുന്നതിനു പകരം, ഭങ്ഗിയെ ഒരു സഹോദരനായി കരുതി, സമൂഹത്തിനുവേണ്ടി വൃത്തികെട്ട ഒരു സേവനം നിർവ്വഹിക്കുന്ന അയാൾക്കു് വൃത്തിയാകാൻ ഒരവസരം നൽകപ്പെടുകയും, വൃത്തിയാകാനിടയാക്കപ്പെടുകയും ചെയ്താൽ, അയാൾ ആ സമൂഹത്തിലെ മറേറതൊരംഗത്തേയുംപോലെതന്നെ സ്വീകാര്യനായിരിക്കും.

വർണ്ണാശ്രമത്തിൽനിന്നു് വ്യതിരിക്തമായ ജാതിവ്യവസ്ഥ ദുഷിച്ച, ജുഗുപ്സാവഹമായ ഒരു സിദ്ധാന്തമാണെന്നു് ഞാൻ വി

ശ്വസിയ്ക്കുന്നില്ല. അതിനു് അതിൻേറതായ പരിമിതികളും പോരായ്മകളും ഉണ്ടു്. പക്ഷേ, അയിത്തത്തെപ്പോലെ അതിൽ പാപകരമായി യാതൊന്നുമില്ല. അതു് ജാതിവ്യവസ്ഥയുടെ ഒരു ഉപോൽപ്പന്നമാണെങ്കിൽ, ശരീരത്തിനു് വിരൂപമായ ഒരു വളർച്ചയെന്നപോലെയോ, ഒരു വിളവിനു് കളകളെന്നപോലെയോ ഉള്ള അർത്ഥമേ അതിനുള്ളൂ. വിരൂപമായ വളർച്ചയുടെ പേരിൽ ഒരു ശരീരത്തെ നശിപ്പിയ്ക്കുന്നതുപോലെയോ, കളകളുടെ പേരിൽ വിളവു നശിപ്പിയ്ക്കുന്നതുപോലെയോ, തെററാണു് ജാതിഭ്രഷ്ടു് കാരണം ജാതിയെ നശിപ്പിയ്ക്കുന്നതു്. നാം മനസ്സിലാക്കുന്ന അർത്ഥത്തിലുള്ള ഭ്രഷ്ടു് പാടെ നശിപ്പിയ്ക്കണം. ആ വ്യവസ്ഥ മുഴുവനും ചത്തൊടുങ്ങേണ്ടതങ്കിൽ, നീക്കം ചെയ്യപ്പെടേണ്ട ഒരു വ്രണമാണതു്. അതിനാൽ, അയിത്തം ജാതിവ്യവസ്ഥയുടെ ഉല്പന്നമല്ല. ഹിന്ദുമതത്തിലേയ്ക്കു് നുഴഞ്ഞുകയറി, അതിനെ കരണ്ടു തിന്നുന്ന, ഉയർന്നവരും താണവരും തമ്മിലുള്ള, ഭേദഭാവത്തിൻെറ ഉല്പന്നമാണു്. അങ്ങനെ അയിത്തത്തിൻെറ മേലുള്ള ആക്രമണം "ഉയർന്നവരും താണവരും" എന്ന ഏർപ്പാടിന്മേലുള്ള ഒരാക്രമണമാണു്. അയിത്തം പോകുന്ന ആ നിമിഷം ജാതിവ്യവസ്ഥ സ്വയമേവ ശുദ്ധീകൃതമാകും. അതായതു്, എൻെറ സ്വപ്നമനുസരിച്ചു്, അതു് സമൂഹത്തിൻെറ നാലു വിഭാഗങ്ങളായ യഥാർത്ഥ വർണ്ണധർമ്മമായി രൂപാന്തരപ്പെട്ടും. ഇവയോരോന്നും ഹിന്ദുമതത്തിൻെറ ശരീരത്തിനു് മുഴുവൻ ഒരുപോലെ ആവശ്യമാണു്. ഓരോന്നും മററുള്ളതിനു് പോഷകമായതും, യാതൊന്നും മറേറതിനേക്കാൾ കീഴേക്കിടയിലോ, മേലേക്കിടയിലോ അല്ലാത്തതുമാകുന്നു.

*ഹരിജൻ, ഫെബ്രുവരി 11, 1933*

## അദ്ധ്യായം 2

# സാമൂഹിക-സാമ്പത്തിക ഫലങ്ങൾ

അമ്പലത്തിൽ തൊടാവുന്നവരെല്ലാം തങ്ങളുടെ സ്നേഹവും, സേവനവും, മാനവപരിഷ്കൃതിയുടെ ഫലങ്ങളും പരസ്പരം കൈമാറുന്നു. ''തൊട്ടുകൂടാത്ത''വരെ അവയിൽനിന്നെല്ലാം സ്വയമേവ നിരോധിയ്ക്കപ്പെട്ടുന്നു. അവർ പല സ്ഥലങ്ങളിലും ഗ്രാമത്തിന്ന് വെളിയിൽ താമസിയ്ക്കണമെന്നുള്ളതുകൊണ്ടു്, അവരുടെ ജീവനും വസ്തുവകകൾക്കുപോലും സംരക്ഷണം ഇല്ല. സാമൂഹികാധ്വാനത്തിൻെറ വിഭജനത്തിൽ അവരാണ് പരമാവധി ജോലി ചെയ്യുന്നതു്. സമൂഹത്തോടുള്ള ഏററവും പ്രധാനപ്പെട്ട ഒരു കടമ അവർ നിറവേററുന്നു. ജാതികളുടെ കുടുംബം രൂപം കൊടുക്കുന്ന മഹത്തായ സാമൂഹ്യജീവിതത്തിൻെറ ഫലങ്ങൾ അവർക്കു് കിട്ടുന്നില്ല. അയിത്തം ''അധഃകൃത''വർഗ്ഗങ്ങളെ ഹിന്ദുസമൂഹത്തിലെ 'സിൻഡറല' ആക്കിയിരിയ്ക്കുന്നു.

*യംഗ് ഇൻഡ്യ, ഡിസംബർ 29, 1920*

അയിത്തം മതത്തിൻെറ ഒരു ശാസനമല്ല, ചെകുത്താൻെറ കൂടോത്രമാണു്. ചെകുത്താൻ എപ്പോഴും വേദങ്ങൾ ഉദ്ധരിച്ചിട്ടുണ്ടു്. പക്ഷേ, വേദങ്ങൾക്കു് യുക്തിയേയും, സത്യത്തേയും മറികടക്കാൻ സാദ്ധ്യമല്ല. യുക്തിയെ ശുദ്ധീകരിയ്ക്കാനും. സത്യത്തെ പ്രകാശമാനമാക്കാനുമാണ് അവകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. വേദങ്ങൾ കുതിരയുടെ ബലി നടത്തണമെന്നു് ഉപദേശിയ്ക്കുകയോ, അതിനു് അനുമതി നൽകുകയോ, അതിനെ പൊറുക്കുകയോ ചെയ്യിട്ടുണ്ടെന്നു് പറയപ്പെട്ടുന്നുവെന്ന കാരണത്താൽ കളങ്കമില്ലാത്ത ഒരു കുതിരയെ ഞാൻ ചുട്ടെരിയ്ക്കാൻ പോകുന്നില്ല. എനിക്കു് വേദങ്ങൾ ദൈവികമാണു്, എഴുതപ്പെടാത്തവയാണു്. 'അക്ഷരം കൊല്ലുന്നു'. അന്തസ്സത്തയാണു് പ്രകാശം നൽകുന്നതു്. വേദങ്ങളുടെ അന്തസ്സത്ത, പരിശുദ്ധിയും, സത്യവും, നിഷ്കപടതയും, ചാരിത്ര്യവും, വിനയവും, ലാളിത്യവും, സഹിഷ്ണുതയും,

ദൈവികത്വവും ഒരു സ്ത്രീയേയോ, പുരുഷനേയോ ഉൽകൃഷ്ടനും, ധീരനുമാക്കുന്ന സകലതുമാണ്. രാഷ്ട്രത്തിലെ മഹാന്മാരും ആവലാതിപ്പെടാത്തവരുമായ തോട്ടികളെ, വെറുക്കുകയും, തുപ്പുകയും ചെയ്യേണ്ട പട്ടികളേക്കാൾ കഷ്ടമായി കരുതി, അവരോട്ട പെരുമാറുന്നതിൽ കുലീനത്വമോ, ധീരതയോ ഇല്ല. "മർദ്ദിത" വർഗ്ഗങ്ങൾ നിർബന്ധിതരാക്കപ്പെട്ടുന്നതുപോലെ നമുക്ക സ്വയമേവ രാഷ്ട്രത്തിലെ തോട്ടികളാകാനുള്ള കരുത്തും വിവേകവും ഈശ്വരൻ നൽകിയെങ്കിൽ! നമുക്ക് വൃത്തിയാക്കുവാൻ വേണ്ടതിലേറെ തൊഴുത്തുകളുണ്ട്.

*യംഗ് ഇൻഡ്യ, ജനുവരി 19, 1921*

*ചോദ്യം:* പ്രപഞ്ചാത്മവാദപരമായ വിശ്വാസങ്ങളെപ്പറ്റി എന്തു പറയുന്നു? അവയെ തിരുത്തേണ്ടതല്ലേ?

*ഉത്തരം:* തൊട്ടുകൂടാത്തവരെന്നു് പറയപ്പെട്ടുന്നവർക്കിടയിലും, പിന്നോക്കവർഗ്ഗങ്ങൾക്കിടയിലും നാം പ്രവർത്തിച്ചുപോരുകയായിരുന്നുവല്ലോ? പ്രപഞ്ചാത്മവാദപരമോ, അല്ലാത്തതോ ആയ അവരുടെ വിശ്വാസങ്ങളെ ചൊല്ലി നാം ഒരിയ്ക്കലും മിനക്കെട്ടിട്ടില്ല. നാം ശരിയായ ജീവിതം ജീവിച്ചു തുടങ്ങുന്നതോടെ, അന്ധവിശ്വാസങ്ങളും, അഭിലഷണീയമല്ലാത്ത കാര്യങ്ങളും പോകും. അവരുടെ വിശ്വാസത്തെപ്പററിയല്ല ഞാൻ വ്യഗ്രതപ്പെട്ടുന്നതു്. ശരിയായ കാര്യം ചെയ്യാൻ അവരോടു് ആവശ്യപ്പെട്ടുന്നതിലാണ്. അവർ അതു ചെയ്തുകഴിഞ്ഞാലുടൻ, അവരുടെ വിശ്വാസം തന്നത്താൻ ശരിയായിക്കൊള്ളും.

*യംഗ് ഇൻഡ്യ, ആഗസ്റ്റ് 11, 1927*

കുറേയാളുകൾ അവരുടെ ആന്തരികമായ തൃപ്തിയ്ക്കും വളർച്ചയ്ക്കും വേണ്ടി അവരുടെ മതം മാററുന്നെങ്കിൽ, അവരതു ചെയ്തുകൊള്ളട്ടെ. നമ്മുടെ സന്ദേശം പ്രാകൃതരുടെ അട്ടക്കലേയ്ക്കു് കൊണ്ടുചെല്ലുന്നതിനെ സംബന്ധിച്ചാണെങ്കിൽ, എൻെറ സ്വന്തം ബുദ്ധി കാണിച്ചു് ഞാൻ പോയി സന്ദേശം നൽകണമെന്നു് വിചാരിയ്ക്കുന്നില്ല. എളിമയോടെ ചെയ്യുക എന്നു പറയപ്പെട്ടുന്നുണ്ടു്. പലപ്പോഴും എളിമയുടെ കുപ്പായവുമിട്ടു് അഹന്ത പോകുന്നതിൻെറ ഒരു നിർഭാഗ്യസാക്ഷിയായിരുന്നിട്ടുണ്ടു് ഞാൻ. ഞാൻ പരിപൂർണ്ണനാണെങ്കിൽ, എൻെറ ചിന്ത മററുള്ളവരുടെ

അടുക്കൽ എത്തുമെന്നു് എനിയ്ക്കറിയാം. ഞാൻ എനിയ്ക്കായി കല്പിച്ചിട്ടുള്ള ലക്ഷ്യത്തിലെത്താൻ എൻെറ സമയം മുഴവനെടുക്കുന്നു. പ്രാകൃതരുടേയും ആസ്സാമിലെ മലവർഗ്ഗക്കാരുടേയും അടുക്കലേയ്ക്കു് വെറുംകയ്യോടെ ചെല്ലുകയല്ലാതെ എനിക്കു് കൊണ്ടുപോകാൻ എന്തുണ്ടു്? എൻെറ പ്രാത്ഥനയിൽ ചേരാൻ അവരോടു് ആവശ്യപ്പെടുന്നതിലും ഭേദം, ഞാൻ അവരുടെ പ്രാത്ഥനയിൽ ചേരുന്നതാണു് നല്ലതു്. "പ്രപഞ്ചാത്മവാദികൾ", 'പ്രാകൃതർ' മുതലായ തരംതിരിയ്ക്കലുകൾ നമുക്കു് അപരിചിതമാണു്. പക്ഷേ, ഇംഗ്ലീഷ് ഭരണാധിപന്മാരിൽനിന്നു് നാം അതു പഠിച്ചു. എനിക്കു് സേവിയ്ക്കാനുള്ള അഭിലാഷം ഉണ്ടായിരിയ്ക്കണം. അതു് എന്നെ ജനങ്ങളുടെ ഇടയിൽ നേരേ നിത്തും. മതം മാററവും സേവനവും ശരിയായി ഒത്തുപോവുകയില്ല.

*യംഗ് ഇൻഡ്യ, ജനുവരി 19, 1928*

## എൻെറ പ്രാണവായു

ഈശ്വരൻെറ വഴികൾ അജ്ഞേയങ്ങളാണു്. എൻെറ ജീവിതത്തിലെ ഏററവും അപ്രതീക്ഷിതമായ സംഭവം ഉണ്ടായിരിയ്ക്കുന്നു. വളരെ ദീർഘമായ ഒരു പൊതുജീവിതത്തിനിടയിൽ ഏറ്റവും അപ്രതീക്ഷിതമായ കാര്യങ്ങളുമായി ഞാൻ ഇടപഴകിയിട്ടുണ്ടു്. പക്ഷേ, ഇതു് എല്ലാററിലും വച്ചു് അപ്രതീക്ഷിതമാണു്. എനിയ്ക്കു് എന്താണു് വരാൻ പോകുന്നതു്? ജയിലിനു് പുറത്തുള്ള ഈ ജീവിതം ഞാനെങ്ങിനെ ഉപയോഗപ്പെടുത്തുമെന്നു് എനിയ്ക്കറിഞ്ഞുകൂടാ. ജയിലിനുള്ളിലായാലും, പുറത്തായാലും, ഹരിജനസേവനം എൻെറ ഹൃദയത്തിനു് എല്ലായ്പോഴും ഇണങ്ങിയതായിരിയ്ക്കും. എനിക്കു് അതു് പ്രാണവായുവായിരിയ്ക്കും. ഭക്ഷണത്തേക്കാൾ ഏററവും വിലപ്പെട്ടതായിരിയ്ക്കും. നിത്യേന ഭക്ഷണം കഴിയ്ക്കാതെ, കുറച്ചു ദിവസമെങ്കിലും എനിക്കു് ജീവിയ്ക്കാൻ സാധിയ്ക്കും. പക്ഷേ, ഹരിജനസേവനം കൂടാതെ ഒരൊററ നിമിഷംപോലും ജീവിയ്ക്കാൻ എനിക്കു് സാധ്യമല്ല. ഹിന്ദുമതം അയിത്തത്തിൻെറ ഈ കളങ്കം അപ്പാടെ നീക്കണമെന്നും, ഞാൻ ഈ പംക്തികളിൽ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ, നാം നമ്മുടെ കണ്ണിൽനിന്നു് പാട നീക്കിയാൽ നമ്മുടെ മേൽ പ്രകാശിയ്ക്കുന്ന സത്യത്തിന്റെ സൂര്യനെ ലക്ഷോപലക്ഷം സവർണ്ണഹിന്ദുക്കൾ കാണണമെന്നുമാണു് സർവശക്തനോടുള്ള എൻെറ നിര

ന്തരപ്രാൎത്ഥന. എന്റെ ജീവിതം, ഇക്കാര്യത്തിനു് സമൎപ്പിയ്ക്കപ്പെട്ടിരിയ്ക്കയാണു്. ഈ സത്യത്തിന്റെ സാധൂകരണത്തിനു് ഒരു തപശ്ചര്യയും വലുതാണെന്നു് ഞാൻ കരുതുകയില്ല.

*ഹരിജൻ, ആഗസ്റ്റ് 26, 1933*

മിശ്രഭോജനവും മിശ്രവിവാഹവും അയിത്തപ്രസ്ഥാനത്തിന്റെ ഭാഗമാണോയെന്നു് പത്രലേഖകന്മാർ ചോദിച്ചിരിയ്ക്കുന്നു. അല്ലെന്നാണെന്റെ അഭിപ്രായം. അവ അവൎണ്ണൎക്കു തുല്യമായി സവൎണ്ണരേയും സ്പൎശിയ്ക്കുന്നു. അതുകൊണ്ടു് ഒരു അയിത്തോച്ചാടനപ്രവൎത്തകനു് മിശ്രഭോജനപരിഷ്കാരത്തിലോ, മിശ്രവിവാഹപരിഷ്കാരത്തിലോ നിരതനാകാനുള്ള സാദ്ധ്യതയില്ല. വ്യക്തിപരമായി പറഞ്ഞാൽ, നാം പ്രതീക്ഷിയ്ക്കുന്നതിനേക്കാൾ വേഗത്തിൽ ആ പരിഷ്കാരം വരുന്നുണ്ടെന്നാണു് എന്റെ അഭിപ്രായം. മിശ്രഭോജനവും, മിശ്രവിവാഹവും സംബന്ധിച്ച നിയന്ത്രണം ഹിന്ദുമതത്തിന്റെ ഭാഗമല്ല. ഹിന്ദുമതം അധഃപതിച്ചുകൊണ്ടിരുന്നപ്പോൾ, അതിലേയ്ക്കു് നുഴഞ്ഞുകയറിയ ഒരു സാമൂഹ്യാചാരമാണതു്. അന്നു് ഹിന്ദുസമൂഹം വിഘടിയ്ക്കുന്നതിനെതിരായി താൽക്കാലികമായ ഒരു സംരക്ഷണമായിട്ടാണു് അതു ഉദ്ദേശിയ്ക്കപ്പെട്ടിരുന്നതു്. ഇന്നു് ആ രണ്ടു നിരോധനങ്ങളും ഹിന്ദുസമൂഹത്തെ ദുൎബ്ബലപ്പെടുത്തുന്നു. അവയ്ക്കു നൽകുന്ന പ്രാധാന്യം ബഹുജനമനസ്സിന്റെ ശ്രദ്ധയെ ജീവിതത്തിന്റെ വളൎച്ചയ്ക്കു് അതിപ്രധാനമായ മൗലികതത്വങ്ങളിൽനിന്നു് തിരിച്ചുവിട്ടിരിയ്ക്കുന്നു. അതുകൊണ്ടു്, 'തൊടാവുന്നവരും' 'തൊട്ടുകൂടാത്തവരും' ഹിന്ദുക്കളും അഹിന്ദുക്കളും കൂട്ടസദ്യകൾക്കു് ക്ഷണിയ്ക്കപ്പെടുന്ന ചടങ്ങുകളിൽ ജനങ്ങൾ സ്വമേധയാ പങ്കെടുക്കുന്നിടത്തൊക്കെ, ആരോഗ്യകരമായ ഒരു ലക്ഷണമെന്ന നിലയിൽ, ഞാൻ അവയെ സ്വാഗതം ചെയ്യുന്നു. എന്നാൽ, എത്രതന്നെ അഭിലഷണീയമാണെങ്കിലും, അവയെ എത്രയോ വൈകിപ്പോയ ഒരു അഖിലലോകപരിഷ്കാരത്തിന്റെ ഭാഗമാക്കുകയെന്നുള്ളതു് ഞാൻ ഒരിയ്ക്കലും സ്വപ്നം കാണുകപോലുമില്ല. നാം അറിയുന്ന രൂപത്തിലുള്ള അയിത്തം ഹിന്ദുമതത്തിന്റെ ജീവനെത്തന്നെ കാൎന്നുതിന്നുന്ന ഒരു വ്രണമാണു്. ഭോജനത്തിലും വിവാഹത്തിലുമുള്ള നിയന്ത്രണങ്ങൾ ഹിന്ദുസമൂഹത്തെ മുരടിപ്പിയ്ക്കുന്നു. വ്യതിരിക്തത മൗലികമാണെന്നു് എനിയ്ക്കു തോന്നുന്നു. ചീറിയടിയ്ക്കുന്ന പ്ര

സ്ഥാനത്തിൽ മുഖ്യപ്രശ്നത്തിനു് അമിതഭാരം കൊടുക്കുന്നതും അങ്ങനെ അതിനെ അപകടപ്പെടുത്തുന്നതും അവിവേകമായിരിക്കും. അയിത്തത്തെ എന്താണെന്നു് വിശ്വസിക്കാനാണു് ബഹുജനങ്ങളെ പഠിപ്പിച്ചതു്, അതിൽനിന്നു് വ്യത്യസ്തമായ ഒരു വെളിച്ചത്തിൽ അയിത്തോച്ചാടനത്തെ കാണുവാൻ അവരോടു് പൊടുന്നനവെ ആവശ്യപ്പെടുന്നതു് അവരിലുള്ള വിശ്വാസലംഘനംപോലും ആയേക്കാം. അതുകൊണ്ടു്, പൊതുജനങ്ങൾ തയ്യാറുള്ളിടത്തു് മിശ്രഭോജനം നടക്കണമെങ്കിലും, അതിനെ ഒരു അഖിലഭാരതപ്രസ്ഥാനത്തിൻെറ ഭാഗമാക്കാൻ പാടില്ല. രണ്ടു പ്രസ്താവനകളും, പ്രത്യേകിച്ചു് അവയുടെ പൂർണ്ണസാഹചര്യത്തിൽ വായിച്ചാൽ, ഒരു അനാസക്തമനസ്സോടുകൂടി വായിച്ചാൽ, അവ തമ്മിൽ യാതൊരു വൈരുദ്ധ്യവും കാണുകയില്ല. മിശ്രഭോജനത്തിന്മേലും മിശ്രവിവാഹത്തിന്മേലും തന്നത്താൻ ഏൎപ്പെടുത്തുന്ന നിയന്ത്രണം മാംസത്തിൻെറ ഒരു ത്യാഗപ്രവൃത്തിയാണെന്നു് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നു. ഞാൻ 1921-ലെ ലേഖനം ഇന്നെഴുതുകയാണെങ്കിൽ, ഒരു പക്ഷേ ഞാൻ മാററുമായിരുന്ന ഒരു വാക്കുണ്ടു്: 'നിരോധനം' എന്ന വാക്കിനു പകരം, അതേ ലേഖനത്തിൽ ഏതാനും വരികൾക്കു് മുമ്പു് ഉപയോഗിച്ചിട്ടുള്ള പ്രയോഗം ഞാൻ ആവർത്തിക്കും. "മിശ്രവിവാഹത്തിനും മിശ്രഭോജനത്തിനുമെതിരായി സ്വയം ചുമത്തപ്പെടുന്ന നിയന്ത്രണം, ആത്മാവിൻെറ വേഗത്തിലുള്ള പരിണാമത്തിനു് അത്യന്താപേക്ഷിതമാണെ"ന്നു് ഞാൻ പറയും.

*ഹരിജൻ, ഏപ്രിൽ 29, 1933*

## മതംമാററം പരിഹാരമല്ല

അക്കൂട്ടത്തിൽ അന്നു് 'ക്രൈസ്തവഹരിജനങ്ങൾ' എന്ന പേരിലറിയപ്പെട്ടിരുന്ന ചിലരുണ്ടായിരുന്നു. ഈ ശൈലി ഒരു അനുചിതസംജ്ഞയാണു്. പക്ഷേ, അയിത്തത്തിൻെറ പുഴക്കുത്തു് അതിൻെറ അതിരുകൾക്കപ്പുറത്തേക്കു് കടന്നു് മതവിശ്വാസങ്ങളേയും വിഷലിപ്തമാക്കിയതെങ്ങിനെയെന്നു് അതു് കാണിച്ചു. സവർണ്ണഹിന്ദുക്കൾ തങ്ങളുടെ മേൽ ഏല്പിച്ച കഠിനദുരിതങ്ങളിൽനിന്നു് രക്ഷപ്പെടാൻ വേണ്ടി കുറേക്കാലം മുമ്പു് മതം മാറിയ ഹരിജനങ്ങളുടെ നില ക്രൈസ്തവരായപ്പോഴും ഒട്ടും മെച്ചമായില്ലെന്നു് അവർ പറഞ്ഞു. അപ്പോഴും അയിത്തത്തിൻെറ കള

ങ്കം അവരോട്ട് ഒട്ടി നിന്നു. അവരിൽ പലരും മലബാറിലും തമിഴ് നാട്ടിലും വച്ച് ഗാന്ധിയെ കാണുകയും, അവരുടെ ആവലാതികൾ പരിഹരിയ്ക്കാൻ ആഗ്രഹിക്കുകയും ചെയ്തു.

"ഞങ്ങളും ആദിദ്രാവിഡഹിന്ദുക്കളുടെ അതേ നിലയിൽ തന്നെയാണ്. ഈ പ്രസ്ഥാനത്തിൽ ഞങ്ങൾക്കെന്തെങ്കിലും പങ്കുണ്ടാകുമോ?" ഈ അഭിമുഖസംഭാഷണത്തിൽ സന്നിഹിതരായിരുന്ന സുഹൃത്തുക്കൾ ചോദിച്ചു.

"പരോക്ഷമായി ഉണ്ടാകും", ഗാന്ധിജി പറഞ്ഞു.

"പക്ഷേ, ഞങ്ങൾക്കു് യാതൊരു ഗുണവും കിട്ടുന്നില്ല."

"നിങ്ങൾക്കു് പരോക്ഷമായ ഗുണം കിട്ടുന്നുണ്ട്. ക്രൈസ്തവമിഷനറിമാർ നല്ലപോലെ ഉണർന്നിരിയ്ക്കുയാണ്. അവർ എന്തെങ്കിലും ചെയ്തേ തീരൂവെന്ന കാര്യം അവർ സമ്മതിയ്ക്കുന്നുണ്ട്."

ആയുഷ്ക്കാലദുരിതം ആ സുഹൃത്തുക്കളെ അക്ഷമരാക്കിയിരുന്നു.

അവർ പറഞ്ഞു: മർദ്ദകരെ ധീരമായി നേരിടാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ഞങ്ങളുടെ മതം മാറണമെന്നു് ഞങ്ങൾ വിചാരിച്ചിരിയ്ക്കുന്നു.

"അതിനെക്കുറിച്ച് എനിയ്ക്കു് യാതൊന്നും പറയാൻ സാദ്ധ്യമല്ല. പക്ഷേ, സ്വന്തം മതം മാറുന്നതിനു്; മർദ്ദനം ഒരു കാരണം ആയിക്കൂടെന്നു് എനിയ്ക്കു തോന്നുന്നു."

"ഞങ്ങൾക്കു് പോംവഴിയൊന്നുമില്ല; ഈ പ്രസ്ഥാനത്തിൽ നിന്നു് ഭാവിയിൽ ഞങ്ങൾക്കു് എന്തെങ്കിലും ആശ്വാസം കിട്ടുമോ?"

"കിട്ടും" ഗാന്ധി മറുപടി നൽകി. "ഈ പ്രസ്ഥാനം വിജയിയ്ക്കുകയാണെങ്കിൽ, ക്രിസ്തുമതത്തിലെ അയിത്തവും പോവുമെന്നു് എനിയ്ക്കു് നല്ല തീർച്ചയാണ്."

*ഹരിജൻ, ഫെബ്രുവരി 23, 1934*

(ആ മിഷനറിമാരുടെ പെരുമാററം) അവരുടെ സംഖ്യ കൂട്ടാനായി രംഗത്തിറങ്ങിയിട്ടുള്ള മററുള്ളവരുടെ അത്രതന്നെ മോശമായിരുന്നു. ഹരിജനങ്ങളുടെ ദൌർബല്ല്യം ചൂഷണം ചെ

യ്യാൻ അവർ നടത്തുന്ന ഭ്രാന്തമായ ശ്രമമാണ് നമ്മെ വേദനിപ്പി ക്കുന്നത്. 'ഹിന്ദുമതം പൈശാചികമായ ഒരു മതമാണ്; നി ങ്ങൾ ഞങ്ങളുടെ അടുക്കലേയ്ക്കു വരുക', എന്ന് അവർ പറ ഞ്ഞിരുന്നെങ്കിൽ, എനിയ്ക്ക് മനസ്സിലാക്കാമായിരുന്നു. പക്ഷേ, അവർ അവരുടെ ഐഹികസ്വർഗ്ഗങ്ങൾ അവരുടെ മുമ്പിൽ ഉയർത്തിപ്പിടിയ്ക്കുകയും, അവർക്ക് ഒരിയ്ക്കലും പാലിയ്ക്കാൻ സാധി യ്ക്കാത്ത പ്രതിജ്ഞകൾ നടത്തുകയും ചെയ്യുന്നു. ബംഗളൂരിൽവച്ച് ഇന്ത്യൻ ക്രിസ്ത്യാനികളുടെ ഒരു നിവേദനസംഘം എന്നെ സന്തോ ഷിപ്പിയ്ക്കുമെന്ന് വിചാരിച്ച കുറേ പ്രമേയങ്ങളുമായി എൻെറ അടുക്കൽ വന്നപ്പോൾ, ഞാൻ അവരോട്ട് പറഞ്ഞു: "ഇത് വീല പേശാനുള്ള കാര്യമല്ല. ഹിന്ദുക്കൾ തന്നെ ഒതുക്കിത്തീർ ക്കേണ്ട ഒരു കാര്യമാണിതെന്ന് നിങ്ങൾ ഖണ്ഡിതമായി പറയ ണം. 'തൊട്ടുകൂടാത്തവർ'ക്കിടയിൽ ആധ്യാത്മിക വിശപ്പ് പൊ ട്ടുന്നനവേ ഉണർന്നിരിയ്ക്കുന്നുവെന്ന് പറയുകയും, ഒരു പ്രത്യേക പരിതസ്ഥിതിയെ ചൂഷണം ചെയ്യാൻ ശ്രമിയ്ക്കുകയും ചെയ്യുന്ന തിൽ അത്ഥമെവിടെയാണുള്ളത്? പാവപ്പെട്ട ഹരിജനങ്ങൾക്ക് മനസ്സില്ല, ബുദ്ധിയില്ല; ഈശ്വരനും ഈശ്വരനില്ലായ്മയും തമ്മി ലുള്ള വ്യത്യാസത്തെപ്പററി ബോധ്യമില്ല. എല്ലാ ഹരിജനങ്ങ ളേയും തൻെറ കൂടെ കൊണ്ടുപോകുന്നുവെന്ന് ഒരൊററ വ്യക്തി പറയുന്നത് അസംബന്ധമാണ്. ഒരു കെട്ടിടത്തിൽ നിന്ന് മ റെറാരു കെട്ടിടത്തിലേയ്ക്ക് മാററാൻ കഴിയുന്ന കല്ലുകളാണോ അ വർ? ഇവിടെയുള്ള ക്രൈസ്തവമിഷനുകൾക്കും, അതുപോലെ മുസൽമാൻമാർക്കും, മററുള്ളവർക്കും ന്യായമായി കാര്യങ്ങൾ ചെ യ്യണമെന്നുണ്ടെങ്കിൽ, ഹിന്ദുമതത്തിൽ മഹത്തായ ഒരു പരിഷ്കാ രം നടന്നുകൊണ്ടിരിയ്ക്കുവേ, തങ്ങളുടെ അണികൾ വദ്ധിപ്പിയ്ക്കാ മെന്നുള്ള ആശയമൊന്നും അവർക്കുണ്ടായിരിയ്ക്കരുത്".

*ഹരിജൻ, നവംബർ 28, 1936*

## മതത്തിൻെറ പരിഹാസം

തങ്ങളുടെ അണികളിലേയ്ക്ക് അംഗങ്ങളെ കൂട്ടാൻ ശ്രമിയ്ക്കു ന്നതിൽ ക്രൈസ്തവസംഘടനകൾ മുസ്ലീങ്ങളും സിക്കുകളുമായി മ ത്സരിയ്ക്കുന്നതു കാണുമ്പോൾ, എനിയ്ക്കു വേദന തോന്നുന്നു. അത് വികൃതമായ ഒരു പ്രവൃത്തിയായും, മതത്തിൻെറ അപഹാസമായു

മാണ് എനിയ്ക്ക് തോന്നിയത്. അവർ ഡോ: അംബേദ്കറുമായി രഹസ്യാലോചനകളിൽ ഏർപ്പെടാൻ പോലും മുതിർന്നു. ഹരിജനങ്ങൾക്കായുള്ള നിങ്ങളുടെ പ്രാർത്ഥനകൾ ഞാൻ മനസ്സിലാക്കുകയും, വിലമതിയ്ക്കുകയും ചെയ്യുമായിരുന്നു. പക്ഷേ, അതിനു പകരം, നിങ്ങൾ പറഞ്ഞതു് മനസ്സിലാക്കാനുള്ള മനസ്സോ, ബുദ്ധിയോ പോലുമില്ലാത്തവരോട്ട് നിങ്ങൾ ഒരഭ്യർത്ഥന നടത്തി; അവർക്കു് യേശുവിനേയും മുഹമ്മദിനേയും നാനക്കിനേയും മററും തമ്മിൽ തിരിച്ചറിയാനുള്ള ബുദ്ധി തീർച്ചയായുമില്ല.

നിങ്ങൾ ഒരു പശുവിനോട്ട് സുവിശേഷമോതുമോ? ചില തൊട്ടുകൂടാത്തവർ കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ പശുക്കളേക്കാൾ കഷ്ടമാണ്. ഇസ്ലാമിൻേറയും ഹിന്ദുമതത്തിൻേറയും ക്രൈസ്തവമതത്തിൻേറയും താരതമ്യേനയുള്ള ഗുണങ്ങൾ ഒരു പശുവിനു് കഴിയുന്നതിനേക്കാൾ നന്നായി തിരിച്ചറിയാൻ അവർക്കു് കഴിവില്ലെന്നാണ് ഞാനർത്ഥമാക്കുന്നതു്. നിങ്ങൾക്കു് നിങ്ങളുടെ ജീവിതത്തിലൂടെ മാത്രമേ പഠിപ്പിയ്ക്കാൻ കഴിയുകയുള്ളൂ. റോസാപ്പൂ പറയുന്നില്ല, 'വരൂ എന്നെ മണത്തുനോക്കൂ' എന്നു്.

*ഹരിജൻ, ഡിസമ്പർ 19, 1936*

## ഒരു ക്രൈസ്തവവൈദികനോട്ട്

**ചോദ്യം:** മതം മാററാനുള്ള ശ്രമങ്ങളെപ്പററി അങ്ങു് എന്തു പറയുന്നു?

**ഉത്തരം:** തികച്ചും അജ്ഞരായ ആളുകളോടുള്ള ഈ സമീപനങ്ങളിൽ ഞാൻ ശക്തിയായി അമർഷം പ്രകടിപ്പിയ്ക്കുന്നു. ഒരു പക്ഷേ എന്നോട്ട് നടത്തുന്ന സമീപനങ്ങൾ എനിയ്ക്കു മനസ്സിലാക്കാൻ കഴിഞ്ഞേയ്ക്കും; വാസ്തവത്തിൽ സമീപനങ്ങൾ നടത്തപ്പെട്ടുന്നുമുണ്ടു്. അവർക്കു് ഞാനുമായി യുക്തിവാദം നടത്താൻ കഴിയും; എനിയ്ക്കു് അവരുമായും കഴിയും. പക്ഷേ, ഹരിജനങ്ങളോടു നടത്തുന്ന സമീപനങ്ങളിൽ എനിയ്ക്കു് തീർച്ചയായും അമർഷമുണ്ടു്. ദൈവത്തിൻെറ ഏക പുത്രൻ യേശുവാണെന്നു് ഒരു ക്രിസ്ത്യൻ ഉപദേശി ഒരു ഹരിജനോട്ട് ചെന്നു പറയുമ്പോൾ അയാൾ മിഴിച്ചുനോക്കും. പിന്നീട്ട് ആ ഉപദേശി എല്ലാത്തരത്തിലുമുള്ള പ്രലോഭനങ്ങളും കാട്ടുന്നു. അവ ക്രിസ്തുമതത്തെ നികൃഷ്ടമാക്കുന്നു.

**ചോദ്യം:** ഒരു ഹരിജനു് യുക്തിവാദത്തിനു് കഴിവില്ലെന്നു് അങ്ങു് പറയുമോ?

**ഉത്തരം:** അയാൾക്കു് കഴിവുണ്ടു്. ഉദാഹരണത്തിനു്, കൂലി കൊടുക്കാതെ അയാളെക്കൊണ്ടു് പണിയെടുപ്പിയ്ക്കാൻ ശ്രമിച്ചാൽ, അയാളതു് ചെയ്യുകയില്ല. അയാൾക്കു് സാന്മാർഗ്ഗിക മൂല്യങ്ങളെക്കുറിച്ചും ബോധമുണ്ടു്. എന്നാൽ, മതസിദ്ധാന്തപരമായ വിശ്വാസങ്ങളും വിധിമുറകളും മനസ്സിലാക്കണമെന്നു് അയാളോടാവശ്യപ്പെട്ടപ്പോൾ, അയാൾക്കു് യാതൊന്നും മനസ്സിലാവുകയില്ല. എനിക്കു് 17 വയസ്സായി, കുറേ വിദ്യാഭ്യാസവും പരിശീലനവും കിട്ടിക്കഴിഞ്ഞപ്പോൾപോലും, അതു് മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞിരുന്നില്ല. മാമൂലുകാരായ ഹിന്ദുക്കൾ ഹരിജനെ ഭയങ്കരമായി അവഗണിച്ചു. എന്നിട്ടും അയാൾ ഹിന്ദുമതത്തിൽ ഇപ്പോഴും ഉറച്ചു നിൽക്കുന്നതെങ്ങിനെയെന്നുള്ളതു് ആശ്ചര്യമാണു്. മററുള്ളവർ അയാളുടെ വിശ്വാസം ഉലയ്ക്കുന്നതു് മര്യാദകേടാണെന്നു ഞാൻ പറയുന്നു.

*ഹരിജൻ, മാർച്ച് 17, 1937*

ഹിന്ദുജീവിതത്തിൽ നുഴഞ്ഞുകയറിയിട്ടുള്ള അയിത്തത്തേയും മററു പല തെററുകളേയും എതിർക്കുന്നതു് മനസ്സിലാക്കാൻ കഴിയും. ഉണ്ടെന്നു് സമ്മതിയ്ക്കപ്പെട്ട അനാചാരങ്ങൾ ഇല്ലാതാക്കി, നമ്മുടെ മതത്തെ ശുദ്ധീകരിയ്ക്കാൻ അവർ നമ്മെ സഹായിയ്ക്കണമെങ്കിൽ, കൃതജ്ഞതാപൂർവ്വം സ്വീകരിയ്ക്കാവുന്ന, സഹായകരമായ സൃഷ്ടിപരപ്രവർത്തനമായിരിയ്ക്കും അവർ ചെയ്യുന്നതു്. എന്നാൽ ഇപ്പോഴത്തെ ശ്രമം മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം, ഹിന്ദുമതത്തെ അടിയോടെ പിഴുതെറിഞ്ഞു്, അതിനു പകരം മറെറാരു മതം ഏർപ്പെടുത്താനുള്ള ശ്രമമാണതു്. അററകുററം തീർക്കേണ്ടതു് അത്യാവശ്യമാണെങ്കിലും, അതിൽ താമസിയ്ക്കുന്നയാൾക്കു് തികച്ചും മാന്യവും അധിവാസയോഗ്യവുമെന്നു് തോന്നുന്ന ഒരു വീട്ടിനെ നശിപ്പിയ്ക്കാനുള്ള ഒരു ശ്രമം പോലെയാണതു്. അതു് നന്നാക്കേണ്ടതെങ്ങനെയെന്നു് അയാളെ കാണിച്ചുകൊടുക്കുകയും, തങ്ങൾ തന്നെ അതു ചെയ്തുകൊടുക്കാമെന്നു് പറയുകയും ചെയ്യുന്നവരെ അയാൾ സ്വാഗതം ചെയ്യുന്നതിൽ ആശ്ചര്യമില്ല. എന്നാൽ, ആ വീടു് നന്നാക്കുവാൻ പററുകയില്ലെന്നും,

മനുഷ്യവാസത്തിനു് കൊള്ളുകയില്ലെന്നും, താമസക്കാരായ അയാൾക്കു് ബോധ്യമായില്ലെങ്കിൽ, അയാൾക്കും അയാളുടെ പൂർവ്വീകന്മാർക്കും നല്ലവണ്ണം ഉപകരിച്ച ആ വീടിനെ നശിപ്പിയ്ക്കുന്നവരെ അയാൾ ഏററവും നിർണ്ണായകമായി ചെറുക്കും. ഹിന്ദുവീട്ടിനെപ്പററി ക്രൈസ്തവലോകത്തിനു് ആ അഭിപ്രായമാണുള്ളതെങ്കിൽ, 'മതങ്ങളുടെ പാർലമെൻററ്', 'അന്തർദ്ദേശീയസാഹോദര്യം' എന്നീ ശൈലികൾ പൊള്ളയാണു്. കാരണം, രണ്ടു പദങ്ങളും പദവിയുടെ സമത്വം, പൊതുവായ ഒരു വേദി, ഉണ്ടായിരിയ്ക്കുമെന്നു് കണക്കാക്കുന്നുണ്ടു്. കീഴേക്കിടയിലുള്ളവരും മേലേക്കിടയിലുള്ളവരും തമ്മിലോ, ജ്ഞാനികളും അജ്ഞാനികളും തമ്മിലോ, പുനർജ്ജാതരും അങ്ങിനെയല്ലാത്തവരും തമ്മിലോ, ഉന്നതജാതരും നീചജാതരും തമ്മിലോ, സവർണ്ണരും അവർണ്ണരും തമ്മിലോ പൊതുവായ ഒരു വേദി സാദ്ധ്യമല്ല. എൻെറ താരതമ്യപ്പെടുത്തലിനു് തകരാറുണ്ടായിരിയ്ക്കാം. അനിഷ്ടകരമായിപ്പോലും തോന്നിയേയ്ക്കാം. എൻെറ യുക്തിവാദം അബദ്ധമായിരിയ്ക്കാം. പക്ഷേ, എൻെറ ഉപക്ഷേപം നിലനിൽക്കുന്നു.

*ഹരിജൻ, മാർച്ച് 13, 1937*

സ്ത്രീകളും പുരുഷന്മാരും ക്രൈസ്തവസഭയുടെ സാഹോദര്യം തേടുന്നില്ല. പാവപ്പെട്ട ഹരിജനങ്ങൾ മററുള്ളവരേക്കാൾ ഒട്ടും മെച്ചമല്ല. അവർക്കു് യഥാർത്ഥ ആദ്ധ്യാത്മികവിശപ്പുണ്ടായിരുന്നെങ്കിൽ എന്നു് ഞാൻ അഭിലഷിയ്ക്കുന്നു. അവർക്കു് ഇപ്പോഴുള്ള വിശപ്പു് ക്ഷേത്രങ്ങൾ, അവ എത്ര പ്രാകൃതമായാലും, സന്ദർശിച്ചു്, അവർ തൃപ്തിപ്പെടുത്തുന്നു. മറെറാരു മതത്തിൻെറ പ്രചാരകൻ അവയിലേയ്ക്കു് ചെല്ലുന്നതു്, ചരക്കുകളുടെ വില്പനക്കാരനെപ്പോലെയാണു്. അയാൾ ആരുടെ അടുക്കലേയ്ക്കാണോ ചെല്ലുന്നതു്, അവരിൽനിന്നു് അയാളെ വിരക്തമാക്കുന്ന പ്രത്യേക ആദ്ധ്യാത്മികയോഗ്യതയൊന്നും അയാൾക്കില്ല. പക്ഷേ, അയാൾക്കു് ഭൗതികസമ്പത്തുണ്ടു്. തൻെറ അണിയിലേയ്ക്കു് വരുമെന്നുള്ളവർക്കു് അയാൾ അതു് നൽകാമെന്നു് വാഗ്ദത്തം ചെയ്തിരിക്കുന്നു. എന്നിട്ടു്, നോക്കുക! ഭാരതത്തിലെ ക്രൈസ്തവസഭയുടെ കടമ ഒരവകാശമായി മാറുന്നു. കടമ അവകാശമാകുമ്പോൾ, അതു കടമയല്ലാതാകുന്നു. കടമ നിർവ്വഹിയ്ക്കാൻ ഒരു ഗുണമാവശ്യമാണു്— യാതനയുടേയും മനനത്തിൻേറയും ഗുണം. അവകാശം പ്രയോ

ഗിയ്ക്കുവാൻ ഒരു ഗുണം ആവശ്യമാണ്. എതിരിത്തുനിൽക്കുന്നയാളുടെ മേൽ അവകാശി ഉണ്ടാക്കുന്ന നിരോധനടപടികളിലൂടെയോ, തൻെറ അവകാശം പ്രയോഗിക്കുന്നതിൽ അയാൾ സഹായം തേടുന്ന നിയമത്തിലൂടേയോ, സ്വന്തം ഇച്ഛാശക്തി അടിച്ചേല്പിക്കാനുള്ള അധികാരം നൽകുന്നതാണ് ആ ഗുണം. എനിക്ക് എൻെറ കടം വീട്ടേണ്ട കടമയുണ്ട്. പക്ഷേ സമ്മതമില്ലാത്ത ഒരു ഉത്തമർണ്ണൻെറ കീശകളിലേയ്ക്കു് ഞാൻ കടം വീട്ടേണ്ട പണം തള്ളിക്കയററാൻ എനിയ്ക്കവകാശമില്ല. ആധ്യാത്മിക സന്ദേശം കൊണ്ടുകൊടുക്കുന്ന കടമ, സന്ദേശവാഹകൻ പ്രാത്ഥനയും ഉപവാസവും വഴി അനുയോജ്യമായ ഒരു വാഹനമാകുന്നതിലൂടെയാണ് നിർവഹിയ്ക്കപ്പെടുന്നതു്. ഒരു അവകാശമായി സങ്കല്പിയ്ക്കപ്പെട്ടാൽ, അതു് എളുപ്പത്തിൽ വിമനസ്സുകളായ കക്ഷികളുടെ മേൽ ഒരടിച്ചേല്പിയ്ക്കലായേയ്ക്കും.

*ഹരിജൻ, ഏപ്രിൽ 3, 1937*

## സൌകര്യത്തിന്നുവേണ്ടിയുള്ള മതംമാററം

തൻേറതല്ലാത്ത ഒരു മതം പരിവർത്തനോദ്ദേശ്യത്തോടെ അവതരിപ്പിയ്ക്കുന്നതു്, അവശ്യമായും, ബുദ്ധിയേയോ, വയറിനേയോ, രണ്ടിനേയും കൂടിയോ, ഇളക്കുന്നതിലൂടെ മാത്രമേ പററുകയുള്ളു. അസംഖ്യം ഹരിജനങ്ങൾക്കും, ഭാരതത്തിലെ മനുഷ്യസമുദായത്തിനുപോലും, ക്രിസ്തുമതത്തിൻെറ അവതരണം മനസ്സിലാക്കാൻ സാധ്യമല്ലെന്നു് ഞാൻ ഉറപ്പിച്ചു പറയുന്നു. പൊതുവേ പറഞ്ഞാൽ, എവിടെയൊക്കെ അവരുടെ മതംമാററം നടന്നിട്ടുണ്ടോ, അവിടെയൊന്നും, യാതൊരത്ഥത്തിലും, അതൊരു ആധ്യാത്മികപ്രവൃത്തിയായിരുന്നില്ല. സൗകര്യത്തിനുവേണ്ടിയുള്ള മതപരിവർത്തനങ്ങളായിരുന്നു അവ. ഞാൻ കൂടെക്കൂടെ നടത്തിയിട്ടുള്ള വിപുലമായ ചുററിത്തിരിയലുകൾക്കിടയിൽ ഈ സത്യത്തിനു് എനിയ്ക്കു് എത്രയോ അധികം തെളിവു് കിട്ടിയിട്ടുണ്ടു്.

*ഹരിജൻ, ജൂൺ 12, 1937*

*ചോദ്യം:* അയിത്തോച്ചാടനത്തിൽ കോൺഗ്രസ്സിനുള്ള ഉദ്ദേശം ഹരിജനങ്ങൾക്കു മററുള്ളവരോടൊപ്പം പദവി നൽകുക

KOTTAYAM PUBLIC LIBRARY KOTTAYAM
41857
14992



യെന്നുള്ളതാണെങ്കിൽ, അവരെ ഇസ്ലാമിലേയ്ക്കു് പരിവത്ത നം ചെയ്യുന്നതുകൊണ്ടു് ഇതു് സാധിയ്ക്കുന്നില്ലേ? അയി ത്തോച്ചാടനപരിപാടി സ്വാതന്ത്ര്യശപഥത്തിൽ ഹിന്ദുക്കൾ ക്കു് മാത്രമായി കൊട്ടത്തിട്ടുള്ളതെന്തുകൊണ്ടു്? കോൺഗ്ര സ്സിനു് ഒരു ഹിന്ദു ഭൂരിപക്ഷം നിലനിർത്താൻ ആകാംക്ഷയു ണ്ടെന്നും, അതുകൊണ്ടു് മുസൽമാൻമാർക്കു് മതപരിവർത്തന ത്തിനുള്ള അവകാശം നിഷേധിക്കുകയാണെന്നുമല്ലേ ഇതു് കാണിക്കുന്നതു്?

**ഉത്തരം:** തൊട്ടുകൂടാത്തവരെ ഇസ്ലാമിലേയ്ക്കോ, മററേതെങ്കിലും മതങ്ങളിലേയ്ക്കോ പരിവത്തനം ചെയ്തു്, അയിത്തോച്ചാട നം നിർവഹിയ്ക്കുവാൻ സാധ്യമല്ല. കാരണം, സവർണ്ണ ഹിന്ദുക്കൾ എന്നു പറയപ്പെടുന്നവരാണു് അയിത്തത്തിന്റെ പാപം സ്വയം കഴുകിക്കളയേണ്ടതു്. അവർണ്ണരോടു്, എത്ര മെല്ലെയാണെങ്കിലും, നീതി ചെയ്താൽ മാത്രമേ, ഈ കളങ്കം കഴുകിക്കളയാനൊക്കുകയുള്ളു. അങ്ങനെ, ഈ ഭാരം ഹിന്ദു ക്കളുമായി പങ്കിടാൻ കോൺഗ്രസ്സ് മുസ്ലീങ്ങളെ ക്ഷണിയ്ക്കാ ത്തതെന്തുകൊണ്ടാണെന്നു് നിങ്ങൾ കാണുന്നുണ്ടല്ലോ? അ വർ തൊട്ടുകൂടാത്തവർക്കെതിരായി യാതൊരു പാപവും ചെയ്തിട്ടില്ല. ലളിതവും, എന്നാൽ അവശ്യവുമായ ഒരു സാമൂഹ്യപരിഷ്കാരത്തെ ഭൂരിപക്ഷം നിലനിത്താനുള്ള രാ ഷ്ട്രീയമായ ഒഴിഞ്ഞുമാറലായി നിങ്ങൾ കണക്കാക്കുന്നതിനെ എനിയ്ക്കു് തടയാൻ പററില്ല. വ്രതമനുഷ്ഠിയ്ക്കുന്ന നൂറായിര ക്കണക്കിനു് ഹിന്ദുക്കൾക്കു് ഭൂരിപക്ഷത്തെപ്പററി യാതൊരു ചിന്തയുമില്ല. മതത്തിൻെറ മറയിട്ടു് സവർണ്ണഹിന്ദുക്കൾ അടിമത്വത്തേക്കാൾ മോശമായ ഒരവസ്ഥയിലേയ്ക്കു് തള്ളി യിരിയ്ക്കുന്നതാരെയാണോ, അവരോടു് നീതി ചെയ്യണമെ ന്നേ അവർക്കുള്ളു. അവസാനമായി, 'തൊട്ടുകൂടാത്തവരെ' പരിവത്തനം ചെയ്യാനുള്ള അവകാശം കോൺഗ്രസ്സ് മുസ്ലീ ങ്ങൾക്കു് നിഷേധിയ്ക്കുന്നുവെന്നു് സൂചിപ്പിയ്ക്കുന്നതു് അമ്പേ തെററാണു്. പരിവത്തനജോലി ചെയ്യുന്നതിൽനിന്നു് കോൺഗ്രസ്സിനു് ആരേയും തടയാൻ സാധ്യമല്ല. ആ അവ കാശം ശരിയായ രീതിയിലോ, തെററായ രീതിയിലോ ഉപ യോഗിയ്ക്കേണ്ടതെന്നു് പരിഗണിയ്ക്കേണ്ടതു് നിങ്ങളാണു്.

*ഹരിജൻ, ഏപ്രിൽ 20, 1940*

സൂര്യന്റെ ഉഗ്രരശ്മികളേററ് കഷ്ടപ്പെട്ടുകയും, തങ്ങളുടെ കഴിവിൽ അഭയം തേടുന്നവർക്ക് തണലേകുകയും ചെയ്യുന്ന മരങ്ങളിൽ നിന്നു് പാഠം പഠിയ്ക്കുവാനാണ് ആ പാട്ട് ആവശ്യപ്പെടുന്നതു്. അവയുടെ നേർക്കു് കല്ലെറിയുന്നവർക്ക് അവ പഴം വീഴ്ത്തിക്കൊടുക്കുന്നു. അതാണു് ശരിയായ ഔദാര്യം. ആ ഔദാര്യം പഠിയ്ക്കാൻ ഹരിജനങ്ങളുടെ അടുക്കലേയ്ക്കു് പോകണമെന്നു് ആ പാട്ട് ആവശ്യപ്പെടുന്നു. ഇന്നു് സമൂഹം ഹരിജനങ്ങളെ അഴുക്കും അധപതനവും നിറഞ്ഞ ഒരു ജീവിതത്തിലേക്ക് തള്ളിയിരിയ്ക്കുയാണു്. അതുകൊണ്ടുള്ള നാണക്കേട്ട് അവർക്കല്ല; നമുക്കാണു്. സമൂഹം അവരെ തൊട്ടുകൂടാത്തവരായി കരുതി. പ്രത്യേക പ്രദേശങ്ങളെ വേർതിരിച്ച് അവയിൽ താമസിയ്ക്കാൻ അവരെ തള്ളി. എന്നിട്ടും, തുച്ഛപ്രതിഫലം പററിക്കൊണ്ട്, അവർ സമൂഹത്തിനു് അമൂല്യമായ സേവനങ്ങൾ ചെയ്തുകൊണ്ടിരിയ്ക്കുന്നു. അവരിൽ ചിലർ ചെയ്തതുപോലെ, കുറേക്കൂടി നല്ല വരവുള്ള തൊഴിലുകൾ അവർക്കെടുക്കാമായിരുന്നു. അവരിൽ ബഹുഭൂരിപക്ഷവും അങ്ങനെ ചെയ്യാൻ തീരുമാനിച്ചില്ലെന്നുള്ള വസ്തുത അവർക്ക് അഭിനന്ദനകരമാണു്. അജ്ഞതയും പിന്നോക്കാവസ്ഥയും ഉണ്ടായിട്ടും, ആ സേവനസ്ഥിതി കാണിയ്ക്കാൻ അവർക്കു കഴിയുമെങ്കിൽ, സവർണ്ണസമുദായമെന്നു് പറയപ്പെടുന്നവർ എത്ര കൂടുതൽ നിസ്വാത്ഥസേവനമനസ്ഥിതിയും ത്യാഗവും കാണിയ്ക്കണം?

*ഹരിജൻ, മേയ് 26, 1946*

## സമത്വം

നമ്മളെല്ലാം ഒന്നാണു്. ഭൂമിയുടെ നന്മകളിൽ തുല്യപങ്കാളികളാകാൻ ജനിച്ചവരാണു്. ആരും മററുള്ളവരേക്കാൾ കുറേക്കൂടി ഉയർന്നവരോ, സമ്പന്നരോ ആയിക്കൂടാ. എന്നിട്ടും, ഇന്നത്തെ ലോകം നിറയെ സമ്പത്തിലുള്ള അസമത്വങ്ങളും അനാശാസ്യമായ ഉച്ചനീചവ്യത്യാസങ്ങളുമാണു്. ഇതു് തെറ്റാണു്. നമ്മുടെ അഹങ്കാരം കാരണം, നമ്മളെല്ലാം ഭേദങ്ങളില്ലാത്ത മരണത്താൽ ഒരു ദിവസം മണ്ണുമായി ചേർന്നു് തുല്യരാകാൻ പോവുകയാണെന്ന കാര്യം നാം മറക്കുമോ?

*ഹരിജൻ, സെപ്റ്റംബർ 29, 1946*

## ഹരിജനങ്ങളുടെ യഥാർത്ഥവിശപ്പ്

......ആത്മാഭിമാനമുള്ള, തുല്യരായ, പൗരന്മാരെന്ന നിലയിൽ, മാനമായി ജീവിയ്ക്കാനും, മനുഷ്യരെന്ന നിലയിൽ ന്യായമായ പെരുമാററം കിട്ടുവാനും, ഭയത്തിൽ നിന്നു് മോചനം നേടാനും, വൃത്തിയും ശുചിത്വവുമുള്ള ശീലങ്ങൾ ഉൾക്കൊള്ളാനും, മിതവ്യയത്തിനും, ഉദ്യമത്തിനും, വിദ്യാഭ്യാസത്തിനുമായുള്ള ഹരിജനങ്ങളുടെ യഥാർത്ഥവിശപ്പാണു് എടുക്കേണ്ടതു്. ഇതിനു് നമ്മുടെ സ്ഥിരോത്സാഹവും, ആത്മത്യാഗവും, ക്ഷമാപൂർണ്ണവും ബുദ്ധിപൂർവ്വകവുമായ അധ്വാനവും ആവശ്യമാണു്. ഹരിജനങ്ങളെ സദ്യയൂട്ടാൻ എനിക്കു് പണം നൽകിയാൽ അതു് സ്വീകരിയ്ക്കാൻ ഞാൻ വിസമ്മതിയ്ക്കും. കാരണം, അവരെ യാചകരും അലസരുമാക്കാൻ ഞാൻ ആഗ്രഹിയ്ക്കുന്നില്ല.

*ഹരിജൻ, സെപ്റ്റംബർ 29, 1946*

## ഒരു ജീവന്മരണപ്രശ്നം

അയിത്തപ്രശ്നത്തിലുള്ള എന്റെ താല്പര്യത്തെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, അതു് ഹിന്ദുമതത്തിനു് ഒരു ജീവന്മരണപ്രശ്നമാണു്. അയിത്തം ജീവിച്ചാൽ, ഹിന്ദുമതം നശിയ്ക്കും, ഭാരതം പോലും നശിയ്ക്കും എന്നു് ഞാൻ പലയാവർത്തി പറഞ്ഞിട്ടുണ്ടു്. പക്ഷേ, ഹിന്ദുക്കളുടെ ഹൃദയത്തിൽനിന്നു് അയിത്തം അടിമുടി പിഴുതെറിഞ്ഞാൽ, ഹിന്ദുമതത്തിനു് ലോകത്തിനായി വ്യക്തമായൊരു സന്ദേശം നൽകാനുണ്ടാകും. ആദ്യം പറഞ്ഞതു് നൂററുക്കണക്കിനു് സദസ്സുകളിൽ ഞാൻ പറഞ്ഞിട്ടുണ്ടു്. പിന്നത്തെ ഭാഗം പറഞ്ഞിട്ടില്ല. അതു് സത്യത്തെ ഈശ്വരനായി സ്വീകരിയ്ക്കുന്ന ഒരാളുടെ പ്രസ്താവനയാണു്. അതുകൊണ്ടു്, അതു് അതിശയോക്തിയല്ല. അയിത്തം ഹിന്ദുമതത്തിന്റെ ഒരു അവിഭാജ്യഭാഗമാണെങ്കിൽ, ഹിന്ദുമതം ഒരു പുകഞ്ഞ കൊള്ളിയാണു്. പക്ഷേ, അയിത്തം വിരൂപമായ ഒരു സത്യമാണു്. അയിത്തോച്ചാടനപ്രസ്ഥാനം തുടങ്ങിയതിലുള്ള എന്റെ ഉദ്ദേശം വ്യക്തമാണു്. ഓരോ ഹിന്ദുവും ഒരു 'തൊട്ടുകൂടാത്തവനെ' തൊടുകയെന്നുള്ളതല്ല എന്റെ ഉന്നം. തൊടാവുന്ന ഓരോ ഹിന്ദുവും ഒരു പരിപൂർണ്ണ ഹൃദയപരിവർത്തനത്തിലൂടെ കടന്നു് തന്റെ ഹൃദയത്തിൽനിന്നു് അയിത്തത്തെ ആട്ടിയോടിയ്ക്കുകയെന്നുള്ളതാണു്

എൻെറ ഉന്നം. മിശ്രഭോജനമോ, മിശ്രവിവാഹമോ അല്ല കാര്യം. ഞാൻ നിങ്ങളുമൊന്നിച്ച് ആഹാരം കഴിച്ചില്ലെന്ന് വരാം. പക്ഷേ, നിങ്ങളുമൊന്നിച്ച് ആഹാരം കഴിച്ചാൽ, ഞാൻ അശുദ്ധനായി പോകുമെന്നുള്ള വിചാരം എനിയ്ക്കുണ്ടാവരുത്. ഞാൻ വിവാഹിതയാവേണ്ട ഒരു സ്ത്രീയാണെങ്കിൽ, 'അയാൾ തൊട്ടുകൂടാത്തവനായതുകൊണ്ട് എനിയ്ക്കയാളെ വിവാഹം കഴിയ്ക്കാൻ വയ്യ' എന്നു ഞാൻ പറയരുത്. ഹരിജൻ സേവക്സംഘത്തിൻെറ പരിപാടിയിൽ, 'തൊട്ടുകൂടാത്ത'വരുമായി മിശ്രഭോജനത്തിനോ, മിശ്രവിവാഹത്തിനോ, മാമൂൽക്കാരായ ഹിന്ദുക്കളോട് ആവശ്യപ്പെടുന്നില്ലെന്ന് ഞങ്ങൾ പറയുന്നതുകൊണ്ടാണ് ഞാൻ ഇതു് വ്യക്തമാക്കുന്നതു്. നമ്മളിൽ പലർക്കും മിശ്രഭോജനത്തെക്കുറിച്ചോ, മിശ്രവിവാഹത്തെക്കുറിച്ചോ യാതൊരു തത്വദീക്ഷയുമില്ല. അയിത്തം ഒരു പൗരാണികാചാരമാണെന്ന് ഞാൻ സമ്മതിയ്ക്കുന്നു. പക്ഷേ, ഹിന്ദുമതം, പൗരാണികമതം, എന്തിന്, ചരിത്രത്തിനു മുമ്പുള്ള ഒരു മതം പോലും ആയതുകൊണ്ട്, ഇങ്ങിനെയുള്ള പല കാര്യങ്ങളും അതുമായി കെട്ടുപിണഞ്ഞുകിടപ്പുണ്ട്. അതു് ആകുമെന്ന് ഭീഷണിപ്പെടുത്തുന്ന നിർജ്ജീവമതത്തിനുപകരം, അതു് ലോകത്തിലെ മററു മതങ്ങൾക്കൊപ്പം നിലനിൽക്കാൻ കഴിയത്തക്കവണ്ണം ഒരു സജീവമതമാകണമെന്ന് ഞാനാഗ്രഹിയ്ക്കുന്നു.

*ഹരിജൻ, ഡിസംബർ 19, 1936*

**ചോദ്യം:** അങ്ങയുടെ ഹരിജൻസംഘ് ജനങ്ങളുടെ ആധ്യാത്മികക്ഷേമത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ?

**ഉത്തരം:** എന്നെ സംബന്ധിച്ചാണെങ്കിൽ, ധാർമ്മികത്തിൽ ആധ്യാത്മികവുമുൾപ്പെടുന്നു. അതുകൊണ്ട്, താങ്കളുടെ ചോദ്യത്തിനുള്ള എൻെറ മറുപടി 'എല്ലാം' എന്നും, 'ഒന്നുമില്ല' എന്നും ആയിരിയ്ക്കും. അവരുടെ ആദ്ധ്യാത്മികക്ഷേമം നോക്കാൻ ഞങ്ങൾക്ക് ഒരു വകുപ്പുമില്ലെന്നുള്ളതുകൊണ്ട്, 'ഒന്നുമില്ല'; പ്രവർത്തകർ ആരുടെ ഇടയിലാണോ പ്രവർത്തിയ്ക്കുന്നതു്, അവരെ പ്രവർത്തകരുടെ നേരിട്ടുള്ള സമ്പർക്കം പരിവർത്തനം ചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിയ്ക്കുന്നതുകൊണ്ട്, 'എല്ലാം'. ഇപ്പോഴാണെങ്കിലും നാം കാപട്യത്തിൻെറ നൂലാമാലകളിൽ കുടുങ്ങിയിരിയ്ക്കയാണ്. എന്നാൽ, ഈ പ്രവർത്ത

നത്തിനായി ഒരു വകുപ്പ് മാററിവച്ചാൽ, കാര്യം ഇരട്ടി വിഷമകരമാക്കുകയായിരിയ്ക്കും ചെയ്യുന്നതു്. ഒരു പരിഷ്കർത്താവെന്ന നിലയിലുള്ള എൻെറ ജീവിതത്തിൽ, സകലതും ധാർമ്മികനിലപാടിൽ നിന്നുകൊണ്ടാണ് ഞാൻ വീക്ഷിച്ചിട്ടുള്ളതു്. ഞാൻ ഏർപ്പെട്ടിരിയ്ക്കുന്നതു് ഒരു രാഷ്ട്രീയപ്രശ്നം പരിഹരിയ്ക്കുന്നതിലായാലും കൊള്ളാം, സാമൂഹ്യമായാലും കൊള്ളാം, സാമ്പത്തികമായാലും കൊള്ളാം, അതിൻെറ ധാർമ്മികവശം എപ്പോഴും മുഴച്ചുവരികയും, എൻെറ മനോഭാവത്തിൽ ആകെ പരക്കുകയും ചെയ്യുന്നു. എന്നാൽ, ഹരിജനങ്ങളുടെ ആദ്ധ്യാത്മികക്ഷേമം നോക്കാൻ എനിയ്ക്കു് പ്രത്യേക വകുപ്പൊന്നുമില്ലെന്നു് ഞാൻ സമ്മതിയ്ക്കുന്നു.

*ഹരിജൻ, മാർച്ച് 29, 1935*

## അദ്ധ്യായം 3

# അയിത്തത്തിൻെറ ദോഷങ്ങൾ

### അയിത്തക്കുററം

അയിത്തക്കുററത്തിനു് നമ്മുടെ മേൽ ദൈവകോപം ഉണ്ടായിട്ടില്ലേ? നാം വിതച്ചതുപോലെ കൊയ്തില്ലേ? നമ്മുടെ സ്വന്തം ബന്ധുക്കളുടെ മേൽ ഡയറിൻെറയും ഓഡ്വയറിൻെറയും രീതികൾ (നീചമായ കൊട്ടംകൈകൾ) നടത്തിയില്ലേ? നാം പറയനെ ഒററപ്പെടുത്തി. അതിനു പകരം ബ്രിട്ടീഷ് കോളണികളിൽ നാം ഒററപ്പെട്ടിരിക്കുന്നു. പറയനെ പൊതുക്കിണറുകൾ ഉപയോഗിക്കാൻ നാം അനുവദിക്കുന്നില്ല. നമ്മുടെ പാത്രത്തിൽ നിന്നുള്ള എച്ചിലുകൾ നാം അയാൾക്കു് എറിഞ്ഞുകൊടുക്കുന്നു. അയാളുടെ നിഴൽ പോലും നമ്മെ അശുദ്ധമാക്കുന്നു. പറയനു് നമ്മുടെ മുഖത്തു് എടുത്തെറിയാൻ വയ്യാത്തതും, നാം ഇംഗ്ലീഷുകാരുടെ മുഖത്തു് എടുത്തെറിയാത്തതുമായ യാതൊരു കുററാരോപണവും ഇല്ല.

ഹിന്ദുമതത്തിൻെറ മേലുള്ള ഈ കളങ്കം എങ്ങിനെയാണു് നീക്കേണ്ടതു്? 'മററുള്ളവർ നിങ്ങളോടു ചെയ്യേണ്ടതെന്തോ, അതു നിങ്ങൾ മററുള്ളവരോടു് ചെയ്യുക.', ഞാൻ പലപ്പോഴും ഇംഗ്ലീഷുദ്യോഗസ്ഥന്മാരോടു് പറഞ്ഞിട്ടുണ്ടു്. അവർ ഭാരതത്തിൻെറ സുഹൃത്തുക്കളും സേവകരുമാണെങ്കിൽ, ഉയർന്ന പീഠങ്ങളിൽ നിന്നു് താഴോട്ടിറങ്ങിവന്നു്, രക്ഷാധികാരികളല്ലാതായിത്തീർന്നു് തങ്ങളുടെ സ്നേഹപൂർണ്ണമായ പ്രവൃത്തികൾ വഴി എല്ലാ വിധത്തിലും നമ്മുടെ സുഹൃത്തുക്കളാണെന്നു് കാണിക്കുകയും, സഹോദര ഇംഗ്ലീഷുകാരെ തുല്യരെന്നു് വിശ്വസിക്കുന്ന അതേ അർത്ഥത്തിൽ, നമ്മേയും തുല്യരായി വിശ്വസിക്കുകയും ചെയ്യണമെന്നു് പഞ്ചാബിലേയും ഖിലാഫത്തിൻേറയും അനുഭവങ്ങൾക്കു ശേഷം, ഞാൻ ഒരു പടികൂടി മുമ്പോട്ടുപോയി; അവർ പശ്ചാത്തപിക്കു

കയും, മനസ്സുമാററുകയും ചെയ്യണമെന്നു് അവരോടാവശ്യപ്പെട്ടു. അതുപോലെതന്നെ, ഹിന്ദുക്കളായ നമ്മൾ നാം ചെയ്ത തെററിൽ പശ്ചാത്തപിയ്ക്കുകയും, ഇംഗ്ലീഷുകാരുടെ ഇന്ത്യാഗവൺമെൻറ്സമ്പ്രദായം പോലെ പൈശാചികമായ ഒരു സമ്പ്രദായം വഴി നാം അടിച്ചമർത്തിയവരുടെ നേർക്കുള്ള നമ്മുടെ പെരുമാററം മാററുകയും ചെയ്യേണ്ടതാവശ്യമാണു്. കൊള്ളരുതാത്ത ഏതാനും സ്കൂളുകൾ അവരുടെ നേർക്കു് എറിയുകയല്ല വേണ്ടതു്. നാം അവരുടെ നേർക്കു് ഉൽക്കൃഷ്ടതാഭാവം നടിയ്ക്കരുതു്. അവരെ നമ്മുടെ സ്വന്തം രക്തബന്ധമുള്ള സഹോദരന്മാരെപ്പോലെ കരുതണം. വാസ്തവത്തിൽ അവർ സഹോദരന്മാരണല്ലോ? നാം അവരിൽ നിന്നു് തട്ടിയെടുത്ത പൂർവ്വികസമ്പത്തു് അവർക്കു് തിരിച്ചുകൊടുക്കണം. ഇതു് ഇംഗ്ലീഷറിയാവുന്ന ഏതാനും പരിഷ്കർത്താക്കളുടെ മാത്രം പ്രവർത്തിയാകരുതു്. ബഹുജനങ്ങളുടെ ബോധപൂർവ്വമായ, സ്വമനസ്സാലേയുള്ള, ശ്രമമായിരിക്കണം അതു്. വളരെ വൈകിപ്പോയ ഈ പരിഷ്കാരത്തിനുവേണ്ടി കാലാവസാനംവരെ നാം കാത്തിരിയ്ക്കരുതു്. സൗകുമാര്യത്തിൻേറയും, പരീക്ഷയുടേയും, തയ്യാറെടുപ്പിൻേറയും, തപസ്യയുടേതുമായ ഈ വർഷത്തിനുള്ളിൽ തന്നെ അതു് കൈവരുത്താൻ നാം ഉന്നം വെയ്ക്കണം.

*യംഗ് ഇൻഡ്യ, ജനുവരി 19, 1921*

## കാലേക്കുട്ടി ബോധ്യപ്പെട്ടു

ഹിന്ദുമതത്തിൻെറ മേലുള്ള ഏററവും വലിയ കളങ്കം അയിത്തമാണെന്നു് ഞാൻ കരുതുന്നു. ദക്ഷിണാഫ്രിക്കൻ സമരത്തിനിടയിൽ എനിയ്ക്കുണ്ടായ കടുത്ത അനുഭവങ്ങളല്ല, ഈ ആശയം എനിക്കു് ബോധ്യപ്പെടുത്തിത്തന്നതു്; അതു് ഒരുകാലത്തു് ഞാൻ ഒരു നിരീശ്വരനായിരുന്നു എന്നുള്ള വസ്തുതകൊണ്ടുമല്ല; ചിലർ വിചാരിയ്ക്കുന്നതു പോലെ, കൃസ്തുമതസാഹിത്യം പഠിച്ചതിൽ നിന്നാണു് ഞാൻ ഈ വീക്ഷണം കൈക്കൊള്ളുന്നതെന്നു് വിചാരിയ്ക്കുന്നതും അതുപോലെ തെററാണു്. എനിയ്ക്കു ബൈബിളിനോടൊ, ബൈബിളിൻെറ അനുയായികളോടൊ ആകർഷണമോ, പരിചയമോ ഇല്ലാതിരുന്ന കാലത്തോളം പഴക്കമുള്ളതാണു് ഈ അഭിപ്രായങ്ങൾ.

ഈ ആശയം എന്നിൽ ഉദിച്ചപ്പോൾ, എനിയ്ക്ക് കഷ്ടിച്ച് 12 വയസ്സേ ഉണ്ടായിരുന്നുള്ളൂ. ഉക്ക എന്നു പേരുള്ള ഒരു തോട്ടി, ഒരു 'തൊട്ടുകൂടാത്തവൻ', കക്കൂസ് വൃത്തിയാക്കാനായി ഞങ്ങളുടെ വീട്ടിൽ വരിക പതിവായിരുന്നു. അയാളെ തൊടുന്നത് തെററാണെന്നു പറയുന്നതെന്തുകൊണ്ടാണെന്ന്, പലപ്പോഴും ഞാൻ എൻെറ അമ്മയോടു ചോദിയ്ക്കുമായിരുന്നു. യാദൃച്ഛികമായി ഞാൻ ഉക്കയെ തൊട്ടാൽ എന്നോട് കുളിയ്ക്കാൻ പറയുമായിരുന്നു. സ്വാഭാവികമായി ഞാൻ അനുസരിയ്ക്കാറുണ്ടായിരുന്നുവെങ്കിലും, അയിത്തത്തിന് മതത്തിൻെറ അനുമതിയില്ലെന്നും, അതു് അങ്ങിനെയായിരിയ്ക്കുവാൻ അസാദ്ധ്യമാണെന്നും, പുഞ്ചിരിയോടെ പ്രതിഷേധിച്ചുപറഞ്ഞുകൊണ്ടല്ലാതെ ഞാനതു് ചെയ്തിരുന്നില്ല. ഞാൻ വളരെ അനുസരണയുള്ള കുട്ടിയായിരുന്നു. വലിയ കർത്തവ്യനിഷ്ഠയുള്ള കുട്ടിയായിരുന്നു. അച്ഛനമ്മമാരോടുള്ള ആദരവുമായി പൊരുത്തപ്പെടുന്നിടത്തോളം, ഇക്കാര്യത്തിൽ അവരുമായി ഞാൻ പലപ്പോഴും മല്ലടിച്ചിട്ടുണ്ട്. ഉക്കയുമായുള്ള ശാരീരിക സമ്പർക്കം പാപപൂർണ്ണമാണെന്നു കരുതുന്നതു്, തികച്ചും തെററാണെന്നു ഞാൻ അമ്മയോട് പറഞ്ഞു.

സ്കൂളിലായിരുന്നപ്പോൾ പലപ്പോഴും 'തൊട്ടുകൂടാത്തവരെ' ഞാൻ തൊടാറുണ്ടായിരുന്നു. ആ വസ്തുത എൻെറ അച്ഛനമ്മമാരിൽ നിന്നു ഞാനൊരിക്കലും മറച്ചുവെയ്ക്കാറില്ലായിരുന്നതുകൊണ്ട്, അശുദ്ധമായ തൊടീലിനു ശേഷം ശുദ്ധീകരണത്തിനുള്ള ഏററവും കുറുക്കായ വഴി അടുത്തുകൂടെ പോകുന്ന ഒരു മുസൽമാനെ തൊട്ട്, ആ തൊടീൽ റദ്ദാക്കുകയായിരുന്നെന്നു് എൻെറ അമ്മ എന്നോട് പറയുമായിരുന്നു. അമ്മയോടുള്ള ഭക്തിയും ആദരവും കൊണ്ടു മാത്രം ഞാൻ, പലപ്പോഴും അങ്ങിനെ ചെയ്യാറുണ്ടായിരുന്നു. പക്ഷേ, അതു് മതപരമായ ഒരു ബാധ്യതയാണെന്നു് വിശ്വസിച്ച്, ഒരിക്കലും അങ്ങിനെ ചെയ്തിട്ടില്ല.

ഞങ്ങളുടെ കുടുംബത്തിൽ രാമയണം പതിവായി വായിക്കാറുണ്ടായിരുന്നു. ഇക്കാലത്ത് ഒരു 'തൊട്ടുകൂടാത്തവൻ' എന്നു കരുതപ്പെടുന്ന ഒരാൾ തൻെറ തോണിയിൽ ശ്രീരാമനെ ഗംഗ കടത്തിയെന്നുള്ള സംഭവം വിവരിയ്ക്കുന്ന രാമായണത്തിനു്, അശുദ്ധരായ ആത്മാക്കളെന്ന കാരണത്താൽ ഏതെങ്കിലും മനുഷ്യരെ 'തൊട്ടുകൂടാത്ത'വരായി കണക്കാക്കുന്ന ആശയത്തെ എങ്ങിനെ

നേരിടാൻ കഴിയും?'' എന്നു് ഞാൻ ആലോചിച്ചിരുന്നു. 'അശുദ്ധരെ ശുദ്ധിയാക്കുന്നവൻ' എന്നും, അതുപോലുള്ള മററുള്ള പേരുകളാലും, നാം ഈശ്വരനെ അഭിസംബോധന ചെയ്യുന്നുവെന്നുള്ള വസ്തുത ഹിന്ദുമതത്തിൽ ജനിച്ച ആരേയും അശുദ്ധനെന്നോ, 'തൊട്ടുകൂടാത്ത'വനെന്നോ കരുതുന്നതു് പാപമാണെന്നു് കാണിക്കുന്നു; പൈശാചികമാണെന്നു് കാണിക്കുന്നു. അതുകൊണ്ടു് അതു് വലിയ ഒരു പാപമാണെന്നു് ആവർത്തിച്ചു പറയുന്നതിൽ എനിക്കൊരിക്കലും ക്ഷീണം തോന്നിയിട്ടില്ല. ഇക്കാര്യം പന്ത്രണ്ടാം വയസ്സിൽ ദൃഢമായി എന്നിൽ രൂപം കൊണ്ടിട്ടുണ്ടെന്നു് ഞാൻ സ്ഥാപിക്കുന്നില്ല. പക്ഷേ, അന്നു് അയിത്തത്തെ ഒരു പാപമായി ഞാൻ കരുതിയിരുന്നുവെന്നു് തീർത്തുപറയുന്നു. വൈഷ്ണവരുടേയും മാമൂൽക്കാരായ ഹിന്ദുക്കളുടേയും അറിവിനായിട്ടാണു് ഞാൻ ഈ കഥ പറയുന്നതു്.

*യംഗ് ഇൻഡ്യ, ഏപ്രിൽ 27, 1921*

ഉത്ഭവിക്കുമ്പോൾ പവിത്രവും അകളങ്കിതവും ആയിരിക്കുകയും, എന്നാൽ വഴിനീളെയുള്ള അശുദ്ധവസ്തുക്കൾ എടുത്തുകൊണ്ടുപോവുകയും ചെയ്യുന്ന ഗംഗയെപ്പോലെയാണു് ഹിന്ദുമതം. ഗംഗയെപ്പോലെതന്നെ അതു് അതിൻെറ സമസ്തഫലത്തിൽ ഗുണപ്രദവുമാണു്.

ശാസ്ത്രങ്ങൾ സദാ വളൎന്നുകൊണ്ടിരിക്കുന്നു. വേദങ്ങളും, ഉപനിഷത്തുകളും, സ്മൃതികളും, പുരാണങ്ങളും, ഇതിഹാസങ്ങളും ഒന്നിച്ചു് ഒരേസമയത്തു് പൊന്തിവന്നവയല്ല. പ്രത്യേകകാലഘട്ടങ്ങളുടെ ആവശ്യങ്ങളിൽനിന്നാണു് അവയോരോന്നും വളൎന്നുവന്നതു്. അതുകൊണ്ടു്, അവ് അന്യോന്യം സംഘട്ടനത്തിൽ വരുന്നതുപോലെ തോന്നുന്നു. ആ ഗ്രന്ഥങ്ങൾ സനാതനസത്യങ്ങളെ നവംനവമായി ഉൽഘോഷിക്കുന്നില്ല; പിന്നെയോ, ആ ഗ്രന്ഥങ്ങൾ ഏതുകാലത്തുണ്ടായവയാണോ, അക്കാലത്തു് ആ സനാതന സത്യങ്ങൾ എങ്ങിനെ ആചരിക്കപ്പെട്ടിരുന്നുവെന്നു് അവ കാണിക്കുന്നു. ഒരു പ്രത്യേക കാലഘട്ടത്തിൽ തികച്ചും നല്ലതായിരുന്ന ഒരു ആചാരം മറെറാരു കാലഘട്ടത്തിൽ അന്ധമായി ആവൎത്തിക്കപ്പെട്ടാൽ, അതു് ജനങ്ങളെ 'നിരാശയുടെ ചെളിക്കുണ്ടിൽ' ചാടിക്കും. ഒരുകാലത്തു് മൃഗബലിയെന്ന ആചാരം ഉണ്ടായിരുന്നുവെന്ന കാരണത്താൽ ഇന്നു് അതു പുനരുജ്ജീവിപ്പിക്കാമോ? ഒരു

കാലത്തു് നാം മാട്ടിറച്ചി തിന്നാറുണ്ടായിരുന്നുവെന്നതുകൊണ്ടു് ഇന്നും നമ്മളതു് ചെയ്യണോ? ഒരുകാലത്തു് കള്ളന്മാരുടെ കൈയും കാലും വെട്ടിക്കളയാറുണ്ടായിരുന്നുവെന്ന കാരണത്താൽ ഇന്നും ആ കാട്ടാളത്തം പുനരുജ്ജീവിപ്പിയ്ക്കണോ? ബഹുഭർത്തൃത്വം പുനരുജ്ജീവിപ്പിയ്ക്കണോ? ശിശുവിവാഹങ്ങൾ പുനരുജ്ജീവിപ്പിയ്ക്കണോ? ഒരുകാലത്തു് മനുഷ്യസമുദായത്തിന്റെ ഒരു വിഭാഗത്തെ പുറന്തള്ളിയതുകൊണ്ടു്, ഇന്നു് അവരുടെ പിൻമുറക്കാരെ ജാതിഭ്രഷ്ടരെന്നു് മുദ്ര കുത്തണോ?

ഹിന്ദുമതം നിശ്ചേഷ്ടതയെ വെറുക്കുന്നു. അറിവിനു് അതിരില്ല. അതുപോലെതന്നെയാണു് സത്യത്തിന്റെ പ്രയോഗത്തിനും. ഓരോ ദിവസവും ആത്മാവിന്റെ ശക്തിയെക്കുറിച്ചുള്ള നമ്മുടെ അറിവു് നാം വർദ്ധിപ്പിയ്ക്കുന്നു. നാം ഇനിയും അതു തുടരും. പുതിയ അനുഭവം നമ്മെ പുതിയ കടമകൾ പഠിപ്പിയ്ക്കുന്നു. പക്ഷേ, സത്യം എന്നും ഒന്നുതന്നെയായിരിയ്ക്കും.

*യംഗ് ഇൻഡ്യ, ഏപ്രിൽ 8, 1936*

സ്വാർത്ഥോദ്ദേശ്യങ്ങളാൽ പ്രേരിതരായി, നമ്മെ ഉയന്നവരെന്നും, മററുള്ളവരെ താണവരെന്നും, കരുതുന്നതുതന്നെ വളരെ ചീത്തയാണു്. എന്നാൽ, നാം മതത്തെ അയിത്തത്തെപ്പോലുള്ള ഒരു ദൃഷ്യത്തോട്ടു് തൊട്ടുത്തുന്നതു് അതിലുമേറെ ചീത്തയാണെന്നു് മാത്രമല്ല ഇരട്ടത്തെററുമാണു്. അതുകൊണ്ടു്, വിദ്വാന്മാരായ ബ്രാഹ്മണർ മുൻപോട്ടു വന്നു്, അയിത്തംപോലുള്ള സ്പഷ്ടമായ ഒരു ദൃഷ്യത്തിനു് ശാസ്ത്രങ്ങളുടെ ആധികാരികത വിളിച്ചുവരുത്തുമ്പോൾ, അതു് എന്നെ ദുഃഖിപ്പിയ്ക്കുന്നു. ഹിന്ദുക്കളായ നാം ഒരു പരീക്ഷണകാലഘട്ടത്തിലൂടെ കടന്നുപോവുകയാണെന്നു് ഞാൻ പറഞ്ഞിട്ടുണ്ടു്. ഞാൻ ഇന്നും അതു് ആവർത്തിയ്ക്കുന്നു. നാം ആഗ്രഹിച്ചാലും, ഇല്ലെങ്കിലും, അയിത്തം പോവുകയാണു്. എന്നാൽ, ഈ പരീക്ഷണകാലഘട്ടത്തിൽ നാം ആ പാപത്തിൽ പശ്ചാത്തപിയ്ക്കുകയും, സ്വയം പരിഷ്കൃതരാവുകയും, ശുദ്ധീകൃതരാവുകയും ചെയ്താൽ, ഹിന്ദുക്കളുടെ പരമമായ ഒരു ശുദ്ധീകരണപ്രവൃത്തിയായി ചരിത്രം അതിനെ രേഖപ്പെടുത്തും. പക്ഷെ കാലസ്ഥിതിയുടെ പ്രവത്തനത്തിലൂടെ നമ്മുടെ ഇച്ഛാശക്തിയ്ക്കെതിരായി കാര്യങ്ങൾ ചെയ്യാൻ നാം നിർബന്ധിതരാവുകയും, ഹരിജനങ്ങൾ തന്റേടമുള്ളവരാവുകയും ചെയ്താൽ, അതു് ഹിന്ദു

ക്കൾക്കോ, ഹിന്ദുമതത്തിനോ, യശസ്കരമായിരിയ്ക്കുകയില്ല. പക്ഷേ, ഈ പരീക്ഷയിൽ നാം തോല്ക്കുകയാണെങ്കിൽ, ഹിന്ദുമതവും ഹിന്ദുക്കളും നശിയ്ക്കുമെന്നു്, ഒരുപടികൂടി കടന്നു് ഞാൻ പറയുന്നു.

*ഹരിജൻ, ജനുവരി 5, 1934.*

## ഭൂകമ്പവും അയിത്തവും

തിരുനൽവേലിയിലായിരുന്നപ്പോൾ, ഞാൻ ആദ്യമായി ഭൂകമ്പത്തെ (ബിഹാറിൽ ഉണ്ടായതു്) അയിത്തവുമായി കൂട്ടിയിണക്കി. ഏററവും വലിയ പര്യാലോചനയ്ക്കു ശേഷം എൻെറ ഹൃദയസമ്പൂർണ്ണതയിൽനിന്നുമാണു് ഞാൻ സംസാരിച്ചതു്. ഞാൻ വിശ്വസിച്ചതു പറഞ്ഞു. ഭൗതികപ്രതിഭാസങ്ങൾ ഭൗതികവും ആദ്ധ്യാത്മികവുമായ ഫലങ്ങൾ ഉളവാക്കുമെന്നു് ഞാൻ വളരെ നാളായി വിശ്വസിച്ചുപോരുന്നു. ഇതിൻെറ പ്രതിപ്രമേയവും ഇതുപോലെ വാസ്തവമാണെന്നു് ഞാൻ പറയുന്നു......

വരൾച്ചകൾ, പ്രളയങ്ങൾ, ഭൂകമ്പങ്ങൾ തുടങ്ങിയ ദുർവ്വിപാകങ്ങൾക്കു് ഭൗതികമായ ഉത്ഭവങ്ങൾ മാത്രമേയുള്ളുവെന്നു് തോന്നാറുണ്ടെങ്കിലും, അവ മനുഷ്യൻെറ സന്മാർഗ്ഗങ്ങളുമായി ബന്ധമുള്ളവയാണെന്നു് എനിക്കു്, എങ്ങിനെയോ, തോന്നുന്നു. അതുകൊണ്ടു് ആ ഭൂകമ്പം അയിത്തപ്പാപത്തിനുള്ള ഒരു ദുർവിപാകമായി എനിക്കു് സ്വാഭാവികമായിത്തന്നെ തോന്നി. അയിത്തത്തിനെതിരായി പഠിപ്പിച്ചുവെന്നുള്ള എൻെറ കുററം കാരണമാണു് അതു് ഉണ്ടായതെന്നു് പറയാൻ, സനാതനികൾക്കു് തീർച്ചയായും പരിപൂർണ്ണ അവകാശമുണ്ടു്. പശ്ചാത്താപത്തിനും ആത്മശുദ്ധീകരണത്തിനുമുള്ള ഒരാഹ്വാനമാണു് എൻെറ വിശ്വാസം. പ്രകൃതിനിയമങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള എൻെറ തികഞ്ഞ അജ്ഞത ഞാൻ സമ്മതിയ്ക്കുന്നു. പക്ഷേ, സംശയാലുക്കൾക്കു് ഈശ്വരൻ്റെ നിലനിൽപ്പു് തെളിയിച്ചുകൊടുക്കാൻ എനിക്കു് കഴിവില്ലെങ്കിലും, ഈശ്വരനിൽ വിശ്വസിയ്ക്കാതിരിയ്ക്കുവാൻ എനിക്കു് നിർവ്വാഹമില്ലാത്തതുപോലെ തന്നെ, അയിത്തപ്പാപവും ബിഹാറിലെ ദുർവ്വിപാകവും തമ്മിലുള്ള ബന്ധം എനിക്കു് സ്വാഭാവികമായി അനുഭവപ്പെട്ടെങ്കിലും, ആ ബന്ധം തെളിയിയ്ക്കുവാൻ എനിക്കു് കഴിയുകയില്ല. എൻെറ വിശ്വാസം ശരിയായ അടിസ്ഥാനമില്ലാത്തതാണെന്നു് വന്നാൽ പോലും, അതു് എനിക്കും എന്നെപ്പോലെയുള്ള വിശ്വാസികൾക്കും നന്മ ചെയ്യും. കാരണം, അയി

ത്തം മാരകമായ ഒരു പാപമാണെന്നു് സങ്കൽപിച്ചുകൊണ്ടു്, ആത്മശുദ്ധീകരണത്തിലേയ്ക്കു് കുറേക്കൂടി ഊർജ്ജസ്വലമായ പ്രയത്നങ്ങൾ ചെയ്യുവാൻ ഞങ്ങൾ ഉത്തേജിതരാകും. ഇങ്ങിനെയുള്ള ഊഹത്തിന്റെ അപകടം എനിക്കു് നല്ലവണ്ണമറിയാം. പക്ഷേ, എന്റെ ഏററവും അടുത്തുള്ളവരും പ്രിയപ്പെട്ടവരും കഷ്ടപ്പെട്ടപ്പോൾ, പരിഹാസത്തെ ഭയന്നു് എന്റെ വിശ്വാസം ഞാൻ പുരമുകളിൽനിന്നു് വിളിച്ചുപറഞ്ഞില്ലെങ്കിൽ, ഞാൻ അസത്യവാനും ഭീരുവും ആയിരിയ്ക്കും. ഭൂകമ്പത്തിന്റെ ഭൗതികഫലം വേഗം മറക്കപ്പെട്ടും, കുറേയൊക്കെ ഇല്ലാതാവുകയും ചെയ്യും. പക്ഷേ, അതു് അയിത്തപ്പാപത്തോടുള്ള ദൈവകോപത്തിന്റെ പ്രകടനമാണെങ്കിൽ, നാം ആ സംഭവത്തിൽനിന്നുള്ള ഗുണപാഠം പഠിച്ചു്, ആ പാപത്തിൽ പശ്ചാത്തപിയ്ക്കാതിരുന്നാൽ, അതു ഭയങ്കരമായിരിരിയ്ക്കും. 'നമ്മുടെ സ്വന്തം പാപങ്ങളും, തെററുകളും എത്രതന്നെ ഭീമങ്ങളായിരുന്നാലും, അവയ്ക്കു സൃഷ്ടിസൗധത്തെ താറുമാറാക്കി വലിച്ചുതാഴത്തിടുവാൻ വേണ്ട ശക്തിയില്ല' എന്നുള്ള ഗുരുദേവന്റെ വിശ്വാസം എനിയ്ക്കില്ല. നേരേമറിച്ചു്, ആ സൗധത്തെ തകർക്കാൻ വെറും ഭൗതികപ്രതിഭാസങ്ങൾക്കുള്ളതിനേക്കാൾ കൂടുതൽ ശക്തി നമ്മുടെ സ്വന്തം പാപങ്ങൾക്കുണ്ടെന്നാണു് എന്റെ വിശ്വാസം. ദ്രവ്യവും ആത്മാവും തമ്മിൽ മോചിപ്പിയ്ക്കാനാവാത്ത ഒരു വിവാഹബന്ധമുണ്ടു്. ആ ബന്ധത്തിന്റെ ഫലങ്ങളെക്കുറിച്ചുള്ള നമ്മുടെ അജ്ഞത അതിനെ ഒരു ഗഹനരഹസ്യമാക്കുന്നു. നമ്മിൽ അതു് ഭയഭക്തി ഉളവാക്കുന്നു. പക്ഷേ, ആ അജ്ഞതക്കു് ആ ഫലങ്ങൾ ഇല്ലാതാക്കാൻ കഴിയുകയില്ല. എന്നാൽ, ഈ ബന്ധത്തെക്കുറിച്ചുള്ള സജീവമായ തിരിച്ചറിവു് ഭൗതികമായ ഓരോ അത്യാഹിതത്തേയും തങ്ങളുടെ സ്വന്തം ധാർമ്മികോന്നമനത്തിനായി ഉപയോഗിയ്ക്കാൻ പലരേയും സഹായിച്ചിട്ടുണ്ടു്.

പ്രപഞ്ചപ്രതിഭാസങ്ങളും മനുഷ്യന്റെ പെരുമാററങ്ങളും തമ്മിലുള്ള ബന്ധം എന്നെ എന്റെ ഈശ്വരനോടു് കൂടുതൽ അടുപ്പിയ്ക്കുന്നതും, എന്നെ എളിമയുള്ളവനാക്കുന്നതും, അദ്ദേഹത്തെ നേരിടാൻ എന്നെ കുറേക്കൂടി സന്നദ്ധനാക്കുന്നതും, സജീവവുമായ ഒരു വിശ്വാസമാണു്. ഇങ്ങിനെയുള്ള വിശ്വാസത്തെ, എന്റെ അഗാധമായ അജ്ഞത കാരണം, എന്റെ എതിരാളികളെ ദണ്ഡിയ്ക്കാൻ ഉപയോഗിച്ചാൽ, ആ വിശ്വാസം നീചമായ ഒരു അന്ധവിശ്വാസമായിരിയ്ക്കും.

*ഹരിജൻ, ഫെബ്രുവരി 16, 1934*

## അദ്ധ്യായം 4

# അയിത്തം എങ്ങിനെ നീക്കാം

ഭരണത്തിനെതിരായ നിസ്സഹകരണത്തിന് ഭരണീയർ തമ്മിൽ സഹകരണമെന്നാണർത്ഥം. ഹിന്ദുക്കൾ അയിത്തപ്പാപം നീക്കിയില്ലെങ്കിൽ, ഒരു കൊല്ലത്തിനുള്ളിലോ, ഒരു നൂറു കൊല്ലത്തിനുള്ളിലോ, സ്വരാജ് ഉണ്ടാകുകയില്ല. നിസ്സഹകരണപ്രസ്ഥാനത്തിൽ ചേരാൻ അധഃകൃതവർഗ്ഗങ്ങളെ ഞാൻ ക്ഷണിയ്ക്കുന്നത്, അവർ അവരുടെ ശക്തി മനസ്സിലാക്കണമെന്ന് ഞാനാഗ്രഹിയ്ക്കുന്നതുകൊണ്ടാണ്. ഹിന്ദു-മുസ്ലിം ഐക്യം കൂടാതെ സ്വരാജ് സ്ഥാപിയ്ക്കാൻ വയ്യാത്തതുപോലെ, അയിത്തപ്പാപം നീക്കാതെയും അതു വയ്യ.

*യംഗ് ഇൻഡ്യ, ഡിസംബർ 29, 1920*

നമ്മുടെ സ്വന്തം വംശത്തിൻെറ ആറിലൊരു ഭാഗത്തെ നാം ചൂഷണം ചെയ്യുതിനും, മതത്തിൻെറ വിശുദ്ധമായ നാമത്തിൽ അവരെ ബോധപൂർവ്വം അധഃപതിപ്പിച്ചതിനും ഈശ്വരൻ നമുക്ക് നൽകിയിട്ടുള്ള ഏററവും നീതിപൂർവ്വകമായ ശിക്ഷയാണ് വിദേശാധിപത്യമെന്ന ശാപവും, തൽഫലമായുണ്ടാകുന്ന ചൂഷണവും. അതുകൊണ്ടാണ് ഞാൻ അയിത്തോച്ചാടനം സ്വരാജ്ലബ്ധിയ്ക്ക് അനുപേക്ഷണീയമായ ഒരു ഉപാധിയായി വച്ചത്. അടിമമേലാളന്മാരായ നാം നമ്മുടെ സ്വന്തം അടിമകൾക്ക് നിരുപാധികമായി വോട്ടവകാശം നൽകാൻ തയ്യാറായില്ലെങ്കിൽ, നമ്മുടെ സ്വന്തം അടിമത്തവുമായി ശണ്ഠ കൂടാൻ നമുക്ക് കാര്യമില്ല. നമ്മുടെ യജമാനന്മാരുടെ കണ്ണിൽനിന്ന് കരടെടുക്കാൻ ശ്രമിയ്ക്കുന്നതിനു മുൻപ്, ആദ്യം നമ്മുടെ കണ്ണിൽനിന്ന് നാം അയിത്തത്തിൻെറ കോലെടുത്തുകളയണം.

*യംഗ് ഇൻഡ്യ, ഒക്ടോബർ 13, 1921*

ശാസ്ത്രങ്ങളെക്കുറിച്ച് എനിയ്ക്കുള്ള സാഹിത്യപരമായ അജ്ഞത ഞാൻ ഇപ്പോഴും സമ്മതിയ്ക്കുന്നു. പക്ഷേ, ഞാൻ ഹിന്ദുമതത്തിൻെറ രഹസ്യം മനസ്സിലാക്കുന്നുവെന്നുതന്നെ പറയുന്നു. നാം ചെയ്യുന്ന രീതിയിൽ അയിത്തം പുലർത്തുന്നതു്, ഹിന്ദുമതത്തിന്നു് ഗുരുതരമായ ഒരു കളങ്കവും, സ്മൃതികളുടെ അനാവശ്യമായ ദുർവ്വിനിയോഗവും, ഹിന്ദുമതത്തിൻെറ അടിസ്ഥാനമായ സ്നേഹത്തിൻെറ നിഷേധവുമാണെന്നു് ഏററവും വിനയത്തോടും എനിയ്ക്കു കഴിയുന്നിടത്തോളം ശക്തിയോടുംകൂടി പറയാൻ ഞാൻ മുതിരുന്നു.

*യംഗ് ഇൻഡ്യ, ഒക്ടോബർ 27, 1921*

കല്ലും കുമ്മായവുംകൊണ്ടു് ഒരമ്പലം കെട്ടുന്നതിനേക്കാൾ വളരെ വലുതാണു് ഈ അയിത്തോച്ചാടനം. ഹിന്ദുക്കൾ അതിനായി സ്വന്തം രക്തം ചൊരിയണം; അതിനുള്ള വില കൊടുക്കണം. ഈ ശാപം നീക്കുന്നതിന്നുവേണ്ടി ഭാര്യയേയും, കുട്ടികളേയും സർവ്വവും കൈവെടിയാൻ നാം തയ്യാറാകണം.

*യംഗ് ഇൻഡ്യ, മേയ് 1, 1924*

അയിത്തോച്ചാടനം ഹിന്ദുമതത്തോടും തങ്ങളോടുതന്നെയും സവർണ്ണഹിന്ദുക്കൾ നിറവേററേണ്ട ഒരു പ്രായശ്ചിത്തമാണു്. ശുദ്ധീകരണം ആവശ്യമായിട്ടുള്ളതു് 'തൊട്ടുകൂടാത്ത'വർക്കല്ല, പിന്നെയോ, മേൽജാതികളെന്നു പറയപ്പെടുന്നവർക്കാണു്. 'തൊട്ടുകൂടാത്ത'വർക്കു് പ്രത്യേകമായ യാതൊരു ദൂഷ്യവുമില്ല. അഴുക്കിൻെറ കാര്യത്തിലായാലും ശരി, ശുചിത്വമില്ലായ്മയുടെ കാര്യത്തിലായാലും ശരി, നമ്മെ, മേൽജാതിക്കാരായ ഹിന്ദുക്കളെ, നമ്മുടെ സ്വന്തം പോരായ്മകളുടെ നേരേ അന്ധരാക്കുന്നതും, നാം അടിച്ചമർത്തി ഇപ്പോഴും അങ്ങിനെ വച്ചുകൊണ്ടിരിയ്ക്കുന്ന നമ്മുടെ അധഃസ്ഥിതസഹോദരരുടെ പോരായ്മകൾ പെരുപ്പിച്ചുകാണിയ്ക്കുന്നതും, നമ്മുടെ അഹങ്കാരംകൊണ്ടാണു്. രാഷ്ട്രങ്ങളെപ്പോലെ മതങ്ങളും, ത്രാസിൽ തൂക്കിനോക്കപ്പെടുന്നു. ദൈവാനുഗ്രഹവും, വെളിപാടും, ഏതെങ്കിലും വർഗ്ഗത്തിൻേറയോ, രാഷ്ട്രത്തിൻേറയോ കുത്തകയല്ല. ഈശ്വരനെ സേവിയ്ക്കുന്ന എല്ലാവരുടേയും മേൽ അവ തുല്യമായി പതിയ്ക്കുന്നു. അനീതിയിലോ, അസത്യത്തിലോ, അക്രമത്തിലോ, വിശ്വാസമൂന്നുന്ന മതവും രാഷ്ട്രവും ഭൂമുഖത്തുനിന്നു് അടിച്ചുമാററപ്പെടും. ഈശ്വരൻ വെളിച്ചമാണു്, ഇരുട്ടല്ല; ഈ

ശ്വരൻ സ്നേഹമാണ്, വെറുപ്പല്ല; ഈശ്വരൻ സത്യമാണ്, അസത്യമല്ല. ഈശ്വരൻ മാത്രമേ മഹാനായുള്ളു. അദ്ദേഹത്തിൻെറ സൃഷ്ടികളായ നാം വെറും മണ്ണു മാത്രമാണ്. അദ്ദേഹത്തിൻെറ സൃഷ്ടികളിൽ ഏററവും താണതിനുപോലുമുള്ള സ്ഥാനം നമുക്ക് വിനീതരായി അംഗീകരിക്കാം. ശ്രീകൃഷ്ണൻ മററാരെ ബഹുമാനിക്കുന്നതിലുമേറെ കീറത്തുണിയുടുത്ത കുചേലനെ ബഹുമാനിച്ചു. സ്നേഹമാണ് മതത്തിൻെറ വേര്.

*യംഗ് ഇൻഡ്യ, ഡിസംബർ 26, 1924*

ഗീതയിലൂടെ ശ്രീകൃഷ്ണൻ പഠിപ്പിക്കുന്ന സമത്വത്തിൻെറ സിദ്ധാന്തത്തിൽ ഞാൻ വിശ്വസിക്കുന്നു. നാലു ജാതികളിലേയും അംഗങ്ങളെ തുല്യാടിസ്ഥാനത്തിൻ കരുതണമെന്ന് ഗീത നമ്മെ പഠിപ്പിക്കുന്നു. ബ്രാഹ്മണനും, ഭങ്ഗിക്കും, ഒരേ ധർമ്മമല്ല അതു കല്പിച്ചിട്ടുള്ളതു്. എന്നാൽ, ഉയർന്ന പാണ്ഡിത്യമുള്ള ബ്രാഹ്മണന്നു് കിട്ടുന്ന അതേ പരിഗണനയും ആദരവും ഭങ്ഗിക്കു് കിട്ടാൻ അവകാശമുണ്ടെന്നു് ഗീത ഉറപ്പിച്ചുപറയുന്നു.

*യംഗ് ഇൻഡ്യ, ജനുവരി 22, 1925*

## ബലപ്രയോഗംകൊണ്ടല്ല

ഹിന്ദുക്കൾ തങ്ങളോടുള്ള മനോഭാവം മാററിയില്ലെങ്കിൽ, തങ്ങൾ ബലപ്രയോഗത്തിനു മുതിരുമെന്നു് 'തൊട്ടുകൂടാത്ത' വർഗ്ഗത്തിൽപ്പെട്ട ചില ആളുകൾ, ഞാൻ പൂനയിലായിരുന്നപ്പോൾ, എന്നോടു് പറഞ്ഞു. ബലപ്രയോഗംകൊണ്ടു് അയിത്തം നീക്കാൻ കഴിയുമോ? ഈ സമ്പ്രദായങ്ങളിലൂടെ 'തൊട്ടുകൂടാത്തവരുടെ' ഉത്കർഷം കൈവരുത്താൻ കഴിയുമോ? മാമൂല്യകാരായ ഹിന്ദുക്കളെ അവരുടെ അന്ധമായ മതഭ്രാന്തിൽനിന്നു് നിങ്ങൾക്കും എനിക്കും വിമുഖരാക്കാൻ കഴിയുന്ന ഒരേ ഒരു വഴി ക്ഷമാപൂർണ്ണമായ വാദവും, ശരിയായ പെരുമാററവുമാണ്. അവർക്കു പരിവർത്തനം വരാത്തിടത്തോളം, നിങ്ങളുടെ നില ക്ഷമയോടുകൂടി സഹിക്കുകയെന്നു് ആവശ്യപ്പെടാൻ മാത്രമേ എനിക്കു് നിർവ്വാഹമുള്ളു. നിങ്ങളോടൊപ്പം നിൽക്കാൻ, നിങ്ങളുടെ കഷ്ടപ്പാടുകളിൽ പങ്കുചേരാൻ, എനിക്കു് സമ്മതമാണ്. മററു ജാതിക്കാർക്കു് പ്രവേശനമുള്ള ഏതു ക്ഷേത്രത്തിലും ആരാധിക്കുവാനുള്ള അവകാശം നിങ്ങൾക്കുണ്ടായിരിക്കണം. മററു ജാതിക്കാരുടെ കുട്ടികളോടൊപ്പം, യാ

തൊരു വിവേചനവും കൂടാതെ, സ്കൂളുകളിൽ നിങ്ങൾക്ക് പ്രവേശനമുണ്ടായിരിക്കണം. വൈസ്രോയിയുടെ സ്ഥാനംകൂടി ഒഴിച്ചു നിർത്താതെ, ഈ നാട്ടിലെ ഏററവും ഉയർന്ന ഉദ്യോഗത്തിനും നിങ്ങൾക്ക് അർഹതയുണ്ടായിരിക്കണം. അയിത്തോച്ചാടനത്തിനുള്ള എൻെറ നിർവ്വചനം അതാണ്.

പക്ഷേ, എൻെറ മതം സൂചിപ്പിക്കുന്ന വഴി പിൻതുടർന്നു മാത്രമേ ഇതിൽ എനിക്ക് നിങ്ങളെ സഹായിക്കാൻ കഴിയൂ. അല്ലാതെ, പാശ്ചാത്യസമ്പ്രദായങ്ങൾ പിൻതുടർന്നല്ല. കാരണം, ആ വഴിക്ക് ഹിന്ദുമതത്തെ രക്ഷിക്കാൻ എനിക്ക് കഴിയുകയില്ല. നിങ്ങളുടെ കാര്യം പവിത്രമായ ഒന്നാണ്. ചെകുത്താൻെറ സമ്പ്രദായങ്ങൾ സ്വീകരിച്ച്, പവിത്രമായ ഒരു കാര്യത്തെ സേവിക്കാനാകുമോ? അതുകൊണ്ട്, മൃഗീയശക്തി പ്രയോഗിച്ച്, നിങ്ങളുടെ നില ഉത്കർഷപ്പെടുത്താമെന്നുള്ള ആശയം നിങ്ങളുടെ മനസ്സിൽനിന്ന് ബഹിഷ്കരിക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. സ്വന്തം ഹൃദയത്തിൽവച്ച് ഈശ്വരനെ ആത്മാർത്ഥമായി ധ്യാനിക്കുന്നതുവഴി മോക്ഷം നേടാൻ കഴിയുമെന്ന് ഗീത നമ്മോട് പറയുന്നു. ഈശ്വരനെ സേവിക്കലാണ് ധ്യാനം. ഈശ്വരനെ സേവിച്ചാൽ ഏററവും വലിയ ആനന്ദമായ മോക്ഷം കൈവരുമെങ്കിൽ, അതിലും എത്രയോ എളുപ്പത്തിൽ ആയിരിക്കും അയിത്തോച്ചാടനം അത് കൈവരുത്തുക? ഈശ്വരനെ സേവിക്കുകയെന്നുവച്ചാൽ, പരിശുദ്ധി വർദ്ധിപ്പിക്കുകയെന്നാണർത്ഥം.

*യംഗ് ഇൻഡ്യ, ജനുവരി 22, 1925*

അതുകൊണ്ട്, നാം ജന്മനാ ഉള്ള കളങ്കം, അതായത് ജനനത്തോട് ബന്ധപ്പെട്ട മേലേക്കിടയും കീഴേക്കിടയുമെന്ന ആശയം, നീക്കിയാലുടൻ, അതു വർണ്ണാശ്രമത്തെ ശുദ്ധീകരിക്കലാവും. തോട്ടിയുടെ കുട്ടികൾക്ക് അധഃപതിപ്പിക്കപ്പെടാതെയോ, അധഃപതിച്ചവരെന്നു തോന്നാതെയോ, തോട്ടികളായിരിക്കാം. ബ്രാഹ്മണരേക്കാൾ തൊട്ടുകൂടാത്തവരായി അവരെ പരിഗണിക്കുകയില്ല. അതുകൊണ്ട് പിൻതുടർച്ചാനിയമവും തലമുറയിൽനിന്നു തലമുറയിലേക്കുള്ള ഗുണങ്ങളുടെ പകർച്ചയും അംഗീകരിക്കുന്നതിലല്ല തെററു കിടക്കുന്നത്. അസമത്വത്തെക്കുറിച്ചുള്ള തെററായ സങ്കൽപ്പത്തിലാണ്.

*യംഗ് ഇൻഡ്യ, ആഗസ്റ്റ് 13, 1925*

സമസ്ത ജീവജാലങ്ങളുടേയും മൗലികമായ സാദൃശ്യത്തിന്റേയും ഏകത്വത്തിന്റേയും അംഗീകരണം മേലേക്കിടയും കീഴേക്കിടയുമെന്ന ആശയത്തെത്തന്നെ ഒഴിവാക്കുന്നു. ജീവിതം ധർമ്മമാണ്; അവകാശങ്ങളുടേയും പ്രത്യേകാവകാശങ്ങളുടേയും ഒരു കെട്ടല്ല. ഉയർന്നതും താണതുമായ തട്ടുകളുള്ള ഒരു സമ്പ്രദായത്തെ ആധാരമാക്കുന്ന മതം നശിക്കുമെന്നു് തീർച്ചയാണ്. എന്നെ സംബന്ധിച്ചിടത്തോളം, വർണ്ണാശ്രമത്തിന്റെ അർത്ഥം ഇതല്ല. വിഭിന്ന തൊഴിലുകളിൽപ്പെട്ട ആളുകളുടെ ധർമ്മങ്ങൾ അതു് നിർവ്വഹിക്കുന്നുവെന്നു് ഞാൻ സങ്കൽപ്പിക്കുന്നതുകൊണ്ടാണ് അതിൽ വിശ്വസിക്കുന്നതു്. എല്ലാവരുടേയും, ശൂദ്രന്മാരുടേയും 'തൊട്ടുകൂടാത്ത'വരുടേയും, സേവകനാകുന്നയാളാണ് ബ്രാഹ്മണൻ. അയാൾ തന്റെ സർവ്വസ്വവും ഇങ്ങിനെയുള്ള സേവനത്തിന്നായി സമർപ്പിക്കുന്നു. തന്റെ സഹോദരമനുഷ്യരുടെ ദാനത്തിലും സഹിഷ്ണുതയിലും അയാൾ ജീവിക്കുന്നു. പദവിയും അധികാരവും പ്രത്യേകാവകാശങ്ങളും ഉണ്ടെന്നു് ഭാവിക്കുന്നയാൾ ക്ഷത്രിയനല്ല. സമൂഹത്തിന്റെ രക്ഷക്കും അഭിമാനത്തിന്നുമായി തന്റെ സർവ്വസ്വവും ഉപയോഗിക്കുന്ന ആൾ മാത്രമാണ് ക്ഷത്രിയൻ. തനിക്കു മാത്രമായി സമ്പാദിക്കുകയും, സമ്പത്തു കുമിച്ചുകൂട്ടുന്നതിൽ മാത്രം വിശ്വസിക്കുകയും ചെയ്യുന്ന വൈശ്യൻ കള്ളനാണ്. സമൂഹത്തിനു വേണ്ടി കൂലിക്കു പണിയെടുക്കുന്നതുകൊണ്ട് ഒരു ശൂദ്രൻ, മററു മൂന്നു് വർണ്ണങ്ങളേക്കാളും ഒരു തരത്തിലും കീഴേക്കിടയിലല്ല. ഹിന്ദുമതത്തെക്കുറിച്ചുള്ള എന്റെ സങ്കൽപ്പമനുസരിച്ച്, അഞ്ചാമതൊരു വർഗ്ഗമോ, 'തൊട്ടുകൂടാത്ത' വർഗ്ഗമോ ഇല്ല. തൊട്ടുകൂടാത്തവരെന്നു് പറയപ്പെടുന്നവർ ശൂദ്രന്മാരെപ്പോലെ തന്നെ സമൂഹത്തിന്റെ പ്രത്യേകാവകാശമുള്ള തൊഴിലാളികളാണ്. സമൂഹത്തിന്റെ ഏററവും വലിയ നന്മക്കായി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള, ആദർശപരമായ, ഒരു സമ്പ്രദായമാണ് വർണ്ണാശ്രമമെന്നു് എനിക്കു് തോന്നുന്നു. ഇന്നു നാം കാണുന്നതു് മൂലരൂപത്തിന്റെ ദുർവിടംബനവും അപഹാസ്യവുമാണ്. വർണ്ണാശ്രമം നിലനിൽക്കണമെങ്കിൽ ഹിന്ദുക്കൾ ഈ അപഹാസം തുത്തുകളഞ്ഞു്, വർണ്ണാശ്രമത്തെ പൗരാണികമായ അതിന്റെ അന്തസ്സിലേക്കു് കൊണ്ടുവരണം.

*യംഗ് ഇൻഡ്യ, നവംബർ 5, 1925*

ഒരാളുടെ ജാതി അയാൾക്കു് അഭിമാനിക്കാനുള്ള കാര്യമല്ലെന്നും, നാലു വിഭാഗങ്ങളിൽ ഒന്നിനും തന്നെ മേലെക്കിടയോ, കീ

ഴേക്കിടയോ ഇല്ലെന്നും, ഞാൻ പുരമുകളിൽ നിന്നു് പ്രഖ്യാപിച്ചിട്ടുണ്ടു്. ശൂദ്രന്മാരിൽ ഏറ്റവും താണവരെ സേവിക്കുകയെന്നുള്ളതു് ഒരു യഥാൎത്ഥബ്രാഹ്മണനു് അഭിമാനമായി തോന്നും. വാസ്തവത്തിൽ ഒരു ബ്രാഹ്മണൻ ബ്രാഹ്മണനായിരിക്കണമെങ്കിൽ, അയാൾക്കു് തന്റെ സ്വന്തം ഗുണങ്ങൾക്കു പുറമേ, ഒരു ക്ഷത്രിയന്റേയും ഒരു വൈശ്യന്റേയും ഒരു ശൂദ്രന്റേയും ഗുണങ്ങളുണ്ടായിരിക്കണം. അയാൾ, മുഖ്യമായും, ദൈവികജ്ഞാനമുള്ള ആളായിരിക്കണമെന്നേയുള്ളു.

എന്നാൽ, ഇന്നു് ജാതി ഉരുക്കുമൂശയിലാണു്. അവസാനഫലമെന്തായിരിക്കുമെന്നു് ഈശ്വരനു് മാത്രമേ അറിയാവൂ. അല്ലെങ്കിൽ, ഒരു പക്ഷേ ബ്രാഹ്മണർക്കു് അറിയാമായിരിക്കാം.

*യംഗ് ഇൻഡ്യ, ജനുവരി 21, 1926*

വർണ്ണാശ്രമവും ജാതിയും തമ്മിൽ പൊതുവായി യാതൊന്നുമില്ല. ജാതി, നിസ്സംശയമായും, ഹിന്ദുപുരോഗതിക്കു് ഒരു വിഘ്നമാണു്. അയിത്തം, ഞാൻ നേരത്തെ വിവരിച്ചതുപോലെ, വർണ്ണാശ്രമത്തിന്മേലുള്ള അനാവശ്യമായ ഒരു അരുമ്പാറയാണു്. ഗോതമ്പുവയലുകളിലോ, നെൽപ്പാടങ്ങളിലോ, വളരുന്നതായി നാം കാണുന്ന കളകൾ പറിച്ചുമാറ്റുന്നതുപോലെ, പറിച്ചുമാറ്റാൻ മാത്രം കൊള്ളാവുന്ന ഒരു കളയാണതു്. വർണ്ണത്തെക്കുറിച്ചുള്ള ഈ സങ്കൽപ്പത്തിൽ മേലേക്കിടയെന്നും കീഴേക്കിടയെന്നുമുള്ള ആശയം പരിച്ഛേദമില്ലതന്നെ.

*യംഗ് ഇൻഡ്യ, ഒക്ടോബർ 20, 1927*

## സവർണ്ണഹിന്ദുക്കളോടു്

അയിത്തം ഒരു കുററമാണെന്നു് നിങ്ങൾ ഒഴുക്കൻ മട്ടിൽ വിശ്വസിക്കുന്നതുകൊണ്ടായില്ലെന്നു് ഞാൻ നിങ്ങളോടു് പറയുന്നു. കുററം നിർവ്വികാരനായി കണ്ടിരിക്കുന്നയാൾ, യഥാൎത്ഥത്തിലും, നിയമേനയും, അതിൽ ഒരു സജീവപങ്കാളിയാണു്. അതുകൊണ്ടു് നിയമപരവും നീതിയുക്തവുമായ എല്ലാ മാൎഗ്ഗങ്ങളിലൂടെയും നിങ്ങൾ പ്രക്ഷോഭണം തുടങ്ങി, തുടർന്നുകൊണ്ടുപോകേണ്ടതാണു്.

*യംഗ് ഇൻഡ്യ, ഒക്ടോബർ 20, 1927*

## അയിത്തോച്ചാടനം

അയിത്തമെന്നുവച്ചാൽ, തൊടീൽകൊണ്ടു് അശുദ്ധമാവുകയെന്നർത്ഥം. അതുകൊണ്ടു്, 'അഖ'യുടെ വാക്കുകളിൽ, അതു് ഒരു അരുമ്പാറയാണു്. അതു് എവിടെയൊക്കെയുണ്ടോ, അവിടെയൊക്കെ പൊള്ളയായ ആചാരാനുഷ്ഠാനം മതത്തിൻെറ സ്ഥാനമെടുക്കുകയും, അതിനെ ദുഷിപ്പിക്കുകയും ചെയ്യുന്നു. ആരും തൊട്ടുകൂടാത്തവനാകാൻ സാധ്യമല്ല. കാരണം, എല്ലാ ആത്മാക്കളും ഒരേ തീയുടെ തീപ്പൊരികളാണു്. മനുഷ്യരെ തൊട്ടുകൂടാത്തവരായി കരുതുന്നതു് തെററാണു്. അനുകമ്പയ്ക്കും ആദരവിന്നും പാത്രമാകേണ്ട ഒരു മൃതശരീരത്തെ തൊടുന്നതിനെക്കുറിച്ചു് വ്യാജമായ തത്വങ്ങൾ വച്ചുപുലത്തുന്നതും തെററാണു്. ഒരു മൃതശരീരത്തെ തൊടുകയോ, മണ്ണു പൂശുകയോ, മുഖം വടിക്കുകയോ ചെയ്തതിനു ശേഷം നാം കുളിക്കുന്നതു് ആരോഗ്യപരിഗണനകളാൽ മാത്രമാണു്. ഇങ്ങിനെയുള്ള കാര്യങ്ങൾക്കു ശേഷം കുളിക്കാത്തയാളെ വൃത്തികെട്ടവനായി കരുതിയേക്കാം; പക്ഷേ, പാപിയായി കരുതുകയില്ല. തൻെറ കുട്ടിയുടെ മലം കോരിക്കളഞ്ഞ ശേഷം കുളിക്കുകയോ, കയ്യും കാലും കഴുകാതിരിക്കുകയോ, ചെയ്യാതിരിക്കുന്നിടത്തോളം, ഒരമ്മ 'തൊട്ടുകൂടാത്ത'വരാകാം: പക്ഷേ; ആ സമയത്തു് ഒരു കുട്ടി അവരെ കളിയായി തൊട്ടാൽ, ആ തൊടീൽകൊണ്ടു് അതു് അശുദ്ധമാവുകയോ, അതിൻെറ ആത്മാവു് പ്രതികൂലമായി ബാധിക്കപ്പെടുകയോ ചെയ്യുന്നില്ല. എന്നാൽ, ഭങ്ഗികളും, ധേദ്ദകളും, ചമാരന്മാരും, അതുപോലുള്ള മററുള്ളവരും, ജനനം മുതൽ തൊട്ടുകൂടാത്തവരായി അവജ്ഞാപൂർവ്വം നോക്കപ്പെടുന്നു. എത്രയെങ്കിലും സോപ്പുകൊണ്ടു് അവർ കൊല്ലങ്ങളായി കുളിച്ചിട്ടുണ്ടാവാം, വൈഷ്ണവരെപ്പോലെ വസ്ത്രം ധരിക്കുകയും, 'കണ്ഠി' ധരിക്കുകയും ചെയ്യുന്നുണ്ടാവാം, ദിവസവും ഗീത വായിക്കുന്നുണ്ടാവാം, ഒരു പണ്ഡിതൻെറ തൊഴിൽ ചെയ്യുന്നുണ്ടാവാം, എങ്കിലും, അവർ തൊട്ടുകൂടാത്തവരായിത്തന്നെ കഴിയുന്നു. ഇതു് മതമല്ല. നശിപ്പിക്കുവാൻ മാത്രം കൊള്ളാവുന്ന അങ്ങേയററത്തെ മതാഭാസമാണു്. അയിത്തോച്ചാടനത്തെ നമ്മുടെ പരിപാടിയുടെ ഒരു ഭാഗമാക്കുന്നതുവഴി, അയിത്തം ഹിന്ദുമതത്തിൻെറ ഒരവിഭാജ്യഭാഗമല്ലെന്നു മാത്രമല്ല, ഹിന്ദുമതത്തെ ബാധിച്ച, കരണ്ടുതിന്നുന്ന, പാപപൂർണ്ണമായ അന്ധവിശ്വാസമാണെന്നും, അതു് ഉന്മൂലനം ചെയ്യാനായി യത്നിക്കുകയെന്നുള്ളതു് ഓരോ ഹിന്ദുവിൻേറയും അപരി

ത്യാജ്യമായ കടമയാണെന്നുമുള്ള നമ്മുടെ വിശ്വാസം നാം ഊന്നി പ്പറയുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു്, അതു് പാപമാണെന്നു പരിഗണിക്കുന്ന ഓരോ ഹിന്ദുവും തൊട്ടുകൂടാത്തവരുമായി സഹോദരഭാവേന പെരുമാറിയും, സ്നേഹത്തോടും സേവനമനസ്ഥിതിയോടും അവരെ തൊട്ടും, ആ സ്പർശനംകൊണ്ടു് സ്വയം ശുദ്ധീകരിക്കപ്പെട്ടുവെന്നു കരുതിയും, അവരുടെ ആവലാതികൾ പരിഹരിച്ചും, യുഗങ്ങളായുള്ള അടിമത്തം കാരണമുള്ള അജ്ഞതയും മററു ദൂഷ്യങ്ങളും തരണംചെയ്യാൻ ക്ഷമാപൂർവ്വം അവരെ സഹായിച്ചും, അതുപോലെ പ്രവർത്തിക്കാൻ മററു ഹിന്ദുക്കളെ പ്രചോദിപ്പിച്ചും, ആ പാപത്തിനു് പ്രായശ്ചിത്തം ചെയ്യണം. ഈ ആദ്ധ്യാത്മികനിലപാടിൽനിന്നു് അയിത്തോച്ചാടനത്തെ ദർശിക്കുമ്പോൾ, അതിൻെറ ഭൗതികവും രാഷ്ട്രീയവുമായ ഫലങ്ങൾ നമ്മുടെ കണ്ണിൽ നിസ്സാരങ്ങളായിത്തീരുകയും, അങ്ങിനെയുള്ള ഫലങ്ങളെപ്പററി വകവയ്ക്കാതെ, തൊട്ടുകൂടാത്തവരെന്നു് പറയപ്പെടുന്നവരെ നാം സുഹൃത്തുക്കളാക്കുകയും ചെയ്യും. സത്യാന്വേഷികൾ അവരുടെ അന്വേഷണത്തിൻെറ ഭൗതികഭവിഷ്യത്തുകളെപ്പററി ഒരിക്കലും ചിന്തിക്കാറില്ല. ആ അന്വേഷണം അവർക്കു് നയപരമായ ഒരു കാര്യമല്ല. അവരുടെ ജീവിതത്തിൻെറ ഊടിലും പാവിലും നെയ്തിട്ടുള്ളതാണതു്. അയിത്തോച്ചാടനത്തിൻെറ കാര്യത്തിലും അതു് പരമാർത്ഥമാണു്. ഈ ആചരണത്തിൻെറ പരമപ്രാധാന്യം മനസ്സിലാക്കിക്കഴിഞ്ഞാൽ, അതു് എതിരിടാൻ ശ്രമിക്കുന്ന ദൂഷ്യം അതിൻെറ പ്രവർത്തനത്തിൽ മർദ്ദിതവർഗ്ഗങ്ങളിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നില്ലെന്നു് നമുക്കു് കാണാം ആദ്യം കടുകിനോളം വലുപ്പമില്ലാത്ത ദൂഷ്യം താമസിയാതെ, ഭീമാകാരം കൈക്കൊള്ളും. കാലക്രമത്തിൽ, അതു് എവിടെ ഇരിപ്പുറപ്പിക്കുന്നുവോ, അവിടം നശിപ്പിക്കുന്നു. മററു മതങ്ങളുടേയും വിഭാഗങ്ങളുടേയും അനുയായികളേയും, ഒരേ വിഭാഗത്തിൻേറതന്നെ, അനുയായികളെപ്പോലും ഉൾക്കൊള്ളുന്ന അയിത്തത്തിൻെറ ശാഖോപശാഖകളും ഇതുപോലെതന്നെ അനന്തമാണു്. അതു കാരണം, അയിത്തത്തിൻെറ ചില വകഭേദങ്ങൾ ഭൂമിക്കു് യഥാർത്ഥത്തിൽ ഒരു ഭാരമായിരിക്കുന്നു. ഒരിക്കലും അവസാനിക്കാത്ത ശുദ്ധീകരണവും, അകന്നുനിന്നുള്ള ആഹാരം പാകപ്പെടുത്തലും കാരണം, തങ്ങളെത്തന്നെ നോക്കാൻപോലും അവർക്കു് കഷ്ടിച്ച സമയമുള്ളു. ഈശ്വരനോടു് പ്രാർത്ഥിക്കുന്നതായി ഭാവിക്കുവേ,

അവർ ആരാധിയ്ക്കുന്നതു് ഈശ്വരനെയല്ല അവരെത്തന്നെയാണ്. അതുകൊണ്ടു്, 'തൊട്ടുകൂടാത്ത'വരുമായി സൗഹൃത്തുക്കളായതുകൊണ്ടു മാത്രം, ഈ ആചരണം നിറവേറ്റപ്പെടുന്നില്ല. എല്ലാ ജീവജാലങ്ങളേയും, തന്നെപ്പോലെതന്നെ സ്നേഹിച്ചാലേ, ഇതു് നിറവേററപ്പെടുന്നുള്ളൂ. അയിത്തോച്ചാടനമെന്നുവച്ചാൽ, ലോകത്തെ മുഴുവനും സ്നേഹിയ്ക്കുകയും സേവിയ്ക്കുകയുമെന്നാണർത്ഥം. അങ്ങിനെ അതു്, അഹിംസയിൽ ലയിയ്ക്കുന്നു. അയിത്തോച്ചാടനം മനുഷ്യനും മനുഷ്യനും തമ്മിലും, ഈശ്വരന്റെ വിഭിന്നമതങ്ങൾ തമ്മിലുമുള്ള വേലിക്കെട്ടുകളെ പൊളിച്ചിടാനിടയാക്കുന്നു. ലോകത്തെല്ലായിടത്തും ഇത്തരം വേലിക്കെട്ടുകൾ നിർമ്മിച്ചിട്ടുള്ളതായി നമുക്കു് കാണാം. എന്നാൽ, ഇവിടെ നമുക്കു് മുഖ്യമായും താൽപ്പര്യമുള്ളതു്, ഭാരതത്തിൽ മതപരമായ അനുമതി കിട്ടിയിട്ടുള്ളതും, ലക്ഷക്കണക്കിനു്, കോടിക്കണക്കിനു്, മനുഷ്യരെ അടിമത്തത്തോളം എത്തുന്ന ഒരവസ്ഥയിലേയ്ക്കു് തള്ളിവിട്ടിട്ടുള്ളതുമായ അയിത്തത്തിലാണു്.

*യംഗ് ഇൻഡ്യ, സെപ്ററംബർ 18, 1930*

## പ്രസ്ഥാനം രാഷ്ട്രീയമല്ല, മതപരമാണു്

ഹരിജനങ്ങളുടേയും ഹിന്ദുമതത്തിന്റേയും കാര്യത്തിനു് ആൾക്കൂട്ടത്തിന്റെ സമ്പ്രദായങ്ങൾ പ്രയോജനപ്പെടുകയില്ല. അടിമത്വത്തിൽ കഴിയുന്ന ഏതാണ്ടു് 4 കോടി മനുഷ്യരുടെ ക്ഷേമത്തെ സംബന്ധിയ്ക്കുന്ന കാര്യമായതുകൊണ്ടു് ഇതു് ലോകത്തിലെ, അല്ലെങ്കിൽ ഭാരതത്തിലെ, ഏററവും വലിയ മതപരിഷ്കരണ പ്രസ്ഥാനമാണു്. ഇതിനെ എതിർക്കുന്ന മാമൂൽവിഭാഗത്തിനു് എല്ലാവിധ ഉപചാരത്തിന്നും പരിഗണനകൾക്കും അവകാശമുണ്ടു്. സ്നേഹംകൊണ്ടും, ആത്മത്യാഗംകൊണ്ടും, പരിപൂർണ്ണമായ ആത്മനിയന്ത്രണം കൊണ്ടും, നമ്മുടെ ജീവിതത്തിന്റെ പരിശുദ്ധി അവരുടെ ഹൃദയങ്ങളിൽ നിശ്ശബ്ദസ്വാധീനം ചെലുത്തുവാൻ അനുവദിച്ചും, അവരെ നാം ജയിച്ചടക്കണം. നമ്മുടെ സത്യവും സ്നേഹവും എതിരാളികളെ നമ്മുടെ വഴിയിലേയ്ക്കു് പരിവർത്തനം ചെയ്യുമെന്നു് നമുക്കു് ദൃഢവിശ്വാസം വേണം.

4 കോടി മനുഷ്യരെ യുഗങ്ങളായുള്ള മർദ്ദനത്തിൽ നിന്നു് മോചിപ്പിയ്ക്കുന്ന കാര്യം വെറും ബാഹ്യപ്രകടനങ്ങൾ കൊണ്ടു് കൈവരുത്തപ്പെടുകയില്ലെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

എല്ലാ മുന്നണികളിലും ആക്രമണത്തിനു് പദ്ധതിയൊരുക്കുന്ന കനത്ത ഒരു സൃഷ്ടിപരിപാടി ഉണ്ടായിരിയ്ക്കണം. ഈ ഉദ്യമത്തിൽ ഏററവും ഉത്തുംഗമായ, മതപരമായ, ഉദ്ദേശ്യങ്ങളാൽ പ്രേരിതരായ ആയിരക്കണക്കിനു് സ്ത്രീപുരുഷന്മാരുടേയും ബാലികാബാലകന്മാരുടേയും കേന്ദ്രീകൃതമായ ശക്തിയാവശ്യമാണു്. അതുകൊണ്ടു്, ഈ പ്രസ്ഥാനത്തിന്റെ തികച്ചും മതപരമായ സ്വഭാവം മനസ്സിലാക്കാത്തവർ അതിൽനിന്നു് വിരമിയ്ക്കണമെന്നു് ഞാൻ ആദരപൂർവ്വം ഉൽബോധിപ്പിയ്ക്കുന്നു. ചിലരായാലും, പലരായാലും, ഉണ്മയും ഉത്സാഹവുമുള്ളവർ ഈ പ്രസ്ഥാനം നടത്തട്ടെ. അയിത്തോച്ചാടനം വമ്പിച്ച രാഷ്ട്രീയഭവിഷ്യത്തുകൾ ഉളവാക്കിയേയ്ക്കും, തീർച്ചയായും ഉളവാക്കും. പക്ഷേ, അതൊരു രാഷ്ട്രീയപ്രസ്ഥാനമല്ല. അതു് തികച്ചും ഹിന്ദുമതത്തിൻെറ ശുദ്ധീകരണപ്രസ്ഥാനം മാത്രമാണു്. ആ ശുദ്ധീകരണം ഏററവും ശുദ്ധമായ ഉപകരണങ്ങളിലൂടെ മാത്രമേ നേടാൻ കഴിയൂ. ഭാരതത്തിൻെറ എല്ലാ ഭാഗങ്ങളിലും ദൈവാനുഗ്രഹത്താൽ ആയിരക്കണക്കിനു്, അല്ലെങ്കിൽ നൂററുക്കണക്കിനു്, ഇങ്ങിനെയുള്ള ഉപകരണങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ടു്. അക്ഷമരായ സംശയാലുക്കൾ നിരീക്ഷിയ്ക്കുകയും, കാത്തിരിയ്ക്കുകയും, കാണുകയും ചെയ്യട്ടെ. പക്ഷേ, പ്രശംസാർഹമായ ഉദ്ദേശ്യങ്ങളാൽ പ്രേരിതമാണെങ്കിൽ പോലും, വേണ്ടത്ര ആലോചനയില്ലാതെ, തിട്ടക്കത്തിലുള്ള് ഇടപെടൽകൊണ്ടു് അവർ ഈ പ്രസ്ഥാനത്തെ തുലയ്ക്കാതിരിയ്ക്കട്ടെ.

*എൻെറ ആത്മാവിൻെറ വേദന, നവംബർ 7, 1932*

## ഹരിജനെന്ന പേരിൻെറ ഉത്ഭവം

'തൊട്ടുകൂടാത്ത'വക്കു് ഉപയോഗിച്ചുവരുന്ന അന്ത്യജൻ (ഒട്ടവിൽ ജനിച്ചവൻ) എന്ന വാക്കിനു പകരം 'ഹരിജൻ' (ഈശ്വരൻെറ ആൾ) എന്ന വാക്കു് നടപ്പാക്കണമെന്നു് അടുത്തൊരു ദിവസം ഒരു സ്നേഹിതൻ എന്നോടു് നിർദ്ദേശിച്ചു. യതീശ്വരനായ നരസിംഹ മേഹ്ത ഉപയോഗിച്ച ഒരു വാക്കാണതു്. നാഗർ ബ്രാഹ്മണസമുദായത്തിൽപ്പെട്ട അദ്ദേഹം 'തൊട്ടുകൂടാത്ത'വരെ തൻെറ സ്വന്തമാണെന്നു് അവകാശപ്പെട്ടു്, സ്വസമുദായത്തെ മുഴവൻ നിഷേധിച്ചു. ഇങ്ങിനെയുള്ള ഒരു യതീശ്വരൻ ഉപയോഗിച്ചതുമൂലം പുണ്യമായിത്തീന്ന ആ വാക്കു് സ്വീകരിയ്ക്കുവാൻ എനിക്കു് സന്തോഷമാണു്. പക്ഷേ, എന്നെ സംബന്ധി ട

ത്തോളം, ആ വാക്കിനു് നിങ്ങൾ വിഭാവനം ചെയ്യാനിടയുള്ളതിനേക്കാൾ അഗാധമായ ഒരത്ഥമുണ്ടു്. 'തൊട്ടുകൂടാത്തവൻ' നമ്മളുമായി താരതമ്യപ്പെടുത്തുമ്പോൾ, എനിക്കു് ഒരു യഥാത്ഥ ഹരിജനാണു്—ഈശ്വരൻെറ ആളാണു്, നാം ദുർജ്ജനങ്ങളുമാണു്. എന്തെന്നാൽ, നാം സുഖത്തിലും ശുചിത്വത്തിലും ജീവിയ്ക്കാൻവേണ്ടി 'തൊട്ടുകൂടാത്തവൻ' അദ്ധ്വാനിയ്ക്കുകയും, പാടുപെടുകയും, കൈകൾ വൃത്തികേടാക്കുകയും, ചെയ്യുമ്പോൾ, നാം അയാളെ അടിച്ചമർത്തുന്നതിൽ ആഹ്ളാദിയ്ക്കുന്നു. ഈ 'തൊട്ടുകൂടാത്ത'വരുടെ വാതുക്കൽ നാമിടുന്ന കുറവുകൾക്കും പോരായ്മകൾക്കുമെല്ലാം നാം മാത്രമാണു് ഉത്തരവാദികൾ. ഇപ്പോഴും നമുക്കു് ഹരിജനങ്ങളാകാൻ സ്വാതന്ത്ര്യമുണ്ടു്. പക്ഷേ, അവക്കെതിരായി നാം ചെയ്ത പാപത്തിൽ ഹൃദയപൂവ്വം പശ്ചാത്തപിച്ചാൽ മാത്രമേ, നമുക്കങ്ങിനെ ചെയ്യാൻ കഴിയൂ.

*യംഗ് ഇൻഡ്യ, ആഗസ്റ്റ് 6, 1931*

## എന്തുകൊണ്ടു് 'ഹരിജൻ'

ഹരിജൻ എന്നുവെച്ചാൽ, 'ഈശ്വരൻെറ ആൾ' എന്നത്ഥം. ലോകത്തിലെ എല്ലാ മതങ്ങളും ഈശ്വരനെ, മുഖ്യമായും, സ്നേഹിതരില്ലാത്തവരുടെ സ്നേഹിതനെന്നും, നിസ്സഹായരുടെ സഹായിയെന്നും, ദുർബ്ബലരുടെ രക്ഷകനെന്നും വിവരിയ്ക്കുന്നു. ലോകത്തിൻെറ ശേഷം ഭാഗങ്ങളുടെ കാര്യം പോകട്ടെ; ഭാരതത്തിൽ 'തൊട്ടുകൂടാത്തവൻ' എന്നു തരംതിരിയ്ക്കപ്പെട്ടിട്ടുള്ള 4 കോടിയോ, അതിലധികമോ, ഹിന്ദുക്കളോളം സ്നേഹിതരില്ലാത്തവരും, നിസ്സഹായരും, ദുർബ്ബലരും ആരുണ്ടു്? അതുകൊണ്ടു്, ഏതെങ്കിലും ജനവിഭാഗത്തെ ദൈവത്തിൻെറ ആളുകളെന്നു് സമുചിതമായി വിവരിയ്ക്കാമെങ്കിൽ, അവർ, തീർച്ചയായും, നിസ്സഹായരും സ്നേഹിതരില്ലാത്തവരും അപമാനിതരുമായ ഈ ആളുകളാണു്. അതുകൊണ്ടു് നവജീവൻെറ പുറങ്ങളിൽ, 'തൊട്ടുകൂടാത്ത'വരെ സൂചിപ്പിയ്ക്കുന്ന പേരായി എപ്പോഴും ഹരിജൻ എന്ന വാക്കു് ഞാൻ സ്വീകരിയ്ക്കുന്നു. പേരിലുള്ള മാററം പദവിയിൽ എന്തെങ്കിലും മാററം വരുത്തുമെന്നല്ല; എന്നാൽ, നിന്ദ്യമായ ഒരു പേർ ഉപയോഗിയ്ക്കാതിരിയ്ക്കുകയെങ്കിലും ചെയ്യാമല്ലോ? സവർണ്ണഹിന്ദുക്കൾക്കു് തന്നത്താൻ ആന്തരികബോധമുണ്ടായി, ഇപ്പോഴുള്ള അയിത്തത്തെ സ്വമേധയാ ഉച്ചാടനം ചെയ്യുമ്പോൾ, നമ്മളെല്ലാം

ഹരിജനങ്ങൾ എന്നു വിളിയ്ക്കപ്പെട്ടും. കാരണം, എൻെറ അഭിപ്രായത്തിൽ, അന്നു് സവർണ്ണഹിന്ദുക്കൾക്കു് ഈശ്വരൻെറ ആനുകൂല്യം കിട്ടിയിട്ടുണ്ടാകും. അതുകൊണ്ടു്, അദ്ദേഹത്തിൻെറ ആളുകളെ ഇന്നു സമുചിതമായി വിവരിയ്ക്കപ്പെട്ടേയ്ക്കാം;

*ഹരിജൻ, ഫെബ്രുവരി 11, 1933*

## ഹരിജനങ്ങളോടു്

ഈ ആത്മശുദ്ധീകരണത്തിൽനിന്നു് നിങ്ങൾക്കു് ഒഴിയാൻ സാദ്ധ്യമല്ല. നിങ്ങളും നിങ്ങളുടെ ബലി ഈ ബലിപീഠത്തിലേയ്ക്കു് കൊണ്ടുവരേണ്ടിയിരിയ്ക്കുന്നു. ആന്തരികവും ബാഹ്യവുമായ ശുചിത്വനിയമങ്ങളുടെ കർശനമായ ആചരണവും, രണ്ടാമതായി ചത്തമൃഗത്തിൻെറ മാംസവും മാട്ടിറച്ചിയും തിന്നുന്ന ശീലം ഇപ്പോഴും എവിടെയൊക്കെ നിലവിലുണ്ടോ, അവിടൊക്കെ അതു് ഉപേക്ഷിയ്ക്കലുമാണു് ഈ ബലിയിലടങ്ങിയിട്ടുള്ളതു്. പരിഷ്കൃതലോകത്തിൽ എല്ലാ ഭാഗത്തും ചത്തമൃഗത്തിൻെറ മാംസം വെറുക്കപ്പെടുന്നു. അതു് മനുഷ്യനു കഴിയ്ക്കാൻ പററുന്നതല്ലെന്നു് കരുതപ്പെടുന്നു. ഒരു ഹിന്ദുവെന്നു പറയപ്പെടുന്ന ആക്കും മാട്ടിറച്ചി കഴിയ്ക്കാനാവില്ല. പശുവിൻെറ പവിത്രതയും ഗോസേവയും ഹിന്ദുമതത്തിൻെറ അവിഭാജ്യഭാഗമാണു്. മൂന്നാമതായി, ഇവിടെ സന്നിഹിതരായിട്ടുള്ള; ഹരിജനങ്ങളായ, എല്ലാ സ്ത്രീപുരുഷന്മാരോടും, മദ്യപാനശീലം ഉപേക്ഷിയ്ക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നു. പല സവർണ്ണഹിന്ദുക്കളും കുടിയ്ക്കാറുണ്ടല്ലോ എന്നു് ഒരു ഹരിജനും തന്നോടു തന്നെയോ, എന്നോടോ, പറയേണ്ട. സ്വന്തം ഇഷ്ടപ്രകാരം ഒരു സഹോദരഹരിജനായിരിയ്ക്കുന്ന ഞാൻ, നിങ്ങളോടു് സവർണ്ണഹിന്ദുക്കളുടെ എല്ലാ ദൂഷ്യങ്ങളും ഒഴിവാക്കണമെന്നു് അഭ്യർത്ഥിയ്ക്കുന്നു. ആ ഹിന്ദുക്കൾ നിങ്ങൾക്കു് നഷ്ടപരിഹാരങ്ങളൊക്കെ നൽകിയേക്കാമെങ്കിലും, ഈശ്വരസന്നിധിയിൽ അവർ എല്ലാ പശ്ചാത്താപങ്ങളും കാണിച്ചേയ്ക്കാമെങ്കിലും, ആത്യന്തികമായി, നിങ്ങളുടെ മോക്ഷം നിങ്ങളെ ആശ്രയിച്ചുതന്നെയിരിയ്ക്കും.

*ഹരിജൻ, ജനുവരി 19, 1934*

സവർണ്ണഹിന്ദുക്കൾ തൊടാൻ തുടങ്ങിയാൽ മാത്രം പോര, വെറും തൊടീൽ എനിയ്ക്കു യാതൊരു തൃപ്തിയും നൽകുകയില്ല. അവരുടെ ഹൃദയങ്ങൾ ചലിയ്ക്കണം. ഒരൊററ മനുഷ്യജീവിയെങ്കിലും

തന്നേക്കാൾ താഴെയാണെന്നു കരുതുന്നതു്, മനുഷ്യൻെറ അന്തസ്സി നോടുള്ള അവഹേളനമാണെന്നു് അവർ ആത്മാർത്ഥമായി വിശ്വസിക്കണം. ആ അർത്ഥത്തിൽ നിങ്ങൾക്കു് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും, എന്തുകൊണ്ടാണു്, അയിത്തത്തിനെതിരായുള്ള ഈ പ്രസ്ഥാനത്തെ മനുഷ്യസാഹോദര്യത്തിൻെറ സാക്ഷാത്കാരത്തിനുള്ള പ്രസ്ഥാനമെന്നു് ഞാൻ വിളിക്കുന്നതെന്നു്. ഇതു് ഹിന്ദുമനുഷ്യൻെറ മാത്രമല്ല, ലോകത്തിൻെറ ഏതു ഭാഗത്തുള്ളവനായിരുന്നാലും ശരി, ഏതു വംശത്തിൽ പെട്ടവനായിരുന്നാലും ശരി, പൊതുവെ മനുഷ്യൻെറ സാഹോദര്യത്തിനുള്ളതാണു്. തൊട്ടുകൂടാത്തവരെന്നു് സവർണ്ണഹിന്ദുക്കൾ കരുതുന്നവരെ സംബന്ധിച്ചിടത്തോളം, അവരുടെ ഹൃദയങ്ങൾ പരിവർത്തനം ചെയ്യുന്നതു് മഹത്തായ ഈ സാക്ഷാത്കാരത്തിലേയ്ക്കുള്ള ഒരു ചവിട്ടുപടി മാത്രമാണു്. ഈ പ്രസ്ഥാനത്തിൽ പങ്കെടുക്കാൻ ഞാൻ ലോകത്തെ മുഴുവൻ ക്ഷണിച്ചിട്ടുണ്ടു്. ഈ പ്രസ്ഥാനത്തോടു് അനുഭാവം കാണിച്ചും, അതിനെപ്പററി പഠിച്ചും ലോകത്തിനു മുഴുവൻ അതിൽ പങ്കെടുക്കാൻ കഴിയും.

*ഹരിജൻ, മാർച്ചു് 2, 1934.*

ആര്യസമാജത്തിലേയ്ക്കു് പ്രവേശിപ്പിക്കും മുമ്പു് ഹരിജനങ്ങൾ ശുദ്ധികർമ്മം നടത്തണമെന്നു് ആര്യസമാജക്കാർ ആവശ്യപ്പെടുന്നുണ്ടെന്നുള്ളതു് എനിക്കു് ഒരു പുതിയ വാർത്തയാണു്. എന്നാൽ, മാട്ടിറച്ചിയും ചത്തമൃഗത്തിൻെറ ഇറച്ചിയും കഴിക്കുക, ലഹരിപാനിയങ്ങൾ കുടിക്കുക മുതലായവയിൽ നിന്നു് വിട്ടുനില്ക്കുന്നതിനെ സംബന്ധിച്ചു് അവരെടുക്കുന്ന ശപഥം ശരിയായി നിറവേററുന്നതിനു് ഹരിജനങ്ങൾക്കു് ശക്തി നൽകാനായി ശുദ്ധികർമ്മം ചെയ്യുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. ലേഖകൻ ശരിയായിത്തന്നെ പറയുന്നു, ഒരു 'തൊട്ടുകൂടാത്തവൻ' യഥാർത്ഥത്തിൽ ഒരു ഹിന്ദുവാണെങ്കിൽ, അയാൾ ശുദ്ധി ചെയ്യേണ്ടതില്ലെന്നു്. ആരെങ്കിലും ശുദ്ധി ചെയ്യണമെങ്കിൽ, അയിത്തത്തിൽ വിശ്വസിക്കുകയെന്നുള്ള പാപം ചെയ്ത സവർണ്ണഹിന്ദുവാണു് അതു ചെയ്യേണ്ടതു്.

*ഹരിജൻ, ഏപ്രിൽ 6, 1934*

ശുചിത്വം, ചത്തമൃഗങ്ങളുടെ ഇറച്ചി ഭക്ഷിക്കുക, മദ്യപാനം തുടങ്ങിയവ ഉപേക്ഷിക്കൽ, അവരും അവരുടെ കുട്ടികളും വിദ്യാഭ്യാസം ചെയ്യേണ്ട ആവശ്യം, സവർണ്ണഹിന്ദുക്കളുടെ പാത്രങ്ങളിൽ

നിന്നുള്ള എച്ചിൽ തിന്നുന്ന പതിവു നിർത്തലാക്കൽ മുതലായവ ഞാൻ ഹരിജനങ്ങളെ പഠിപ്പിക്കാറുണ്ട്. അയിത്തോച്ചാടനത്തിൻെറ മുൻ ഉപാധികളായി, അവർ ഇവ ഹരിജനങ്ങളുടെ മുൻപാകെ വയ്ക്കാറില്ലെന്നേയുള്ളു. നേരേമറിച്ച്, ഈ പോരായ്മകൾ ഹരിജനങ്ങൾക്ക് ജന്മസിദ്ധമായുള്ളതല്ലെന്നും, നമ്മുടെ ഈ സഹോദരന്മാരെ നാം കുററകരമായി അവഗണിയ്ക്കുകയും, കരുതിക്കൂട്ടി അടിച്ചമർത്തുകയും ചെയ്തുകൊണ്ടാണെന്നും ഞാൻ സവർണ്ണഹിന്ദുക്കളോട് സൂചിപ്പിയ്ക്കാറുണ്ട്. അതുകൊണ്ട്, ഇപ്പോഴിരിയ്ക്കുന്ന മട്ടിൽതന്നെ ഹരിജനങ്ങളുമായി നാം സാഹോദര്യഭാവം പുലർത്തിയാൽ, ഈ പോരായ്മകൾ കൂടുതൽ വേഗത്തിൽ അപ്രത്യക്ഷമാകും. പിന്നീട്, അവരെ കുറേക്കൂടി നല്ല സ്ത്രീപുരുഷന്മാരാക്കാൻ സഹായിയ്ക്കാം. കഴിഞ്ഞ കാലത്തെ തെററുകൾക്കായി സവർണ്ണഹിന്ദുക്കൾക്ക് ചെയ്യാവുന്ന ഏററവും ചുരുങ്ങിയ പാപപരിഹാരമിതാണ്. നാം ഹരിജനങ്ങളെ സമീപിയ്ക്കേണ്ടതു്, പശ്ചാത്താപമുള്ളവരോ, കടക്കാരോ ആയിട്ടാണ്. അല്ലാതെ, അർഹതയില്ലാത്തവരോട് ഔദാര്യം കാട്ടുന്ന രക്ഷാധികാരികളോ, കടം കൊടുപ്പുകാരോ ആയിട്ടല്ല.

*ഹരിജൻ, സെപ്റ്റംബർ 28, 1934*

*ചോദ്യം:* ജാതി പോകണമെന്നു് അങ്ങ് പറഞ്ഞു. എന്നാൽ, അപ്പോൾ ഹിന്ദുമതം അതിജീവിക്കുമോ? ഹിന്ദുമതത്തെ ക്രിസ്തുമതം, ഇസ്ലാം തുടങ്ങിയ പുരോഗമനപരമായ മതങ്ങളുമായി ഇങ്ങനെ കൂട്ടിക്കലർത്തുന്നതെന്തിനാണ്?

*ഉത്തരം:* ഹിന്ദുമതം അതിജീവിയ്ക്കണമെങ്കിൽ, ഇന്നു് മനസ്സിലാക്കപ്പെടുന്ന തരത്തിലുള്ള ജാതി പോകണമെന്നു് ഞാൻ വാദിയ്ക്കുന്നു. ക്രിസ്തുമതവും ഇസ്ലാമും പുരോഗമനപരമാണെന്നും, ഹിന്ദുമതം നിശ്ചലമാണെന്നും. അതായതു് പശ്ചാദ്ഗമനപരമാണെന്നും ഞാൻ വിശ്വസിയ്ക്കുന്നില്ല. വാസ്തവത്തിൽ, ഒരു മതത്തിലും ഖണ്ഡിതമായ പുരോഗതിയൊന്നും ഞാൻ കാണുന്നില്ല, ലോകത്തിലെ മതങ്ങൾ പുരോഗമനപരമാണെങ്കിൽ, ലോകം ഇന്നു് ആയിത്തീർന്നിട്ടുള്ള കൊലക്കളമാകുമായിരുന്നില്ല. ഒരു കടമയെന്ന നിലയിൽ വർണ്ണത്തിനു ഇടമുണ്ടായിരുന്നു. വർണ്ണമെന്നല്ലാതെ മറേറതെങ്കിലും പേരാണ് ഉപയോഗിച്ചിരുന്നതെങ്കിലും, എല്ലാ മതങ്ങളെ സം

ബന്ധിച്ചും, ഇതു് പരമാത്ഥമാണു്. പണത്തിനുവേണ്ടിയല്ലാതെ, വ്യാഖ്യാനത്തിനുള്ള കഴിവുണ്ടെന്ന കാരണത്താൽ, തന്റെ കുഞ്ഞാടുകൾക്കു് യഥാത്ഥ കടമ പഠിപ്പിച്ചുകൊടുക്കുന്ന മുസ്ലീം മൌലവിയും ക്രൈസ്തവ വൈദികനും ബ്രാഹ്മണനല്ലാതെ പിന്നെയാരാണു്? മറെറല്ലാ വിഭാഗങ്ങളെ സംബന്ധിച്ചും ഇതു് പരമാത്ഥമാണു്.

*ഹരിജൻ, മാർച്ചു് 16, 1937*

## 21 ദിവസത്തെ ഉപവാസം

എന്റെ ഓർമ്മയിൽ, ഒരു അനുഭവം തികച്ചും സ്പഷ്ടമായിനില്ക്കുന്നു. അയിത്തോച്ചാടനത്തിനായുള്ള എന്റെ 21 ദിവസത്തെ ഉപവാസത്തെ സംബന്ധിയ്ക്കുന്നതാണതു്. പിറേറന്നു് ഒരു ഉപവാസം പ്രഖ്യാപിയ്ക്കണമെന്നുള്ള ആശയം ലേശം പോലുമില്ലാതെയാണു് തലേന്നു് രാത്രി ഞാൻ ഉറങ്ങാൻ പോയതു്. രാത്രി ഏകദേശം പന്ത്രണ്ടു മണിയ്ക്കു്, എന്തോ എന്നെ പെട്ടെന്നു് വിളിച്ചുണർത്തി. എതോ ശബ്ദം – ഉള്ളിൽ നിന്നോ പുറമേ നിന്നോ എന്നു് എനിയ്ക്കു പറയാൻ കഴിയുന്നില്ല – അടക്കത്തിൽ പറയുന്നു: 'നീ ഉപവസിക്കണം.' ഞാൻ ചോദിയ്ക്കുന്നു, 'എത്ര ദിവസം?' വീണ്ടും ഈ ശബ്ദം പറയുന്നു, '21 ദിവസം.' ഞാൻ ചോദിയ്ക്കുന്നു: 'അതെപ്പോൾ തുടങ്ങും?' അതു് പറയുന്നു. 'നീ നാളെ തുടങ്ങു്' തീരുമാനമെടുത്തശേഷം ഞാൻ ശാന്തനായി ഉറങ്ങി. പിറേറന്നു് പ്രഭാതപ്രാത്ഥന കഴിയും വരെ ഞാൻ എന്റെ സഹപ്രവത്തകരോടു് യാതൊന്നും പറഞ്ഞില്ല. എന്റെ തീരുമാനം അറിയിച്ചുകൊണ്ടുള്ള ഒരു തുണ്ടുകടലാസ് ഞാൻ അവരുടെ കയ്യിൽ കൊടുത്തു. തീരുമാനം മാററാൻ വയ്യാത്തതായതുകൊണ്ടു്, എന്നോടു് വാദിയ്ക്കരുതെന്നും അതിൽ അവരോടു് ആവശ്യപ്പെട്ടിരുന്നു. ഞാൻ ഈ ഉപവാസത്തെ അതിജീവിയ്ക്കയില്ലെന്നു് ഡോക്ടർമാർ വിചാരിച്ചു. ഞാൻ അതിജീവിയ്ക്കുമെന്നും, മുന്നോട്ടു പോകണമെന്നും എന്റെ ഉള്ളിലുള്ള എന്തോ എന്നോടു് പറഞ്ഞു. അന്നേ ദിവസത്തിനു മുമ്പോ, ശേഷമോ എന്റെ ജീവിതത്തിൽ ഒരിക്കലും അത്തരം ഒരനുഭവമുണ്ടായിട്ടില്ല.

*ഹരിജൻ, ഡിസംബർ 10, 1938*

നിയമത്തിന്റെയായാലും ശരി ബലം കൊണ്ടു് അയിത്തം നീക്കപ്പെടുകയില്ല. അതു് ദൈവത്തിനും മനുഷ്യനും എതിരാ

യുള്ള ഒരു കുററമാണെന്നു് ഭൂരിപക്ഷം ഹിന്ദുക്കൾക്കും ബോദ്ധ്യപ്പെട്ടുകയും, അതിൽ അവർ ലജ്ജിക്കുകയും ചെയ്യുമ്പോൾ മാത്രമേ അതു് നീക്കാൻ കഴിയൂ. മററു വിധത്തിൽ പറഞ്ഞാൽ, അതു് ഹിന്ദുഹൃദയത്തിന്റെ പരിവത്ത്നനത്തിൻെറ, അതായതു് ശുദ്ധീകരണത്തിൻെറ, പ്രക്രിയയാണു്. ട്രസ്റ്റികളുടേയും, അമ്പലത്തിൽ പോകുന്ന പൊതുജനങ്ങളുടേയും സമ്മതം ഉണ്ടായിട്ടും, ഒരു ക്ഷേത്രം തുറന്നതു് നിയമം നിരോധിയ്ക്കുന്നതുപോലെ, പരിഷ്കാരത്തിന്റെ പുരോഗതിയെ നിയമം തടസ്സപ്പെട്ടുത്തുകയോ, അതിൽ ഇടപെടുകയോ ചെയ്യുമ്പോൾ നിയമത്തിൻെറ സഹായം തേടണം.

*ഹരിജൻ, സെപ്റ്റംബർ 23, 1939*

കോടിക്കണക്കിനു് രൂപാ ചിലവഴിച്ച്് അയിത്തത്തെ ഉന്മൂലനാശം ചെയ്യുവാൻ സാദ്ധ്യമല്ല. സവർണ്ണഹിന്ദുക്കളെന്നു പറയപ്പെട്ടുന്നവരുടെ ഇടയിൽ ശരിയായ ഒരു മനംമാററമുണ്ടെങ്കിൽ, ഒരു കൊച്ചു കാശുപോലും ചിലവഴിയ്ക്കാതെ, കണ്ണടച്ചു തുറക്കുംമുമ്പു് അതിനെ ഉന്മൂലനനാശം ചെയ്യാൻ കഴിയും. അതു് ഹരിജനങ്ങളേയും സവർണ്ണരേയും ഉയർത്തും. ഇന്നു സവണ്ണർ തൊട്ടുകൂടാത്തവരെന്നു പറയപ്പെട്ടുന്നവരുടെ മുതുകത്തു കയറിയാണു് സവാരിചെയ്യുന്നതു്. അതു് ഇരുകൂട്ടരേയും അധഃപതിപ്പിയ്ക്കുന്നു. കാരണം, തന്നെ അധഃപതിപ്പിയ്ക്കാതെ മറെറാരാളെ അധഃപതിപ്പിയ്ക്കാൻ സാദ്ധ്യമല്ലെന്നുള്ളതാണു് പ്രകൃതിനിയമം.

*ഹരിജൻ, ജൂൺ 2, 1946*

## അദ്ധ്യായം 5

# അയിത്തോച്ചാടനപുരോഗതി

തൊട്ടുകൂടാത്തവരെന്നു് വിളിയ്ക്കപ്പെട്ടുന്നവർ നിങ്ങളെ അപമാനിയ്ക്കരുതെന്നു് ഞാൻ ആഗ്രഹിയ്ക്കുന്നതുപോലെതന്നെ, നിങ്ങൾ അവരോടും പകയും വിദ്വേഷവും പുലർത്തരുതെന്നു് ഞാൻ ആഗ്രഹിയ്ക്കുന്നു. നിങ്ങൾ അക്രമത്തിലൂടെ നിങ്ങളുടെ അവകാശങ്ങൾ പിടിച്ചുപററണമെന്നു് ഞാൻ ആഗ്രഹിയ്ക്കുന്നില്ല. ലോകാഭിപ്രായത്തിൻെറ ഗതി ഇങ്ങിനെയുള്ള അക്രമത്തിന്നെതിരാണു്. ലോകത്തു് ബലപ്രയോഗംകൊണ്ടു് അവകാശങ്ങൾ നേടാൻ അസാദ്ധ്യമാകുന്ന ഒരു കാലം വരുന്നതായി എനിയ്ക്കു് വ്യക്തമായി കാണാൻ കഴിയും. നിങ്ങളുടെ ലക്ഷ്യപ്രാപ്തിയ്ക്കുവേണ്ടി നിങ്ങൾ ബലപ്രയോഗത്തിനു മുതിർന്നാൽ, തീർച്ചയായും നിങ്ങൾ പരാജയപ്പെട്ടുമെന്നു് ഞാൻ ഇന്നു് നിങ്ങളോടു് പറയുന്നു. നിങ്ങളുമായോ, അല്ലെങ്കിൽ ഏതൊരാളുമായോ ഉള്ള എൻെറ ഇടപാടുകളിൽ നയതന്ത്രം പ്രയോഗിയ്ക്കാൻ ഞാൻ ആഗ്രഹിയ്ക്കുന്നില്ല. നിങ്ങളെ എന്തെങ്കിലും തരത്തിലുള്ള വ്യാജവ്യാമോഹത്തിലാഴ്ത്തിവച്ചുകൊണ്ടിരിയ്ക്കാനോ, പ്രലോഭനങ്ങൾ കാണിച്ചു് നിങ്ങളുടെ പിന്തുണ നേടാനോ എനിയ്ക്കാഗ്രഹമില്ല. എൻെറ രാഷ്ട്രീയലക്ഷ്യങ്ങളിലേതെങ്കിലും നേടുന്നതിനു് നിങ്ങളെ ഞാൻ ചൂഷണം ചെയ്യുകയില്ല. എൻെറ മുമ്പിലുള്ള പ്രശ്നം സ്വരാജിനേക്കാളും വലുതാണു്. അയിത്തത്തിനു് അറുതി വന്നു കാണാൻ എനിയ്ക്കു ആകാംക്ഷയുണ്ടു്. കാരണം, എനിയ്ക്കു അതൊരു പ്രായശ്ചിത്തവും വ്രതവുമാണു്. ഈ ദുഷ്യത്തിനു് അനുമതി നൽകിയതിൽ ഹിന്ദുമതം വലിയൊരു പാപം ചെയ്തിരിയ്ക്കുന്നു. അതിനായി, എൻെറ ശരീരംകൊണ്ടു് പ്രായശ്ചിത്തം ചെയ്തു്, ആ പാപത്തിൽനിന്നു് അതിനെ ശുദ്ധീകരിച്ചെടുക്കുക സാധ്യമാണെങ്കിൽ, അങ്ങനെ പരാത്ഥവ്രതം സാധ്യമാണെങ്കിൽ, അതിനെനിക്കാകാംക്ഷയുണ്ടു്.

അങ്ങനെയിരിക്കെ. എൻെറ ഉദ്ദേശത്തിന്ന് തുറന്നുകിടക്കുന്ന മാർഗ്ഗം അഹിംസയുടേയും സത്യത്തിൻേറയും മാർഗ്ഗമാണെന്ന് വരുന്നു. 'തൊട്ടുകൂടാത്ത' ഒരു കുട്ടിയെ എൻെറ സ്വന്തമായി ഞാൻ ദത്തെടുത്തിരിക്കുന്നു. എൻെറ ഭാര്യയെ എൻെറ അഭിപ്രായത്തിലേക്കു് പരിപൂർണ്ണമായി പരിവർത്തനം ചെയ്യാൻ എനിക്കു കഴിഞ്ഞിട്ടില്ലെന്ന് ഞാൻ സമ്മതിക്കുന്നു. ഞാൻ ആ കുട്ടിയെ സ്നേഹിക്കുന്നതുപോലെ അവൾക്ക് ആ കുട്ടിയെ സ്നേഹിക്കുവാൻ കഴിയുന്നില്ല. പക്ഷെ, ക്രോധംകൊണ്ടു് എൻെറ ഭാര്യയെ പരിവർത്തനം ചെയ്യാൻ എനിക്കു് സാധ്യമല്ല. സ്നേഹംകൊണ്ടു മാത്രമേ അതു ചെയ്യാൻ കഴിയൂ. എൻെറ ആളുകളാരെങ്കിലും നിങ്ങളോട്ട് തെററു ചെയ്തിട്ടുണ്ടെങ്കിൽ, അതിന്ന് ഞാൻ നിങ്ങളോട്ട് മാപ്പു ചോദിക്കുന്നു. ഹിന്ദുക്കൾ തങ്ങളോടുള്ള മനോഭാവം മാററിയില്ലെങ്കിൽ, തങ്ങൾ ബലപ്രയോഗത്തിന്ന് മുതിരുമെന്ന് 'തൊട്ടുകൂടാത്ത' വർഗ്ഗത്തിലെ ചില അംഗങ്ങൾ, ഞാൻ പൂനയിലായിരുന്നപ്പോൾ എന്നോട്ട് പറഞ്ഞു.

നമുക്ക് പ്രാർത്ഥനകൊണ്ടു് സ്വയം ശുദ്ധീകൃതരാകാം. നാം അതു മൂലം അയിത്തം ഇല്ലാതാക്കുക മാത്രമല്ല, സ്വരാജിൻെറ ആവിർഭാവത്തിനു വേഗം കൂട്ടുകയും ചെയ്യും.

*യംഗ് ഇൻഡ്യ, ജനുവരി 22, 1925*

## ക്ഷേത്രപ്രവേശനം

നിരത്തുകൾ തുറന്നുകൊടുക്കുകയെന്നുള്ളതു് പരിഷ്കരണശ്രേണിയിലെ അവസാനത്തെ പടിയല്ല, ആദ്യത്തേതാണു്. പൊതുവിൽ ക്ഷേത്രങ്ങളും പൊതുകിണറുകളും പൊതുവിദ്യാലയങ്ങളും, സവർണ്ണഹിന്ദുക്കൾക്കെന്നപോലെ, 'തൊട്ടുകൂടാത്ത'വക്കും തുറന്നുകൊടുക്കണം. പക്ഷെ, സത്യാഗ്രഹികളുടെ ഇപ്പോഴത്തെ ലക്ഷ്യം അതല്ല. നാം വേഗംകൂട്ടാൻ നോക്കേണ്ട. സ്കൂളുകൾ മിക്കതും 'തൊട്ടുകൂടാത്തവർ'ക്കു് തുറന്നുകൊടുത്തിട്ടുണ്ടു്. ക്ഷേത്രങ്ങളും പൊതുകിണറുകളും കുളങ്ങളും തുറന്നിട്ടില്ല. പരിഷ്കാരം വിജയകരമായി നടപ്പാക്കുംമുമ്പ്, പൊതുജനാഭിപ്രായം ശ്രദ്ധാപൂർവ്വം വളർത്തുകയും, ഭൂരിപക്ഷത്തിന്ന് മനംമാറ്റം വരുത്തുകയും വേണം. ഇതിനിടയ്ക്കു്, തൊട്ടുകൂടാത്തവക്കും മററു ഹിന്ദുക്കൾക്കും തുറന്നുകൊടുക്കപ്പെടുന്ന ക്ഷേത്രങ്ങൾ കെട്ടുന്നതിലും, കുളങ്ങളും കിണറുകളും കുഴിക്കുന്നതിലുമാണു് പരിഹാരം കിടക്കുന്നതു്. അയിത്തോച്ചാടനപ്ര

സ്ഥാനം വളരെയേറെ പുരോഗമിച്ചിട്ടുണ്ടെന്നുള്ളതിൽ എനിയ്ക്കു യാതൊരു സംശയവുമില്ല. നമുക്ക് വിവേചനമില്ലായ്മയോ അമിതോത്സാഹമോ കൊണ്ടു് അതിനു് മാന്ദ്യമുണ്ടാക്കാതിരിയ്ക്കാം. ഒരാളുടെ ജനനം മൂലം അയാൾ തൊട്ടാൽ അശുദ്ധമാകുമെന്ന ആശയം ഇല്ലാതായാൽ, ശേഷമുള്ളതു് എളുപ്പമാണു്; തീർച്ചയായും അതു പുറകേ വരും,

*യംഗ് ഇൻഡ്യ, ഏപ്രിൽ 2, 1925*

അയിത്തോച്ചാടനത്തിനുള്ള എൻെറ ശ്രമം, എൻെറ ജീവിതത്തിൻെറ ഒരവിഭാജ്യഭാഗമാണെന്നും, എൻെറ മററു പ്രവൎത്തനങ്ങളിൽനിന്നു് അതിനെ ഒററപ്പെട്ടുത്താൻ വയ്യെന്നും ഞാൻ എത്രയോ തവണ പറഞ്ഞിട്ടുണ്ടു്. ഹിന്ദുമതത്തിൽനിന്നു് ഈ ശാപമില്ലാതാക്കുവാൻ ശ്രമിക്കുന്നതിനായി ഞാൻ ജീവിയ്ക്കുകയും, നീങ്ങുകയും, ജീവൻ നിലനിർത്തുകയും ചെയ്യുന്നില്ലെങ്കിൽ, ഞാൻ യഥാൎത്ഥഹിന്ദുവല്ല. അതുകൊണ്ടു്, അയിത്തം ഹിന്ദുമതത്തിൻെറ ഭാഗമാണെന്നു് വിശ്വസിയ്ക്കുകയോ, ഇക്കാര്യത്തിൽ അലക്ഷ്യം ഭാവിയ്ക്കുകയോ ചെയ്യുന്നവൎക്ക് എനിയ്ക്കു് ഒരു മംഗളപത്രം തരാൻ സാദ്ധ്യമല്ല. പതിവനുസരിച്ചുള്ള ഒരു മംഗളപത്രം തരാൻ തക്കവണ്ണം ഞാൻ ഒരു ഉദ്യോഗസ്ഥനോ സർദാരോ അല്ല. ഞാൻ ഒരു ഭങ്ഗിയാണു്, ഒരു തോട്ടിയാണു്, ഒരു നൂൽ നൂൽപുകാരനാണു്, ഒരു നെയ്ത്തുകാരനാണു്, ഒരു തൊഴിലാളിയാണു്. എന്നെ ബഹുമാനിക്കുന്നെങ്കിൽ, ആ നിലയിൽ ബഹുമാനിയ്ക്കപ്പെട്ടുവാനാണു് ഞാൻ ആഗ്രഹിയ്ക്കുന്നതു്. ഹിന്ദു-മുസ്ലിം ഐക്യം കൂടാതെ സ്വരാജ് നേടാൻ സാധ്യമല്ല. ഇന്നല്ലെങ്കിൽ, എന്നെങ്കിലും അതു് നമുക്ക് കിട്ടുമെന്നു് തീർച്ചയാണു്. പക്ഷെ ഹിന്ദു-മുസ്ലിം ഐക്യമില്ലെന്നു വച്ചു് ഹിന്ദുമതം നശിയ്ക്കുകയില്ല. നാം സ്വരാജ് മിയ്ക്കുംമുമ്പു്, കൂടിപ്പോയാൽ, ഏതാനും ഉഗ്രസമരങ്ങൾ പൊരുതേണ്ടിവരുമായിരിയ്ക്കും, അതുപോലെ, ഖദറും ചൎക്കയും ഇല്ലെന്നുവച്ചും ഹിന്ദുമതം നശിയ്ക്കുകയില്ല. പക്ഷെ, അയിത്തം, അതിനു് അറുതി വരുത്തും. ഈ ശാപത്തെ നാം കെട്ടിപ്പിടിച്ചാൽ, നാം മനുഷ്യസമുദായത്തിൻെറ പരിഹാസപാത്രമാകും; അതിനെ താലോലിയ്ക്കുന്ന മതം ലോകത്താൽ അവഹേളിതമായിത്തീരും.

*യംഗ് ഇൻഡ്യ, ഏപ്രിൽ 23, 1925*

## ഒരു പററം ചോദ്യങ്ങൾ

**ചോദ്യം:** 1925 മേയ് 14-ാംതിയതിയിലത്തെ യംഗ് ഇൻഡ്യയിൽ പ്രസിദ്ധീകരിച്ചിരുന്ന, ഫരിദ്പൂരിലെ തൊട്ടുകൂടാത്ത സമുദായത്തിൽപെട്ട ചില മാന്യന്മാരുമായുള്ള അങ്ങയുടെ അഭിമുഖസംഭാഷണത്തെക്കുറിച്ചുള്ള വിവരണത്തിൽ, ആത്മശുദ്ധീകരണമെന്ന നിലയ്ക്കു് ചില കാര്യങ്ങൾ ചെയ്യാൻ അങ്ങ് അവരോടാവശ്യപ്പെട്ടിരുന്നു. ആത്മശുദ്ധീകരണംകൊണ്ട് അങ്ങ് ഉദ്ദേശിയ്ക്കുന്നതെന്താണ്? ആത്മശുദ്ധീകരണത്തിന്റെ ബാഹ്യഭാവങ്ങളെന്താണ്? ആത്മശുദ്ധീകരണത്തിൽ കായികവും മാനസികവും വാചികവുമായ ശുദ്ധീകരണം അടങ്ങുന്നുണ്ടോ, അതോ അവയിലൊന്നു മാത്രമേയുള്ളോ?

**ഉത്തരം:** ആത്മശുദ്ധീകരണമെന്നുവച്ചാൽ, നമ്മുടെ എല്ലാ അശുദ്ധികളും തുടച്ചുകളയുകയെന്നർത്ഥം, അവ മനസ്സിലെ ആയാലും കൊള്ളാം. വാക്കിലെ ആയാലും കൊള്ളാം, ശരീരത്തിലെ ആയാലും കൊള്ളാം. 'തൊട്ടുകൂടാത്ത' സ്നേഹിതരോട്ട് തിന്മ വിചാരിക്കരുതെന്നും, അസത്യമോ തെറിയോ പറയരുതെന്നും, ശ്രദ്ധാപൂർവ്വം കുളിച്ചും ശുദ്ധമായ ആഹാരം കഴിച്ചും. ചത്ത മൃഗങ്ങളുടെ ഇറച്ചി, അശുദ്ധമായ മററാഹാരവസ്തുക്കൾ, മദ്യങ്ങൾ, മയക്കമരുന്നുകൾ എന്നിവ ഒഴിവാക്കിയും, ശരീരത്തെ ശുദ്ധമായി വയ്ക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

**ചോദ്യം:** ഏതെങ്കിലും സമുദായമോ, വ്യക്തിയോ ആ നിലവാരത്തിലെത്തിയാൽ, അവരേയോ, അയാളേയോ തൊട്ടുകൂടാത്തവരായി കരുതാമോ?

**ഉത്തരം:** ഒരു വ്യക്തി ആ നിലവാരത്തിലെത്തിയില്ലെങ്കിൽ പോലും, അയാളെ തൊട്ടുകൂടാത്തവനായി കരുതാൻ പാടില്ല. നമ്മിൽ മിക്കവർക്കും ഉടനടി ആ നിലവാരത്തിൽ എത്താൻ സാദ്ധ്യമല്ല. ആ നിലവാരം നമുക്ക് ബാധകമാക്കിയാൽ, അതു കട്ടപ്പമായിരിയ്ക്കും.

**ചോദ്യം:** പൊതുആരാധനാസ്ഥലങ്ങളിലേയ്ക്കും, മിഠായി വില്പനശാലകളിലേയ്ക്കും ശുചിത്വമുള്ള ഹിന്ദുക്കൾക്ക് പ്രവേശനം കൊടുത്താൽ, ഐക്യം കൈവരുത്താനുള്ള ആദ്യത്തെ പടി അതായിരിയ്ക്കുമെന്ന് പറയപ്പെടുന്നു. അതിനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

ഉത്തരം: പൊതുമര്യാദയുടെ നിയമങ്ങൾ അനുസരിയ്ക്കുന്ന എല്ലാവർക്കും പൊതുആരാധനാസ്ഥലങ്ങൾ തുറന്നുകൊടുക്കണം, വസ്ത്രശുചിത്വത്തിന്റെ നിലവാരം നിശ്ചയിയ്ക്കുന്നതാരാണ്? ഇക്കാര്യങ്ങളെ ക്രമീകരിയ്ക്കുന്നതു് നിയമമല്ല, പൊതുജനാഭിപ്രായമാണ്. ഒരു മിഠായിവില്പനക്കാരൻ സ്വയം വൃത്തിയുള്ളവനാണെങ്കിൽ, വൃത്തികെട്ടവർക്കു് വിൽക്കാൻ അയാൾ നിസ്സംശയമായും വിസമ്മതിയ്ക്കും. അയാളതു ചെയ്യില്ലെങ്കിൽ. അയാൾക്കു് പററുവരവുകാർ ഇല്ലാതാകും. ഒരാൾ 'തൊട്ടുകൂടാത്തവൻ' എന്നു വിളിയ്ക്കപ്പെട്ടുന്നതുകൊണ്ടു് അയാൾക്കു് വിൽക്കുവാൻ വിസമ്മതിയ്ക്കുന്ന മിഠായി വില്പനക്കാരനു് വ്യാപാരം തുടരാനുള്ള അവകാശം നഷ്ടപ്പെട്ടുന്നു.

ചോദ്യം: അയിത്തത്തെക്കുറിച്ചുള്ള അങ്ങയുടെ ബോധം വിഷമം പിടിച്ച ഒന്നാണു്. ഉയർന്ന സമുദായക്കാരായ ഹിന്ദുക്കളുടെ ഇടയിൽപോലും അവരുടെ അസംസ്കൃതരായ കുട്ടികളുടെ കയ്യിൽനിന്നു് അവർ വെള്ളം വാങ്ങി കുടിയ്ക്കുകയോ, പാകം ചെയ്ത ഭക്ഷണം വാങ്ങി കഴിയ്ക്കുകയോ ചെയ്യില്ല. ഇതിനേയും അങ്ങു് അയിത്തമെന്നു് വിളിയ്ക്കുമോ?

ഉത്തരം: അതിനെ അയിത്തമെന്നു് ഞാൻ വിളിയ്ക്കുകയില്ല. ഹിന്ദുമതത്തിൽ അഞ്ചാമതൊരു വർണ്ണമെന്നൊന്നില്ലെന്നു് ഞാൻ പലയാവൎത്തി വിശദമാക്കിയിട്ടുണ്ടു്. അതുകൊണ്ടു് നാലു വർണ്ണങ്ങൾക്കും പൊതുവായുള്ള എല്ലാ അവകാശങ്ങളും തൊട്ടുകൂടാത്തവനുമുണ്ടായിരിയ്ക്കണം.

ചോദ്യം: വെള്ളം കുടിയ്ക്കുന്നതിനു് അമിതമായ പ്രാധാന്യം കല്പിയ്ക്കുന്നതിനു പകരം, ഉയർന്ന ജാതിക്കാരായ ഹിന്ദുക്കളുടെ ഹൃദയത്തിൽനിന്നു് ഉൽക്കർഷതാബോധവും അപകർഷതാബോധവും നീക്കുവാനും, അന്യോന്യസ്നേഹവും സഹായവും വർദ്ധിപ്പിയ്ക്കാനും ശ്രമിയ്ക്കുകയാണു് കുറേക്കൂടി നല്ലതെന്നു് ചിലർ പറയുന്നു. അങ്ങു് ഇതംഗീകരിക്കുന്നുണ്ടോ?

ഉത്തരം: കാപട്യത്തെ മറയ്ക്കാനായിട്ടല്ലാതെ അതു പറയുന്നേടത്തു് ഞാൻ അംഗീകരിയ്ക്കും. ഒരു മരത്തെപ്പററി വിധി കല്പിയ്ക്കുന്നതു് അതിന്റെ കായെക്കൊണ്ടാവണം. കുടിയ്ക്കുന്നതിനും തിന്നുന്നതിന്നും ഞാൻ ഒരിക്കലും പ്രാധാന്യം കൽപ്പിച്ചിട്ടില്ല. പക്ഷെ, തൊട്ടുകൂടാത്തവനെന്നു് വിളിയ്ക്കപ്പെട്ടുന്നവെ

ന്ന കാരണത്താൽ, അയാളുടെ കയ്യിൽനിന്നും വെള്ളം വാങ്ങി കുടിയ്ക്കാൻ ആരെങ്കിലും വിസമ്മതിക്കുമ്പോൾ, ഞാനതിന് പ്രാധാന്യം കൽപ്പിയ്ക്കുന്നു. ഇനിയും കൽപ്പിയ്ക്കും. കാരണം, അപ്പോൾ ആ വിസമ്മതം, ഉൽക്കൃഷ്ടത സ്വയം കൈവശപ്പെട്ടുത്തിവയ്ക്കുന്നതിൻെറ ഒരു ലക്ഷണമാണ്.

**ചോദ്യം:** കീർത്തനങ്ങൾ വഴിയും ജാതിമതഭേദം കൂടാതെ ഒന്നിച്ചിരുന്ന് മതപരമായ സദ്യ നടത്തുന്നതുവഴിയും വൈഷ്ണവശാസനങ്ങൾ പ്രചരിപ്പിക്കുന്നതു ആ ലക്ഷ്യത്തിലേയ്ക്കുള്ള എളുപ്പമായ ഒരു മാർഗ്ഗമാണ്. ഈ സമ്പ്രദായം നാലു നൂറ്റാണ്ടിലധികം നടപ്പിലിരുന്നു, ഇതിനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ് ?

**ഉത്തരം:** ഈ കീർത്തനങ്ങളുടെ ഫലം ഞാൻ പഠിച്ചിട്ടില്ല. പക്ഷെ, അഹങ്കാരജഡിലമായ ഉൽക്കർഷതാബോധത്തിൻെറ കോട്ടപൊളിച്ചിടുന്ന ഏതു നല്ല സമ്പ്രദായത്തെയും ഞാൻ സ്വാഗതം ചെയ്യും.

*യംഗ് ഇൻഡ്യ, ജൂലൈ 2, 1925*

**ചോദ്യം:** അയിത്തം ഹിന്ദുമതത്തിൻെറ മേൽ മാത്രമല്ല, മനുഷ്യസമുദായത്തിൻെറ മേലും ഒരു കളങ്കമാണെന്ന് അങ്ങ് സമ്മതിക്കുന്നു. പിന്നെ, എന്തുകൊണ്ടാണ് അങ്ങ് പരിഷ്ക്കത്താക്കളുടെ വലയം ഹിന്ദുക്കളിൽ മാത്രമായി പരിമിതപ്പെട്ടുത്തുന്നതു്? ഹിന്ദുക്കളെപ്പോലെതന്നെ മുസൽമാൻമാരും ഈ പരിഷ്കാരം ഏറെറടുത്താലെന്താണ് ?

**ഉത്തരം:** അയിത്തമെന്ന ദൂഷ്യം ഹിന്ദുമതത്തിൻെറ മേൽ മാത്രമല്ല, മനുഷ്യസമുദായത്തിൻെറ മേലും ഒരു കളങ്കമാണെങ്കിലും, ഹിന്ദുമതത്തെ സംബന്ധിച്ച മററനേകം പ്രശ്നങ്ങൾ ഹിന്ദുക്കൾ പരിഹരിക്കുന്നതുപോലെ, അവർതന്നെ പരിഹരിക്കേണ്ട ഒരു പ്രശ്നമാണിതു്. ഉദാഹരണത്തിന്, ദേവദാസികളുടെ പ്രശ്നം. അവരുടെ നിലനിൽപ്പ് ഒരു ചെറിയ ദൂഷ്യമല്ല. ആ ഏർപ്പാട്ട് മനുഷ്യസമുദായത്തിൻെറ മേൽ ഒരു കളങ്കമാണ്. പക്ഷേ, ഹിന്ദുക്കൾ ഇടപെടുന്ന അർത്ഥത്തിൽ അതിൽ ഇടപെടാൻ യാതൊരു അഹിന്ദുവും ആലോചിയ്ക്കുകയില്ല. കാരണം വ്യക്തമാണ്. ഈ ദൂഷ്യങ്ങളുടെ ഉച്ചാടനം ഉള്ളിൽനിന്നുതന്നെയുണ്ടാകണം ഹിന്ദുക്കളുടെ

മേൽ അതു് അടിച്ചേല്പിക്കുകയല്ല വേണ്ടതു്. ഹിന്ദുക്കൾക്കു് മാത്രമേ അതു കൈവരുത്താൻ കഴിയൂ. ഹിന്ദുമതത്തിലെ മറേറതു് ദൂഷ്യത്തേയും പോലെ അയിത്തത്തേയും വിമർശിയ്ക്കാനുള്ള പരിപൂർണ്ണസ്വാതന്ത്ര്യം മുസൽമാൻമാർക്കും ക്രിസ്ത്യാനികൾക്കും മററു അഹിന്ദുക്കൾക്കുമുണ്ടു്. അവർക്കു് ഈ പരിഷ്കാരത്തിന്നു് അവരുടെ ധാർമ്മികപിൻതുണ നൽകാവുന്നതാണു്. പക്ഷെ, ഹിന്ദുമതത്തെ സംബന്ധിച്ചു് അവക്കു് ദുരുദ്ദേശങ്ങൾ ഉണ്ടെന്ന കുററത്തിന്നു് വിധേയരാകാതെ, അവർക്കു് അതിൽ കൂടുതൽ മുമ്പോട്ടു പോകാനൊക്കുകയില്ല.

*യംഗ് ഇൻഡ്യ, ജൂലൈ 9, 1925*

**ചോദ്യം:** അയിത്തോച്ചാടനപ്രചരണത്തിനു് എന്തു മാർഗ്ഗങ്ങളാണു് അങ്ങു് നിർദ്ദേശിക്കുന്നതു് ?

**ഉത്തരം:** വളരെയധികം വാക്പ്രചരണം ഇനി ആവശ്യമില്ല. പ്രവൎത്തനം, പ്രചരണമാണു്. 'തൊട്ടുകൂടാത്ത'വരുടെ നില മെച്ചപ്പെടുത്താനായി, സാമൂഹ്യമായ കൈകൊട്ടി പുറത്താക്കൽ വകവയ്ക്കാതെ, നിർഭയരായി നിങ്ങൾ പ്രവൎത്തിയ്ക്കണം. പ്രമുഖവ്യക്തികൾ സന്ദർശിക്കുമ്പോൾ, അവരെക്കൊണ്ടു് പ്രഭാഷണങ്ങൾ ഏർപ്പാടു ചെയ്യാവുന്നതാണു്.

**ചോദ്യം:** ആദ്യം പഞ്ചമരെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നും അയിത്തോച്ചാടനം വേണമെന്നുള്ള ആവശ്യം അവരിൽ നിന്നുണ്ടാകണമെന്നും ചിലർ വിചാരിയ്ക്കുന്നു. ഉയർന്ന ജാതിക്കാരുടെ മനസ്സു് മാറ്റാനും, അയിത്തം പാപമാണെന്നുള്ള തോന്നൽ അവരിലുളവാക്കാനുമായി ശമ്പളം പററുന്ന പ്രവർത്തകരെക്കൊണ്ടു് പ്രചരണം നടത്തണമെന്നും, ഈ പ്രവർത്തനം നടത്താൻ പണ്ഡിതന്മാരേയും പ്രവർത്തകരേയും നിയമിയ്ക്കണമെന്നും മററു ചിലർ വിചാരിയ്ക്കുന്നു.

**ഉത്തരം:** പണ്ഡിതനുവേണ്ടി ഒരൊററ പൈ പോലും ഞാൻ ചെലവാക്കുകയില്ല. അവർക്കു ശമ്പളം കൊടുത്താൽ അവർ കൂലിപ്പരിഷകളാകും. ശമ്പളത്തിനായി അവർ പ്രവൎത്തിയ്ക്കുണ്ട. പഞ്ചമർക്കു് അവരുടെ നില മനസ്സിലാക്കിക്കൊടുക്കാനായി അവരുടെ ഇടയിൽ പണം ചെലവാക്കണം. നമ്മുടെ സമ്പ്രദായങ്ങൾ എപ്പോഴും അഹിംസാപരമായിരിയ്ക്കണം. ഉയ

ന്ന ജാതിക്കാരെന്നു് വിളിയ്ക്കപ്പെട്ടുന്നവർ അവരുടെ മനോഭാവം മാററണം. അവരുടെ സ്വന്തം ഉയർച്ചയ്ക്കും ശുദ്ധീകരണത്തിനുമുള്ള നിരോധനം നീക്കണം. അങ്ങനെ ചെയ്യാതെ, തൊട്ടുകൂടാത്തവരെ അടിച്ചമർത്തുന്നതിൽ അവർ നിർബന്ധം പിടിയ്ക്കുകയാണെങ്കിൽ, തൊട്ടുകൂടാത്തവർ നമുക്കെതിരായി കലാപം നടത്തുകയും, അക്രമമാർഗ്ഗങ്ങളെപ്പോലും അവലംബിക്കുകയും ചെയ്യുന്ന കാലം വരുകതന്നെ ചെയ്യും. ഇങ്ങിനെയുള്ള ഒരത്യാഹിതം ഒഴിവാക്കാൻ ഞാൻ പരമാവാധി ശ്രമിക്കുകയാണു്. അയിത്തം ഒരു പാപമാണെന്നു് വിശ്വസിക്കുന്ന നമ്മളെല്ലാവരും അതു ചെയ്യണം.

*ചോദ്യം:* പഞ്ചമർക്കായി മാത്രം തുടങ്ങുന്ന സ്കൂളുകൾ അയിത്തം നീക്കാൻ ഏതെങ്കിലും വിധത്തിൽ സഹായിയ്ക്കുമെന്നു് അങ്ങ വിചാരിയ്ക്കുന്നുണ്ടോ ?

*ഉത്തരം:* എല്ലാ വിദ്യാഭ്യാസത്തേയുംപോലെ അവയും കാലക്രമത്തിൽ സഹായിയ്ക്കും. പക്ഷെ, ഇങ്ങിനെയുള്ള സ്കൂളുകൾ തനി പഞ്ചമസ്കൂളുകൾ ആയിരിക്കരുതു്. മററു ജാതിക്കാരായ കുട്ടികളും സ്വാഗതം ചെയ്യപ്പെടണം. അവർ തൽക്കാലം വരുകയില്ല. സ്കൂളുകൾ നല്ലവണ്ണം നടത്തിയാൽ, കാലക്രമത്തിൽ എതിർമനോഭാവം തകരും. സമ്മിശ്രസ്കൂളുകൾ വേണമെന്നുണ്ടങ്കിൽ, നിങ്ങളുടെ സ്ഥലത്തു് ഒരെണ്ണം തുടങ്ങണം. നിങ്ങൾക്കു് ഒരു സ്വന്തം വീടുണ്ടെന്നിരിക്കട്ടെ. നിങ്ങളുടെ വീട്ടിൽനിന്നു് പോകാൻ ആക്കും നിങ്ങളോടു് ആവശ്യപ്പെടാൻ കഴിയുകയില്ലല്ലോ? തൊട്ടുകൂടാത്ത ഒരു കുട്ടിയെ നിങ്ങളുടെ വീട്ടിലേയ്ക്കു് കൂട്ടികൊണ്ടുവന്നു് അവനെ വച്ചു് ഒരു സ്കൂൾ തുടങ്ങുക. ആ സ്കൂളിൽ വന്നുചേരാൻ മററു കുട്ടികളെ പ്രേരിപ്പിയ്ക്കുക.

*ചോദ്യം:* ഞങ്ങളുടെ പ്രവിശ്യയിൽ തൊട്ടുകൂടാത്തവരുടേയും തൊടാവുന്നവരുടേയും കുട്ടികൾ ഒന്നിച്ചിരുന്നു് വായിയ്ക്കുന്ന സ്കൂളുകൾക്കു് പ്രോത്സാഹനം നൽകപ്പെടുന്നു.

*ഉത്തരം:* അതേ അവയെ പ്രോത്സാഹിപ്പിയ്ക്കണം. പക്ഷേ, തൊട്ടുകൂടാത്തവർ മാത്രമുള്ള സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കും സഹായം നൽകാൻ വിസമ്മതിക്കരുതു്.

**ചോദ്യം:** ചില താലൂക്ക ബോർഡുകളിൽ തൊട്ടുകൂടാത്തവർക്ക് പ്രവേശനം നിഷേധിച്ചാൽ, സ്കൂളുകൾ റദ്ദാക്കപ്പെടണമെന്ന് ഉത്തരവുണ്ട്. ഇങ്ങിനെയുള്ള സ്ഥലങ്ങളിലെ പഞ്ചമരെ ഞങ്ങളുടെ പ്രചാരകരിലൂടെ പ്രവേശനം കിട്ടുന്നതിനു് സഹായിസ്സാൻ അങ്ങ് ഉപദേശിസ്സുമോ ?

**ഉത്തരം:** തീർച്ചയായും നിങ്ങൾ അവരെ സഹായിസ്സണം. പക്ഷെ, പ്രത്യേക പ്രചാരകരുടെ ആവശ്യമില്ല. അക്കാര്യത്തിനു് നിങ്ങളുടെ പ്രവർത്തകർ മതി.

**ചോദ്യം:** അപ്പോൾ പ്രചരണത്തെപററി എന്തുപറയുന്നു? നിശ്ശബ്ദമായ പ്രവർത്തനം മതിയെന്നു് അങ്ങ് വിചാരിസ്സുന്നുണ്ടോ?

**ഉത്തരം:** ഉവ്വ്. പഞ്ചമരെ ഉയർത്താൻ, പിന്നിൽ ഉറച്ച പ്രവർത്തനം ഇല്ലെങ്കിൽ, പ്രചരണംകൊണ്ടു് കാര്യമൊന്നുമില്ല.

**ചോദ്യം:** അടുത്ത ഭാവിയിൽ എത്രെങ്കിലും ഒരു സമയത്തു് അങ്ങ് അയിത്തപ്രശ്നം കൂടുതൽ ഊർജ്ജസ്വലമായി എടുക്കാൻ പോകുന്നുണ്ടോ?

**ഉത്തരം:** ഇതിനകംതന്നെ കഴിയുന്നത്ര ഊർജ്ജസ്വലമായി ഞാൻ ആ പ്രശ്നം എടുത്തുകഴിഞ്ഞിട്ടുണ്ടു്. കഴിയുന്നിടത്തൊക്കെ അവർക്കായി സ്കൂളുകൾ തുടങ്ങാനും, കിണറുകൾ കുഴിസ്സാനും, അമ്പലങ്ങൾ കെട്ടാനും ഞങ്ങൾ ശ്രമിസ്സുകയാണു്. പണക്കുറവുകൊണ്ടു് ജോലി നിലസ്സുന്നില്ല. പത്രങ്ങളിൽ പരസ്യം ചെയ്യുന്നില്ലെന്ന കാരണത്താൽ, അവർക്കായി യാതൊന്നും ചെയ്യുന്നില്ലെന്നു് ഒരുപക്ഷേ നിങ്ങൾ വിചാരിസ്സുന്നുണ്ടാകും.

**ചോദ്യം:** ബൽഗാം പ്രമേയമനുസരിച്ചു്, പഞ്ചമക്കു് പ്രവേശനം നിഷേധിച്ചിട്ടുള്ള ഒരു സ്കൂളിനേയും 'ദേശീയ'മെന്നു് വിളിസ്സാൻ വയ്യ.

**ഉത്തരം:** തീർച്ചയായും അവ ദേശീയ സ്കൂളുകളല്ല.

**ചോദ്യം:** ഇങ്ങിനെയുള്ള സ്കൂളുകൾ ദേശീയസ്കൂളുകളെന്നു് വിളിസ്സപ്പെടാൻ വേണ്ട മററെല്ലാ ഉപാധികളും നിറവേററുന്നുണ്ടെങ്കിൽപോലും, അവസ്സു് കോൺഗ്രസ് നിധിയിൽനിന്നു് സഹായം നൽകാൻ പാടില്ലെന്നാണോ അങ്ങ് പറയുന്നതു്?

**ഉത്തരം:** യാതൊരു സഹായവും നൽകാൻ പാടില്ല.

*യംഗ് ഇൻഡ്യ, സെപ്ററംബർ 10, 1925*

## സവർണ്ണഹിന്ദുക്കളോട്

ഈ വൈകിയ പരിഷ്കാരത്തെ എതിർക്കുന്ന ബ്രാഹ്മണപുരോഹിതരുടെ അടുക്കലേയ്ക്ക് എന്റെ ശബ്ദം എത്തുമെങ്കിൽ, ഞാൻ എൻെറ ശബ്ദം കൊണ്ടുചെല്ലട്ടെ. മതത്തിൻെറ യഥാർത്ഥ രക്ഷാധികാരികളായിരിയ്ക്കേണ്ട പുരോഹിതർ, അവർ രക്ഷാധികാരികളായിരുന്നതു് ഏതു മതത്തിൻേറയാണോ, ആ മതത്തെ നശിപ്പിയ്ക്കുന്നതിൽ ഉപകരണങ്ങളായി എന്നുള്ളതു് വേദനാകരമായ ഒരു വസ്തുതയാണ്. പക്ഷെ, അതു് ഒരു ചരിത്രസത്യവുമാണ്. തിരുവിതാംകൂറിലേയും മററുള്ളിടങ്ങളിലേയും ബ്രാഹ്മണപുരോഹിതർ അവർ രക്ഷാധികാരികളാണെന്ന് സങ്കല്പിയ്ക്കപ്പെട്ടിട്ടുള്ള അതേ മതത്തെതന്നെ, അവരുടെ അജ്ഞതകൊണ്ടോ, അതിലും വഷളായ മറെറന്തോകൊണ്ടോ നശിപ്പിയ്ക്കുന്നതു് എൻെറ കൺമുന്നിൽ ഞാൻ കാണുന്നു. അവരുടെ പാണ്ഡിത്യം മുഴുവനും വൃത്തികെട്ട ഒരു അന്ധവിശ്വാസത്തെ, ഭയങ്കരമായ ഒരു തെററിനെ, സജീവമാക്കി നിർത്താൻവേണ്ടി വിനിയോഗിയ്ക്കപ്പെടുമ്പോൾ, ആ പാണ്ഡിത്യം മണ്ണായി മാറുന്നു. അതുകൊണ്ടു് കാലം അധികം വൈകും മുമ്പ്, അവർ കാലത്തിൻെറ സൂചനകൾ മനസ്സിലാക്കുമെന്നും, അവരെയും നമ്മേയും അറിഞ്ഞോ അറിയാതേയോ സത്യത്തിൻെറ പന്ഥാവിലൂടെ കൊണ്ടുപോകുന്ന സംഭവങ്ങളുമൊന്നിച്ച് മുന്നോട്ട നീങ്ങുമെന്നും. ഞാൻ അഭിലഷിയ്ക്കുന്നു,

*യംഗ് ഇൻഡ്യ, ഒക്ടോബർ 20, 1927*

*ചോദ്യം:* രാഷ്ട്രീയത്തെ അദ്ധ്യാത്മവല്ക്കരിയ്ക്കാനുള്ള ശ്രമത്തിൽ അയിത്തത്തെ ഏതു അതിരുവരെ പുറംതള്ളാനാണ് അങ്ങു് ആഗ്രഹിയ്ക്കുന്നതു്?

*ഉത്തരം:* അതിനു് അതിരില്ല. രാഷ്ട്രീയത്തിൻെറ അദ്ധ്യാത്മവൽക്കരണത്തിൻെറ തുടക്കം തന്നെ, ഇന്നു് ആചരിയ്ക്കപ്പെടുന്ന രീതിയിലുള്ള അയിത്തത്തെ അടിമുടി പുറംതള്ളുന്നതിനെ ആശ്രയിച്ചിരിയ്ക്കുന്നു. ജനനവുമായോ, ഒരു തൊഴിലുമായോ ബന്ധപ്പെട്ട തൊട്ടുകൂടായ്മ മനുഷ്യൻെറ മതബോധത്തിനു് പൊറുക്കാനാവാത്ത, ക്രൂരമായ, ഒരു സിദ്ധാന്തമാണ്.

## തൊട്ടുകൂടാത്തവക്കു് അമ്പലങ്ങൾ

1915-ൽ ദക്ഷിണാഫ്രിക്കയിൽ നിന്നു് ഞാൻ മടങ്ങിവന്നപ്പോൾ വിഭാവനം ചെയ്തിരുന്ന പ്രസ്ഥാനത്തിൻെറ തുടക്കത്തിൽ തൊട്ടുകൂടാത്തവർക്കായി പ്രത്യേക അമ്പലങ്ങളോ സ്കൂളോ കെട്ടുന്നതു്, തൊട്ടുകൂടായ്മ നീക്കാനുള്ള പ്രസ്ഥാനവുമായി ഒട്ടും നിരക്കാത്തതാണെന്നു് ഞാൻ വിചാരിച്ചിരുന്നു: എന്നാൽ, കർശനമായ യുക്തിയെ ആധാരമാക്കി, ഈ പ്രസ്ഥാനത്തിനു് മുന്നോട്ടു പോകാൻ കഴിയുകയില്ലെന്നും, ഹിന്ദുക്കളായ നാം നമ്മളിൽ മൂന്നിലൊരു ഭാഗം പേരെ അത്യധികം അടിച്ചമർത്തിയ കാരണം വാചാലരായ ഹിന്ദുക്കൾ ഒററസ്വരത്തിൽ അയിത്തോച്ചാടനത്തിനായി ഉൽഘോഷിച്ചിട്ടും, ദീർഘകാലത്തേയ്ക്കു് പലവിധത്തിലും സഹായഹസ്തം ആവശ്യമുണ്ടെന്നും, അനുഭവം എന്നെ പഠിപ്പിച്ചു. അയിത്തം താത്വികമായി ഉച്ചാടനം ചെയ്ത ശേഷം, പ്രത്യേകമായ യാതൊരു ശ്രമവും നടത്തിയില്ലെങ്കിൽ, അവരിൽ ബഹുഭൂരിപക്ഷവും ആ ഉച്ചാടനം ഉടനടി പ്രയോജനപ്പെടുത്തുകയില്ല. അജ്ഞരായ ബഹുജനങ്ങൾ അവരെ പൊറുക്കുകയില്ല, പ്രത്യേകിച്ചു് തൊട്ടുകൂടാത്തവർ അവരുടെ പെരുമാററത്തിൽ സ്വാഭാവികമായി പരുക്കരാവുകയോ, ദീർഘകാലം തടയപ്പെട്ടിരുന്ന സ്വാതന്ത്ര്യം ആസ്വദിക്കുന്നതിൽ ക്ഷമിയ്ക്കത്തക്ക എടുത്തുചാട്ടം കാണിയ്ക്കുകയോ ചെയ്യുമ്പോൾ, അവരെ പൊറുക്കുകയില്ല. അതുകൊണ്ടു്, സാധാരണ അമ്പലങ്ങളിലും സാധാരണ സ്ക്കൂളുകളിലും പ്രവേശിയ്ക്കാനും, പൊതുകിണറുകൾ ഉപയോഗിക്കാനുമുള്ള പരിപൂർണ്ണസ്വാതന്ത്ര്യവും, 'തൊട്ടുകൂടാത്തവ'രുടെ സൌകര്യത്തിനായി പ്രത്യേകമായി സംവിധാനം ചെയ്യപ്പെടുന്നതും, എന്നാൽ എല്ലായ്പോഴും 'തൊട്ടുകൂടാത്ത'വരുടെ മുൻഗണനയ്ക്കു വിധേയമായി മററുള്ളവർക്കുകൂടി തുറന്നുകൊടുക്കപ്പെടുന്നതുമായ മാതൃകാസ്ക്കൂളുകളുടേയും മാതൃകാക്ഷേത്രങ്ങളുടേയും നിർമ്മാണവും ഒന്നിച്ചു് ഒരേ സമയത്തു നടക്കണമെന്നു് എനിയ്ക്കു ബോധ്യപ്പെട്ടു. നമ്മുടെ നാട്ടുകാരായ മർദ്ദിതവർഗ്ഗങ്ങൾക്കു് നിലവിലുള്ള അമ്പലങ്ങൾ തുറന്നുകൊടുക്കാനുള്ള ശ്രമത്തോടൊപ്പം, അവർക്കായി ക്ഷേത്രങ്ങളും മാതൃകാസ്ക്കൂളുകളും പണിതു് അയിത്തോച്ചാടനം പ്രോത്സാഹിപ്പിയ്ക്കാൻ മുനിസിപ്പാലിററികൾക്കു് കഴിയുമെന്നു് കൽക്കത്ത മുനിസിപ്പൽ

ഗസററിനായുള്ള ചെറിയ കുറിപ്പിൽ ഞാൻ നിർദ്ദേശിച്ചതു് ഈ വാദഗതിയനുസരിച്ചാണു്.

അതുകൊണ്ടു്, എൻെറ കുറിപ്പു് ക്ഷേത്രപ്രവേശനത്തിനെതിരായുള്ള നിരോധനത്തെ പൊറുക്കാനുള്ള ഒരു ഒഴികഴിവായി യാതൊരു കാരണവശാലുമെടുക്കരുതു്. ബോംബെ പ്രസിഡൻസിയിലാകമാനം ക്ഷേത്രപ്രവേശനത്തിന്നെതിരായുള്ള നിരോധനം നീക്കം ചെയ്യണമെന്നുപദേശിച്ചിട്ടുള്ള ബോംബെ നേതാക്കളുടെ പ്രകടനപത്രികയുടെ പ്രാധാന്യം അമിതമായി കണക്കാക്കാൻ സാധ്യമല്ല. അതുകൊണ്ടു്, ബോംബെയിലെ രാമചന്ദ്രക്ഷേത്രം അതിന്റെ ഒരു ട്രസ്റ്റിയായ ശ്രീ. ഠാക്കർദാസ് നാനാഭായി മർദ്ദിതവർഗ്ഗങ്ങൾക്കായി തുറന്നുകൊടുത്തിരിക്കുന്നുവെന്ന വാർത്ത വലിയ ആനന്ദത്തോടെ ഞാൻ ഇപ്പോൾ വായിച്ചതേയുള്ളു. ബോംബെയിൽ തുടങ്ങിയിരിക്കുന്ന ഈ പ്രയത്നത്തിൽ യാതൊരിളക്കവും വരുത്തുകയില്ലെന്നു് ഞാൻ ആശിക്കുന്നു.

*യംഗ് ഇൻഡ്യ, നവമ്പർ 28, 1929*

ജബൽപുരിലെ എട്ടു ക്ഷേത്രങ്ങളും, ബോംബെയിലെ ഒരു ക്ഷേത്രവും, തൊട്ടുകൂടാത്തവരെന്നു വിളിക്കപ്പെട്ടുന്നവർക്കു് തുറന്നുകൊടുത്തതുമായി ബന്ധപ്പെട്ട ട്രസ്റ്റികളും മററുള്ളവരും അവരുടെ സമയോചിതമായ പ്രവർത്തിക്കു് അനുമോദനമർഹിക്കുന്നു. അതുവഴി അവർ ഹിന്ദുമതത്തിനും ഭാരതത്തിനും സേവനം അനുഷ്ഠിക്കുകയും, അക്ഷമയുടെ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങിയിരുന്ന 'തൊട്ടുകൂടാത്ത'വർക്കു് പുതിയ ആശ കൈവരുത്തുകയും ചെയ്തിരിക്കുന്നു. അവരെ അവരുടെ കഷ്ടതരമായ നിലയെ കുറിച്ചു് ബോധവാന്മാരാക്കിയ ശേഷം, ഏറെ വൈകുംമുമ്പു് അവർക്കു് സുഗമമാക്കി കൊടുക്കുന്നതിൽ നാം വിജയിക്കുന്നില്ലെങ്കിൽ. അക്ഷമയോ, അതിലും വഷളായ എന്തെങ്കിലുമോ പ്രദർശിപ്പിക്കുന്നതു് ഒഴിവാക്കാൻ സാദ്ധ്യമല്ല.

ഇപ്പോൾ നിലവിൽ വന്നിട്ടുള്ള ബഹുജനങ്ങളുടെ ഉണർവിൻെറ ഫലമായി ഉയർന്ന വർഗ്ഗങ്ങളെന്നു് വിളിക്കപ്പെട്ടുന്നവർ സ്വാതന്ത്ര്യത്തിൻെറ പ്രാണവായു ശ്വസിക്കാമെന്നു് പ്രതിക്ഷിക്കുന്നത്രയും തന്നെ അവരും ശ്വസിക്കേണ്ടതാണു്. നമ്മളിൽ അഞ്ചിലൊരു ഭാഗം പേരെ തൊടാൻ പോലുമോ, എന്തിനു് ചിലപ്പോൾ നമ്മുടെ അടുത്തുവരാൻ പോലുമോ, നമുക്കു കാണാൻ പോ

ല്യമോ അർഹതയില്ലാത്ത അടിമകളായി വെച്ചുകൊണ്ടിരിയ്ക്കുന്നിട-ത്തോളം ഹിന്ദുക്കളായ നമുക്ക് സ്വാതന്ത്ര്യം പ്രതീക്ഷിയ്ക്കാനാവില്ല.

*യംഗ് ഇൻഡ്യ, ഡിസംബർ 12, 1929*

## യെറാവ്ദാ ഉടമ്പടി

ഭാരതത്തിൻെറ എല്ലാ ഭാഗങ്ങളിലും ചേർന്ന നൂററുക്കണക്കിന്നു മഹായോഗങ്ങളിലോ, സ്വകാര്യയോഗങ്ങളിലോ അപൂർവ്വം ചിലതിലൊഴികെ ഞാൻ അയിത്തത്തിനെതിരായുള്ള വാദം അവതരിപ്പിക്കുന്നതിനെതിരായി യാതൊരു പ്രതിഷേധങ്ങളും ഉണ്ടായിരുന്നില്ല. ജനങ്ങൾ അയിത്തത്തെ അപലപിച്ചുകൊണ്ടും, അവരുടെ ഇടയിൽനിന്നു് അതിനെ നീക്കം ചെയ്യാൻ ശപഥമെടുത്തുകൊണ്ടും പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ടു്. അസംഖ്യം തവണ അവർ തങ്ങളുടെ ശപഥത്തിനു് ഈശ്വരനെ സാക്ഷി നിർത്തി. ആ ശപഥം നടപ്പിൽ വരുത്താൻ ശക്തി നൽകി അനുഗ്രഹിയ്ക്കേണമേയെന്നു് അവർ ഈശ്വരനോട്ടു് പ്രാർത്ഥിച്ചു.

ഈ ലക്ഷോപലക്ഷം പേർക്കെതിരായിട്ടാണു് ഞാൻ ഉപവാസം നടത്തിയതു്. അവരുടെ സ്വയംഭൃതമായ സ്നേഹം അഞ്ചു ദിവസത്തിന്നുള്ളിൽ ഒരു പരിവർത്തനം കൈവരുത്തുകയും, യെറാവ്ദാ ഉടമ്പടി ഉണ്ടാകുവാൻ ഇടയാക്കുകയും ചെയ്തു. ആ ഉടമ്പടി പരിപൂർണ്ണമായി അവർ നടപ്പാക്കിയില്ലെങ്കിൽ, ഉപവാസം വീണ്ടും തുടങ്ങുന്നതും അവർക്കെതിരായിട്ടായിരിയ്ക്കും. ഗവൺമെൻറു് ഇപ്പോൾ ഒട്ടൊക്കെ അതിനു് വെളിയിലായിട്ടുണ്ടു്. അവരുടെ ഭാഗത്തെ ബാധ്യതകൾ അവർ കണിശമായി നിറവേററി. ഞാൻ വിവരിച്ച ആ യോഗങ്ങളിൽ തടിച്ചുകൂടിയ സവർണ്ണഹിന്ദുക്കളെന്നു വിളിക്കപ്പെടുന്ന ഈ ലക്ഷോപലക്ഷം പേരാണു് യെറാവ്ദാ ഉടമ്പടിയുടെ പ്രമേയങ്ങളിൽ മുഖ്യഭാഗം നിറവേററണ്ടതു്. മർദ്ദിതരായ സഹോദരന്മാരേയും സഹോദരികളേയും, തങ്ങളുടെ സ്വന്തക്കാരെന്ന നിലയിൽ, ആലിംഗനം ചെയ്യേണ്ടതും അവരാണു്. സവർണ്ണഹിക്കൾ തങ്ങളുടെ അമ്പലങ്ങളിലേയ്ക്കും വീടുകളിലേയ്ക്കും സ്കൂളുകളിലേയ്ക്കും അവരെ ക്ഷണിയ്ക്കണം. ഗ്രാമങ്ങളിലെ തൊട്ടുകൂടാത്തവർക്കു് തങ്ങളുടെ ചങ്ങലകൾ പൊട്ടിയ്ക്കപ്പെട്ടുവെന്നും, തങ്ങൾ ഒരു തരത്തിലും തങ്ങളുടെ സഹോദര ഗ്രാമീണരെക്കാൾ മോശക്കാരല്ലെന്നും, മററു ഗ്രാമീണർ ആരാധി

ടുന്ന അതേ ഈശ്വരന്റെ ആരാധകരാണ് തങ്ങളെന്നും, അവർ ആസ്വദിക്കുന്ന അതേ അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും തങ്ങൾക്കും അവകാശമുണ്ടെന്നും തോന്നാൻ ഇടയാക്കണം. എന്നാൽ, സവർണ്ണ ഹിന്ദുക്കൾ ഉടമ്പടിയിലെ ജീവൽപ്രശ്നമായ ഈ വ്യവസ്ഥകൾ നടപ്പാക്കിയില്ലെങ്കിൽ, ഈശ്വരനേയും മനുഷ്യനേയും ഇനി കാണത്തക്കവണ്ണം എനിക്ക് ജീവിക്കാൻ കഴിയുമോ? ഈ ഉടമ്പടിയിലെ വ്യവസ്ഥകൾ ജാതിഹിന്ദുക്കൾ ശരിയായി നിറവേററുന്നതിന് എന്നെ ഒരു 'ബന്ദി'യായി കണക്കാക്കണമെന്ന് ഡോ: അംബെദ്കറോടും റാവു ബഹാദൂർ രാജായോടും മർദ്ദിതവിഭാഗത്തിൽപെട്ട മററു സ്നേഹിതരോടും പറയുവാൻ പോലും ഞാൻ ഒരുമ്പെട്ടു.

[ആസന്നമായ] ഉപവാസം വേണ്ടിവരികയാണെങ്കിൽ, അതു് ഈ പരിഷ്കാരത്തിന്റെ എതിരാളികളുടെ മേൽ നിർബ്ബന്ധം ചെലുത്താൻ വേണ്ടിയായിരിക്കുകയില്ല. എന്റെ സഹപ്രവർത്തകരായിരിക്കുന്നവരേയും, അയിത്തോച്ചാടനപ്രതിജ്ഞകൾ എടുത്തിട്ടുള്ളവരേയും കർമ്മോന്മുഖരാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരിക്കുമതു്. അവർ ശപഥം ലംഘിക്കുകയോ, ഒരിക്കലും അവ പാലിക്കുകയില്ലെന്ന് ഉദ്ദേശിക്കുകയോ ചെയ്യുകയാണെങ്കിൽ. അവരുടെ ഹിന്ദുമതം വെറും കപടമായ ഒരു മറയാണെങ്കിൽ, ജീവിതത്തിൽ യാതൊരു താല്പര്യവും എന്നിലവശേഷിക്കുകയില്ല. അതുകൊണ്ട്, പരിഷ്കാരത്തിന്റെ എതിരാളികളേയോ, അയിത്തത്തിനെതിരായുള്ള പ്രസ്ഥാനത്തിൽ എന്റേയും കോൺഗ്രസിന്റേയും കൂടെയാണെന്ന് ഞാൻ വിശ്വസിക്കാനിടയാക്കിയവരും, എന്നാൽ വീണ്ടും ആലോചിച്ചപ്പോൾ, അയിത്തം ഈശ്വരനും മനുഷ്യസമുദായത്തിനുമെതിരായിട്ടുള്ള ഒരു കുററമല്ലെന്നുള്ള നിഗമനത്തിൽ എത്തിയവരുമായ സഹപ്രവർത്തകരേയും ലക്ഷോപലക്ഷങ്ങളേയും പോലും എന്റെ ഉപവാസം ബാധിക്കാൻ പാടില്ല. എന്റെ അഭിപ്രായത്തിൽ, സ്വന്തം ആത്മശുദ്ധീകരണത്തിനും മററുള്ളവരുടെ ശുദ്ധീകരണത്തിനുമായുള്ള ഉപവാസം യുഗപ്പഴക്കമുള്ള ഒരേർപ്പാടാണ്. മനുഷ്യൻ ഈശ്വരനിൽ വിശ്വസിക്കുന്നിടത്തോളം അതു് നിലനില്ക്കുന്നു. ഒരു വ്രണിതഹൃദയത്തിൽ നിന്ന് സർവശക്തനോടുള്ള പ്രാർത്ഥനയാണതു്. എന്നാൽ, എന്റെ വാദം വിവേകപൂർണ്ണമോ, വിഡ്ഢിത്തപൂർണ്ണമോ ആണെങ്കിലും, അതിന്റെ വിഡ്ഢിത്തമോ, തെററോ ഞാൻ കാണാത്തി

ടത്തോളം, ഒരു സ്ഥാനത്തുനിന്നും എന്നെ ഇളക്കിമാററുവാൻ സാധ്യമല്ല. ഒരു ആന്തരികശബ്ദത്തെ അനുസരിച്ചും, യെറാവ്ദാ ഉടമ്പടിയിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിലുള്ള സവർണ്ണ ഹിന്ദുക്കളുടെ കുററകരമായ അനാസ്ഥ കാരണം ആ ഉടമ്പടി പ്രകടമായി പൊളിയുകയാണെങ്കിലും മാത്രമേ. ഉപവാസം വീണ്ടും തുടങ്ങുകയുള്ളു. ഇങ്ങിനെയുള്ള അനാസ്ഥ ഹിന്ദുമതത്തിൻെറ വഞ്ചനയായിരിക്കും. ഞാൻ അതിൻെറ സജീവസാക്ഷിയായിരിക്കാൻ കൂട്ടാക്കിക്കൂടാ.

*എൻെറ ആത്മാവിൻെറ വേദന, നവംബർ 4, 1932.*

## സനാതനമതക്കാരും ഹരിജനപ്രസ്ഥാനവും

ഹരിജനങ്ങളോട്ട് വഷളായി പെരുമാറാൻ തങ്ങളാഗ്രഹിക്കുന്നില്ലെന്നും, അവരുടെ സാമ്പത്തികവും ഐഹികവുമായ ക്ഷേമം വളർത്താൻ ഇഷ്ടപ്പെടുന്നുവെന്നും പറയുന്ന ശ്രീ. അയ്യങ്കാർക്കും മററു സനാതനമതക്കാർക്കും ഞാൻ ഒരു നിർദ്ദേശം നൽകുന്നു. അവർ തൊട്ടുകൂടാത്തവരുടെ സേവകസംഘത്തിൽ ചേർന്നു്, അതിന്റെ ഐഹികമായ ഉദ്ധാരണപരിപാടിക്കു് പണം നൽകാനും അതിനുവേണ്ടി പ്രവർത്തിക്കുവാനും തയ്യാറാകട്ടെ. എനിക്കും എന്നോടൊപ്പം ചിന്തിക്കുന്നവർക്കുമായി ക്ഷേത്രപ്രവേശനം അവർ വിട്ടുതരട്ടെ. ആ സംഘത്തിൽ കോൺഗ്രസ്സുകാർ ആരുമില്ലെന്നു് ശ്രീ. അയ്യങ്കാർ മനസ്സിലാക്കണം. ആ സംഘത്തിൽ പ്രമുഖരായ പല ഉല്പതിഷ്ണുക്കളുമുണ്ടു്. വാസ്തവത്തിൽ, സനാതനമതക്കാർ പറയുന്നതു് അവർ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, ഈ സംഘത്തിലേക്കു് പണവും പ്രവർത്തകരേയും കൊണ്ടുവന്നു്, അതിൻെറ ചുമതല ഏറെറടുക്കുവാനും, അതിൻെറ നയം രൂപപ്പെടുത്തുവാനും അവർക്കു കഴിയും. ഇതു് അവർക്കു് പററുകയില്ലെങ്കിൽ, അവർ ഒരു എതിർസംഘടന നടത്തുകയും, നാടൊട്ടുക്കും അതിൻെറ ശാഖകൾ പരത്തുകയും, ഹരിജനങ്ങളുടെ ഹൃദയവും കൃതജ്ഞതയും കവരുകയും ചെയ്യട്ടെ. ക്ഷേത്രപ്രവേശനപ്രസ്ഥാനം നടത്തി, ഒററയടിക്കു് അതു് ഹരിജനങ്ങളേയും സവർണ്ണഹിന്ദുക്കളേയും ഉയർത്തുമെന്നും, ഇരുകൂട്ടരേയും ശുദ്ധീകരിക്കുമെന്നും, ഹരിജനങ്ങളുടെ ഐഹികക്ഷേമം സ്വയമേവ വളർത്തുമെന്നും കാണിച്ചു്, മതപരമായ യോഗ്യത നേടാനുള്ള സന്ദർഭം ഞാനെടുത്തുകൊള്ളാം. ബഹുജനങ്ങളെ സംബന്ധിക്കുന്ന ഒരു കാര്യത്തിൽ, 'സ്റ്റണ്ടു'കൊണ്ടൊന്നും വ

ലിയ പ്രയോജനമില്ലെന്നു് ശ്രീ. അയ്യങ്കാർ മനസ്സിലാക്കണം. എല്ലാവക്കും അവരോട്ടു് അഭ്യർത്ഥന നടത്താവുന്നതാണു്. അവസാനം സത്യസന്ധതയ്ക്കും കഠിനാദ്ധ്വാനത്തിനും ജയിയ്ക്കും.

*എൻെറ ആത്മാവിൻെറ വേദന, ജനുവരി 27, 1933*

## ഉപവാസം

അയിത്തോച്ചാടനപ്രവർത്തനം ഇത്രത്തോളം സാമൂഹ്യസൌകര്യങ്ങൾകൊണ്ടോ, ഇത്ര സമയത്തിനുള്ളിൽ നൽകപ്പെട്ടുന്ന സാമ്പത്തികാശ്വാസംകൊണ്ടോ അളവു് നിർണ്ണയിയ്ക്കാവുന്ന, വെറുമൊരു സാമൂഹ്യമോ, സാമ്പത്തികമോ ആയ പരിഷ്കാരം മാത്രമല്ല. ഈശ്വരനിർമ്മിതമായ ഒരു ഏർപ്പാടാണു്, മനുഷ്യവർഗ്ഗത്തോളംതന്നെ പഴക്കമുള്ളതാണു് ഇപ്പോഴത്തെ തൊട്ടുകൂടായ്മയെന്നു് ആത്മാർത്ഥമായി വിശ്വസിയ്ക്കുന്ന ലക്ഷോപലക്ഷം ഹിന്ദുക്കളുടെ ഹൃദയങ്ങളെ സ്പർശിയ്ക്കുകയാണു് അതിൻെറ ലക്ഷ്യം. ഇതു് വെറും സാമൂഹ്യവും സാമ്പത്തികവുമായ പരിഷ്കാരത്തേക്കാൾ എത്രയോ അധികം ഉയർന്ന ഒരു കർത്തവ്യമാണെന്നു് സമ്മതിയ്ക്കുമല്ലോ? അതിൻെറ നിറവേററലിൽ നിസ്സംശയമായും ഇവയും അതിലും വളരെക്കൂടുതലും ഉൾപ്പെട്ടും. എന്തെന്നാൽ, ഹൈന്ദവചിന്തയിലെ ഒരു പരിപൂർണ്ണവിപ്ലവത്തിലും, ഹിന്ദുമതത്തെ വിഷമയമാക്കുകയും, അതിൻെറ നിലനില്പിനെത്തന്നെ മെല്ലെ മെല്ലെ തുരങ്കംവയ്ക്കുകയും ചെയ്യുന്ന ജനനാലുള്ള അസമത്വത്തിൻേറയും ഉച്ചനീചത്വത്തിൻേറയും ഭയങ്കരസിദ്ധാന്തത്തിൻെറ അപ്രത്യക്ഷപ്പെടലിലും ഒട്ടും കുറഞ്ഞ ഒന്നുമല്ലതു്. ഇങ്ങിനെയുള്ള ഒരു മാററം, മനുഷ്യനിലുള്ള ഏററവും ഉന്നതമായതിനോട്ടു് അഭ്യർത്ഥന നടത്തിയേ കൈവരുത്താനാവൂ. കീറിമുറിഞ്ഞ ഒരു ഹൃദയത്തിൽനിന്നു് വരുന്ന ഏററവും അഗാധമായ പ്രാർത്ഥനയെന്നു് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള ഉപവാസംവഴി, അതായതു് ആത്മശുദ്ധീകരണംവഴി മാത്രമേ, ആ അഭ്യർത്ഥന ഫലപ്രദമാക്കാൻ കഴിയുകയുള്ളുവെന്നു് എപ്പോഴത്തേക്കാളും കൂടുതലായി എനിയ്ക്കു് ബോദ്ധ്യമായിരിയ്ക്കുന്നു.

ഇങ്ങിനെയുള്ള ഉപവാസത്തിൻെറ അദൃശ്യഫലം ദൃശ്യഫലത്തേക്കാൾ എത്രയോ വലുതും, എത്രയോ കൂടുതൽ വ്യാപകവുമായിരിയ്ക്കുമെന്നു് ഞാൻ വിശ്വസിയ്ക്കുന്നു. അതുകൊണ്ടു്, സ്വമേധയാ ഉള്ള ഉപവാസങ്ങൾക്കു് മുൻകൂട്ടി തയാറെടുത്തു്, യോഗ്യത നേടി

യവരും, കാര്യങ്ങളുടെ ഉള്ളിലെത്താൻ ഏററവും പററിയ സമ്പ്രദായമെന്നനിലയിൽ പ്രാർത്ഥനയിൽ വിശ്വസിക്കുന്നവരുമായ സ്ത്രീപുരുഷന്മാർ നടത്തുന്ന, സത്യസന്ധമായ, സ്വമേധയാ ഉള്ള, ഉപവാസങ്ങളുടെ ചങ്ങലയുടെ തുടക്കം മാത്രമാണ്, എൻെറ ഉപവാസമെന്നുള്ള ദൃഢവിശ്വാസം എന്നിൽ ആണ്ടിറങ്ങിയിരിക്കുന്നതു്. ആ ചങ്ങല എങ്ങിനെ സ്ഥാപിക്കാമെന്നു് ഇനിയും എനിക്കറിഞ്ഞുകൂടാ. പക്ഷേ, ഞാൻ അതിനായി യത്നിക്കുകയാണ്. അതു് സ്ഥാപിക്കാൻ കഴിയുമെങ്കിൽ, മററു യാതൊന്നിനും കഴിയാത്തപോലെ അതു് ഹിന്ദുക്കളുടെ, പരിഷ്കാരത്തിൻെറ എതിരാളികളുടേയും ഹരിജനങ്ങളുടേയും. ഹൃദയങ്ങളെ സ്പർശിക്കുമെന്നു് എനിക്കറിയാം. എന്തെന്നാൽ, പരിഷ്കർത്താക്കളേയും എതിരാളികളേയുംകാൾ ഒട്ടും കുറയാത്ത തോതിൽ ഹരിജനങ്ങളും ഈ പ്രസ്ഥാനത്തിൽ അവരുടെ പങ്കു് വഹിക്കേണ്ടതുണ്ടു്. ഈ ഉപവാസം ഹരിജനങ്ങളെ സ്പർശിക്കാതിരുന്നിട്ടില്ലെന്നു് വായനക്കാരനെ അറിയിക്കുവാൻ കഴിയുന്നതിൽ എനിക്കു് സന്തോഷമുണ്ടു്.

*ഹരിജൻ, ജൂലൈ 8, 1933*

## ക്ഷേത്രപ്രവേശനബിൽ

സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നമനം സവർണ്ണഹിന്ദുക്കളുടെ യഥാർത്ഥ പശ്ചാത്താപത്തിൻെറ ഒരു മൗലികഭാഗമാണെന്നുള്ളതിൽ സംശയമില്ല. അതു് അവർ പറയുന്നതിൻെറ ആത്മാർത്ഥതയുടെ ഒരു പരീക്ഷയാണ്. പക്ഷെ, അമ്പലങ്ങൾ തുറന്നുകൊടുക്കാതെ ഉദ്ധാരണം പൂർത്തിയാകുകയില്ല. അമ്പലങ്ങൾ തുറന്നുകൊടുക്കുന്നതു്, ഹരിജനങ്ങളുടെ മതപരമായ സമത്വം സമ്മതിക്കലായിരിക്കും. ഇന്നു് ഹിന്ദുമതത്തലെ അവർണ്ണരായിട്ടുള്ള അവർ അങ്ങനെയല്ലാതാകുന്നതിൻെറ ഏററവും ഉറച്ച ലക്ഷണമായിരിക്കും.

ആയിരക്കണക്കിനു് ഹരിജനങ്ങൾ അമ്പലങ്ങളിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നില്ലെന്നുള്ളതു് ഇവിടെ പ്രസക്തമല്ല. അതിനെപ്പററി ശരിയായി അന്വേഷിച്ചാൽ, വസ്തുത നേരെ മറിച്ചാണെന്നു കാണാം. ആയിരക്കണിനു് ഹരിജനങ്ങൾ അമ്പലങ്ങളിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നു. നിരോധനവുമായി അവർ വളരെ പഴകിപ്പോയതുകൊണ്ടു്, അമ്പലങ്ങളിൽ പ്രവേ

ശിക്കാമെന്നുള്ള അവരുടെ ആശതന്നെ വററിപ്പോയിരിക്കുന്നു. മററു ഹിന്ദുക്കളോടൊപ്പം അമ്പലങ്ങളിൽ പ്രവേശിയ്ക്കുകയെന്നുള്ളതു് അസാദ്ധ്യമാണെന്നു് അവർ വിശ്വസിക്കുന്നു.

ഹരിജനങ്ങൾ ക്ഷേത്രപ്രവേശത്തിൻെറ ആശ്വാസം ആഗ്രഹിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, സവർണ്ണഹിന്ദുക്കൾ അവരുടെ ലഘുവായ കടമ ചെയ്യേ തീരൂ. അവർ തങ്ങൾക്കു് ആരാധനക്കു് കിട്ടുന്ന അതേ വ്യവസ്ഥകളിൽ തന്നെ, ഹരിജനങ്ങൾക്കും ആരാധിക്കുവാൻ അവരുടെ അമ്പലങ്ങൾ തുറന്നുകൊടുക്കണം, കടം കൊടുത്തയാൾ പണം തിരിയെ കിട്ടാൻ ശ്രദ്ധിക്കുന്നില്ലെന്നുള്ളതുകൊണ്ടോ, കടത്തെപ്പററി തീരെ മറന്നുവെന്നതുകൊണ്ടോ, പണം തിരിച്ചു കൊടുക്കേണ്ട കടമയിൽനിന്നു് കടം വാങ്ങിയ ആൾ മുക്തനാകുന്നില്ല.

ഹരിജനങ്ങൾക്കു് അമ്പലങ്ങൾ തുറന്നുകൊടുത്തുകഴിയുമ്പോൾ, സ്കൂളുകളും, കിണറുകളും അതുപോലുള്ള അനേകം സൗകര്യങ്ങളും സ്വയമേവ അവർക്കു് തുറന്നുകൊടുക്കപ്പെട്ടും. അയിത്തം സാമ്പത്തികോദ്ധാരണത്തോടൊപ്പം നിലനിൽക്കുമെന്നുള്ളതു് മനസ്സിലാക്കുക തീർച്ചയായും വളരെ എളുപ്പമാണു്. തിരുവിതാംകൂറിലെ അനേകം ഈഴവർക്കും ബങ്കാളിലെ നാമശൂദ്രർക്കും മാന്യമായ സ്വത്തു് കൈവശമുണ്ടു്, എന്നിട്ടും, അവരെ സമൂഹത്തിൽ പറയരെപ്പോലെയാണു് കണക്കാക്കപ്പെട്ടുന്നതു്. അവരുടെ സമ്പന്നമായ നില കാരണം ഈ ദൂഷിച്ച നിരോധനം അവർക്കു് കൂടുതൽ വേദനാകരമാണു്. ഡോ: അംബെദ്കർക്കു് ഉയന്ന വിദ്യാഭ്യാസസിദ്ധികളും, മേലേക്കിടയിലുള്ള സാമ്പത്തികനിലയുമുണ്ടെങ്കിലും അദ്ദേഹം ഈ ശാപത്തിൽനിന്നു കഷ്ടപ്പെട്ടുന്നു. അയിത്തത്തിൻെറ അപമാനം അദ്ദേഹത്തെ സ്വാഭാവികമായി കൂടുതൽ വികാരാധീനനാക്കുന്നു. പക്ഷെ, തങ്ങളുമായി തികഞ്ഞ സമത്വം എന്ന വ്യവസ്ഥയിന്മേൽ തങ്ങളുടെ ക്ഷേത്രങ്ങളിൽ ഹരിജനങ്ങളെ പ്രവേശിപ്പിച്ചു്, അയിത്തം ബഹിഷ്കരിക്കപ്പെട്ടതായി സവർണ്ണഹിന്ദുക്കൾ പ്രഖ്യാപിച്ചാലുടൻ ഈ അധിക്ഷേപം സ്വയമേവ മാറും. അപ്പോൾ, ഒരു ഹരിജനനും അയാൾക്കിഷ്ടമില്ലെങ്കിൽ അമ്പലങ്ങളിൽ പോകേണ്ട ആവശ്യം വരില്ല. അമ്പലങ്ങൾ തുറന്നുകൊടുക്കുന്നതിനായുള്ള പ്രഖ്യാപനത്തിൽ മററുള്ളവരോടൊപ്പം അയാളും ഉൾപ്പെട്ടും. അതു് അടിമത്വം നിറുത്തലാ

ക്കുന്നതുപോലെ ആയിരിക്കും. ഹിന്ദുമതത്തിനു് വളരെ ആവശ്യമുള്ളതും, ഇപ്പോൾതന്നെ വൈകിപ്പോയതുമായ ശുദ്ധീകരണത്തിലേയ്ക്കുള്ള വളരെ വലുതും മഹനീയവുമായ ഒരു കാൽവെയ്പായിരിക്കും അതു്.

ക്ഷേത്രപ്രവേശനാനുമതി പ്രയോജനപ്പെടണമെങ്കിൽ, അതു്, സ്വാഭാവികമായി, ഹിന്ദുക്കളുടെ സ്വമേധയായുള്ള ഒരു പ്രവൃത്തിയായിരിക്കണം, അതുകൊണ്ടു്, സവർണ്ണഹിന്ദുക്കളുടെ ആത്മാർത്ഥമായ ഒരു ഹൃദയപരിവർത്തനമായിരിക്കണം അതു്. എങ്കിലും നിയമനിർമ്മാണം ആവശ്യമാണു്. എന്തെന്നാൽ, സവർണ്ണഹിന്ദുക്ഷേത്രങ്ങളിൽ ഹരിജനങ്ങളുടെ പ്രവേശനം നിയമത്തിൽ നിരോധിക്കപ്പെട്ടിട്ടുള്ളതായി പറയുന്നുവെന്ന വസ്തുതയുണ്ടല്ലോ! നിയമനിർമ്മാണം, ഹിന്ദുക്കളിൽ ബഹുഭൂരിപക്ഷത്തിൻെറ അംഗീകാരത്തിൻെറ മുദ്രയായിരിക്കും. സവർണ്ണഹിന്ദുക്കളുടെ സാർവ്വത്രികമായ എതിർപ്പുള്ളപ്പോൾ, ആ നിയമനിർമ്മാണം നടത്തണമെന്നു് വ്യക്തിപരമായി ഞാൻ ആഗ്രഹിക്കുന്നില്ല. സവർണ്ണഹിന്ദുക്കൾ മുഴുവനും ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശനത്തെ എതിർക്കുന്നില്ലെന്നാണു് എൻെറ സ്വന്തം വിശ്വാസം. സത്യസന്ധമായി നടത്തപ്പെട്ട ഒരു ഹിതപരിശോധനയുടെ ഫലം ഞാൻ അനുസരിക്കാം. എന്തായാലും ദില്ലിയിലെ നിയമസഭയിൽ എന്തുതന്നെ സംഭവിച്ചാലും, ക്ഷേത്രപ്രവേശനത്തിനും ആവശ്യമായ നിയമനിർമ്മാണത്തിനും വേണ്ടിയുള്ള പ്രസ്ഥാനം തുടർന്നേ തീരൂ എന്നു് പരിഷ്കർത്താക്കൾ മനസ്സിലാക്കട്ടെ.

*ഹരിജൻ, സെപ്റ്റംബർ 2, 1933*

അയിത്തം ബലപ്രയോഗംകൊണ്ടോ, അല്ലെങ്കിൽ, ഒരു പക്ഷേ, തത്തുല്യമായ നിയമംകൊണ്ടോ നീക്കപ്പെടുകയില്ല. ഇങ്ങനെയുള്ള മാർഗ്ഗങ്ങൾകൊണ്ടു് അമ്പലങ്ങളും തുറക്കപ്പെടുകയില്ല. ചില നീതിന്യായവിധികൾ സൃഷ്ടിച്ച് നിയമപരമായ തടസ്സം നീക്കം ചെയ്യാൻ, നിയമനിർമ്മാണം അത്യന്താപേക്ഷിതമാണു്. പക്ഷെ, ഈ രണ്ടു ബില്ലുകളും പാസ്സാക്കിക്കഴിയുകയാണെങ്കിലും, അങ്ങിനെ കഴിയുമ്പോഴും, ഹിന്ദുവിൻെറ ഹൃദയത്തിൽ പതിക്കുന്ന അയിത്തം അവശ്യമായി നീക്കപ്പെടുകയില്ല, പൊതുക്ഷേത്രങ്ങൾ സ്വയമേവ തുറക്കപ്പെടുകയുമില്ല. ഹിന്ദുവിൻെറ ഹൃദയം ഉരുകുമ്പോൾ, അയിത്തം പോകും. ഈശ്വരൻ വ്യക്തികളെ ബഹുമാ

നിഷ്ക്കുന്നില്ലെന്നും, തങ്ങളുടെ അതേ വ്യവസ്ഥകളിൽ ആരാധന നടത്താൻ ആഗ്രഹിക്കുന്ന ഏതെങ്കിലും ഒരു സംഘം ആളുകൾക്കെതിരായി മനുഷ്യൻെറ അഹങ്കാരമോ, അജ്ഞതയോകൊണ്ട് അടച്ചിട്ടിരിക്കുന്ന അമ്പലങ്ങളിൽ ഈശ്വരൻ കുടിയിരിക്കുന്നില്ലെന്നും ആരാധകർ കണ്ടുപിടിക്കുമ്പോൾ, പൊതുക്ഷേത്രങ്ങൾ തുറക്കപ്പെട്ടും,

*ഹരിജൻ, ഒക്ടോബർ 21, 1933*

## തൂപ്പുകാരുടെ കാര്യം

ശുചീകരണസേവനം വളരെക്കാലം പഴക്കമുള്ള, പരമ്പരാഗതമായ, ഒരു തൊഴിലല്ല. മുഹമ്മദീയരുടെ ആക്രമണത്തിന്നു മുമ്പ് തൂപ്പ് തൊഴിലാക്കിയ തൂപ്പുകാരുണ്ടായിരുന്നില്ലെന്ന് ഞാൻ ഇതുവരെ ശേഖരിച്ച എല്ലാ തെളിവുകളും കാണിക്കുന്നു; ഗ്രാമീണപരിതസ്ഥിതികളെ അടിസ്ഥാനമാക്കിയിരുന്ന ഹൈന്ദവ സാമൂഹ്യവ്യവസ്ഥിതിക്ക്, സത്വര നഗരവളർച്ചയുടെ കാലത്ത് അനുപേക്ഷണീയമായ ശുചീകരണസേവനം ആവശ്യമായിരുന്നില്ല; എന്നാൽ, തികച്ചും ഹൈന്ദവരുടേതായ കാലത്ത് ഗ്രാമശുചീകരണം ഏതെങ്കിലും വിധത്തിൽ പരിപൂർണ്ണമായിരുന്നുവെന്നോ, അല്ലെങ്കിൽ ഒട്ടൊക്കെ തൃപ്തികരമെങ്കിലുമായിരുന്നുവെന്നോ ദ്യോതിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നേരെമറിച്ച്, അത് വളരെ അപരിഷ്കൃതമായിരുന്നുവെന്ന് തോന്നുന്നു. പാശ്ചാത്യദേശത്ത് ആവിഷ്ക്കരിക്കപ്പെട്ടതും, ഇപ്പോൾ വികസിച്ചുകൊണ്ടിരിക്കുന്നതുമായ, വളരെ ശാസ്ത്രീയമായ സമ്പ്രദായങ്ങൾ നിസ്സംശയമായും ഈയിടെയുണ്ടായിരുന്നതും, വളരെ ഗുണകരവുമായ ഒരു വളർച്ചയാണ്...കാര്യങ്ങൾ ഒരു രക്ഷാധികാരിയുടെ മട്ടിൽ, സ്വാതന്ത്ര്യമായ രീതിയിയിൽ ചെയ്യുമ്പോൾ മാത്രമേ, വിഷമം ഉണ്ടാകാനൊള്ളു. എല്ലായ്പോഴും ഉണ്ടാവുകയും ചെയ്യും ഞാൻപോലും എൻെറ തൂപ്പുകാരനോടൊപ്പം തൂത്തുവാരിയെന്ന് പൊതുയോഗങ്ങളിൽ പ്രഖ്യാപിക്കാൻ കഴിയുന്നതിനായി മാത്രം എന്റെ തൂപ്പുകാരനോടൊപ്പംനിന്ന്, എന്നെ തൊടരുതെന്ന മട്ടിൽ, അല്പം ജോലിചെയ്യാമെന്ന് പറഞ്ഞാൽ, അത് രക്ഷാധികാരിയുടെ മട്ടായിരിക്കും. എൻെറ മറപ്പുരകളെ മററു വിധത്തിലിരിക്കുന്നതിനേക്കാൾ കൂടുതൽ വൃത്തിയാക്കി വക്കുന്നതിനുവേണ്ടി, ഞാൻ സ്വന്തമായി അടിച്ചുവാരുകയും, എൻെറ തൂപ്പുകാരനെ ആധുനി

കസമ്പ്രദായം പഠിപ്പിയ്ക്കുന്നതിന്ന് സമയം പാഴാക്കാൻ ആഗ്രഹിയ്ക്കാതിരിയ്ക്കുകയും, അല്ലെങ്കിൽ കൂടുതൽ കാര്യക്ഷമവും കൂടുതൽ ബുദ്ധിപൂർവ്വകവുമായ സേവനത്തിന്ന് കൂടുതൽ പണംകൊടുക്കാൻ ആഗ്രഹിയ്ക്കാതിരിയ്ക്കുകയും ചെയ്യുകയാണെങ്കിൽ, ഞാൻ സ്വാത്ഥനായി പ്രവർത്തിയ്ക്കുകയായിരിയ്ക്കും. പക്ഷേ, എൻെറ അയൽക്കാരായ തൂപ്പുകാരെ പലവിധത്തിലും ഞാൻ സേവിയ്ക്കുകയും, ജീവകാരുണ്യപരമായ മനസ്ഥിതി ഏററെടുക്കുകയാണെങ്കിൽ എല്ലാവരും പഠിയ്ക്കേണ്ടതും, സമൂഹത്തിന്ന് വളരെ ഗുണമുണ്ടാകുമാറ് പലരും പിൻതുടർന്നേയ്ക്കാവുന്നതുമായ തീകച്ചും അഭിമാനകരവും ഏററവും പ്രയോജനകരവുമായ ഒരു തൊഴിലാണ് ശുചീകരണസേവനമെന്ന് സ്വന്തമായി അടിച്ചുവാരൽ നടത്തി അവരെ കാണിച്ചുകൊടുക്കുകയും ചെയ്യുമ്പോൾ, ഒരിക്കലും അധിക്ഷേപം തോന്നുകയില്ല.

*ഹരിജൻ, ഒക്ടോബർ 21, 1933*

## ഹരിജനപ്രവർത്തകരോടുള്ള ഉപദേശം

കാര്യങ്ങളുടെ ഇപ്പോഴത്തെ കിടപ്പിലും ആഭ്യന്തരപരിഷ്കാരം കഴിയുന്നത്ര നടപ്പാക്കേണ്ടതു് ഹരിജനപ്രവർത്തകരുടെ വ്യക്തമായ കടമയാണ്.

അതുകൊണ്ടു്, ഹരിജനപ്രവത്തകർ അവരുടെ കഴിവു് മുഴുവനും താഴെപ്പറയുന്ന കാര്യങ്ങൾക്കായി വിനിയോഗിക്കണം:

(i) ഹരിജനങ്ങൾക്കിടയിൽ പരിസരശുചിത്വവും ശാരീരികശുചിത്വവും വളർത്തുക;

(ii) തോട്ടിപ്പണി, തോൽ ഊറയ്ക്കിടൽ തുടങ്ങിയ വൃത്തികെട്ട തൊഴിലുകളെന്ന് അറിയപ്പെടുന്നവ നടത്തിക്കൊണ്ടുപോകാൻ മെച്ചപ്പെട്ട സമ്പ്രദായങ്ങൾ;

(iii) മാംസഭക്ഷണം മുഴുവനുമല്ലെങ്കിൽ, ചത്തമൃഗങ്ങളുടെ ഇറച്ചിയും മാട്ടിറച്ചിയും തിന്നുന്നതു് നിറുത്തലാക്കുക;

(iv) മദ്യങ്ങൾ ഉപയോഗിയ്ക്കുന്നതു് ഉപേക്ഷിക്കുക;

(v) പകൽ സ്കൂളുകൾ ഉള്ളിടത്തു്, അവയിലേക്കു് കുട്ടികളെ അയയ്ക്കാനും, നിശാവിദ്യാലയങ്ങൾ തുറക്കപ്പെട്ട

ന്നിടത്തു്, അവയിൽ അവർ തന്നെ പോകാനും രക്ഷകർത്താക്കളെ പ്രേരിപ്പിക്കുക;

(vi) തങ്ങൾക്കിടയിൽതന്നെയുള്ള അയിത്തം ഇല്ലാതാക്കുക.

*എന്റെ ആത്മാവിന്റെ വേദന, നവംബർ 14, 1933*

## വിദ്യാർത്ഥികൾക്കു് ചെയ്യാവുന്നതു്

ഇവിടെ കൂടിയിരിക്കുന്ന വിദ്യാർത്ഥികളായ നിങ്ങൾ ഇതുവരെ ഞാൻ പറഞ്ഞതു മനസ്സിലാക്കുകയും, എന്റെ ഈ ദൗത്യത്തിൽ അന്തർഭവിക്കുന്ന കാര്യങ്ങൾ ധരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, എനിക്കു് നിങ്ങളിൽനിന്നു വേണ്ട സഹായം, താമസിയാതെ തരും. ഈ പ്രസ്ഥാനത്തെ സഹായിക്കുന്നതിൽ അവർക്കു എന്തു പങ്കു വഹിക്കാൻ കഴിയുമെന്നു് ചോദിച്ചുകൊണ്ടു്, അനവധി വിദ്യാർത്ഥികൾ എനിക്കു് എഴുതിയിരുന്നു. വിദ്യാർത്ഥികൾ ഈ ചോദ്യം ചോദിക്കാൻ നിർബന്ധിതരാകുന്നുവെന്നുള്ളതു് എന്നെ വിസ്മയിപ്പിക്കുന്നു. നിങ്ങൾക്കു് എന്തു ചെയ്യാമെന്നും, എന്തു ചെയ്യാൻ പാടില്ലെന്നുമുള്ള ചോദ്യം ചോദിക്കേണ്ട ആവശ്യം ഇല്ലാത്തവണ്ണം അത്ര വിപുലവും, നിങ്ങളുടെ സമീപത്തുമാണു് രംഗം: ഇതു് ഒരു രാഷ്ട്രീയപ്രശ്നമല്ല. ഇതു് ഒരു രാഷ്ട്രീയപ്രശ്നമായേക്കാം. പക്ഷേ, നിങ്ങൾക്കും എനിക്കും തൽക്കാലം ഇതു് രാഷ്ട്രീയവുമായി ബന്ധപ്പെട്ടതല്ല. എന്റെ ജീവിതത്തെ നിയന്ത്രിക്കുന്നതു് മതമാണു്. ഞാൻ രാഷ്ട്രീയത്തിൽ പെരുമാറിത്തുടങ്ങിയപ്പോൾ, എന്റെ ജീവിതത്തെ നിയന്ത്രിക്കുന്ന തത്വം എന്റെ കാഴ്ചയിൽ നിന്നു് ഒരിക്കലും മാറിപ്പോയിരുന്നില്ല. ഇതു് ഒരു ജീവകാരുണ്യപ്രസ്ഥാനമായതിനാൽ, വിദ്യാർത്ഥികൾ ആയിരക്കണക്കിനു് ഹരിജനങ്ങളുടെ സേവനത്തിനായി, മുഴുവൻ സമയവുമല്ലെങ്കിൽ, ഒഴിവുസമയത്തിൽ ഒരു ഭാഗമെങ്കിലും വിനിയോഗിക്കണം. ഒഴിവുസമയം തരാൻ കഴിവുള്ള അനേകം സഹായികളെ എനിക്കു കിട്ടുമെങ്കിൽ, വളരെയധികം പ്രവർത്തനം നടത്താൻ കഴിയുമെന്നു് ഞാൻ കണ്ടിട്ടുണ്ടു്. കൂലിയ്ക്കെടുക്കുന്ന തൊഴിലാളികളെക്കൊണ്ടു് ഈ ജോലി ചെയ്യാനാവില്ല. കൂലിയ്ക്കെടുക്കുന്ന തൊഴിലാളികളെക്കൊണ്ടു് ഹരിജനങ്ങളുടെ വസതികളിൽ ചെല്ലാനും, അവരുടെ റോഡുകൾ തൂക്കാനും, അവരുടെ വീടുകളിൽ കയറി

14992



കുട്ടികളെ കുളിപ്പിയ്ക്കാനും സാധ്യമല്ല. വിദ്യാത്ഥികൾക്കു് ചെയ്യാവുന്നതു് എന്താണെന്നു് ഞാൻ 'ഹരിജ'ന്റെ പംക്തികളിൽ വിവരിച്ചിട്ടുണ്ടു്. ഹരിജനായ ഒരു അദ്ധ്യാപകൻ അതു് എന്തൊരു ഭീമമായ കത്തവ്യമാണെന്നു കാണിച്ചിട്ടുണ്ടു്. കാട്ടുജാതിക്കാരുടെ കുട്ടികൾപോലും ഹരിജനക്കുട്ടികളെക്കാൾ ഭേദമാണു്. ഹരിജനക്കുട്ടികളുടെ അത്ര ഭയങ്കര അധഃപതനത്തിലേക്കു് കാട്ടുജാതിക്കാരുടെ കുട്ടികൾ ആണ്ടുപോയിട്ടില്ല. ഇത്ര വൃത്തികെട്ട ചുററുപാട്ടുകളിലല്ല അവർ ജീവിയ്ക്കുന്നതും. കൂലിയ്ക്കെടുക്കുന്ന ജോലിക്കാരെക്കൊണ്ടു് ഈ പ്രശ്നം പരിഹരിയ്ക്കാൻ സാധ്യമല്ല. ഇതു് ചെയ്യുവാൻ എത്ര വലിയ തുകയുണ്ടായാലും എനിയ്ക്കതു് സഹായമാകുകയില്ല. അതു് നിങ്ങളുടെ പ്രത്യേക അവകാശമായിരിയ്ക്കണം. സ്കൂളുകളിലും കോളേജുകളിലും നിങ്ങൾക്കു് കിട്ടിയ വിദ്യാഭ്യാസത്തിന്റെ ഒരു അഗ്നിപരീക്ഷയായിരിക്കുമതു്. കുററമററ ഇംഗ്ലീഷ് പ്രസംഗങ്ങൾ നടത്താനുള്ള നിങ്ങളുടെ കഴിവുകൊണ്ടായിരിയ്ക്കുകയില്ല നിങ്ങളുടെ യോഗ്യത അളക്കപ്പെടുന്നതു്. ദരിദ്രക്കു് നിങ്ങൾ ചെയ്യുന്ന സേവനംകൊണ്ടായിരിയ്ക്കും നിങ്ങളുടെ യോഗ്യത അളക്കപ്പെടുന്നതു്. അല്ലാതെ, നിങ്ങൾക്കു് കിട്ടിയിരിക്കാവുന്ന 60 രൂപയുടേയോ, 600 രൂപയുടേയോ ഗവൺമെന്റു ജോലികൾകൊണ്ടായിരിയ്ക്കുകയില്ല. ഞാൻ നിർദ്ദേശിയ്ക്കുന്ന മനസ്ഥിതിയിൽ നിങ്ങൾ ഈ പ്രവർത്തനം നടത്തണമെന്നു് ഞാൻ അഭിലഷിയ്ക്കുന്നു. ദിവസം ഒരു മണിക്കൂർ ഒഴിച്ചുവെയ്ക്കാൻ കഴിവില്ലെന്നു പറഞ്ഞ ഒരൊററ വിദ്യാത്ഥിയേയും ഞാൻ കണ്ടിട്ടില്ല, നിങ്ങൾ ദിവസംതോറും നിങ്ങളുടെ ഡയറി എഴുതുകയാണെങ്കിൽ, വർഷത്തിൽ 365 ദിവസത്തിൽ വിലയേറിയ അനേകം മണിക്കൂറുകൾ നിങ്ങൾ പാഴാക്കുന്നുണ്ടെന്നു കാണാം. നിങ്ങൾ നിങ്ങളുടെ വിദ്യാഭ്യാസം പ്രയോജനപ്പെടുത്താൻ ആഗ്രഹിയ്ക്കുന്നുവെങ്കിൽ, കൊടുങ്കാററുപോലുള്ള ഈ പ്രസ്ഥാനം നടക്കുമ്പോൾ തന്നെ ഈ പ്രവർത്തനത്തിലേയ്ക്കു് നിങ്ങൾ ശ്രദ്ധ തിരിക്കണം. ഇതുവരെ വിദ്യാത്ഥികളായിരുന്നവർ വദ്ധയ്ക്കു ചുററും 10 മൈൽ വ്യാസത്തിനുള്ളിൽ ഹരിജനങ്ങളെ സേവിയ്ക്കുകയാണു്, അവർ നിശ്ശബ്ദരായി നല്ല പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടു്, നിങ്ങൾ അവരെ അറിയുന്നില്ല. അവരുടെ പ്രവത്തനം കാണാൻ ഞാൻ നിങ്ങളെ ക്ഷണിയ്ക്കുന്നു. അതു് കഠിനമാണു്. പക്ഷേ, രസകരവുമാണു്. നിങ്ങളുടെ ക്രിക്കററിനേയോ, ടെന്നീ

സിനേയോകാൾ കൂടുതൽ ആനന്ദം അതു നിങ്ങൾക്കു് തരും. ബുദ്ധിയുള്ള, സത്യസന്ധരായ, യഥാർത്ഥപ്രവർത്തകർ എനിക്കു കിട്ടുമെങ്കിൽ, പണം തീർച്ചയായും വരുമെന്നു് ഞാൻ പലയാവത്തി പറഞ്ഞിട്ടുണ്ടു്. 18 വയസ്സുള്ള ഒരു കുട്ടിയെന്ന നിലയിൽ ഞാൻ യാചിക്കുന്നതിൽ വിദ്യാഭ്യാസം തുടങ്ങി. ശരിയായ തരത്തിലുള്ള പ്രവർത്തകരുണ്ടെങ്കിൽ, പണം എളുപ്പത്തിൽ കണ്ടെത്താൻ കഴിയുമെന്നു് ഞാൻ കണ്ടിട്ടുണ്ടു്. പണംകൊണ്ടു മാത്രം എനിയ്ക്കു് ഒരിക്കലും തൃപ്തിയാവില്ല. ഒഴിവുള്ള സമയത്തിൽ നിശ്ചിതമായ ഏതാനും മണിക്കൂറുകൾ ഹരിജനസേവനത്തിനു് വിനിയോഗിയ്ക്കുമെന്നു് ശപഥം ചെയ്യാൻ ഞാൻ നിങ്ങളോട്ട് ആവശ്യപ്പെടുന്നു.

*ഹരിജൻ, നവംബർ 17, 1933*

ഈ യോഗങ്ങളിൽ പങ്കെടുക്കന്നതുവഴി തങ്ങൾ അംഗീകരിക്കുന്നതായി തോന്നുന്ന കാര്യങ്ങൾ സ്വന്തം ജീവിതത്തിൽ നടപ്പിൽ വരുത്താൻ ആയിരമായിരം പേരോട്ട് പൊട്ടന്നനവേ ആവശ്യപ്പെട്ടുകയാണെങ്കിൽ, ഇച്ഛാശക്തിയില്ലാഞ്ഞിട്ടല്ല, വെറും കഴിവില്ലായ്മകൊണ്ടു് അവർ അതിനു് വഴങ്ങാതിരിയ്ക്കുമെന്ന വസ്തുതയെപ്പററി എനിയ്ക്കു് വേദനാകരമായ ബോധമുണ്ടു്, ശരിയായ കാര്യമെന്നു് തങ്ങൾക്കറിയാവുന്നതും, ഉടനടി ചെയ്യേണ്ടതെന്നു് തങ്ങൾക്കറിയാവുന്നതുമായ കാര്യങ്ങൾ തങ്ങളുടെ പെരുമാററത്തിൽ ഉടനടി നടപ്പിൽ വരുത്താനുള്ള കഴിവില്ലായ്മ അമ്പേ സമ്മതിച്ച എൻെറ ഏററവും അടുത്ത സഹപ്രവർത്തകരിൽ ഞാൻ ഇതു് വീണ്ടും വീണ്ടും കണ്ടെത്തി. അവർ അവരുടെ പരമ്പരാഗതമായ സഹജവിരോധത്തിനെതിരായ സുധീരമായി പൊരുതേണ്ടതുണ്ടു്. ഈ രാക്ഷസനെ നശിപ്പിയ്ക്കുവാൻ അയിത്തം ഹിന്ദുമതത്തെ കരണ്ടുതിന്നുന്ന ഒരു ദൃഷ്യമാണെന്നും, അതിലുള്ള വിശ്വാസം ഈശ്വരനിലും അദ്ദേഹത്തിൻെറ നന്മയിലും അദ്ദേഹത്തിൻെറ പിതൃത്വത്തിലുമുള്ള അവിശ്വാസത്തിനു് സമമാണെന്നുമുള്ള വെറും ബുദ്ധിപരമായ ധാരണ മാത്രം പോരാ. സവർണ്ണരുടേയും ഹരിജനങ്ങളുടേയും ഹൃദയങ്ങളിൽ പരിവത്തനം വരുത്തുവാൻ താരതമ്യേന പരിശുദ്ധരായിട്ടുള്ളവരുടെ പരാത്ഥകൃതമായ തപസ്സു് ആവശ്യമാണു്.

ഇത്ര ഗംഭീരവും ഇത്ര പവിത്രവും, ഇത്ര മതപരവും, ഇത്ര ജീവകാരുണ്യപരവുമായ ഒരു പ്രസ്ഥാനം ആരാലും സ്വന്തം ലക്ഷ്യ

ത്തിനുവേണ്ടി ചൂഷണം ചെയ്യപ്പെടാൻ പാടില്ല. തീർച്ചയായും, അതിൻെറ രാഷ്ട്രീയഭവിഷ്യത്തുകൾക്കായി ചൂഷണം ചെയ്യ കൂടാ. രാഷ്ട്രീയസമീപനം മാത്സര്യത്തിനു് മൂർച്ച കൂട്ടുന്നതിൽ മാത്രമേ ചെന്നെത്തുകയുള്ളുവെന്നു്, പ്രസ്ഥാനം പുരോഗമിക്കുംതോറും, കണ്ടെത്തപ്പെട്ടും. നിലവിലുള്ള ചിന്താക്കുഴപ്പം വർദ്ധിപ്പിയ്ക്കുകയും, നിലവിലുള്ള മത്സരകക്ഷികളുടെ കൂടെ, പലതല്ലെങ്കിൽ, ഒരു മത്സരകക്ഷിയെ കൂടിയെങ്കിലും കൂട്ടിച്ചേർക്കുകയും ചെയ്യാൻ മാത്രമേ അതിനു് കഴിയൂ. ഇങ്ങിനെയുള്ള ഒരു അത്യാഹിതത്തിൽ നിന്നു് നമ്മെയും, ഈ പ്രസ്ഥാനത്തെയും ഈശ്വരൻ രക്ഷിക്കട്ടെ.

ഞാൻ, മൌലികമായും, ഒരു സമാധാനപ്രേമിയാണു്. ഹിന്ദുക്കൾക്കിടയിൽ കലഹങ്ങൾ സൃഷ്ടിയ്ക്കാൻ എനിക്കു് ലവലേശം ആഗ്രഹമില്ല. തമ്മിൽത്തമ്മിൽ കൂടിയാലോചിച്ചു് ഒരു ധാരണയിലെത്താൻ ശ്രമിക്കുകയാണു് സനാതനമതക്കാർക്കും പരിഷ്കർത്താക്കൾക്കും നല്ലതു്. പക്ഷെ, ആ ശ്രമം പരാജയപ്പെടുകയാണെങ്കിൽ, ഇരുകൂട്ടരും സമാധനകരവും അഭിമാനകരവുമായ സമ്പ്രദായങ്ങളെ അവലംബമാക്കണം. ഇരുകൂട്ടരും അന്യോന്യം പൊറുക്കാൻ പഠിയ്ക്കണം. ഞാൻ ഒരു സനാതനമതക്കാരനും, പരിഷ്കർത്താവുമാണെന്നു് വിശ്വസിയ്ക്കുന്നു. സവർണ്ണഹിന്ദുക്കൾക്കു് ഹരിജനങ്ങളുടെ നേർക്കുണ്ടാകാവുന്ന സന്മനോഭാവമത്രയും എന്നിൽ സമാഹരിയ്ക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. ആ ശ്രമത്തിൽ ഞാൻ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്നു് ഈശ്വരനു് മാത്രമേ അറിയാവൂ. ഹരിജനങ്ങളുടെ കണ്ണുകൊണ്ടു് കാണാനും അവരുടെ ഹൃദയങ്ങളിൽ എന്തു നടക്കുന്നുവെന്നു് മനസ്സിലാക്കാനും, എന്നെപ്പോലെ പരിപൂർണ്ണനല്ലാത്ത ഒരു മനുഷ്യനു് കഴിവുള്ളിടത്തോളം നന്നായി ഞാൻ ശ്രമിയ്ക്കുന്നുണ്ടു്. മുഴുവൻ സത്യവും അറിയുക മനുഷ്യനെളുതല്ല. അവൻ കാണുന്ന രീതിയിലുള്ള സത്യമനുസരിച്ചു് ജീവിയ്ക്കുകയാണു് അവൻെറ കടമ. അങ്ങനെ ചെയ്യുമ്പോൾ, ഏററവും പവിത്രമായ മാർഗ്ഗങ്ങളെ, അതായതു് അഹിംസയെ, അവലംബിയ്ക്കുകയെന്നുള്ളതും അവൻെറ കടമയാണു്. സനാതനമതക്കാരുടെ വികാരങ്ങളെ വ്രണപ്പെടുത്താൻ ഞാൻ ആഗ്രഹിയ്ക്കുന്നില്ല. അവരെ എൻെറ അഭിപ്രായത്തിലേയ്ക്കു് ഏററവും മൃദുവായ രീതിയിൽ പരിവർത്തനം ചെയ്യാനാണു് ഞാൻ ആഗ്രഹിയ്ക്കുന്നതു്. എനിയ്ക്കു കഴിയുമെങ്കിൽ, അവരുടെ ഹൃദയങ്ങളിലേയ്ക്കു് ഒളിഞ്ഞുകയറാൻ ഞാൻ ആഗ്രഹിയ്ക്കുന്നു. എൻെറ ക

ഷ്ടപ്പെട്ടുകൊണ്ടു് അവരുടെ ഹൃദയങ്ങളെ ഉരുക്കാൻ ഞാൻ ഇഷ്ട പ്പെടുന്നു. ഇന്നു നാം ആചരിക്കുന്ന രീതിയിലുള്ള അയിത്തത്തിനു് ശാസ്ത്രങ്ങളിൽ യാതൊരു അനുമതിയുമില്ലെന്നു് ഞാൻ ഉറപ്പായി വിശ്വസിക്കുന്നു. എന്നാൽ, ശാസ്ത്രങ്ങൾ എന്തിനെയൊക്കെ പിൻതാങ്ങുന്നുവെന്നും, എന്തിനെ പിൻതാങ്ങുന്നില്ലെന്നുമുള്ള ഒരു ചർച്ചയിലേയ്ക്കു് കടക്കാൻ ഞാൻ അഭിലഷിയ്ക്കുന്നില്ല. ഞാൻ കാണുന്ന രീതിയിലുള്ള സത്യം എനിയ്ക്കു കഴിയുന്നത്ര എളിമയോടെ നിങ്ങളുടെ മുമ്പാകെ വയ്ക്കുക മാത്രമാണു് ഞാൻ ചെയ്യുന്നതു്. ആ സത്യമനുസരിച്ചു് ജീവിയ്ക്കാനുള്ള ഒരു ഒടുങ്ങാത്ത ശ്രമത്തിൽ, വേണ്ടിവന്നാൽ, എന്റെ ജീവൻ ത്യജിയ്ക്കാൻപോലും ഞാൻ തയ്യാറാണു്. അയിത്തം ഉന്മൂലനം ചെയ്യില്ലെങ്കിൽ, ഹിന്ദുമതവും ഹിന്ദുക്കളും തീർച്ചയായും നശിയ്ക്കുമെന്നു്, സംശയത്തിന്റെ നിഴലാട്ടംപോലുമില്ലാതെ, എന്റെ മനസ്സിനു് വ്യക്തമാണു്. 10 വയസ്സുള്ള ഒരു കുട്ടിയായിരുന്നപ്പോൾമുതല്ക്കു് ഞാൻ അയിത്തത്തെ ഒരു പാപമെന്നു് കരുതിപ്പോന്നിട്ടുണ്ടു്. ജനനത്തെ ആധാരമാക്കിയുള്ള അയിത്തം സമ്മതിച്ചുകൊടുക്കാൻ എന്റെ ഹൃദയത്തിനു് ഒരിയ്ക്കലും കഴിഞ്ഞിട്ടില്ല. കഴിവിന്റെ പരമാവധിയുപയോഗിച്ചു് ശാസ്ത്രങ്ങൾ പഠിയ്ക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. കഴിയുന്നത്ര പണ്ഡിതന്മാരോടു് ഞാനാലോചിച്ചിട്ടുണ്ടു്. അവരിൽ ഭൂരിപക്ഷവും എന്റെ വീക്ഷണത്തെ പിന്താങ്ങിയിട്ടുമുണ്ടു്. പക്ഷെ, സത്യം ഗ്രന്ഥങ്ങളിലല്ല കണ്ടെത്തേണ്ടതു്; സത്യം ഓരോ മനുഷ്യഹൃദയത്തിലും വസിയ്ക്കുന്നു. അതിനായി അന്വേഷിക്കേണ്ടതു് അവിടെയാണു്. ഓരോരുത്തനും അവനവൻ കാണുന്ന സത്യത്താൽ നയിയ്ക്കപ്പെടണം. പക്ഷെ സത്യത്തെക്കുറിച്ചുള്ള തന്റെ സ്വന്തം വീക്ഷണമനുസരിച്ചു് പ്രവത്തിയ്ക്കാൻ മററുള്ളവരെ നിർബ്ബന്ധിപ്പിയ്ക്കുന്നതിനു് ആക്കും അവകാശമില്ല.

ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശനത്തെ അനുകൂലിയ്ക്കുന്ന ഇവിടെയുള്ള ക്ഷേത്രദശ്നക്കാരോടു്, ഈ വഴിമുടക്കിയ സനാതനമതക്കാർ ആ സ്ഥലം വിട്ടതിനുശേഷമേ ക്ഷേത്രത്തിൽ കയറാവൂ എന്നു് ഞാൻ അഭ്യത്ഥിയ്ക്കുന്നു. അവരുടെ മേൽ ഒരു വിജയംനേടാൻ നാം ആഗ്രഹിയ്ക്കുന്നില്ല. അവരോടു് ദേഷ്യപ്പെടരുതു്. അവരെ അപമാനിക്കരുതു്; നേരേമറിച്ചു്, അവർക്കു് വിശപ്പുണ്ടെങ്കിൽ, അവർ നിങ്ങളുടെ ആതിഥ്യം സ്വീകരിയ്ക്കുമെങ്കിൽ, അവക്കു് ആ

ഹാരം കൊടുക്കണം. അവരെ സ്നേഹത്താൽ ജയിച്ചടക്കണം. അവക്കെതിരായി നാം പോലീസിൻെറ സഹായം ആവശ്യപ്പെടരുതു്; ഞാൻ ഒരു നിസ്സഹകാരിയായതുകൊണ്ടല്ല ഇതു് പറയുന്നതു്. അപ്രതികാരനിയമത്തിൽ ഞാൻ വിശ്വസിക്കുന്നതുകൊണ്ടാണു്. ബലപ്രയോഗംകൊണ്ടോ, തെമ്മാടിത്തംകൊണ്ടോ മതത്തെ ഒരിക്കലും സംരക്ഷിയ്ക്കാനൊക്കുകയില്ലെന്നു് ഞാൻ വിശ്വസിയ്ക്കുന്നു. അതു് തപസ്സും യാതനയും കൊണ്ടുമാത്രമേ ആവുകയുള്ളു. അതുകൊണ്ടു്, തപശ്ചര്യയുടെ അവസാനകർമ്മമായി, വേണ്ടിവന്നാൽ, എൻെറ ജീവിതം ഉപേക്ഷിയ്ക്കാൻ ഞാൻ തയ്യാറാണു്.

*ഹരിജൻ, നവംബർ 24, 1933*

## മതപരമായ കടപ്പാടു്

ഹരിജനസേവനം മതപരമായ ഒരു കടപ്പാടാണു്. അതിൽ കൌശലത്തിനിടമില്ല. അതു് തികച്ചും സത്യസന്ധവും അഹിംസാപരവുമായിരിയ്ക്കണം. യാതനയും തപസ്സുംകൊണ്ടു മാത്രമേ അതു് നിറവേററാനാകൂ. ആത്മശുദ്ധീകരണം കൂടാതെ ഹരിജനങ്ങളുടെ വിശ്വാസമാർജ്ജിയ്ക്കാൻ നമുക്കു് കഴിയുകയില്ലെന്നു് നാം വളരെ ശങ്കിയ്ക്കുന്നു. ഇന്നു് നാം ചെയ്യുന്നതത്രയും സംശയത്തോടും അവിശ്വാസത്തോടുംകൂടി അവർ വീക്ഷിയ്ക്കുന്നെങ്കിൽ, അതു് നമ്മെ വിസ്മയിപ്പിക്കരുതു്. ഇതുവരെ നാം അവരുടെ ചുമലുകളിലേറി സവാരി ചെയ്യുകയായിരുന്നു. നാം അവരോടു നീതി കാട്ടുകയും, മററു ഹിന്ദുക്കളെപ്പോലെ അവരെ കരുതുകയും ചെയ്യുന്നുണ്ടെങ്കിൽ, നാം താഴെയിറങ്ങിയേ തീരൂ. അവർ നമ്മെ ബഹിഷ്കരിയ്ക്കുകയും, തൊട്ടുകൂടാത്തവരാക്കുകയും ചെയ്യുകയാണെങ്കിൽ, ജീവിതംതന്നെ അസഹ്യമാവുകയും, നിലച്ചുപോവുകയും ചെയ്യുമെന്നു് നിങ്ങൾക്കു് ബോധ്യമില്ലേ?

ഹരിജനങ്ങളോടുള്ള നമ്മുടെ മലീമസമായ പെരുമാററംകൊണ്ടു് ആധ്യാത്മികമായി മാത്രമല്ല, ഭൌതികമായും നമുക്കു ചേതം വരുന്നുണ്ടെന്നു് തെളിയിയ്ക്കാൻ കഴിയും. ഒരു സമൂഹം അതിന്റെ സേവകരുടെ ക്ഷേമത്തോടു് അലക്ഷ്യമായിരുന്നാൽ അതു് ഒരു ഭാരിച്ച ഭൌതികനഷ്ടം അനുഭവിയ്ക്കുമെന്നു് പാശ്ചാത്യശാസ്ത്രം കണ്ടുപിടിച്ചിട്ടുണ്ടു്. സമൂഹം ഹരിജനങ്ങളോടു് നല്ലവണ്ണം പെരുമാറുകയും, ശാരീരികശുചിത്വത്തിലും പരിസരശുചിത്വത്തിലും അവക്കു് ബോധനം നൽകുകയും ചെയ്താൽ, അതിനു് ഭൌതികമാ

യി വളരെയധികം നേട്ടമുണ്ടാകുമെന്നു് മനസ്സിലാക്കാൻ നമുക്കു് വളരെ എളുപ്പമാണു്. യഥാർത്ഥ ഭൗതികക്ഷേമവും മതപരമായ കടപ്പാടുകളുടെ നിർവ്വഹണവുമായി പൊരുത്തക്കേടില്ല, മതപരമായ ഒരു ജീവിതത്തിൻെറ പ്രവർത്തനം ഏതാണ്ടു് 50 കൊല്ലം നിരീക്ഷിച്ചതിൽ, മേൽപറഞ്ഞ നിരീക്ഷണം സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു. യഥാർത്ഥമതവുമായി പൊരുത്തപ്പെടാത്ത പെരുമാററം ഐഹികനഷ്ടത്തിനിടയാക്കുന്നുവെന്നു് കാണിക്കാൻ കഴിയും. നാം ഹരിജനങ്ങളോടു് ശരിയായി പ്രവർത്തിക്കുകയും, നമ്മുടെ ഹൃദയങ്ങളിൽനിന്നു് അയിത്തത്തെ കഴുകിക്കളയുകയും ചെയ്താൽ, വർഗ്ഗീയൈക്യം നേടുന്നതിലേക്കു് നാം വലിയൊരു ചുവടുവച്ചതായി കാണാമെന്നു്, ഒരു പടികൂടി മുമ്പോട്ടുപോയി, ഞാൻ വാദിക്കുന്നു.

എൻെറ ഹരിജനപ്രവർത്തനത്തിൻെറ പിന്നിൽ രാഷ്ട്രീയോദ്ദേശ്യമൊന്നുമില്ലെന്നു് ഞാൻ പറയുമ്പോൾ, നിങ്ങളെന്നെ വിശ്വസിക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നു. അയിത്തോച്ചാടനത്തിൻെറ രാഷ്ട്രീയഭവിഷ്യത്തുകൾ എന്നെ ആകർഷിക്കുന്നില്ല. വാസ്തവത്തിൽ, ഒരു രാഷ്ട്രീയോദ്ദേശ്യത്തോടുകൂടി ഈ പ്രശ്നത്തെ സമീപിച്ചാൽ, ഹരിജനങ്ങളെ സേവിക്കുന്നതിൽ ഞാൻ പരാജയപ്പെടുകയും, ഹിന്ദുമതത്തിനു് കേടുപാടു വരുത്തുകയും ചെയ്യുമെന്നു് ഞാൻ വിശ്വസിക്കുന്നു. യഥാർത്ഥമായ അയിത്തോച്ചാടനത്തിനു് രാഷ്ട്രീയഭവിഷ്യത്തുകളുണ്ടായിരിക്കുമെന്നുള്ളതു് പരമാർത്ഥംതന്നെ. ഒരു കടമ മതനിഷ്ഠയോടെ നിർവ്വഹിച്ചാൽ, അതോടൊപ്പം മററുപല ഭവിഷ്യത്തുകളുമുണ്ടാകും. ''ആദ്യം ദൈവരാജ്യം തേടുക, മറെറല്ലാം നിന്നിലേക്കു് ചേർക്കപ്പെടും.'' എൻെറ മനസ്സിൽ ഇതു് ഒരു ശാസ്ത്രീയസത്യമാണു്.

*ഹരിജൻ, ഡിസംബർ 1, 1933*

## ഒരു ഹരിജനസേവകൻെറ വിഷമതകൾ

(ഒരു നല്ല ഹരിജനസേവകൻ, വലിയ ഫലമൊന്നും കാണാതെ, നാലുകൊല്ലം പാടുപെട്ടു; തൻെറ സ്ഥാപനത്തിനു് ഹരിജൻസേവക് സംഘത്തിൽനിന്നു് വേണ്ടത്ര പണം നേടുന്നതിൽ അയാൾ പരാജയപ്പെട്ടു, യുവജനങ്ങളുടെ സഹാനുഭൂതി ആർജ്ജിക്കുന്നതിൽ അയാൾ പരാജയപ്പെട്ടു; അവർ കുറച്ചു ദിവസത്തേക്കു് വന്നു്, കുറേക്കാലം അയാളോടൊപ്പം പ്രവർത്തിക്കുകയും, പ്രവർത്തനം

രസകരമല്ലെന്നു കണ്ടു്, പൊടുന്നനവേ അവിടം വിട്ടുപോവുകയും ചെയ്തിരുന്നു; ഹരിജനങ്ങൾക്കിടയിൽ അവക്കുവേണ്ടി പ്രവത്തിച്ച്, അവരുടെ ജീവിതനിലവാരം താഴ്ത്തിക്കളഞ്ഞുവെന്നു് ആരോപിച്ച അബ്രാഹ്മണർ, അയാളുടെ വഴിയിൽ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു; കുറേക്കൂടി വൃത്തിയുള്ള ജീവിതം നയിക്കാമെന്നും, മദ്യവും ചത്ത മൃഗങ്ങളുടെ ഇറച്ചിയും വർജ്ജിക്കാമെന്നും, പ്രതിജ്ഞ ചെയ്ത ഹരിജനങ്ങളിൽ പലരും അവരുടെ പ്രതിജ്ഞ നിറവേററിയില്ലെന്നതിനാൽ, പല്പോഴും അവർ അയാളിൽ നിരാശയുളവാക്കി; അങ്ങനെ അങ്ങനെ പലതും... പാടുപെട്ടു തുടരുക എന്നല്ലാതെ, മററു യാതൊരു സന്ദേശവും അയാൾക്കു് നല്കുവാൻ ഗാന്ധിജിക്കില്ലായിരുന്നു.)

ഒരു രാഷ്ട്രത്തിൻെറ ജീവിതത്തിൽ നാലു കൊല്ലം എന്താണു്? നൂററാണ്ടുകളുടെ പ്രതികൂലമനോഭാവങ്ങളെ ജയിച്ചടക്കണമെന്നോക്കമ്പോൾ, അനന്തമായ കാലത്തിൻെറ വിശാലപ്പരപ്പിൽ ഒരു ജീവിതകാലം തന്നെയുമെന്താണു്? നാം വേണ്ടത്ര ശ്രമിച്ചുവോ? വേണ്ടത്ര കഷ്ടപ്പെട്ടുവോ? ബുക്കർ ററീ വാഷിംഗ്ടണെ നോക്കുക! അദ്ദേഹം കഷ്ടപ്പെട്ടത്രയും നമ്മളിൽ ആരെങ്കിലും കഷ്ടപ്പെട്ടിട്ടുണ്ടോ? ഹരിജനങ്ങളുടെ ദുരിതങ്ങൾ നാം വർണ്ണിക്കാറുണ്ടു്. പക്ഷെ, നാം എപ്പോഴെങ്കിലും, അവരോടൊപ്പം ആ ദുരിതങ്ങളിൽ പങ്കു കൊണ്ടിട്ടുണ്ടോ? പട്ടിണി കിടക്കേണ്ടതു് അവരാണെന്നും, നാം പട്ടിണി കിടക്കുന്നില്ലെന്നും കാണുവാൻ തക്ക സൂക്ഷ്മബുദ്ധി അവക്കുണ്ടു്; നമുക്കു് കുടിക്കുവാൻ വൃത്തിയുള്ള ധാരാളം വെള്ളം ഉണ്ടു്. അവരാശ്രയിക്കേണ്ടിവരുന്നതു് അഴുക്കു നിറഞ്ഞ കുളങ്ങളെയാണു്.

ഹരിജൻ സേവക്സംഘ് നിങ്ങൾക്കു് പണം തരുന്നില്ല. അതെ, അതിൻെറ നോട്ടത്തിൽ അതു് ശരിയാണു്. തെററായ അററത്തുനിന്നാണു് നാം തുടങ്ങിയതു്, നമ്മുടെ സ്വന്തം ശക്തിയെ ആശ്രയിക്കുന്നതിനു പകരം, നാം പുറമേനിന്നുള്ള സഹായത്തെ ആശ്രയിക്കുന്നു. കരണ്ടിയിൽ കോരിത്തരുന്ന ആഹാരം കഴിക്കുന്നതു് നാം നിർത്തലാക്കേണ്ട സമയമായിരിക്കുന്നു. കുട്ടികളെ വരാന്തകളിൽ ഇരുത്തിയോ, അല്ലെങ്കിൽ അവരുടെ സ്വന്തം പുരകളിൽ ഇരുത്തിയോ, എന്തുകൊണ്ടു് പഠിപ്പിച്ചുകൂടാ? അങ്ങിനെ എന്തുകൊണ്ടു് സ്കൂളിനെ മണ്ണിൽനിന്നുള്ള ഒരു സ്വാഭാവിക വള

ച്ച്യയായിക്കൂടാ? നിങ്ങളുടെ ധാന്യങ്ങളും സസ്യങ്ങളും വളത്തുന്ന തിൽ അവരുടെ സഹായം എന്തുകൊണ്ടു് നേടിക്കൂടാ? അങ്ങനെ, അവരെ പാർപ്പിക്കുന്ന മന്ദിരത്തിൻെറ ചെലവുകൾ കുറച്ചുകൂടേ? തിരുവനന്തപുരത്തുള്ള ഒരു സ്കൂൾ ദില്ലിയെ ആശ്രയിക്കുന്നതു് അപഹാസ്യമാണു്. അതു് എത്രായാ അസ്വാഭാവികമാണു്. പ്രാരംഭഘട്ടങ്ങളിൽ അതാവശ്യമായിരുന്നിരിക്കാം. പക്ഷെ ഇപ്പോൾ ആവശ്യമായിക്കൂടാ. തൻെറ ശമ്പളത്തിനായി ദില്ലിയെ ആശ്രയിക്കുന്ന സ്കൂളിൻെറ മേലധികാരി അവിടെ ഒരു വിദേശീയനാണു്. അയാൾ ഹരിജനങ്ങളുമായി പരിപൂർണ്ണസാത്മ്യം പ്രാപിച്ചാൽ, അവരുടെ അല്പമാത്രമായ ധനം അയാളുമായി അവർ പങ്കിടും. അയാൾ പട്ടിണി കിടക്കാൻ തീർച്ചയായും അവർ അനുവദിക്കുകയില്ല. കൂടെക്കൂടെ കേന്ദ്രബോർഡിനെ ഉററുനോക്കുന്നതുകൊണ്ടു് പ്രയോജനമില്ല. കേന്ദ്രബോർഡ് ഈ ഏർപ്പാട്ടു് മുഴുവനും ഭംഗിയായി നടത്താൻ നോക്കും. പക്ഷേ ഞരമ്പുകൾ ശാഖകളിൽനിന്നു്, അതായതു് പ്രവശ്യാബോർഡുകളിൽനിന്നു വരണം. എൻെറ മനസ്സു് ദിവസവും എത്രയോ അനവധി കണ്ടുപിടിത്തങ്ങൾ നടത്തുന്നുണ്ടു്. അതുകൊണ്ടു്, പിരിവുകൾ വേണ്ടെന്നുവെയ്ക്കാമെന്നുപോലും എനിക്കു് തോന്നുന്നു. നമുക്കു പണമില്ലെങ്കിൽ മററു് വിഭവമാർഗ്ഗങ്ങളുണ്ടു്. അവ കണ്ടെത്താനുള്ള കല അറിഞ്ഞാൽമാത്രം മതി.

ഹരിജനങ്ങൾ നിങ്ങളുടെ നിരാശയ്ക്കു് കാരണമാകുന്നതെന്തിനു്? തങ്ങളുടെ ശപഥങ്ങൾ പാലിക്കാൻ കഴിവുള്ള അനേകം പേരെ എനിക്കു് കാണിച്ചുതരൂ. നമ്മളൊക്കെ നമ്മുടെ ശപഥങ്ങളെല്ലാം പാലിച്ചിട്ടുണ്ടോ? പിന്നെ, അവർ ചത്ത മൃഗങ്ങളുടെ ഇറച്ചി തിന്നുന്നതിനെപ്പററി, നാം ഇത്ര പെരുപ്പിക്കുന്നതെന്തിനു്? അവർ അതു് ഉപേക്ഷിക്കണമെന്നു് നാം നിസ്സംശയമായും ആഗ്രഹിക്കുന്നു. പക്ഷെ, അവരോട്ടു് അക്ഷമരായതുകൊണ്ടു് കാര്യമില്ല. പല സവർണ്ണഹിന്ദുക്കളും മാംസം തിന്നുമെങ്കിൽ, സ്വാഭാവികമായി അവർ ചത്ത മൃഗങ്ങളുടെ ഇറച്ചി തിന്നും. മാംസവും ചത്ത മൃഗങ്ങളുടെ ഇറച്ചിയും തമ്മിൽ രാസപരമായ വ്യത്യാസമൊന്നുമില്ല. പുതിയ മാംസവും പുതുതായി ചത്ത മൃഗത്തിൻെറ ഇറച്ചിയും തമ്മിൽ തിരിച്ചറിയാൻ അസാദ്ധ്യമായിരിക്കുമെന്നു് ഡോ. ദേശ്മുഖ് എനിക്കു് എഴുതിയതു് ഓക്കുമല്ലോ? അല്ലെങ്കിലും, ഇതിൻെറ യുക്തി ഹരിജനങ്ങളുടെ അട്ടക്കലാണു്.

ധനികനായ ഒരു ഹിന്ദുവിനു്, തനിയ്ക്കുവേണ്ടി ഒരു ആടിനെ വെട്ടിയ്ക്കാൻ കഴിഞ്ഞേക്കും. പക്ഷെ, ഒരു പാവപ്പെട്ട ഹരിജൻ എന്തു ചെയ്യാനാണു്? നിങ്ങൾ അയാൾക്കു് ജീവനുള്ള ആടിനെ കൊടുക്കുകയുമില്ല. യാദൃച്ഛികമായി അയാൾക്കു കിട്ടുന്ന ചത്ത ആടിൻെറ ഇറച്ചി തിന്നാൻ, അയാളെ അനുവദിയ്ക്കുകയുമില്ല. നമ്മിൽനിന്നു് പോയതായി കണ്ടെത്താൻ കഴിയാത്ത യാതൊരു ദൂഷ്യവും ഹരിജനങ്ങൾക്കിടയിലില്ലെന്നു് നാം മനസ്സിലാക്കണം. തപസ്സത്രയും ചെയ്യേണ്ടതു് നമ്മളാണു്. കോടിക്കണക്കിനു് സവർണ്ണഹിന്ദുക്കൾ മാംസം തിന്നുന്നതു് നിർത്തുമെങ്കിൽ, ഹരിജനങ്ങൾ ചത്ത മൃഗങ്ങളുടെ ഇറച്ചി തിന്നുന്നതു് ഇന്നുതന്നെ നിൎത്തും.

*ചോദ്യം:* അവരുടെ വൃത്തികെട്ട കുടിലുകൾ ഉപേക്ഷിച്ചു്, നമ്മുടെ ഇടയിൽ വന്നു് പാർക്കാൻ അവരോടു് ആവശ്യപ്പെട്ടുമോ?

*ഉത്തരം:* അതു് പറയാൻ വളരെ എളുപ്പമാണു്, ചെയ്യാനെളുപ്പമല്ല. എല്ലാ സവർണ്ണഹിന്ദുക്കളും പരിഷ്കർത്താക്കളായാൽ, നിങ്ങളുടെ ചോദ്യം ഉദിയ്ക്കുകയില്ല. ഹരിജനങ്ങൾ സവർണ്ണരുടെ പാർപ്പിടങ്ങളിൽ താമസിച്ചാൽ, അപമാനത്തിൽനിന്നു് അവരെ രക്ഷിയ്ക്കാനുള്ള ശക്തി ഇന്നു് പരിഷ്കർത്താക്കൾക്കുണ്ടായിരിയ്ക്കില്ല. ഹരിജനങ്ങളെ ഇടവിടാതെ മൎദ്ദിയ്ക്കുന്നിടങ്ങളിൽനിന്നു് അവർ കൂട്ടത്തോടെ താമസം മാറ്റണമെന്നു് ഞാൻ പറയുന്നു.

*ചോദ്യം:* അവൎക്കുവേണ്ടി ഒരു ഉപനയനച്ചടങ്ങു് നടത്തിക്കൂടേ?

*ഉത്തരം:* പാടില്ല. കാരണം, അവർ താണവരാണെന്നും, കുറേക്കൂടി ഉയർന്ന ഒരു പദവിയിലേയ്ക്കു് അവരെ ഉയർത്തേണ്ടതുണ്ടെന്നുമുള്ള സങ്കല്പം അതിൽ അന്തർഭവിയ്ക്കുന്നു. അവരെ സംബന്ധിച്ചു് താണതായി യാതൊന്നുമില്ല. അവരിൽ താണതായി കാണപ്പെട്ടുന്നതെല്ലാം നമ്മുടെതന്നെ ഭയങ്കരമായ താഴ്ചയുടെ ഒരു പ്രതിഫലനമാണു്. ഒരു രോഗിയായ കുട്ടി എനിയ്ക്കുണ്ടെന്നു വയ്ക്കുക. ഞാൻ അതിനെ എന്തു ചെയ്യണം? ഞാൻ അതിനെ എറിഞ്ഞുകളയണോ? അതിനെ താണതായി കരുതണോ? പാടില്ല. എൻെറ പാപങ്ങൾക്കായി അതു് കഷ്ടപ്പെട്ടുകയാണെന്നും, അതുകൊണ്ടു് എന്നിൽനിന്നു് അതു് കൂടുതൽ പരിചരണം അർഹിയ്ക്കുന്നുണ്ടെന്നും

ഞാൻ എന്നെത്തന്നെ ഓർമ്മിപ്പിക്കേണ്ടിയിരിയ്ക്കുന്നു. എന്നാൽ ഇവിടെ ഹരിജനങ്ങളെ സംബന്ധിച്ചാണെങ്കിൽ, അവർ നമ്മെക്കാൾ എത്രയോ മേലേക്കിടയിലുള്ളവരാണെന്ന് അക്ഷരംപ്രതി വാദിയ്ക്കുന്നുണ്ടെന്ന് ഞാൻ പറയുന്നു. നമ്മുടെ മർദ്ദനങ്ങളൊക്കെ ഉണ്ടായിട്ടും, അവർ നമ്മുടെ കൂടെ കഴിഞ്ഞു; ഇപ്പോഴും അവർ നമ്മെ പററിപ്പിടിച്ചു നില്ക്കും. അവക്ക് യാതൊരു സ്ഥാനവുമില്ലെന്ന് ചില അനുയായികൾ പറയുന്നതായ ഒരു മതത്തിൽ, അവർ ഇപ്പോഴും പററിപ്പിടിച്ചു നില്ക്കുന്നതു്, എനിയ്ക്കു് അത്ഭുതങ്ങളിൽ വച്ചു് അത്ഭുതമാണ്. ഇക്കാലമത്രയും നാം ഇരുന്നിരുന്ന ഉന്നതപീഠത്തിൽനിന്ന് താഴോട്ടിറങ്ങിവന്ന്, അവരോടൊപ്പം നമുക്കു സ്വാഭാവികമായുള്ള സ്ഥാനം എടുത്തേ തീരൂ.

*ഹരിജൻ, ജൂൺ 15, 1935*

ഹരിജനു് പരിഹാരം നേടേണ്ടതെങ്ങിനെയെന്ന് അറിഞ്ഞുകൂടാ. അയാൾക്കു് ആത്മരക്ഷയ്ക്കുള്ള ഇച്ഛാശക്തിയില്ല. തന്റെ മാനുഷികമായ അന്തസ്സിനെക്കുറിച്ചോ, സഹോദരമനുഷ്യരുടെ അഹന്തയ്ക്കെതിരായി സ്വയം രക്ഷിയ്ക്കാനുള്ള ആന്തരികശേഷിയെക്കുറിച്ചോ അയാൾ തികച്ചും അജ്ഞനാണ്. ഹിംസിയ്ക്കുന്നവക്കിടയിൽ അറിവിൻെറ പന്തം കൊണ്ടുചെല്ലേണ്ടതു് പരിഷ്കർത്താവാണ്. കാരണം, അവർ ചെയ്യുന്നതെന്താണെന്നു് അവരറിയുന്നില്ല. അവക്കിടയിൽ ലഘുലേഖകൾ വിതരണം ചെയ്യാവുന്നതാണ്. പക്ഷെ, സവർണ്ണദണ്ഡകന്മാർ അപൂർവ്വമായിട്ടേ വർത്തമാനപ്പത്രങ്ങളും ലഘുലേഖകളും വായിയ്ക്കാറുള്ളൂ അവർ വാചാലന്മാരല്ല. സ്വയം സംതൃപ്തരാണ്. അവരെ സമീപിക്കാനുള്ള ഏകമാർഗ്ഗം നേരിട്ടുള്ള സമ്പക്കമാണ്. വേണ്ടിവന്നാൽ, അവരുടെ സ്വന്തം വീടുകളിൽ ചെന്നു് അവരെ സന്ദർശിയ്ക്കണം. അവരുടെ ഗ്രാമങ്ങളിൽ യോഗങ്ങൾ വിളിച്ചുകൂട്ടി പ്രസംഗിയ്ക്കണം. ദേഷ്യവും പ്രഖ്യാപനങ്ങളും അവരുടെ അജ്ഞത ചികിത്സിച്ചു മാററുകയില്ല. കന്നുകാലിരോഗങ്ങൾ എങ്ങിനെ പിടിപെടുന്നുവെന്നും, ശ്രദ്ധാപൂർവ്വമായ ചികിത്സകൊണ്ടു് എങ്ങിനെ അവയെ തടയാമെന്നും, അല്ലെങ്കിൽ ചികിത്സിച്ചുമാററാമെന്നും, അവരെ പറഞ്ഞു മനസ്സിലാക്കുന്ന അറിവിൻെറ പ്രചാരമാണ് അജ്ഞതയോടു് പൊരുതാനുള്ള ഏററവും എളുപ്പത്തിലുള്ള മാർഗ്ഗം.

ഇതിനൊക്കെ പ്രചരണം നടത്തുന്നവരുടെ പക്കൽനിന്നു് ക്ഷമാപൂർണ്ണമായ അധ്വാനം വേണ്ടിവരും. അപമാനിയ്ക്കപ്പെടുന്ന പാവപ്പെട്ട ഹരിജനങ്ങളെ സംരക്ഷിക്കാൻ, ബന്ധപ്പെട്ട സംസ്ഥാനങ്ങളെക്കൊണ്ടും നടപടിയെടുപ്പിയ്ക്കണം. അനവധി പരിഷ്ക്കർത്താക്കളുള്ളിടത്തു്, അവർ ഹരിജനങ്ങളുടെ ഇടയിൽ പാർക്കുകയും, അവരുടെ സാന്നിദ്ധ്യം അപമാനത്തെ തടയുന്നില്ലെങ്കിൽ, ഹരിജനങ്ങളുടെ കഷ്ടപ്പാടുകളിൽ പങ്കു ചേരുകയും വേണം. അജ്ഞതയ്ക്കെതിരായുള്ള ഈ പ്രസ്ഥാനത്തിൽ സനാതനമതക്കാരുടെ സഹായമാവശ്യപ്പെടണം. അജ്ഞരായ, വഴിപിഴച്ച, സവർണ്ണർ തികച്ചും നിർദ്ദോഷികളായ ഹരിജനങ്ങളുടെ മേൽ നടത്തുന്ന ക്രൂരമായ മർദ്ദനത്തെ വിവേകമുള്ള യാതൊരു സനാതനമതക്കാരനും ന്യായീകരിയ്ക്കില്ലെന്നു് എനിയ്ക്കു തീർച്ചയുണ്ടു്.

*ഹരിജൻ, ആഗസ്റ്റ് 31, 1935*

അത്ഭുതങ്ങൾ അവയുടെതന്നെ പ്രകടനങ്ങളാണു്. തിരുവിതാംകൂറിലെ അത്ഭുതം നോക്കുക! തിരുവിതാംകൂറിലെ 2000-ത്തിലധികം അമ്പലങ്ങൾ ഹരിജനങ്ങൾക്കു് തുറന്നുകൊടുക്കാമെന്നും, ഏററവും യാഥാസ്ഥിതികരായ ഹിന്ദുക്കളിൽനിന്നു് യാതൊരു തടസ്സവും കൂടാതെ നൂററുക്കണക്കിനു് ഹരിജനങ്ങൾക്കു് അവയിൽ പ്രവേശിയ്ക്കാമെന്നും, ഒരു മാസം മുമ്പു്, ആരും വിശ്വസിച്ചിരുന്നില്ല. എന്നിട്ടും, തിരുവിതാംകൂറിൽ ആ സംഭവം നടന്നിരിയ്ക്കുന്നു. അതിനെ ഒരത്ഭുതമെന്നു് വിളിയ്ക്കാമോ, ഇല്ലയോ എന്നുള്ളതു് വേറൊരു കാര്യം. അദൃശ്യനായ ഈശ്വരൻെറ ദൃശ്യമായ വിരൽ ഞാൻ അതിൽ കാണുന്നു.

*ഹരിജൻ, ഡിസമ്പർ 19, 1936*

## വൈക്കം പ്രസംഗത്തിൽനിന്നു്

വൈക്കം സത്യാഗ്രഹം പ്രമാണിച്ചു് ഞാൻ ഇവിടെ വന്നപ്പോൾ നടന്ന ഒരു ചരിത്രവസ്തുത ഉദ്ധരിയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അന്നു് ക്ഷേത്രവളപ്പിനുള്ളിൽ താമസിച്ചിരുന്നവരും, എൻെറ ഓർമ്മ ശരിയാണെങ്കിൽ, ഏതോ രൂപത്തിൽ ആ ക്ഷേത്രവുമായി ബന്ധപ്പെട്ടിരുന്നവരുമായ ശാസ്ത്രികളുമായി കാര്യമായ ഒന്നിലധികം ചർച്ചകൾ ഞാൻ നടത്തിയിരുന്നുവെന്നുള്ളതു് നിങ്ങളിൽ ചിലർ ഓർക്കുന്നുണ്ടായിരിക്കാം; ഈ സമയത്തു് എനിയ്ക്കു്

ഓർക്കുവാൻ കഴിയുന്നത്ര ശരിയായ രൂപത്തിൽ ഞാൻ ആ ചർച്ച യുടെ ഒരു വിവരണം നിങ്ങൾക്കു നൽകുവാൻ ശ്രമിക്കുകയാണു്. ക്ഷേത്രങ്ങളിലേക്കുള്ള റോഡുകൾപോലും അഹിന്ദുക്കൾക്കെതിരായി നിരോധിക്കപ്പെട്ടിട്ടുണ്ടെന്നുള്ള പ്രസ്താവത്തിന്നു പ്രമാണമായി അവർ ''ശങ്കരസ്മൃതി''എന്ന പേരിൽ ഒരു പുസ്തകം കൊണ്ടുവന്നു. വൈക്കത്തു വരുന്നതിന്നുമുമ്പ് ഞാൻ ഇങ്ങനെയുള്ള ഒരു സ്മൃതി യെപ്പറ്റി ഒരിക്കലും കേട്ടിട്ടില്ല; അതു് ഉദ്ധരിച്ചും കേട്ടിട്ടില്ല. ആ സ്മൃതി വിവർത്തനംചെയ്തു കേട്ടപ്പോൾ, റോഡുകൾ അടയ്ക്കുന്നതിനുള്ള യാതൊരു നിയമാധികാരവും അതിൽ എനിക്കു് കാണുവാൻ കഴിഞ്ഞില്ലെന്നറിയുമ്പോൾ, നിങ്ങൾ ആശ്ചര്യപ്പെട്ടും. പക്ഷേ ശാങ്കരസ്മൃതി തങ്ങളുടെ വാദത്തെ പിന്താങ്ങുന്നുണ്ടെന്നുള്ള വിശ്വാസം മാത്രം മതിയായിരുന്നു അവർക്കെന്നു് ഞാൻ സമ്മതിക്കുന്നു. അന്നു് പോലീസ് കമ്മീഷണരും സീനിയർ മഹാറാണിയുമായി ഞാൻ കൂടിയാലോചന നടത്തുന്ന സമയമായതുകൊണ്ടു്, ഞാൻ ചോദിച്ചു: കൂടിയാലോചനകളുടെ ഫലമായി അവർണ്ണഹിന്ദുക്കൾക്കു് റോഡുകൾ തുറന്നുകൊടുക്കാൻ മഹാറാണി കല്പന പുറപ്പെടുവിച്ചാൽ അവരുടെ മനോഭാവമെന്തായിരിക്കുമെന്നു്. തെല്ലും മടിക്കാതെ, അവർ പറഞ്ഞു. ''ഓ! അതും തികച്ചും മറ്റൊരു കാര്യമാണു്. ഒരു ഹിന്ദുരാജാവിനോ, റാണിക്കോ ഒരു കല്പന പുറപ്പെടുവിക്കാൻ എല്ലാ അവകാശങ്ങളും ഉണ്ടു്. അതിന്നു് സ്മൃതിയുടെ നിയമാധികാരവും ഉണ്ടു്.'' അതു് ഹിന്ദുമതത്തിൽ അന്തർഭവിക്കുന്നുണ്ടെന്നു് അവർ പറഞ്ഞു. എന്തെന്നാൽ, ഹിന്ദുരാജാക്കന്മാർ ഹൈന്ദവവിശ്വാസത്തിൻെറ സങ്കേതങ്ങളാണു്. കല്പനകൾ പുറപ്പെടുവിക്കുവാൻ അവർക്കു് സകല അവകാശങ്ങളുമുണ്ടു്. അവയ്ക്കു് സ്മൃതിയുമായി പൊരുത്തക്കേടൊന്നുമില്ല. അമ്പലങ്ങൾ തുറക്കുന്നതിനും ഇതേ കാര്യം സാധകമാണോ എന്നു് ഞാൻ അവരോടു ചോദിച്ചു. അവർ പറഞ്ഞു ''തികച്ചും സാധകമാണു്.'' ഈ മറുപടി നൽകിയതു് ഇവർ മാത്രമല്ലായിരുന്നുവെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. കൊച്ചിയിലും തമിഴ്നാട്ടിലുമുള്ള ശാസ്ത്രിമാരോടും ഞാൻ ഇതേ ചോദ്യം ചോദിച്ചു. അവരും ഇതേ മറുപടി തന്നെ നൽകി. വാസ്തവത്തിൽ സ്മൃതികളുടേയും പതിനെട്ടു പുരാണങ്ങളുടേയും ചരിത്രപരമായ പരിണാമമിതാണു്. അക്കാലങ്ങളുടെ ആവശ്യമനുസരിച്ചാണു് അവയെല്ലാം നിർമ്മിക്കപ്പെട്ടതു്., അല്ലെങ്കിൽ, പ്രചോദനം നേടിയതു്.

*ഹരിജൻ, ഫെബ്രുവരി 6, 1937*

## ഹരിജനസേവകന്റെ യോഗ്യതകൾ

*ചോദ്യം:* ഒരു ഹരിജനസേവകന്നു് അയാളുടെ പ്രവൎത്തനം അനുഭവപ്പെടുത്തുവാൻ ഉണ്ടായിരിക്കേണ്ട യോഗ്യതകളെന്തെല്ലാം?

*ഉത്തരം:* ഓരോ സേവകനും ഹിന്ദുമതത്തെ ശുദ്ധീകരിക്കാനുള്ള ആവേശത്താൽ ഉത്തേജിതനാകണം; ആ ശ്രമത്തിൽ തന്റെ ജീവൻ ത്യജിക്കാൻ തയ്യാറാകണം. ഇങ്ങിനെയുള്ള ഒരു സേവകൻ ഹിന്ദുമതത്തിന്റെ മേലുള്ള കളങ്കം തുടച്ചുനീക്കാൻവേണ്ടി തന്റെ സൎവ്വസ്വവും —കുടുംബബന്ധങ്ങളും സാമൂഹ്യമേന്മകളും ജിവൻതന്നെയും— ബലിയർപ്പിക്കാൻ തയ്യാറായിരിക്കും. ഈ പ്രവൎത്തനം ജീവിതത്തിലെ മൌലികകൎത്തവ്യങ്ങളിലൊന്നായിരിക്കണം. ഉദാഹരണത്തിന്നു്, പ്രാൎത്ഥന നടത്തുക, നിത്യകൎമ്മങ്ങൾ തുടങ്ങിയ പ്രതിഫലമോ വേതനമോ ഇല്ലാത്ത കൎത്തവ്യങ്ങൾ. ഈ ആവേശത്താൽ പ്രവൎത്തകൻ ഉത്തേജിതനാണെങ്കിൽ അയാൾക്കു് വഴി തെളിഞ്ഞുകിടക്കും. അങ്ങനെ ഒരു പ്രവൎത്തകൻ, ഹരിജനങ്ങൾ പട്ടിണികിടക്കാൻ അനുവദിക്കുന്നതിനേക്കാൾ, തന്നത്താൻ പട്ടിണി കിടക്കും. ഹരിജനങ്ങൾക്കു് നിഷേധിക്കപ്പെടുന്ന സൗകൎയ്യങ്ങൾ ഉപയോഗിക്കാൻ മടിക്കും. ദിവസംതോറും അവരുമായി കൂടുതൽ കൂടുതൽ ഐകീഭാവം അനുഭവിക്കും. രാഷ്ട്രീയഫലങ്ങൾ കണക്കാക്കാതെ, ഹിന്ദുമതത്തെ ശുദ്ധവും സജീവവുമാക്കി നിൎത്താൻ വേണ്ടി മാത്രമായിരിക്കണം ഈ പ്രവൎത്തനം മുഴുവനും ചെയ്യേണ്ടതു്.

*ഹരിജൻ, ഫെബ്രുവരി 1, 1942*

ഹിന്ദുക്കൾ, പേരിൽ മാത്രമല്ല, മനസാവാചാകൎമ്മണാ അതിശൂദ്രരാകണമെന്നു് അടുത്ത കാലത്തായി ഞാൻ പറയാറുണ്ടു്. അതിന്നു് നാമമാത്രമായ തോട്ടിപ്പണി ചെയ്താൽ മാത്രം പോരാ. അതുകൊണ്ടു് ഹരിജനങ്ങളുടെ പാൎപ്പിടകേന്ദ്രത്തിൽ ചെന്നു്, അവരുടെ ഇടയിൽതന്നെ ജീവിക്കുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു.

എന്നാൽ, ഇവിടെ താമസിക്കുന്നതുകൊണ്ടു്, ഹരിജനങ്ങളുമായി ഞാൻ യഥാൎത്ഥജീവിതം പങ്കിടുകയാണെന്നുള്ള വിശ്വാസത്താൽ ഞാൻ സ്വയം വ്യാമോഹിതനാകുന്നില്ല, ചില ഹരിജനപാർപ്പിടകേന്ദ്രങ്ങളും, അവിടങ്ങളിലടിഞ്ഞുകൂടുന്ന അഴുക്കും,

ചപ്പും, ചവറും, വൃത്തികേടും ഞാൻ കണ്ടിട്ടുണ്ട്. ഈ സ്ഥലം മി നുക്കിയിട്ടുണ്ടെന്നും എനിയ്ക്കറിയാം; എനിയ്ക്കും എന്റെ സംഘത്തിനുമായി സേഠ് ബർള ഇവിടെ നൽകിയിട്ടുള്ള സൗകര്യങ്ങളിൽ എനിയ്ക്ക് വല്ലായ്മ തോന്നുന്നു. ഇവിടെ താമസിക്കാനായുള്ള എന്റെ വരവ് ആദ്യത്തെ കാൽവെയ്പാണെന്ന് ഞാനാശിക്കുന്നു, അവസാനത്തേതല്ല. യഥാർത്ഥത്തിൽ ഒരു ഹരിജന്റെ കുടിലിൽ അവിടെ അവർ എനിയ്ക്ക് തരുന്ന ഭക്ഷണം കഴിച്ച് താമസിയ്ക്കുന്ന ആ ദിവസം വരണമെന്നാണ് എന്റെ നിരന്തരപ്രാർത്ഥന. ഞാൻ ആ ദിവസത്തെ ഉററുനോക്കുന്നു. അതിനിടയ്ക്ക് നാലുപാടും ഹരിജനവീടുകളാൽ ചുററപ്പെട്ട ഈ ധർമ്മശാലയിൽ താമസിയ്ക്കാൻ കഴിയുന്നതിൽ എനിയ്ക്ക് അല്പം സംതൃപ്തിയുണ്ട്.

*ന്യൂ ദില്ലിയിൽ വന്നെത്തിയപ്പോൾ, അദ്ദേഹത്തിനെതിരായി വിരോധംപൂണ്ട്, ഹരിജനങ്ങൾ നടത്തിയ ഒരു പ്രകടനത്തെ പററി സംസാരിയ്ക്കുകയാണ്.*

സവർണ്ണരെന്ന് വിളിയ്ക്കപ്പെടുന്നവർ അവരോടു പെരുമാറിയ രീതി കാരണം അവരിൽ കുമിഞ്ഞു കൂടിയിരുന്ന അമർഷം എനിയ്ക്ക് തികച്ചും മനസ്സിലാക്കാൻ കഴിയും: അവർ പ്രതികാരം ചെയ്യാൻ പോലും അഗ്രഹിച്ചേയ്ക്കും. നമ്മൾ പറയുന്നതും ചെയ്യുന്നതും തമ്മിൽ അത്ര സ്പഷ്ടമായ വൈരുദ്ധ്യമുണ്ട്. അക്ഷമ തോന്നാൻ അവക്ക് അവകാശമുണ്ട്. ഹിന്ദുസമൂഹത്തോട് പൊറുക്കണമെന്ന് അവരോട് അഭ്യർത്ഥിക്കാനേ എനിയ്ക്ക് നിർവ്വാഹമുള്ളു. യുഗ പുരാതനമായ ഒരു ദൂഷ്യം ഒരു ദിവസം കൊണ്ട് ഉന്മൂലനം ചെയ്യാൻ സാദ്ധ്യമല്ല. അതു പോയേ തീരൂ; അല്ലെങ്കിൽ ഹിന്ദുമതം നശിയ്ക്കും എന്നെനിക്കറിയാം. അതിനിടയ്ക്ക് നമുക്ക് ചെയ്യാവുന്ന ഏററവും ചുരുങ്ങിയ പ്രായശ്ചിത്തം ഹരിജനങ്ങളുമായി അവരുടെ അവശതകൾ പങ്കിടുകയും പ്രത്യേകാനുകൂല്യങ്ങൾ തന്നത്താൻ നിഷേധിക്കുകയുമാണ്.

## ഇഷ്ടപ്രകാരം ഒരു ഹരിജൻ

എന്റെ ഇഷ്ടപ്രകാരം ഞാൻ തന്നെ ഒരു ഹരിജനായിരിക്കുന്നു. ഹരിജനങ്ങൾക്കും കൂടി വന്നു താമസിക്കുവാൻ കഴിയുന്ന ഒരു സ്ഥലത്തിരിയ്ക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. ജനനം കൊണ്ട് ഹരിജനായിട്ടുള്ള ഒരാൾക്ക് അയാളുടെ വർണ്ണം നിഷേധിയ്ക്കാം. പക്ഷേ, സ്വന്തം ഇഷ്ടംകൊണ്ട് ഹരിജനായിട്ടുള്ള എനി

ട്ടു് അതെങ്ങിനെ കഴിയും? ഹിന്ദുമതത്തിൽനിന്നു് ജാതിബോധത്തിൻെറ വ്രണം നീക്കപ്പെട്ടുകയും, ഹിന്ദുമതം ഭൂമുഖത്തു നശിക്കാതിരിക്കുകയും ചെയ്യണമെങ്കിൽ, സവർണ്ണഹിന്ദുക്കളെല്ലാവരും അതിശൂദ്രരാകണമെന്നു് അവരോട്ടു് പറയാൻ ഞാൻ മടിച്ചിട്ടില്ല.

*ഹരിജൻ, ജൂൺ 9, 1946*

## ഉള്ളിലെ മാററത്തിന്നു് പ്രചരണം വേണ്ട

താൻ ഒരു ഹരിജനായെന്നുള്ള വസ്തുത പ്രസിദ്ധം ചെയ്യാൻ ഒരു ബ്രാഹ്മണ പത്രലേഖകൻ ആവശ്യപ്പെട്ടുന്നു. ഒരു സവർണ്ണഹിന്ദുവെന്ന നിലയിലുള്ള തൻെറ പേരു് സെൻസസിൽനിന്നു് കൂടി നീക്കം ചെയ്യണമെന്നു് അയാൾ ആഗ്രഹിക്കുന്നു. ഏററവും താണ തട്ടെന്നു പറയപ്പെട്ടുന്നതിൽപ്പെട്ട ഹരിജനങ്ങളായി സ്വയം കാണണമെന്നു് എല്ലാ സവർണ്ണഹിന്ദുക്കളോട്ടും ഞാൻ ആവശ്യപ്പെട്ടതിൻെ പരിണാമമാണിതു്. പക്ഷേ, ആന്തരികമായ ഒരു മാററത്തിന്നു് പ്രചരണം നൽകുന്നതിൽ എന്താണു് കാര്യം? മനസ്സുമാററം വന്നയാൾ, ആ മാററം നിത്യജീവിതത്തിൽ ശീലിക്കുകയാണു് ആ മാററത്തിനുള്ള യഥാർത്ഥ തെളിവു്. അതുകൊണ്ടു്, അയാൾ ഭങ്ഗികളുമായി യഥേഷ്ടം കൂടിക്കലരണം. അവരുടെ ജീവിതത്തിൽ യഥേഷ്ടം പങ്കെട്ടുക്കണം. കഴിയുമെങ്കിൽ, അവരുമൊന്നിച്ചു് താമസിയ്ക്കണം. അല്ലെങ്കിൽ, തൻെറ കൂടെ ഒരു ഭങ്ഗിയെ താമസിപ്പിയ്ക്കണം. തൻെറ കുട്ടികളെ ഹരിജനങ്ങൾക്കു് വിവാഹം കഴിച്ചു കൊട്ടുക്കണം. ആരെങ്കിലും ചോദിച്ചാൽ സ്വന്തം അഭീഷ്ടമനുസരിച്ചു് താൻ ഒരു ഹരിജനായിരിക്കുന്നുവെന്നു് അയാൾ പറയണം. സെൻസസിൽ ഏതു ജാതിയിൽ പെട്ടുന്നുവെന്നു ചോദിയ്ക്കുമ്പോൾ, ഒരു ഹരിജനോ ഭങ്ഗിയോ ആയി അയാൾ പേരു് രജിസ്റ്റർ ചെയ്യണം. എന്നാൽ അങ്ങിനെ ചെയ്ത ശേഷം, അയാൾ ഹരിജനങ്ങളുടെ യാതൊരവകാശവും, യാതൊരു കാരണവശാലും, കരസ്ഥമാക്കരുതു്. ഉദാഹരണത്തിന്നു്, അവരുടെ പട്ടികയിൽ ഒരു വോട്ടറായി പേരുൾപ്പെട്ടുത്തരുതു്. മററു വിധത്തിൽ പറഞ്ഞാൽ, അവരുടെ യാതൊരവകാശവും തേടാതെ, ഒരു ഹരിജൻെറ എല്ലാ കർമ്മകളും അയാൾ നിറവേററണം. പ്രത്യേക വോട്ടർ പട്ടിക നിലവിലുള്ളിടത്തോളം, അയാൾ വോട്ടറാകരുതു്.

*ഹരിജൻ, ജൂൺ 16, 1946*

## മിശ്രവിവാഹം

അഭ്യസ്തവിദ്യയായ ഒരു ഹരിജനബാലിക ഒരു സവർണ്ണ ഹിന്ദുവിനെ വിവാഹം കഴിക്കുകയാണെങ്കിൽ, ആ ദമ്പതിമാർ ഹരിജനസേവയിൽ മുഴുകണം. ഇങ്ങിനെയുള്ള വിവാഹത്തിന്റെ ലക്ഷ്യം ഒരിക്കലും സ്വന്തം ആനന്ദമായിരിക്കരുതു്. അതു് അനുചിതമായിരിക്കും. അതു് പ്രോത്സാഹിപ്പിക്കുവാൻ ഒരിക്കലും എനിക്കു് സാദ്ധ്യമല്ല. ഏററവും നല്ല ഉദ്ദേശത്തോടുകൂടി ചെയ്യപ്പെടുന്ന ഒരു വിവാഹം പരാജയമടഞ്ഞേക്കാം. ഇങ്ങിനെയുള്ള വിപര്യയങ്ങൾ ഒഴിവാക്കാൻ സാദ്ധ്യമല്ല. ഒരൊററ ഹരിജനയുവതി ഉയന്ന സ്വഭാവമുള്ള ഒരു സവർണ്ണഹിന്ദുവിനെ വിവഹം കഴിച്ചാലും, അതു് ഹരിജനങ്ങൾക്കും സവർണ്ണ ഹിന്ദുക്കൾക്കും ഒരുപോലെ നല്ലതായിരിക്കും. അവർ ഒരു നല്ല കീഴ് വഴക്കം സൃഷ്ടിക്കും. ഹരിജനയുവതി യഥാത്ഥത്തിൽ യോഗ്യയാണെങ്കിൽ അവൾ അവളുടെ സുഗന്ധം അങ്ങകലെ എത്തിക്കും; തന്റെ മാതൃക പകത്താൻ മററുള്ളവരെ പ്രോത്സാഹിപ്പക്കും. സമൂഹം ഇങ്ങിനെയുള്ള വിവാഹങ്ങൾകൊണ്ടു് ഭയപ്പെടാതാകും. അവയിൽ തെററായി യാതൊന്നുമില്ലെന്നു അവർതന്നെ നേരിട്ടു കാണും. ഇങ്ങിനെയുള്ള ഒരു സംയോഗത്തിൽനിന്നും ജനിക്കുന്ന കുട്ടികൾ നല്ലവരായിത്തീന്നാൽ, അയിത്തം നീക്കാൻ അവർ കൂടുതൽ സഹായിക്കും. എല്ലാ പരിഷ്കാരങ്ങളും ഒച്ചിന്റെ വേഗത്തിലേ നീങ്ങാറുള്ളു. പുരോഗതിയുടെ മെല്ലെയുള്ള ഈ നീക്കത്തിൽ അസംതൃപ്തിപ്പെടുന്നതു്, പരിഷ്കാരങ്ങൾ പ്രവത്തിക്കുന്ന രീതിയെക്കുറിച്ചുള്ള അജ്ഞതയാണു് കാണിക്കുന്നതു്.

സവർണ്ണഹിന്ദുയുവതികൾ ഹരിജനഭത്താക്കന്മാരെ തെരഞ്ഞെടുക്കുകയെന്നതു് തീർച്ചയായും അഭിലഷണീയമാണു്. അതു് കുറേക്കൂടി നല്ലതാണെന്നു പറയാൻ ഞാൻ മടിക്കുന്നു. അതിന്റെ അത്ഥം സ്ത്രീകൾ പുരുഷന്മാരെക്കാൾ മോശക്കാരാണെന്നായിരിക്കും. ഇന്നു് ഇങ്ങനെയുള്ള അപകഷതാബോധമുണ്ടെന്നു് എനിക്കറിയാം, ഇക്കാരണത്താൽ തല്ക്കാലം ഒരു സവണ്ണഹിന്ദുയുവതിയും ഒരു ഹരിജനനുമായുള്ള വിവാഹം, ഒരു ഹരിജനയുവതിയുമായുള്ള വിവാഹത്തേക്കാൾ നല്ലതാണെന്നു് ഞാൻ സമ്മതിക്കുന്നു. എന്റെ ഇഷ്ടമാണെങ്കിൽ, എന്റെ സ്വാധീനത്തിൽ വരുന്ന എല്ലാ സവർണ്ണഹിന്ദുയുവതികളേയും ഹരിജനഭത്താക്കന്മാരെ തെരഞ്ഞെടുക്കാൻ ഞാൻ പ്രേരിപ്പിക്കും. അതു് ഏററവും വിഷ

മകരമാണെന്നു് അനുഭവത്തിൽ നിന്നു് എനിക്കറിയാം. പഴയ പ്രതികൂലമനസ്ഥിതികൾ ഉപേക്ഷിക്കാൻ വിഷമമാണു്. ഇങ്ങിനെയുള്ള പ്രതികൂലമനഃസ്ഥിതികളെ നോക്കി, പരിഹസിക്കാൻ നിവൃത്തിയില്ല. ക്ഷമയോടുകൂടി അവയെ തരണം ചെയ്യണം. ഒരു ഹരിജനെ വിവാഹം കഴിക്കുന്നതോടുകൂടി തൻെറ കടമ അവസാനിക്കുന്നുവെന്നു് ഒരു യുവതി സങ്കല്പിക്കുകയും, വിവാഹത്തിനു ശേഷം ഭോഗാസക്തിയുടെ പ്രലോഭനത്തിനിരയാവുകയും ചെയ്താൽ, ആദ്യത്തേതിനേക്കാൾ മോശമായിരിക്കും ഒടുവിലത്തെ അവസ്ഥ. ഓരോ വവാഹത്തിൻേറയും അവസാനപരീക്ഷകളിൽ അതു് എത്രത്തോളം സേവനമനസ്ഥിതി വികസിപ്പിക്കുന്നുവെന്നുള്ളതാണു്. ഓരോ മിശ്രവിവാഹവും അങ്ങിനെയുള്ള വിവാഹങ്ങൾക്കു് കല്പിക്കപ്പെടുന്ന കളങ്കം നീക്കാൻ പല തോതിൽ സഹായിക്കും. ഒടുവിൽ ഭങ്ഗിയെന്ന മനോഹരമായ പേരിൽഅറിയപ്പെടുന്ന ഒരൊററ ജാതി മാത്രമേ ഉണ്ടായിരിക്കുകയുള്ളു. എല്ലാ അഴുക്കുകളും നീക്കുന്നവൻ അല്ലെങ്കിൽ പരിഷ്കർത്താവെന്നാണു് അതിനർത്ഥം. സന്തോഷകരമായ ആ ദിവസം താമസിയാതെ ഉദയം ചെയ്യട്ടെ എന്നു് നമുക്കു് പ്രാർത്ഥിക്കാം.

*ഹരിജൻ, ജൂലൈ 7, 1946.*

ചില വീക്ഷണങ്ങൾ എനിക്കുണ്ടായിരിക്കുകയെന്നുള്ളതു് ഒരു കാര്യം. എൻെറ വീക്ഷണങ്ങൾ മുഴുവനും തന്നെ പൊതുവേ സമൂഹത്തിനു് സ്വീകാര്യമാക്കുകയെന്നതു് മറെറാരു കാര്യം. എൻെറ മനസ്സു് സദാ വളരുകയാണു്, സദാ മുന്നോട്ടു് നീങ്ങുകയാണു് എന്നു് ഞാൻ ആശിക്കുന്നു. എല്ലാവരും അതിനോടൊപ്പം വേഗത്തിൽ നീങ്ങുകയില്ലായിരിക്കാം. അതുകൊണ്ടു് ഞാൻ അങ്ങേയററം ക്ഷമ പാലിക്കുകയും, മെല്ലെ മെല്ലെ നീങ്ങുന്നതിൽ തൃപ്തിപ്പെടുകയും ചെയ്യേണ്ടതുണ്ടു്. ഈയിടെ നവജീവൻ പുറത്തിറക്കിയ വർണ്ണവ്യവസ്ഥയെക്കുറിച്ചുള്ള എൻെറ ലേഖനങ്ങളുടെ ഒരു പ്രസിദ്ധീകരണത്തിനുള്ള ആമുഖത്തിൽനിന്നു്, നിങ്ങളുമായി തത്വത്തിൽ ഞാൻ പരിപൂർണ്ണമായി യോജിക്കുന്നുവെന്നു് നിങ്ങൾ കണ്ടിരിക്കും: ഞാൻ 125 വയസ്സുവരെ ജീവിച്ചിരിക്കുകയാണെങ്കിൽ, ഹിന്ദുസമൂഹത്തെ മുഴുവൻ എൻെറ വീക്ഷണത്തിലേയ്ക്കു് പ

രിവർത്തനം ചെയ്യാമെന്നു് ഞാൻ തീർച്ചയായും പ്രതീക്ഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലും നിയമസഭകളിലും ഹരിജനങ്ങൾക്കു് അർഹമായ പ്രാതിനിധ്യം ആവശ്യപ്പെട്ടു് അവർക്കു് രാഷ്ട്രീയാധികാരം നേടിക്കൊടുക്കുവാൻ ഹരിജൻ സേവക്സംഘ് ശ്രമിക്കേണ്ടതാണു്.

*ഹരിജൻ, ജൂലൈ 28, 1946*

*ചോദ്യം:* കരടുഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള അയിത്തോച്ചാടനം സംബന്ധിച്ച വകുപ്പുതന്നെ ഒരു മഹത്തായ പരിഷ്കാരത്തെ പ്രതിനിധാനം ചെയ്യുന്നുണ്ടോ?

*ഉത്തരം:* ഇല്ല. ആ വകുപ്പു് മഹത്തെന്നല്ല, ഒരു പരിഷ്കാരത്തേയും പ്രതിനിധാനം ചെയ്യുന്നില്ല. ഹിന്ദുസമൂഹത്തിൽ വിപ്ലവകരമായ ഒരു വമ്പിച്ച പരിഷ്കാരം നടന്നിരിക്കുന്നുവെന്ന വസ്തുത അതു് രേഖപ്പെടുത്തുന്നു. ഈ മണ്ണിൽനിന്നു് അയിത്തം ഇനിയും അടിമുടി പിഴുതെറിയപ്പെട്ടിട്ടില്ലെന്നു് ഞാൻ ഏററുപറയുന്നു. ബ്രിട്ടീഷ് ബന്ധത്തിന്റെ ദൂഷ്യഫലങ്ങളെപ്പോലെതന്നെ, അതിലും വളരെ പഴക്കം ചെന്ന ഒരു സ്ഥാപനമായ അയിത്തത്തിൻെറ ദൂഷ്യഫലങ്ങൾ ഒരു മിന്നാട്ടത്തിൽ മറയുകയില്ല. ഏതെങ്കിലും മട്ടിലോ, രൂപത്തിലോ ഉള്ള യാതൊരയിത്തവും ഇവിടെയില്ലെന്നു്, ഭാരതത്തിലേക്കു വരുന്ന ഒരു അന്യനു് പറയാൻ കഴിയണമെങ്കിൽ, ഒരുപക്ഷേ കുറെ കൊല്ലങ്ങളെടുത്തേക്കും.

*ഹരിജൻ, മേയ് 18, 1947*

വളരെ വിഖ്യാതമായ രാമേശ്വരം ക്ഷേത്രം ഇന്നു് ഹരിജനങ്ങൾക്കായി തുറന്നുകൊടുത്തിരിക്കുന്നു. അങ്ങിനെ തെക്കു് കൊച്ചിയിൽ ഒഴികെയുള്ള, എല്ലാ വിഖ്യാതക്ഷേത്രങ്ങളുടേയും പട്ടിക പൂർത്തിയായിരിക്കുന്നു. രാജാജി എനിക്കു നൽകിയ ഏററവും അറിയപ്പെടുന്ന ക്ഷേത്രങ്ങളുടെ പട്ടിക ഇതാ: മധുര, തിരുനെൽവേലി, ചിദംബരം, ശ്രീരംഗം, പഴനി, തിരുവല്ലിക്കേണി, തിരുപ്പതി, കാഞ്ചി, ഗുരുവായൂർ. ഇതുകൊണ്ടു് ഈ പട്ടിക തീരുന്നില്ല. ഒരു ഹരിജനായ മദ്രാസ് നിയമസഭാധ്യക്ഷൻ ഹരിജനങ്ങളേയും മററു ആരാധകരേയും നയിച്ചുകൊണ്ടു് ഈ ക്ഷേത്രങ്ങ

ളിൽ മിക്കതും സന്ദർശിച്ചുവരുന്നു. വളരെ വൈകിയുണ്ടായ ഈ പരിഷ്കാരത്തെ ഉയർന്ന വിദ്യാഭ്യാസം സിദ്ധിച്ച ഹരിജനങ്ങളും മററുള്ളവരും കുറച്ചു കണ്ടേക്കാം. പക്ഷേ, നാം അതിൻെറ പ്രാധാന്യം കാണാതിരിക്കരുതു്. കാരണം, രക്തച്ചൊരിച്ചിൽ കൂടാതെയാണു് ഈ പരിഷ്കാരം കൈവരുത്തിയിരിക്കുന്നതു്. താമസിയാതെ, കൊച്ചി, തിരുവിതാംകൂറിൻേറയും, തമിഴ് നാട്ടിൻേറയും ബ്രിട്ടീഷ് കേരളത്തിൻേറയും പുറകേ പിൻതുടരുമെന്നും, അതിൻെറ ക്ഷേത്രങ്ങൾ ഹരിജനങ്ങൾക്കായി തുറന്നുകൊടുക്കുമെന്നും നമുക്കാശിക്കാം. ആവശ്യമായ ആഭ്യന്തരപരിഷ്കാരംകൊണ്ടു് ക്ഷേത്രങ്ങൾ യഥാർത്ഥത്തിൽ വിശുദ്ധമാകുന്നതുവരെ ക്ഷേത്രപ്രവേശനപരിഷ്കാരം അപൂർണ്ണമായിരിക്കും.

*ഹരിജൻ, ജൂൺ 13, 1947*

## തെററായ വഴി

ഹരിജനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥക്കു് അവരെ പഴിപറയുന്നതു്, അടിമയുടെ ഉടമസ്ഥൻ അടിമ കഴിഞ്ഞുകൂട്ടുന്ന ദുരിതത്തിനും വൃത്തികേടിനും അവനെ പഴി പറയുന്നതുപോലെയാണു്. അടിമക്കു് സ്വാതന്ത്ര്യം കൊടുക്കുന്നതിനു് അവൻ വൃത്തികേടില്ലാതാകുന്നതു് ഒരു മുൻ ഉപാധിയാക്കിയാൽ, അടിമയുടെ ഉടമസ്ഥനെ നാം അപഹസിക്കും. ഒരു പക്ഷേ, ആത്മാർത്ഥമായില്ലെന്നുപോലും കുററപ്പെടുത്തിയേക്കും. ശേഷമുള്ള ഹിന്ദുക്കൾക്കു് ബാധകമാകുന്ന അതേ വ്യവസ്ഥക്കു വിധേയമായിട്ടായിരിക്കും. ഹരിജനങ്ങൾ ക്ഷേത്രങ്ങളിൽ പ്രവേശിക്കുകയെന്നു് ഓർക്കേണ്ടതുണ്ടു്. പ്രകൃതി ഹരിജനങ്ങളെ സുനിശ്ചിതമായ, തെററുപററാത്ത, ലക്ഷണങ്ങൾകൊണ്ടു് സവർണ്ണഹിന്ദുക്കളിൽനിന്നു് വ്യതിരിക്തമായ ഒരു പ്രത്യേകവർഗ്ഗമാക്കിയിട്ടില്ല. ആയിരക്കണക്കിലല്ലെങ്കിൽ നൂററുക്കണക്കിനു് ഹരിജനങ്ങൾ തിരിച്ചറിയപ്പെടാതെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നുണ്ടു്. തൊട്ടുകൂടാത്തവരെന്നു് തരംതിരിക്കപ്പെടാത്തവർ യാതൊരു തടസ്സവും കൂടാതെ ക്ഷേത്രങ്ങളിൽ പ്രവേശിച്ചിരിക്കുമെന്നു്, ഈ പത്രപംക്തികളിൽ പ്രസിദ്ധം ചെയ്ത സെൻസസ് റിപ്പോർട്ടുകളെ കുറിച്ചുള്ള പഠനങ്ങൾ ആക്കും വ്യക്തമാക്കും. ഹരിജനങ്ങളുടെ പട്ടികയിൽ ആദ്യമായി ചില വർഗ്ഗങ്ങളെ ഉൾപ്പെടുത്തിയും, മററുചില വർഗ്ഗങ്ങളെ അതിൽനിന്നു് ഒഴിവാക്കിയും കൊണ്ടുള്ള ഒരു പുതിയ കണക്കെടുപ്പു് നടത്തിയെ

ന്നുള്ള വസ്തുത, തൊട്ടുകൂടായ്മയുടേയോ, തൊടായ്മയുടേയോ യാതൊരു പരീക്ഷയായും ഉപയോഗിയ്ക്കുവാൻ തീർച്ചയായും സാധ്യമല്ല. തൊട്ടുകൂടായ്മയെന്നുവെച്ചാൽ ഞാൻ അർത്ഥമാക്കുന്നതു് ഇന്നു് ആചരിയ്ക്കപ്പെട്ടുന്ന രീതിയിലുള്ള കാര്യമാണെന്നു് ഞാൻ എത്ര തവണ ആവൎത്തിച്ചാലും അതു് അധികമാവുകയില്ല. തൊട്ടുകൂടായ്മാവിരുദ്ധപ്രസ്ഥാനം നിലകൊള്ളുന്നതു് ഏതു പരിഷ്കാരത്തിനുവേണ്ടിയാണോ, അതു് ഹരിജനങ്ങളെ പ്രീണിപ്പിയ്ക്കാനുള്ള വെറും ഒരു തട്ടിപ്പല്ലെന്നു് പ്രൊഫസറും അദ്ദേഹത്തെപ്പോലെ ചിന്തിയ്ക്കുന്ന ആളുകളും ഓർക്കട്ടെ. അതു് ഹൈന്ദവാചാരത്തിൽ മൗലികമായ ഒരു മാററത്തിനുവേണ്ടി നിലകൊള്ളുന്നു. എല്ലാ ജീവനും ഒന്നാണെന്നും, ഭേദഭാവങ്ങൾ മായയാണെന്നും വ്യാജമാണെന്നുമുള്ള ഉത്തുംഗവും, നിരുപാധികവുമായ അതിൻെറ പ്രഖ്യാപനമുണ്ടായിട്ടും, ഹിന്ദുമതത്തിലേയ്ക്കു് നുഴഞ്ഞുകയറിയ ഉച്ചനീചത്വത്തിൻെറ ഈ ആചാരം പാടേ ഇല്ലാതാക്കുവാൻവേണ്ടിയാണു് അതു് നിലകൊള്ളുന്നതു്.

ഹരിജനങ്ങൾ അനുഭവിയ്ക്കുന്ന എല്ലാ അവശതകളും പരിപൂൎണ്ണമായി നീക്കംചെയ്യാൻ, ഒരു നിശ്ചിത കാലപരിധിയോടുകൂടി, ഊർജ്ജസ്വലമായ ഒരു പ്രസ്ഥാനം തുടങ്ങേണ്ടതാവശ്യമാണു്. ഹരിജനങ്ങളുടെ വിമോചനം അനിശ്ചിതമായ ഒരു വിദൂരനാളിലേയ്ക്കു് മാററിവയ്ക്കുവാൻ ഇനിമേൽ സാധ്യമല്ല. സ്വാതന്ത്ര്യത്തെപ്പോലെ അതു് ഇപ്പോൾ ഇവിടെത്തന്നെ നേടണം. സമുദായത്തിൻെറ ഏററവും പ്രയോജനകരമായ വിഭാഗത്തിൻെറ മൌലികാവകാശങ്ങൾ അതിനു് നിഷേധിച്ചാൽ, സ്വാതന്ത്ര്യം തന്നെയും നമ്മുടെ വായിൽ കയ്പുള്ള ചാരമായി മാറും.

*ഹരിജൻ, ജൂൺ 16, 1946*

## അദ്ധ്യായം 6

# ഭാവി പ്രതീക്ഷ

### അയിത്തത്തോടൊപ്പം സ്വരാജ് സാദ്ധ്യമല്ല

ഹിന്ദുക്കൾ മനഃപൂർവ്വം അയിത്തത്തെ തങ്ങളുടെ മതത്തിന്റെ ഭാഗമായി കരുതുന്നിടത്തോളം, ഹിന്ദുക്കളിൽ ബഹുഭൂരിപക്ഷം തങ്ങളുടെ സഹോദരരിൽ ഒരു വിഭാഗത്തെ തൊടുന്നതു് പാപമായി പരിഗണിക്കുന്നിടത്തോളം സ്വരാജ് ലബ്ധി അസാദ്ധ്യമാണു്.

നമ്മുടെ സഹോദരനെ അടിച്ചമർത്തി വെച്ചുവെന്ന കുററം നാം ചെയ്തിട്ടുണ്ടു്; അവരെ അവരുടെ വയററിന്മേൽ കിടന്നിഴയാൻ നാം ഇടയാക്കി. അവരെക്കൊണ്ടു് നിലത്തു് മൂക്കിട്ടുരപ്പിച്ചിട്ടുണ്ടു്. ക്രോധംകൊണ്ടു് ചുവന്ന കണ്ണുകളുമായി നാം അവരെ റെയിൽവേ കമ്പാർട്ടുമെൻറുകളിൽനിന്നു് പിടിച്ചു് പുറംതള്ളിയിട്ടുണ്ടു്. ബ്രിട്ടീഷ് വാഴ്ച ഇതിൽ കൂടുതൽ എന്തു ചെയ്തു? ഡയററിനും ഓഡ്വൈററിനുമെതിരായി നാം കൊണ്ടുവരുന്ന ഏതു കുററാരോപണമാണു് മററുള്ളയാളുകൾ, എന്തിനു്, നമ്മുടെ സ്വന്തം ആളുകൾ, നമ്മുടെ വാതിൽക്കലിടാത്തതു്? നാം ഈ കളങ്കം സ്വയം കഴുകിക്കളഞ്ഞേ തീരൂ. ദുർബ്ബലരേയും നിസ്സഹായരേയും നാം സംരക്ഷിക്കാത്തിടത്തോളം, അല്ലെങ്കിൽ എന്തെങ്കിലും വ്യക്തിയുടെ വികാരങ്ങളെ വ്രണപ്പെടുത്താൻ ഒരൊററ സ്വരാജ് വാദിയ്ക്കെങ്കിലും സാദ്ധ്യമാകുന്നിടത്തോളം, സ്വരാജിനെപ്പററി പറയുന്നതു് വൃഥാവിലാണു്. ശിക്ഷയൊന്നുമേൽക്കാതെ വിനീതരായ ഹിന്ദുക്കളേയോ, മുസ്ലീങ്ങളേയോ ഇടിച്ചമർത്താവുന്ന ഒരൊററ ഹിന്ദുവിനും മുസ്ലിമിനും ഒരു നിമിഷം പോലും അഹങ്കാരത്തോടെ ചിന്തിയ്ക്കുവാൻ വയ്യാത്ത അവസ്ഥയ്ക്കാണു് സ്വരാജെന്നു പറയുന്നതു്. ഈ ഉപാധി നിറവേററിയില്ലെങ്കിൽ, നാം സ്വരാജ് നേടുന്നതു്, അടുത്ത നിമിഷത്തിൽ അതു് നഷ്ടപ്പെടു

വാൻ വേണ്ടിയായിരിക്കും. നാം നമ്മുടെ ദുർബ്ബലരായ സഹോദര ക്കെതിരായി ചെയ്തിട്ടുള്ള പാപങ്ങൾ സ്വയം കഴുകിക്കളഞ്ഞില്ലെങ്കിൽ, കാട്ടാളന്മാരെക്കാൾ ഒട്ടും മെച്ചപ്പെട്ടവരല്ല നമ്മൾ.

പക്ഷേ, എനിയ്ക്കു് ഇപ്പോഴും എന്നിൽ വിശ്വാസമുണ്ടു്. ഭാരതത്തിൽ ഞാൻ നടത്തിയിട്ടുള്ള ദ്വറ്ററിസ്സഞ്ചാരങ്ങൾക്കിടയിൽ മഹാകവി തുളസിദാസ് ഇത്ര വാചാലമായി പാടിയിട്ടുള്ളതും, ജൈനമതത്തിൻേറയും വൈഷ്ണവമതത്തിൻേറയും ആണിക്കല്ലാകുന്നതും ഭാഗവതത്തിൻെറ സത്താകുന്നതും, ഗീതയിലെ ഓരോ പദ്യവും ശ്ലോകവും നിറഞ്ഞുനിൽക്കുന്നതുമായ ദയാവായ്പു്, ഈ ദയ, ഈ സ്നേഹം, ഈ ദാനം ഈ നാട്ടിലെ ബഹുജനഹൃദയങ്ങളിൽ, മെല്ലെയാണെങ്കിലും, അനുക്രമമായി, സ്ഥാനം കൈക്കലാക്കി വരുന്നുണ്ടെന്നു് ഞാൻ മനസ്സിലാക്കി.

*യംഗ് ഇൻഡ്യ, മേയ് 4, 1921*

## കടക്കാനാവാത്ത പ്രതിബന്ധം

അയിത്തത്തിന്റെ നിലനില്പ് നമ്മുടെ പുരോഗതിയുടെ പാതയിൽ മറികടക്കാനാവാത്ത ഒരു പ്രതിബന്ധമായിത്തന്നെ തുടരും. പരമമായ ശ്രമം കൊണ്ടു് നാമതിനെ ഇടിച്ചുനിരത്തണം നമുക്ക്. സ്വരാജ് നേടാനും, അയിത്തം വെച്ചുകൊണ്ടിരിക്കാനും കഴിയുമെന്നുള്ള ഒരു ചിന്ത നമ്മിൽ പലരിലും പതിയിരിക്കുന്നുണ്ടെന്നു തോന്നുന്നു. ഈ ചിന്തയിൽ അന്തർഭവിക്കുന്ന വൈരുദ്ധ്യം പോലും അവർ കാണുന്നില്ല. സ്വരാജ് 'തൊടാവുന്നർ'ക്കുള്ളത്രയും തന്നെ 'തൊട്ടുകൂടാത്തവർ'ക്കും ഉള്ളതാണു്. നാരായണാവരത്തു നിന്നു് ഒരു ലേഖകനെഴുതുന്നു: 'ഞങ്ങളുടെ സ്ഥലത്തു് ഹിന്ദുക്കൾ, പ്രത്യേകിച്ചു് ബ്രാഹ്മണർ, പഞ്ചമരോടു് വളരെ മോശമായിട്ടാണു് പെരുമാറുന്നതു്. ഗ്രാമങ്ങളിൽ ബ്രാഹ്മണർ അധിവസിക്കുന്ന തെരുവുകളിൽ സഞ്ചരിയ്ക്കാൻ അവരെ അനുവദിയ്ക്കാറില്ല. ബ്രാഹ്മണരോടു് സംസാരിക്കുമ്പോൾ അവർ വളരെ അകലത്തു നില്ക്കേണ്ടതുണ്ടു്. ബ്രാഹ്മണക്കു പകരം സായ്പന്മാരെന്നും, പഞ്ചമക്കു പകരം ഭാരതീയരെന്നും വായിക്കുക; എന്നിട്ടു് നിങ്ങൾക്കെന്തു് തോന്നുന്നുവെന്നു് നോക്കുക. ചില സായ്പന്മാർ ചില ബ്രാഹ്മണരേക്കാൾ എത്രയോ നല്ലവരാണെന്നുള്ളതിൽ എനിയ്ക്കു് യാതൊരു സംശയവുമില്ല. നാം ഒരു സഹോദ

രനെ അയാളുടെ ജനനം മൂലം ഭ്രഷ്ടനായി കരുതുന്നിടത്തോളം, സ്വരാജ് നേടാൻ ഈശ്വരൻ നമ്മെ സമ്മതിക്കുകയില്ല.

*യംഗ് ഇൻഡ്യ, സെപ്റ്റംബർ 22, 1921*

## സ്വാതന്ത്ര്യം

സ്വരാജെന്നു വെച്ചാൽ, എന്നെ സംബന്ധിച്ച്, നമ്മുടെ നാട്ടുകാരിൽ ഏററവും എളിയവർക്കുപോലും സ്വാതന്ത്ര്യമെന്നാണ് അർത്ഥം. നമ്മളെല്ലാവരും കഷ്ടപ്പെട്ടുമ്പോൾ, പഞ്ചമൻെറ നില നന്നായില്ലെങ്കിൽ, സ്വരാജിൻെറ ലഹരിയിൽ അതു മെച്ചമാകാൻ ഇടയില്ല സ്വരാജിൻെറ ഒരു ഉപാധിയെന്ന നിലയിൽ, മുസൽമാന്മാരുമായി സമാധാനം വാങ്ങുകയെന്നതു് നമുക്കാവശ്യമാണെങ്കിൽ, നീതിയോ, ആത്മാഭിമാനമോ പ്രദർശിപ്പിച്ചുകൊണ്ടു്, സ്വരാജിനെപ്പററി പറയാൻ കഴിയും മുമ്പ്, പഞ്ചമന്നു് സമാധാനം നല്കുകയെന്നുള്ളതും അത്രതന്നെ ആവശ്യമാണ്. ഭാരതത്തെ ഇംഗ്ലീഷ് നുകത്തിൽനിന്നു് മാത്രം മോചിപ്പിക്കുന്നതിൽ എനിയ്ക്കു് താല്പര്യമില്ല. ഏതു തരത്തിലുള്ള നുകത്തിൽനിന്നും ഭാരതത്തെ മോചിപ്പിക്കുവാനാണ് ഞാൻ തുനിഞ്ഞിറങ്ങിയിരിക്കുന്നതു്. ഒരു യജമാനനു പകരം മറെറാരു യജമാനനെ ഏററുവാങ്ങാൻ എനിയ്ക്കാഗ്രഹമില്ല. അതുകൊണ്ടു്, എനിയ്ക്കു് സ്വരാജ് പ്രസ്ഥാനം ഒരാത്മശുദ്ധീകരണപ്രസ്ഥാനമാണ്.

*യംഗ് ഇൻഡ്യ, ജൂൺ 12, 1924*

## സ്വരാജിൻ കീഴിൽ

അയിത്തത്തെ സംബന്ധിച്ച കോൺഗ്രസ് പ്രമേയത്തിൻെറ വ്യാഖ്യാനം എന്തായിരിയ്ക്കാനാണ് ഇടയുള്ളതെന്നതിനെപ്പററി, ഞാൻ എൻെറ അഭിപ്രായം സന്തോഷപൂർവ്വം നൽകുന്നു. അയിത്തം തീരെ ഉണ്ടായിരിക്കുകയില്ല. തൊട്ടുകൂടാത്തവർക്ക് മറേറതോരാൾക്കുമുള്ള അതേ അവകാശങ്ങൾ ഉണ്ടായിരിക്കണം. പക്ഷേ, ഒരു ബ്രാഹ്മണനെക്കൊണ്ടു് ആരെയെങ്കിലും തൊടാൻ നിർബ്ബന്ധിക്കുകയില്ല. അയാൾക്കു് സ്വയം തൊട്ടുകൂടാത്തവനാകാനും, തൻെറ അയല്ക്കാർക്ക് ശല്യമാകാത്ത രീതിയിൽ ഉപയോഗിയ്ക്കുന്നിടത്തോളം സ്വന്തം കിണറും സ്വന്തം അമ്പലവും സ്വന്തം സ്കൂളും ഉപയോഗിയ്ക്കാനും, അയാൾക്കുണ്ടാക്കാൻ കഴിയുന്ന എന്തു വേ-

ണമെങ്കിലും ഉണ്ടാക്കാനും സ്വാതന്ത്ര്യമുണ്ടായിരിക്കും. എന്നാൽ, പൊതുനിരത്തിൽ നടക്കുവാൻ ധൈര്യപ്പെട്ടതിനോ, പൊതുകിണറുകൾ ഉപയോഗിച്ചതിനോ, ഇപ്പോൾ ചിലർ ചെയ്യുന്നതുപോലെ, തൊട്ടുകൂടാത്തവരെ ശിക്ഷിക്കാൻ അയാൾക്കു സാധിക്കുകയില്ല. സ്വരാജിൻ കീഴിൽ പൊതു അമ്പലങ്ങളുടെ ഉപയോഗം മറ്റെല്ലാ ഹിന്ദുക്കൾക്കും അനുവദിക്കപ്പെട്ടപ്പോൾ, തൊട്ടുകൂടാത്തവർക്കു നിഷേധിക്കപ്പെട്ടുക എന്ന തരത്തിലുള്ള യാതൊരു അപഹാസ്യവും ഉണ്ടായിരിക്കുകയില്ല. വേദങ്ങളുടേയും മററു ശാസ്ത്രങ്ങളുടേയും പ്രാമാണ്യം നിഷേധിക്കപ്പെട്ടുകയില്ല. പക്ഷേ, അവയുടെ വ്യാഖ്യാനം വ്യക്തികളുടെ പക്കലായിരിക്കുകയില്ല. പൊതു പെരുമാറ്റത്തെ ക്രമപ്പെടുത്താൻ ഈ മതഗ്രന്ഥങ്ങൾ ഉപയോഗിക്കപ്പെടുന്നിടത്തോളം, അവയുടെ വ്യാഖ്യാനം നിയമത്തിന്റെ ഗതിയെ ആശ്രയിച്ചിരിക്കും. മനസ്സാക്ഷിയുടെ തത്വദീക്ഷകളെ ആദരിക്കുന്നതാണ്; പക്ഷേ അതു് പൊതുധമ്മങ്ങൾക്കോ, മററുള്ളവരുടെ അവകാശങ്ങൾക്കോ ചേതം വരുത്തിക്കൊണ്ടായിരിക്കയില്ല. വിചിത്രമായ തത്വങ്ങൾ ഉള്ളവർ തന്നത്താൻ ആ സൗകര്യം അനുഭവിക്കുകയും, ആ അമിതസുഖത്തിനു് വേണ്ട വില കൊടുക്കുകയും ചെയ്യേണ്ടിവരും. ആചാരത്തിൻെറ പേരിലായാലും, മതത്തിന്റെ പേരിലായാലും ഏതെങ്കിലും വ്യക്തിയോ, വർഗ്ഗമോ മേന്മകൊള്ളുന്നതു് നിയമം പൊറുക്കുകയില്ല. പക്ഷേ, ഇതെല്ലാം എന്റെ സ്വപ്നമാണു്. ഞാൻ കോൺഗ്രസ്സല്ല. കോൺഗ്രസ്സിനെക്കൊണ്ടു മററുവിധത്തിൽ ചെയ്യിക്കണമെന്നുള്ളവർ അതിൽ ചേരാനും, അവരുടെ അഭിപ്രായമുള്ള മററുള്ളവരെ അതിൽ ചേക്കാനും ധൃതിപിടിക്കട്ടെ. കോൺഗ്രസ്സു് ജനഹിതത്തെ പ്രതിനിധാനം ചെയ്യുന്നു. അല്ലെങ്കിൽ ജനഹിതത്തെ പ്രതിനിധാനം ചെയ്യുവാൻ തക്ക വൈപുല്യമുള്ള ഒരു ഭരണഘടന അതിനുണ്ടു്.

*യംഗ് ഇൻഡ്യ, ജൂൺ 11, 1931*

## തൊട്ടുകൂടാത്തവരുടെ സേവനം

രാക്ഷസനായി മാറിയൊരു മനുഷ്യൻ, സഹോദരമനുഷ്യനോടു് പെരുമാറുന്നതിനേക്കാൾ ഒട്ടും മെച്ചമായിട്ടല്ല നാം നമ്മുടെ നിർഭാഗ്യരായ സഹോദരരോടു് പെരുമാറിയിട്ടുള്ളതു്. നമ്മുടെ മുമ്പാകെ നാം വച്ചിട്ടുള്ള ഈ അയിത്തോച്ചാടനപരിപാടി ഭീമാകാരമായ ഒരു തെററിനുവേണ്ടി ചെയ്യുന്ന ചെറിയൊ

രു പ്രായശ്ചിത്തം മാത്രമാണ്. ഈ പരിപാടി കോൺഗ്രസ്സ് പരിപാടിയുടെ മുന്നിലേക്ക് തള്ളിവിട്ടതു് ഞാനാണെന്നു് ഞാൻ സമ്മതിയ്ക്കുന്നു. ഇതു് "തൊട്ടുകൂടാത്തവരുടെ മുമ്പിൽ ഞാൻ സമത്ഥമായി വച്ചിട്ടുള്ള ഒരു ഇര"യാണെന്നു്, എന്നെ കാരണം കൂടാതെ ആക്ഷേപിയ്ക്കാൻ തുനിയുന്ന ഏതൊരാളും പറഞ്ഞേക്കാം: ആ കുററാരോപണം വെറുതെയാണെന്നു് ഉടൻതന്നെ ഞാൻ പറഞ്ഞുകൊള്ളട്ടെ. ഹിന്ദുക്കളാണെന്നു് സ്വയം വിശ്വസിക്കുന്നവർക്കു് ഹിന്ദുമതത്തെ പററി അഭിമാനം കൊള്ളാൻ കഴിയും മുമ്പ്, അവർ ഈ കളങ്കം കഴുകിക്കളയുന്ന രൂപത്തിലുള്ള പാപപരിഹാരം ചെയ്യണമെന്നു് എൻെറ ജീവിതത്തിൽ വളരെ നേരത്തെ തന്നെ എനിയ്ക്കു തോന്നി. കോൺഗ്രസ്സുകാരിൽ ഭൂരിപക്ഷവും ഹിന്ദുക്കളായതുകൊണ്ടും, അന്നു് രാഷ്ട്രത്തിര മുമ്പാകെ വച്ചിരുന്ന പരിപാടി ഒരു ആത്മശുദ്ധീകരണപരിപാടിയല്ലായിരുന്നതു് കൊണ്ടും, ഹിന്ദുക്കൾ ഈ കളങ്കം തുടച്ചുകളയാൻ തയ്യാറില്ലെങ്കിൽ, തങ്ങൾ സ്വരാജിനർഹരാണെന്നു് കരുതാൻ അവക്കു് സാദ്ധ്യമല്ലെന്ന ദൃഢബോദ്ധ്യത്തിൽ ഞാൻ അതു്കോൺഗ്രസ്സ്പരിപാടിയുടെ മുന്നണിയിൽ വെച്ചു. സ്വയമേവ സ്പഷ്ടമായ ഒരു കാൎയ്യമെന്ന നിലയ്ക്കാണു് ആ ദൃഢബോദ്ധ്യം എനിക്കുണ്ടായതു്. അയിത്തത്തിന്റെ കളങ്കം തുടച്ചുമാററപ്പെടാതെ, നാം അധികാരത്തിൽ വന്നിരുന്നുവെങ്കിൽ, നമ്മുടെ ദൗർബ്ബല്യവും പോരായ്മകളും അധികാരപ്രാപ്തികൊണ്ടുറപ്പിക്കപ്പെട്ടുമായിരുന്നുവെന്നുള്ള ലളിതമായ കാരണം കൊണ്ടു തന്നെ, ആ സ്വരാജിൻ കീഴിൽ 'തൊട്ടുകൂടാത്തവരുടെ' നില ഇപ്പോഴത്തെക്കാൾ വളരെ മോശമായിരിയ്ക്കുമെന്നു്എനിയ്ക്കു് തീർച്ചയാണു്, എൻെറ നില ചുരുക്കത്തിലിതാണു്. ഈ ആത്മശുദ്ധീകരണം സ്വരാജിൻെറ അനുപേക്ഷണീയമായ ഒരു ഉപാധിയാണെന്നു് ഞാൻ എല്ലായ്പോഴും വാദിച്ചിട്ടുണ്ടു്. ഇന്നു് ഞാനെത്തിച്ചേർന്ന ഒരു നിലപാടല്ല അതു്, സ്വരാജിനെപ്പററി ഞാൻ ചിന്തിയ്ക്കാൻ തുടങ്ങിയ കാലത്തോളം അതിനു് പഴക്കമുണ്ടു്.

*യംഗ് ഇൻഡ്യ, ആഗസ്റ്റ് 6, 1931*

## തൊട്ടുകൂടാത്തവരുടെ ഭാഗം

തൊട്ടുകൂടാത്തവരെന്നു് വിളിയ്ക്കപ്പെടുന്നവരെ സംബന്ധിച്ചു് ഒരു വാക്കുകൂടി. മററു ന്യൂനപക്ഷങ്ങൾ മുന്നോട്ടുവെയ്ക്കുന്ന അവ

കാശവാദങ്ങൾ എനിക്കു് മനസ്സിലാക്കാൻ കഴിയും. പക്ഷേ, തൊട്ടുകൂടാത്തവരുടെ പേരിൽ മുന്നോട്ടു വയ്ക്കപ്പെടുന്ന അവകാശവാദങ്ങൾ "എല്ലാറ്റിലും വച്ചു് ഏറ്റവും കരുണയില്ലാത്ത വെട്ടാണു്". ശാശ്വതികമായ കുടിലപ്രതിബന്ധമാണതു്. ഭാരതത്തിന്റെ സ്വാതന്ത്ര്യം നേടുന്നതിനുവേണ്ടിപ്പോലും, തൊട്ടുകൂടാത്തവരുടെ ജീവൽപ്രധാന താൽപ്പര്യങ്ങൾ ഞാൻ വിൽക്കുകയില്ല. തൊട്ടുകൂടാത്തവരിൽ ബഹുഭൂരിപക്ഷത്തെ എന്റെ സ്വന്തം വ്യക്തിത്വം പ്രതിനിധാനം ചെയ്യുന്നുണ്ടെന്നു് ഞാൻ അവകാശപ്പെടുന്നു. ഇവിടെ ഞാൻ സംസാരിക്കുന്നതു് കോൺഗ്രസ്സിനുവേണ്ടി മാത്രമല്ല, എനിക്കുവേണ്ടിയുംകൂടിയാണു്. തൊട്ടുകൂടാത്തവരുടെ ഒരു ഹിതപരിശോധനയുണ്ടെങ്കിൽ, അവരുടെ വോട്ടു് എനിക്കു് കിട്ടുമെന്നും, ഏററവും കൂടുതൽ വോട്ടു് എനിക്കായിരിക്കുമെന്നും ഞാൻ അവകാശപ്പെടുന്നു. യാഥാസ്ഥിതികഹിന്ദുമതത്തിനു് അപമാനകരമായ ഈ കുടിലപ്രതിബന്ധം നീക്കുവാനുള്ള വഴി പ്രത്യേക സമ്മതിദായകത്വവും പ്രത്യേക സംവരണവുമല്ലെന്നു് തൊട്ടുകൂടാത്തവരോടു് പറയാൻ, ഭാരതത്തിൻെറ ഒരററം മുതൽ മറ്റേയറ്റംവരെ അവർ പ്രയത്നിക്കും. അയിത്തത്തിൻെറ ഈ കളങ്കം നീക്കാൻ പ്രതിജ്ഞാബദ്ധരായിട്ടുള്ള ഒരു കൂട്ടം ഹിന്ദുപരിഷ്കർത്താക്കൾ ഇന്നുണ്ടെന്നു് ഈ സമിതിയും ലോകം മുഴുവനും അറിയട്ടെ. നമ്മുടെ റജിസ്റ്ററിലും നമ്മുടെ സെൻസസിലും തൊട്ടുകൂടാത്തവരെ ഒരു പ്രത്യേകവർഗ്ഗമായി തരം തിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സിക്കുകൾ ശാശ്വതമായി അങ്ങിനെതന്നെ ഇരിക്കുമായിരിക്കും. അതുപോലെതന്നെ, മുസ്ലീങ്ങളും, അതുപോലെതന്നെ യൂറോപ്യന്മാരും ഇരുന്നേക്കാം. തൊട്ടുകൂടാത്തവർ ശാശ്വതമായി തൊട്ടുകൂടാത്തവരായിരിക്കുമോ? അയിത്തം ജീവിക്കുന്നതിനേക്കാൾ ഹിന്ദുമതം മരിക്കുകയാണു് എനിക്കിഷ്ടം. അതുകൊണ്ടു് ഡോ. അംബെദ്കറോടും തൊട്ടുകൂടാത്തവർ ഉയന്നു കാണാൻ അദ്ദേഹത്തിനുള്ള ആഗ്രഹത്തോടും എനിക്കുള്ള ആദരം മുഴുവൻ കാണിച്ചുകൊണ്ടു്, അദ്ദേഹത്തിൻെറ കഴിവിനെപ്പററിയുള്ള എൻെറ ആദരം മുഴുവൻ വച്ചുകൊണ്ടു്, ഏററവും താഴ്മയോടുകൂടി ഞാൻ പറയുന്നു: അദ്ദേഹം ഇവിടെ പണിപ്പെടുന്നതു് വലിയൊരു തെററിൻകീഴിലാണെന്നു്; ഒരു പക്ഷേ, അദ്ദേഹം അനുഭവിച്ച കടുത്ത അനുഭവങ്ങൾ തൽക്കാലത്തേക്കു് അദ്ദേഹത്തിൻെറ വിധിനിർണ്ണയത്തെ മുരടിപ്പിച്ചിരിക്കാമെന്നു്. ഇതു പറയേണ്ടിവരുന്ന

 81857

തിൽ എനിക്കു് വേദനയുണ്ടു്. പക്ഷേ, അതു ഞാൻ പറഞ്ഞില്ലെങ്കിൽ, എനിക്കു് ജീവനോളം തന്നെ പ്രിയപ്പെട്ട തൊട്ടുകൂടാത്തവരുടെ കാര്യത്തോടു് ഞാൻ അസത്യം കാട്ടുകയായിരിക്കും ചെയ്യുന്നതു്. ലോകം മുഴുവൻേറയും അധീശത്തിനുവേണ്ടിപോലും അവരുടെ അവകാശങ്ങൾ ഞാൻ വിലയെഴുതി തള്ളുകയില്ല. ഭാരതത്തിൽ തൊട്ടുകൂടാത്തവർക്കു മുഴുവൻ വേണ്ടി സംസാരിക്കാൻ ഡോ. അംബെദ്കർ ശ്രമിക്കുമ്പോൾ, അദ്ദേഹം രേഖപ്പെടുത്തുന്നതു് ഉചിതമായ ഒരവകാശവാദമല്ലെന്നു് ഞാൻ പറയുന്നതു്, വേണ്ട ഉത്തരവാദിത്തബോധത്തോടുകൂടിത്തന്നെയാണു്. അതു് ഹിന്ദുമതത്തിൽ ഭിന്നിപ്പു് സൃഷ്ടിക്കും. യാതൊരു തരത്തിലുമുള്ള സംതൃപ്തിയോടുകൂടിയും അതിനെ ഉററുനോക്കുവാൻ എനിക്കു് സാദ്ധ്യമല്ല. തൊട്ടുകൂടാത്തവരെ ഇസ്ലാമിലേക്കോ ക്രിസ്തുമതത്തിലേക്കോ പരിവർത്തനം ചെയ്യുന്നതു് ഞാൻ കൂട്ടാക്കില്ല. അതു് ഞാൻ പൊറുക്കണോ? പക്ഷേ, ഗ്രാമങ്ങളിൽ രണ്ടു വിഭാഗങ്ങൾ ഉണ്ടാകുമ്പോൾ ഹിന്ദുമതത്തിനു് വരാനിടയുള്ള വിപത്തു് പൊറുക്കാൻ എനിക്കു് സാദ്ധ്യമല്ല. തൊട്ടുകൂടാത്തവരുടെ രാഷ്ട്രീയാവകാശത്തെപ്പററി സംസാരിക്കുന്നവർക്കു് ഭാരതത്തെ അറിഞ്ഞുകൂടാ. ഇന്നു് ഭാരതസമൂഹം എങ്ങിനെ നിർമ്മിക്കപ്പെടുന്നുവെന്നു് അവർക്കറിഞ്ഞുകൂടാ. അതുകൊണ്ടു്, ഇക്കാര്യത്തെ ചെറുക്കാനുള്ള ഒരേ ഒരാൾ ഞാൻ മാത്രമാണെങ്കിൽ, എൻെറ ജീവൻകൊണ്ടു് ഞാനതിനെ ചെറുക്കുമെന്നു് എനിക്കു് കഴിവുള്ള സർവ്വശക്തികളുമുപയോഗിച്ചു് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

*യംഗ് ഇൻഡ്യ, നവംബർ 26, 1931*

## നിങ്ങളുടെ വിശ്വാസയോഗ്യത തെളിയിക്കുക

അയിത്തം മതത്തിൻെറ ഭാഗമാകാൻ സാദ്ധ്യമല്ലെന്നും, അതു് കരാളമായ ഒരു തെററാണെന്നും, ഹിന്ദുസമൂഹത്തെ ബോധ്യപ്പെടുത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, നിങ്ങൾ സ്വഭാവം ശക്തിപ്പെടുത്തുകയും, ചിലർ തൊടാവുന്നവരും ചിലർ തൊട്ടുകൂടാത്തവരുമാണെന്നു് വിശ്വസിക്കുന്നതു് മതമല്ല, അതിനെതിരായിട്ടുള്ളതാണെന്നു് നിങ്ങളുടെ ജീവിതങ്ങളിൽ കാണിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. നിങ്ങൾക്കു് നഷ്ടപ്പെടാനുള്ള സ്വഭാവമില്ലെങ്കിൽ, ജനങ്ങൾക്കു് നിങ്ങളിൽ യാതൊരു വിശ്വാസവും ഉണ്ടാകുകയില്ല. നിങ്ങൾ ബഹുജനങ്ങൾക്കിടയിൽ നീങ്ങണം.

അവരുടെ ഹൃദയങ്ങളിൽ ഒരു മാറ്റം വരുത്തണം. മാമൂല്യകാരെന്നു പറയുന്നവർ ബഹുജനങ്ങളെ പ്രതിനിധാനം ചെയ്യുന്നില്ല. വേദപുരാണങ്ങളുടെ ശരിയായ വ്യാഖ്യാനവും അവർ പ്രതിനിധാനം ചെയ്യുന്നില്ല. അവക്ക് ബഹുജനങ്ങളുടെ മേൽ പ്രതികരണം ഉണ്ടാക്കാൻ കഴിയും. പക്ഷേ, സ്വഭാവത്തിനു മാത്രമേ ബഹുജനങ്ങളുടെ മേൽ സ്വാധീനമുണ്ടാവുകയുള്ളു. ബഹുജനങ്ങൾ വാദിയ്ക്കുകയില്ല, അവരുടെ അടുക്കലേയ്ക്കു ചെല്ലുന്ന മനുഷ്യർ ആരാണെന്നറിയാൻ മാത്രമേ അവർ ആഗ്രഹിയ്ക്കുകയുള്ളു. ആ മനുഷ്യർക്ക് സാക്ഷിപത്രങ്ങളുണ്ടെങ്കിൽ, ബഹുജനങ്ങൾ അവർ പറയുന്നതു കേൾക്കും. അവക്ക് സാക്ഷിപത്രമില്ലെങ്കിൽ, ബഹുജനങ്ങൾ കേൾക്കുകയില്ല.

നിങ്ങൾ പോയി പ്രകാശത്തിന്റേയും ആശയുടേയും ഒരു കിരണം കൊണ്ടെത്തിയ്ക്കേണ്ടതു് ഈ ആളുകളുടെ നടുവിലാണു്. നിങ്ങൾ മുതുകു വളച്ചു്, അവരുടെ നടുവിൽനിന്നു പ്രവത്തിയ്ക്കണം. മാനസികമായ എന്തെങ്കിലും കലവറയോടുകൂടിയോ, നീചമായ എന്തെങ്കിലും ഉദ്ദേശത്തോടുകൂടിയോ ആയിരിക്കരുതു്. അവരെ സേവിയ്ക്കുകയും, സ്നേഹത്തിന്റേയും ശാന്തിയുടേയും സന്ദേശം അവരുടെ നടുവിൽ കൊണ്ടുചെല്ലുകയും ചെയ്യുകയെന്ന പവിത്രമായ ഉദ്ദേശത്തോടുകൂടിയാണു് നിങ്ങൾ അവരുടെ അടുത്തേയ്ക്കു് ചെന്നിരിയ്ക്കുന്നതെന്നു് അവർക്കു് ഉറപ്പു നൽകണം. നിങ്ങൾ അതു് ചെയ്താൽ, അവരിൽനിന്നു് ഉടനടി അനുകൂലപ്രതികരണമുണ്ടാകും.

*ഹരിജൻ, ഡിസമ്പർ 27, 1933*

ഹരിജനങ്ങളുടെ കാര്യത്തിനായി പ്രവർത്തിയ്ക്കുന്നതിൽ എനിയ്ക്കു് വഴികാട്ടുന്ന ഒരേയൊരു ഉദ്ദേശം ഹിന്ദുമതത്തെ അയിത്തത്തിന്റെ ശാപത്തിൽനിന്നു് ശുദ്ധീകരിച്ചെടുക്കുകയെന്നുള്ളതാണു്. അങ്ങിനെയാകുമ്പോൾ, അതിനെ പ്രതിനിധീകരിയ്ക്കുന്നതു് ഒരു ഹിന്ദു മാത്രമാണെങ്കിലും, എനിയ്ക്കു് യാതൊരു പശ്ചാത്താപവും ഉണ്ടായിരിയ്ക്കുകയില്ല. അതു മരിച്ചില്ലെന്ന യഥാത്ഥമായ ആനന്ദമേ ഉണ്ടാകൂ.

*ഹരിജൻ, ഏപ്രിൽ 6, 1936*

## വെപ്പുകാരായ ഹരിജനങ്ങൾ

കോൺഗ്രസ്സിന്റെ അടുത്ത സമ്മേളനത്തിൽ എല്ലാ വെപ്പുകാരും ഹരിജനങ്ങളായിരിയ്ക്കണമെന്നും, ശുചിത്വത്തിലും, ശാസ്ത്രീയ

മായും നമ്മുടേതുപോലുള്ള ഒരു ദരിദ്രരാജ്യത്തിനു് ഇണങ്ങുന്നരീതിയിലുമുള്ള പാചകകലയിലും ഒരുകൂട്ടം ഹരിജനങ്ങളെ പരിശീലിപ്പിയ്ക്കണമെന്നും ഒരു പത്രലേഖകൻ നിർദ്ദേശിയ്ക്കുന്നു. കോൺഗ്രസ്സുകാർക്കു് ഇതിനുള്ള പ്രത്യേകാവകാശവും കടമയുമുണ്ടായിരിയ്ക്കണമെന്നാണു് അദ്ദേഹം പറയുന്നതു്. ഈ സമ്മേളനത്തിനു ശേഷം കഴിവുള്ള കോൺഗ്രസ്സുകാർ ഈ വെപ്പുകാരെ ഏറ്റെടുക്കണമെന്നും, അവരുടെ കൂടെ നിർത്തണമെന്നും അദ്ദേഹം പറയുന്നു. അയിത്തം കഴിഞ്ഞ കാലത്തെ ഒരു കാര്യമാണെന്നു് പ്രയോഗത്തിൽ കാണിയ്ക്കുന്ന, ഇതുപോലുള്ള ഏതു നിർദ്ദേശവും സ്വാഗതം ചെയ്യപ്പെടണം. ഇതിനെ ശരിവെയ്ക്കുന്ന കോൺഗ്രസ്സുകാർ ആ സമ്മേളനത്തിനായി കാത്തിരിയ്ക്കേണ്ടതില്ലെന്നു് മാത്രമേ ഞാൻ പറയുന്നുള്ളൂ. അവർ ഇപ്പോൾ മുതൽ ഹരിജനങ്ങളെ തങ്ങളുടെ വെപ്പുകാരായി മാത്രമല്ല, മറ്റെല്ലാ നിലകളിലുംകൂടെ നിർത്തണം. എന്നു മാത്രമല്ല, അതിനു കഴിവുള്ളവർ ഹരിജനങ്ങളെ തങ്ങളുടെ കുടുംബങ്ങളിൽ, തങ്ങളുടെ സ്വന്തം കുട്ടികളുമായി എടുത്തു് ശരിയായ പരിശീലനം നൽകട്ടെ. സ്ത്രീകൾക്കും പുരുഷന്മാർക്കും, അവർ പറയുന്നതിൽ ആത്മാർത്ഥതയുണ്ടെങ്കിൽ മാത്രമേ, ഇതെല്ലാം സംഭവിക്കൂ. മതത്തിന്റെ ആവരണമണിഞ്ഞ ഹിന്ദുമതം, അവരുടെ യാതൊരു കുററവും കൊണ്ടല്ലാതെ, സ്വന്തം ബന്ധുജനങ്ങളെ അയിത്തത്തിലേയ്ക്കു് തള്ളിവിട്ടുവെന്നുള്ള സത്യം ബോധ്യമായാൽ മാത്രമേ ഇതെല്ലാം സംഭവിയ്ക്കാൻ ഒക്കൂ.

*ഹരിജൻ, മേയ് 19, 1946*

## പൊതുവിദ്യാഭ്യാസം വഴി പരിഷ്കാരം

ഒരു കോൺഗ്രസ്സ് മന്ത്രിസഭ ഏർപ്പെടുത്തിയതുകൊണ്ടു്, ഇനിമേൽ പരിഷ്കാരങ്ങൾ ജനങ്ങളുടെമേൽ അടിച്ചേല്പിയ്ക്കപ്പെടുമെന്നു് അർത്ഥമില്ല. ഇങ്ങിനെയുള്ള കാലങ്ങളിൽ ബലപ്രയോഗത്തിനു് ലവലേശമിടമില്ല. ജനങ്ങളുടെ എല്ലിന്റെ മജ്ജവരെ കടന്നുചെന്നിട്ടുള്ള, അതും മതത്തിൻെറ പേരിൽ കടന്നുചെന്നിട്ടുള്ള, അയിത്തത്തെപ്പോലുള്ള ഒരു ദൂഷ്യം ബലം പ്രയോഗിച്ചു നീക്കുവാൻ സാദ്ധ്യമല്ല. പക്ഷേ, ഒരു വിദേശഗവൺമെന്റ് അടിച്ചമർത്തപ്പെട്ടവരെ ബലപ്രയോഗംകൊണ്ടു് കൂടുതൽ അടിച്ചമർത്താൻ അതിൻെറ സ്വാധീനമുപയോഗിയ്ക്കുന്നു. പരിശുദ്ധമായാലും, സ്വാർത്ഥപ്രേരിതമായാലും, ഒരു ഉദ്ദേശം വച്ചുകൊണ്ടു് അതു്

അവരെ സഹായിയ്ക്കാൻ ശ്രമിയ്ക്കുമ്പോൾ, അതും ബലംപ്രയോഗിച്ചാണു് ചെയ്യുന്നതു്. കോൺഗ്രസ്സ് ബലപ്രയോഗം വഴിയല്ല, അതിന്റെ നില സ്ഥാപിച്ചതു്. അതു് ഒരു തികഞ്ഞ ജനാധിപത്യസംഘടനയാണു്. അതുകൊണ്ടു്, കോൺഗ്രസ്സ് മന്ത്രിമാർ അതിന്റെ എല്ലാ പുരോഗമനനടപടികൾക്കും പൊതുജനാഭിപ്രായത്തെ ഉൽബുദ്ധമാക്കുകയും, ജനകീയപിൻതുണ നേടുകയും ചെയ്യുമെന്നു് ആശിയ്ക്കപ്പെടുന്നു. ഇതു് അവരുടെ പ്രവിശ്യയിൽ ഹരിജനപ്രവർത്തനംപോലുള്ള പരിഷ്കാരങ്ങൾക്കു് ഉത്തേജനം നൽകാൻ ഇടയാക്കും. ഇങ്ങിനെയുള്ള പരിഷ്കാരങ്ങളുടെ വഴിയിൽ വിലങ്ങടിച്ചുനിൽക്കുന്ന ശക്തികൾ, സ്വയമേവ അപ്രത്യക്ഷമാകും.

*ഹരിജൻ, ജൂൺ 9, 1946*

## ഒരു ന്യൂനപക്ഷം

എന്റെ സങ്കല്പത്തിലുള്ള സ്വരാജിൽ 'തൊട്ടുകൂടാത്തവരുടെ' സ്ഥാനം, സവർണ്ണഹിന്ദുക്കളെന്നു് പറയപ്പെടുന്നവർക്കുള്ള സ്ഥാനമായിരിയ്ക്കും. കോൺഗ്രസ്സിന്റെ നിലയും ഇങ്ങിനെതന്നെയാണു്. എനിയ്ക്കറിയാവുന്ന ഏതൊരു സാർവ്വലൗകികസംഘടനയേക്കാളും കൂടുതലായി ന്യൂനപക്ഷങ്ങൾക്കുവേണ്ടി പ്രവർത്തിച്ചിട്ടുള്ളതും ഉറച്ചു സംസാരിച്ചിട്ടുള്ളതും കോൺഗ്രസ്സാണു്.

തൊട്ടുകൂടാത്തവർ, പാഴ്സികൾക്കും ജൂതന്മാർക്കും ക്രൈസ്തവ്യാനികൾക്കും മററുള്ളവർക്കും സ്വയം വിളിയ്ക്കാവുന്ന അർത്ഥത്തിലുള്ള ന്യൂനപക്ഷമല്ല. ബ്രാഹ്മണരും. ക്ഷത്രിയരും, വൈശ്യരും ന്യൂനപക്ഷങ്ങളും, ശൂദ്രർ ഭൂരിപക്ഷവും ആണെങ്കിൽ, ഹരിജനങ്ങൾ ഒരു ന്യൂനപക്ഷമാണു്. നമുക്കു് പരിചയമുള്ള അർത്ഥത്തിൽ, ഇവർ ന്യൂനപക്ഷങ്ങളും ഭൂരിപക്ഷങ്ങളുമല്ല. ഭാഗ്യവശാൽ, നാം ആ പതനത്തിൽ എത്തിയിട്ടില്ല. അതിൽ നാം എത്തുമ്പോൾ, ഏതു തരത്തിലുള്ള സ്വരാജിനോടും സലാം പറയലായിരിയ്ക്കുമതു്. ഇംഗ്ലീഷുകാർ ഇന്നു് പോയേക്കാം. എന്നെങ്കിലും അവർ പോകും. പക്ഷേ, നാം അന്യോന്യം കഴുത്തറുക്കുന്ന കിരാതന്മാരായാൽ, കിരാതന്മാർക്കുള്ള സ്വാതന്ത്ര്യമായിരിയ്ക്കും നമുക്കുണ്ടാവുക.

തൊട്ടുകൂടാത്തവർ ഹിന്ദുക്കളുടെ ഒരു അവിഭാജ്യഭാഗമാണെന്നുള്ളതാണു് പ്രധാനമായിട്ടുള്ളതു്. അതുകൊണ്ടു്, അവർ

നൃനപക്ഷങ്ങളേക്കാൾ മെച്ചമാണ്. ഒരു വ്യതിരിക്തസമുദായ മാണെന്ന് അവർ അവകാശപ്പെട്ടുകയും, അതായിത്തീരുകയും ചെയ്താൽ, അവർ നൃനപക്ഷങ്ങളെക്കാൾ മോശമാകും. അഭ്യസ്ത വിദ്യരായ ഏതാനും തൊട്ടുകൂടാത്തവർ വേറെയൊരു വർഗ്ഗമായി തിരിഞ്ഞു നിന്നേക്കാം. പക്ഷേ അവരിൽ ബഹുഭൂരിപക്ഷവും ഹിന്ദുക്കളോടൊപ്പം മുങ്ങുകയോ, നീന്തുകയോ ചെയ്യണം. ഹിന്ദുക്കൾ ഹരിജനങ്ങളോടുള്ള അവരുടെ ദുഷ്പെരുമാററം തുടരുകയാണെങ്കിൽ, അവർ മനുഷ്യകുടുംബത്തിന്റെ ഒരു പ്രത്യേകശാഖ യെന്നനിലയിൽ നാമാവശേഷമായിത്തീരും.

## പ്രത്യേകസമ്മതിദായകർ

ഇന്നു് അവ നിലവിലുള്ളിടത്തോളമായാലും, അവ പോയേ തീരൂ. സാമ്രാജ്യത്വമെന്ന പേരുള്ള ചെകുത്താൻെറ ഒരു തന്ത്ര മാണവ. അതു് ഒരിക്കലും 'തൊട്ടുകൂടാത്തവരുടെ' സംരക്ഷണ ത്തിന്നായി ഉദ്ദേശിച്ചിട്ടുള്ളതല്ല. സാമ്രാജ്യത്വത്തിൻെറ ഒരു താ ങ്ങാണതു്. നിയമാധിഷ്ഠിതമായ ഓരോ വേർതിരിക്കലും, 'ഭി ന്നിപ്പിച്ചു ഭരിക്കുക' എന്ന നയം നടപ്പാക്കിക്കൊണ്ടുള്ളതാണു്. കുറേക്കൂടി മധുരമായ ഒരു പേരിൽ വിളിക്കപ്പെട്ടാലും, അതു് സാ മ്രാജ്യത്ത്വത്തിൻെറ ജീവനിൽ സ്വതസിദ്ധമാണു്.

വേർതിരിയലെന്നുവച്ചാൽ, മതംമാററമെന്നോ, ഒരു പുതിയ മതം സ്ഥാപിക്കലെന്നോ ആയിരിക്കും അർത്ഥം — കുഴപ്പത്തോടു് കുഴപ്പം കൂട്ടിച്ചേർക്കലായിരിക്കും.

*ഹരിജൻ, ജൂലൈ 28, 1946*

## അദ്ധ്യായം 7

# പട്ടികജാതികളും ഗോത്രവർഗ്ഗങ്ങളും

### അധഃകൃതവർഗ്ഗങ്ങൾ

വിവേകാനന്ദൻ പഞ്ചമരെ 'മർദ്ദിതവർഗ്ഗങ്ങൾ' എന്നു വിളിക്കുക പതിവായിരുന്നു. വിവേകാനന്ദന്റെ വിവരണം കുറേക്കൂടി സൂക്ഷ്മമായ വിശേഷണമാണെന്നുള്ളതിൽ സംശയമില്ല. നാം അവരെ മർദ്ദിച്ചിരുന്നു. തൽഫലമായി നാം തന്നത്താൻ അധഃകൃതരായി. നാം 'സാമ്രാജ്യത്തിലെ പറയന്മാർ' ആയിയെന്നുള്ളതും, ഗോഖലെയുടെ ഭാഷയിൽ, നീതിജ്ഞനായ ഈശ്വരൻ നമുക്ക് തന്ന ദണ്ഡനാത്മകമായ നീതിയാണ്. ഞാൻ അവർക്കു വേണ്ടി എന്താണ് ചെയ്യുന്നതെന്ന് ഒരു പത്രലേഖകൻ പരിതാപകരമായ ഒരു കത്തിൽ എന്നോട്ട് ദേഷ്യപ്പെട്ടു ചോദിക്കുന്നു: 'ഇംഗ്ലീഷുകാരോട്ട് അവരുടെ കൈകൾ കഴുകാൻ ആവശ്യപ്പെട്ടുംമുമ്പ്, ഹിന്ദുക്കളായ നാം നമ്മുടെ ചോര പുരണ്ട കൈകൾ കഴുകണ്ടേ?' ന്യായമായി ചോദിച്ച, ഉചിതമായ ഒരു ചോദ്യമാണിതു്. ഒരു അടിമരാഷ്ട്രത്തിലെ അംഗത്തിന്ന് എന്റെ അടിമത്വത്തിൽനിന്ന് എന്നെ മോചിപ്പിക്കാതെ, മർദ്ദിതവർഗ്ഗങ്ങളെ അവരുടെ അടിമത്വത്തിൽനിന്ന് വിമുക്തരാക്കാൻ കഴിയുമെങ്കിൽ, ഞാൻ ഇന്ന് അതു ചെയ്യും. പക്ഷേ അതു്, അസാദ്ധ്യമായ ഒരു ജോലിയാണ്. ഒരടിമക്കു് ശരിയായ കാര്യം ചെയ്യാൻപോലും സ്വാതന്ത്ര്യമില്ല. വിദേശച്ചരക്കുകളുടെ ഇറക്കുമതി ഞാൻ നിരോധിക്കുന്നതു ന്യായമാണ്. പക്ഷേ, അതു് കൈവരുത്താനുള്ള അധികാരമെനിക്കില്ല. മൌലാനാ മൊഹമ്മദ് അലി തുർക്കിയിൽചെന്ന്, അവരുടെ ധർമ്മസമരത്തിൽ ഭാരതം അവരുടെകൂടെ ഉണ്ടെന്ന് തുർക്കികളോട്ട് നേരിട്ടു പറയുന്നതു് ന്യായമാണ്. അദ്ദേഹത്തിന്ന് അങ്ങനെ ചെയ്യാൻ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. എനിക്കു് ഒരു യഥാർത്ഥ ദേശീയനിയമസഭയുണ്ടായിരുന്നെങ്കിൽ

മർദ്ദിതവർഗ്ഗങ്ങളുടെ മാത്രം ഉപയോഗത്തിനു് കുറേക്കൂടി നല്ല കിണറുകൾ കെട്ടിയും, അവക്കായി കുറേക്കൂടി നല്ല വളരെയധികം സ്ക്കൂളുകൾ കെട്ടിയും ഹിന്ദുവിൻെറ അഹങ്കാരത്തിനു് ഞാൻ ഉത്തരം കൊടുത്തേനെ. അങ്ങിനെ, മർദ്ദിതവർഗ്ഗങ്ങളിൽ ഒരൊററ അംഗത്തിനുപോലും അവരുടെ കുട്ടികളെ പഠിപ്പിയ്ക്കാൻ ഒരു സ്കൂളില്ലാതെ വരുകയില്ലായിരുന്നു. പക്ഷേ, ആ നല്ല ദിവസത്തിനായി ഞാൻ കാത്തിരിയ്ക്കണം.

അതിനിടയ്ക്കു് അധകൃതവർഗ്ഗങ്ങളെ അവരുടെ സ്വന്തം ധനാഗമമാർഗ്ഗങ്ങളുമായി വിട്ടേയ്ക്കാമോ? അത്തരത്തിലൊന്നും പറവുകയില്ല. എന്റെ പഞ്ചമസഹോദരനുവേണ്ടി എന്റെ സ്വന്തം എളിയരീതിയിൽ, എനിയ്ക്കു് കഴിവുള്ളതെല്ലാം ചെയ്തിട്ടുണ്ടു്, ചെയ്യുന്നുമുണ്ടു്.

രാഷ്ട്രത്തിലെ അധഃസ്ഥിതരായ ഈ അംഗങ്ങൾക്കു് മൂന്നു വഴികൾ തുറന്നുകിടപ്പുണ്ടു്. അവർ അക്ഷമരാണെങ്കിൽ, അടിമകളുടെ ഉടമയായ ഗവൺമെൻറിൻെറ സഹായം അവർക്കു് ആവശ്യപ്പെടാം. അവക്കു് അതു് കിട്ടും. പക്ഷേ വറുചട്ടിയിൽനിന്നു് എരിതീയിലേയ്ക്കു് വീഴുകയായിരിയ്ക്കും അവർ ചെയ്യുന്നതു്. ഇന്നു് അവർ അടിമകളുടെ അടിമകളാണു്. ഗവണ്മെന്റിൻെറ സഹായം തേടുന്നതുവഴി അവർ അവരുടെ ബന്ധുജനങ്ങളെ അടിച്ചമർത്താൻ ഉപയോഗിയ്ക്കപ്പെട്ടും. പാപത്തിനിരയാകുന്നതിനു പകരം അവർതന്നെ പാപികളാകും, മുസൽമാന്മാർ അതു പരീക്ഷിച്ചു് പരാജയമടഞ്ഞു. തങ്ങൾ മുമ്പത്തേക്കാൾ വളരെ മോശപ്പെട്ട നിലയിലാണെന്നു് അവർ കണ്ടു. സിക്കുകൾ അറിയാതെ അതു് ചെയ്തു് പരാജയമടഞ്ഞു. ഇന്നു് ഭാരതത്തിൽ സിക്കുകളേക്കാൾ അസംതൃപ്തമായ ഒരു സമുദായമില്ല. അതിനാൽ, ഗവൺമെന്റിൻെറ സഹായം ഒരു പരിഹാരമല്ല.

ഹിന്ദുമതം പാടേ ഉപേക്ഷിച്ചു്, കൂട്ടത്തോടെ, ഇസ്ലാമിലേയ്ക്കോ, ക്രിസ്തുമതത്തിലേയ്ക്കോ പരിവർത്തനം ചെയ്യപ്പെടുകയാണു് രണ്ടാമത്തെ വഴി. ലൌകികമായ ഉന്നമനത്തിനു് ഒരു മതംമാറ്റം നീതീകരിയ്ക്കപ്പെടാമെങ്കിൽ, ഒട്ടും മടികൂടാതെ ഞാൻ അതിനു് ഉപദേശിക്കണം. പക്ഷേ, മതം ഹൃദയത്തിന്റെ കാര്യമാണു്. യാതൊരു വിധമായ ഭൌതിക അസൗകര്യങ്ങളും ഒരാളുടെ സ്വന്തം മതം ഉപേക്ഷിയ്ക്കുന്നതിനു് നീതീകരണമാവില്ല. പഞ്ചമരോടുള്ള മനുഷ്യത്വവിഹീനമായ പെരുമാറ്റം ഹിന്ദുമതത്തിൻെറ ഒരു ഭാഗമാ

ണെങ്കിൽ, ഹിന്ദുമതം ഉപേക്ഷിയ്ക്കുകയെന്നുള്ളതു് അവക്കും, മതത്തെപ്പോലും ഒരു ഭക്ത്യാരാധ്യവിഷയമാക്കാത്തവരും അതിൻെറ പവിത്രനാമത്തിൽ സകല ദൂഷ്യങ്ങളേയും പൊറുക്കാത്തവരുമായ എന്നെപ്പോലുള്ളവർക്കും പരമമായ ഒരു കടമയായിരിയ്ക്കും. എന്നാൽ, അയിത്തം ഹിന്ദുമതത്തിൻെറ ഭാഗമല്ലെന്നു് ഞാൻ വിശ്വസിയ്ക്കുന്നു. അതു് എല്ലാ വിധത്തിലും പ്രയത്നിച്ചു് നീക്കം ചെയ്യേണ്ട അനാവശ്യമായ ഒരു ദുഴയാണു്. ഹിന്ദുമതത്തിൽനിന്നു് ഈ കളങ്കം ഇല്ലാതാക്കുന്നതിൽ മനസ്സൂന്നിയിട്ടുള്ള ഹിന്ദുപരിഷ്കാർത്താക്കളുടെ ഒരു പട്ടാളം തന്നെയുണ്ടു്. അതുകൊണ്ടു്, മതം മാററം യാതൊരുവിധത്തിലുമുള്ള പ്രതിവിധിയുമല്ലെന്നു് ഞാൻ വാദിയ്ക്കുന്നു.

അവസാനമായി ശേഷിയ്ക്കുന്നതു്, സ്വസഹായവും സ്വാശ്രയവുമാണു്. അതോടൊപ്പം പഞ്ചമരല്ലാത്ത ഹിന്ദുക്കൾ രക്ഷാധികാരരൂപത്തിലല്ലാതെ, കടമയുടെ രൂപത്തിൽ സ്വന്തം ഇഷ്ടപ്രകാരം നൽകുന്ന സഹായവും ഉണ്ടായിരിയ്ക്കും. ഇവിടെയാണു് നിസ്സഹകരണത്തിൻെറ ഉപയോഗം വരുന്നതു്. ഈ അംഗീകൃതദൂഷ്യമില്ലാതാക്കുവാൻ നല്ലവണ്ണം ക്രമീകൃതമായ നിസ്സഹകരണത്തെ ഞാൻ അനുകൂലിയ്ക്കുമെന്നു് ശ്രീ. രാജഗോപാലാചാരിയും ശ്രീ. ഹനുമന്തറാവുവും എൻെറ ഈ പത്രലേഖകനെ ശരിയായിത്തന്നെ അറിയിച്ചു. എന്നാൽ, നിസ്സഹകരണമെന്നുവച്ചാൽ പുറമേ നിന്നുള്ള സഹായത്തിനു് ആശിയ്ക്കാതിരിയ്ക്കുകയെന്നുകൂടിയുണ്ടു്. ഉള്ളിൽനിന്നുള്ള പ്രയത്നമെന്നാണതിനർത്ഥം. നിരോധിതപ്രദേശങ്ങൾ സന്ദർശിയ്ക്കണമെന്നു നിർബ്ബന്ധിയ്ക്കുന്നതു് നിസ്സഹകരണമായിരിയ്ക്കുകയില്ല. സമാധാനകരമായി നടപ്പാക്കിയാൽ, അതു് സിവിൽനിയമലംഘനമായേക്കാം. പക്ഷേ, സിവിൽനിയമലംഘനത്തിനു് എത്രയോ കൂടുതൽ പ്രാഥമികപരിശീലനവും ആത്മനിയന്ത്രണവും ആവശ്യമാണെന്നു് എനിയ്ക്കു് നഷ്ടാനുഭവത്തിൽനിന്നു് മനസ്സിലായിട്ടുണ്ടു്. എല്ലാവക്കും നിസ്സഹകരിയ്ക്കാൻ കഴിയും. പക്ഷേ, സിവിൽനിയമലംഘനം നടത്താൻ കുറച്ചുപേക്കേ കഴിയൂ. അതുകൊണ്ടു്, പ്രത്യേക ആവലാതികൾ നിലവിലുള്ളിടത്തോളം, ഹിന്ദുമതത്തിനെതിരായുള്ള പ്രതിഷേധമെന്ന നിലയിൽ പഞ്ചമക്കു്, തീർച്ചയായും, മററു് ഹിന്ദുക്കളുമായുള്ള എല്ലാ സമ്പക്കങ്ങളും ബന്ധങ്ങളും നിർത്തിവെയ്ക്കാം. പക്ഷേ, ഇതിനു് സംഘടിതമായ, ബുദ്ധിപരമായ, പ്രയത്നം ആവശ്യമാണു്. എനിയ്ക്കു്, കാണാൻ

കഴിയുന്നിടത്തോളം, പഞ്ചമരെ നിസ്സഹകരണത്തിലൂടെ വിജയത്തിലേയ്ക്കു നയിയ്ക്കാൻ കഴിവുള്ള യാതൊരു നേതാവും അവർക്കിടയിലില്ല.

അതുകൊണ്ടു്, പഞ്ചമക്കു്. ഒരുപക്ഷേ, കുറേക്കൂടി നല്ല വഴി, ഇപ്പോഴത്തെ ഗവൺമെന്റിൻെറ അടിമത്വത്തെ തുത്തെറിയാനായി നടന്നുകൊണ്ടിരിയ്ക്കുന്ന മഹത്തായ ദേശീയപ്രസ്ഥാനത്തിൽ ഹൃദയപൂർവ്വം ചേരുകയെന്നുള്ളതായിരിയ്ക്കും. ദുഷിച്ച ഭരണത്തിനെതിരായുള്ള നിസ്സഹകരണത്തിനു്, ഭാരതരാഷ്ട്രത്തിലെ വിവിധ വിഭാഗങ്ങൾ തമ്മിൽ സഹകരണം വേണമെന്നു് കാണുവാൻ പഞ്ചമസുഹൃത്തുകൾക്കു് എളുപ്പമാണു്. ഗവൺമെൻറിനെതിരായി വിജയകരമായ നിസ്സഹകരണം നടത്താൻ അഭിലഷിയ്ക്കുന്നുണ്ടെങ്കിൽ മുസൽമാന്മാരുമായി പൊതുവായ കൂട്ടുണ്ടാക്കിയതു പോലെ, പഞ്ചമരുമായും പൊതുവായ കൂട്ടുണ്ടാക്കണമെന്നു് ഹിന്ദുക്കൾ മനസ്സിലാക്കണം. അഹിംസയിൽനിന്നു് വിമുക്തമായ മായ നിസ്സഹകരണം, മൌലികമായും, ഉൽക്കടമായ ഒരു ആത്മശുദ്ധീകരണപ്രസ്ഥാനമാണു്. ആ പ്രക്രിയ തുടങ്ങികഴിഞ്ഞു. പഞ്ചമർ അതിൽ മനപൂർവ്വം പങ്കെടുത്താലും ഇല്ലെങ്കിലും, ശേഷമുള്ള ഹിന്ദുക്കൾക്കു് സ്വന്തം പുരോഗതിയ്ക്കു വിഘാതമുണ്ടാക്കാതെ അവരെ അവഗണിയ്ക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു്, പഞ്ചമരുടെ പ്രശ്നം എനിയ്ക്കു ജീവനെപോലെ പ്രിയപ്പെട്ടതാണെങ്കിലും, ദേശീയനിസ്സഹകരണത്തിൽമാത്രം ശ്രദ്ധ പതിച്ചു് ഞാൻ തൃപ്തിയടയുന്നു.

*യംഗ് ഇൻഡ്യ, ഒക്ടോബർ 27, 1920*

## മദ്രാസിലെ പഞ്ചമർ

ഈ പ്രസിഡൻസിയിലെ അത്ര ക്രൂരമായി മറെറാരിടത്തും 'തൊട്ടുകൂടാത്തവനോട്ട്'' പെരുമാററില്ല. അയാളുടെ നിഴൽപോലും ബ്രാഹ്മണനെ അശുദ്ധമാക്കുന്നു. അയാൾക്കു് ബ്രാഹ്മണത്തെരുവുകളിലൂടെ നടക്കാൻപോലും വയ്യ. ഇതിലും മെച്ചമായിട്ടല്ല അബ്രാഹ്മണരും അയാളോട്ട് പെരുമാറുന്നതു്. രണ്ടു കൂട്ടർക്കുമിടയിൽകിടന്നു് പഞ്ചമനെന്നു് ഈ ഭാഗങ്ങളിൽ വിളിയ്ക്കപ്പെടുന്നവൻ തകർന്നു് തരിപ്പണമാകുന്നു. എന്നാൽ, മദ്രാസ് കൂററൻ ക്ഷേത്രങ്ങളുടെയും മതപരമായ ഭക്തിയുടേയും നാടാണു്. വലിയ തിലകക്കുറികളും, നീണ്ട കുടുമകളും, വൃത്തിയുള്ള, നഗ്നമാ

യ, ശരീരങ്ങളും ഉള്ള ആളുകളെക്കണ്ടാൽ ഋഷികളാണെന്നേ തോന്നൂ. പക്ഷേ, ബാഹ്യമായ ഈ ആചാരങ്ങളിൽ അവരുടെ മതം മിക്കവാറും ശോഷിച്ചുപോയതുപോലെ തോന്നുന്നു. ശങ്കരനേയും രാമാനുജനേയും സൃഷ്ടിച്ച ഒരു നാട്ടിലെ ഏററവും ഉദ്യമശീലരും, പ്രയോജനകാരികളുമായ പൌരന്മാരോട് കാട്ടുന്ന ഈ ക്രൂരത മനസ്സിലാക്കാൻ വിഷമമാണ്. ഭാരതത്തിൻെറ ഈ ഭാഗത്ത്, സ്വന്തം സഹോദരരോട് ഈ പൈശാചികമായ പെരുമാററം ഉണ്ടായിട്ടും, ഈ തെക്കൻ ജനങ്ങളിൽ എനിക്കുള്ള വിശ്വാസം ഞാൻ വച്ചുപുലർത്തുന്നു. നമ്മുടെ നടുവിൽനിന്ന് ഈ ശാപം നീക്കാതെ സ്വരാജ് സാധ്യമല്ലെന്ന് ഞാൻ അവരോട് പറഞ്ഞിട്ടുണ്ട്. മിക്കവാറും ലോകമൊട്ടാകെ നമ്മോട് സാമൂഹ്യ കുഷ്ഠരോഗികളോടെന്ന നിലയിൽ പെരുമാറാൻ കാരണം, നാം, നമ്മുടെ സ്വന്തം വർഗ്ഗത്തിൽ അഞ്ചിലൊന്നിനോട് അങ്ങിനെ പെരുമാറിയതാണെന്ന് ഞാൻ അവരോട് പറഞ്ഞു....ഭാരതം 'തൊട്ടുകൂടാത്ത'വരോടുള്ള അതിന്റെ പെരുമാറ്റത്തിൽ പശ്ചാത്തപിക്കുകയും, വിദേശവസ്തുങ്ങളെ ബഹിഷ്കരിക്കുകയും ചെയ്യുന്ന ആ നിമിഷം കഠിനഹൃദയമുള്ളവരെന്ന് നമുക്ക് തോന്നുന്ന അതേ ഇംഗ്ലീഷുദ്യോഗസ്ഥന്മാർ ഭാരതത്തെ സ്വതന്ത്രവും ധീരവുമായ ഒരു രാഷ്ട്രമെന്ന നിലയിൽ സ്വാഗതം ചെയ്യുമെന്ന് പ്രവചിക്കാൻ ഞാൻ ധൈര്യപ്പെടുന്നു. ഹിന്ദുക്കൾ നിശ്ചയിക്കുകയാണെങ്കിൽ, പഞ്ചമരെന്നു വിളിക്കപ്പെടുന്നവർക്ക് വോട്ടവകാശം നൽകാനും, തങ്ങൾക്കവകാശപ്പെടുന്ന അതേ അവകാശങ്ങൾ അവർക്ക് നൽകാനും ഹിന്ദുക്കൾക്ക് സാധിക്കും. അതുകൊണ്ട് സ്വരാജ് ഇക്കൊല്ലം തന്നെ നേടാമെന്ന് ഞാൻ വിശ്വസിക്കുന്നു. വളരെ വിശദമായി ആസൂത്രണം ചെയ്ത ഏതെങ്കിലും യാന്ത്രികനടപടികൾകൊണ്ട് ഈ പരിവർത്തനം നടക്കുക സാദ്ധ്യമല്ല. ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ അതു് നടക്കും. നമ്മളിൽ ഓരോരുത്തരുടേയും ഹൃദയത്തിൽ ഈശ്വരൻ അത്ഭുതകരമായ ഒരു മാററം വരുത്തുന്നുണ്ടെന്നുള്ളതു് ആർക്കു് നിഷേധിക്കാൻ സാധിക്കും? തൊട്ടുകൂടാത്ത സഹോദരൻെറ സ്നേഹം സമ്പാദിക്കുകയെന്നുള്ളതും, വേദങ്ങളിലും ഉപനിഷത്തുകളിലുമുള്ള ഹിന്ദുമതത്തിൽ, ഭഗവദ്ഗീതയുടെയും ശങ്കരൻേറയും രാമാനുജൻേറയും ഹിന്ദുമതത്തിൽ, എത്രതന്നെ അധഃപതിച്ചവനായാലും, ഒരൊററ മനുഷ്യനേയും തൊട്ടുകൂട്ടാത്തവനായി കരുതാനുള്ള യാതൊരു ശാസനവും ഇല്ലെന്ന് ഹിന്ദുവി

രുദ്ധ ഹിന്ദുക്കളെ പറഞ്ഞുമനസ്സിലാക്കുകയെന്നുള്ളതും ഓരോരോ സ്ഥലത്തുമുള്ള ഓരോ കോൺഗ്രസ്സ് പ്രവൎത്തകൻേറയും കടമയാണ്. തൊട്ടുകൂടായ്മ അഹിംസയുടെ തന്നെ നിഷേധമാണെന്നു് ഓരോ കോൺഗ്രസ്സുകാരനും കഴിയുന്നത്ര മൃദുവായ രീതിയിൽ, മാമൂല്പ്രകാരെ പറഞ്ഞു മനസ്സിലാക്കട്ടെ.

*യംഗ് ഇൻഡ്യ, സെപ്റ്റംബർ 29, 1921*

ചക്രധാർപുരിൽനിന്നു് ചൈബാസയിലേക്കുള്ള യാത്ര വളരെ നല്ല ഒരു റോഡിൽക്കൂടിയുള്ള, രസകരമായ, ഒരു മോട്ടോർ യാത്രയാണ്. ചൈബാസയിൽവെച്ചാണ് 'ഹോ' ഗോത്രവൎഗ്ഗവുമായി ഞാൻ പരിചയപ്പെട്ടതു്. കുട്ടികളുടെ ലാളിത്യവും എളുപ്പത്തിൽ കുലുക്കാനാവാത്ത വിശ്വാസവുമുള്ള വളരെ പ്രിയംകരരായ ഒരു കൂട്ടം ആളുകളാണവർ. അവരിൽ പലരും ചൎക്കയും ഖദറും സ്വീകരിച്ചിരിക്കുന്നു. 1921-ൽ കോൺഗ്രസ്സ് പ്രവൎത്തകർ അവൎക്കിടയിൽ പരിഷ്കരണപ്രവർത്തനം തുടങ്ങി. പലരും ചത്ത മൃഗത്തിൻെറ ഇറച്ചി തിന്നുന്നതു് നിർത്തി; ചിലർ സസ്യഭക്ഷണവാദികളുമായി. റാഞ്ചിയിലേക്കു് പോകുന്ന വഴി, ഖുന്തിയിൽവെച്ചു ഞാൻ കണ്ട മറ്റൊരു ഗോത്രവൎഗ്ഗമാണ് മുണ്ഡകൾ. അവരുടെ ഇടയിൽ പ്രവർത്തനത്തിനുള്ള സാദ്ധ്യത അനന്തമാണ്. ക്രൈസ്തവ മിഷനറിമാർ തലമുറകളായി വിലയേറിയ സേവനം നടത്തിപ്പോന്നിട്ടുണ്ട്, പക്ഷേ, എൻെറ വിനീതമായ അഭിപ്രായത്തിൽ, അവരുടെ പ്രവർത്തനത്തിന്നു് ദോഷമുണ്ട്. കാരണം, ആ പ്രവർത്തനത്തിൻെറ അവസാനത്തിൽ ഈ ആളുകളെ ക്രിസ്തുമതത്തിലേക്കു് പരിവർത്തനം ചെയ്യാമെന്നു് അവർ പ്രതീക്ഷിക്കുന്നു. ഈ സ്ഥലങ്ങളിൽ അവരുടെ ചില സ്കൂളുകൾ കാണുവാനുള്ള ഭാഗ്യവും എനിക്കുണ്ടായി. അതും സന്തോഷകരമായിരുന്നു. പക്ഷേ, മിഷനറിമാരും ഹിന്ദുപ്രവൎത്തകരും തമ്മിലുള്ള സംഘട്ടനം എനിക്കു് മുൻകൂട്ടി കാണാൻ കഴിഞ്ഞു. ഹിന്ദുപ്രവർത്തകർക്കു്, അവരുടെ സേവനം 'ഹോ'കൾക്കും 'മുണ്ഡ'കൾക്കും മററുള്ളവർക്കും പ്രശംസനീയമാക്കുവാൻ വിഷമമൊന്നുമില്ല. പരിവർത്തനമെന്ന അന്തിമലക്ഷ്യം കൂടാതെ, മിഷനറിമാൎക്കു് ജീവകാരുണ്യപരമായ സേവനം നടത്താൻ കഴിഞ്ഞിരുന്നെങ്കിൽ, എന്തു നന്നായിരിക്കുമായിരുന്നു. എന്നാൽ, കൽക്കത്തയിൽ മിഷനറിസമ്മേളനത്തിന്നു മുമ്പാകെയും, മററു ക്രൈസ്തവസംഘടനകൾക്കു് മുമ്പാകെയും ഞാൻ ചെയ്ത പ്ര

സ്ഥാവങ്ങൾ ആവർത്തിച്ചുകൂട. ഞാൻ പറയുന്ന രീതിയിലുള്ള വിപ്ലവകരമായ മാറ്റം ക്രൈസ്തവസംരംഭത്തിൽ യാതൊരു ഉപദേശത്തിലൂടെയും, പ്രത്യേകിച്ച് പുറമെനിന്നുള്ള ഒരാളിൽനിന്നുള്ള ഉപദേശത്തിലൂടെയും, അതു് എത്രതന്നെ സദുദ്ദേശമുള്ളതാണെങ്കിലും, വരാൻ സാധ്യമല്ലെന്നു് എനിയ്ക്കറിയാം. അതു് ഒന്നുകിൽ വ്യക്തിപരമായ സുനിശ്ചിതബോദ്ധ്യത്തിൽനിന്നോ, അല്ലെങ്കിൽ കൃസ്ത്യാനികൾക്കിടയിൽ തന്നെയുള്ള ഏതെങ്കിലും വമ്പിച്ച ബഹുജനപ്രസ്ഥാനത്തിൽനിന്നോ മാത്രമേ വരികയുള്ളൂ. ഈ ഗോത്രവർഗ്ഗങ്ങൾക്കിടയിൽ 'ഭക്ത'ന്മാരെന്നറിയപ്പെടുന്ന അവരുടെ ഒരു കോളനിതന്നെയുണ്ടു്; അവർ ഖദറിൽ വിശ്വസിക്കുന്നു. സ്ത്രീകളും പുരുഷന്മാരും പതിവായി ചക്ക തിരിക്കുന്നു. അവർതന്നെ നൂററ ഖദർ അവർ ധരിക്കുന്നു. ചക്കകളും ചുമലുകളിലേന്തി അവരിൽ പലരും മൈലുകൾതന്നെ നടന്നുതാണ്ടിയിട്ടുണ്ടു്. എനിയ്ക്കു് പ്രസംഗിയ്ക്കാൻ പ്രത്യേകഭാഗ്യമുണ്ടായ ഒരു യോഗത്തിൽ, അവരിൽ ഏതാണ്ടു് നാനൂറു പേർ ഏററവും ഉശിരോടെ ചക്കകൾ തിരിച്ചുകൊണ്ടിരിക്കുന്നതു്, ഞാൻ കണ്ടു. അവക്കു് സ്വന്തം ഭജനകൾ ഉണ്ടു്. അവർ അതു് കൂട്ടത്തോടെ പാടുന്നു.

*യംഗ് ഇൻഡ്യ, ഒക്ടോബർ 8, 1925*

രാമൻെറ പേരു് ചെളിയിൽ വലിച്ചിഴയ്ക്കുന്നേടത്തു് തങ്ങുകയെന്നുള്ളതു് രാമായണഭക്തനായ ഒരു വിദ്യാർത്ഥിയ്ക്കു് സഹിയ്ക്കാനാവാത്തതുപോലെ, ഹരിജനങ്ങളെ അപമാനിയ്ക്കുകയോ അപഹസിയ്ക്കുകയോ ചെയ്യുന്ന ഒരിടത്തിരിയ്ക്കുകയെന്നുള്ളതു് എനിയ്ക്കു് സഹിയ്ക്കുകയില്ല. അതുകൊണ്ടു്, ഒന്നുകിൽ, അവരെ നിങ്ങളോടൊപ്പം വന്നിരിയ്ക്കാൻ അനുവദിയ്ക്കുക; അല്ലെങ്കിൽ, അവരോടൊപ്പം ചെന്നിരിയ്ക്കാൻ എന്നെ അനുവദിയ്ക്കുക. നിങ്ങൾ കെട്ടിയിട്ടുള്ള വലയം എൻെറ ആത്മാവിൻെറ ഓരോ തരിയ്ക്കും എതിരാണ്. ഒന്നുകിൽ ആ വലയം മാററുക; അല്ലെങ്കിൽ എന്നെ ഈ സഹോദരന്മാരുടെ കൂടെയിരുത്തുക. പക്ഷേ, ഒരു കാര്യം ശ്രദ്ധിയ്ക്കണം. നിങ്ങൾ ചെയ്യുന്നതു് വിശ്വാസധീരതയോടെ ചെയ്യണമെന്നും, അല്ലാതെ, എന്നെ സന്തോഷിപ്പിയ്ക്കാൻ വേണ്ടിയാവരുതെന്നും ഞാൻ ആഗ്രഹിയ്ക്കുന്നു. എന്നെ ഒഴിവാക്കുകയാണെങ്കിൽ, നിങ്ങളുടെ ധൈര്യത്തിലും സ്വന്തം നിലനില്പിന്നുള്ള നിങ്ങളുടെ വാസനയിലും നിങ്ങളെ ഞാൻ അഭിനന്ദിയ്ക്കുമെന്നു് ഞാൻ നിങ്ങൾക്കു് ഉറപ്പുതരുന്നു. പക്ഷേ, നിങ്ങൾ 'തൊട്ടുകൂടാത്ത'വ

രെ പ്രവേശിപ്പിയ്ക്കുകയാണെങ്കിൽ, ഞാൻ വിട്ടുപിരിഞ്ഞശേഷം സ്വന്തം ശപഥങ്ങൾ മറിച്ചുചൊല്ലുകയും, സ്വന്തം പാപങ്ങൾക്ക് പരിഹാരം ചെയ്യുകയും ചെയ്ത മംഗോളിലെ ആ ആളുകളുടെ ദുഃഖകരമായ സ്ഥിതി പിന്നീട്ട് നിങ്ങൾക്കുണ്ടാകാതിരിക്കണമെങ്കിൽ, ഏറ്റവും പാകതയോടെ ആലോചിച്ചശേഷം അങ്ങിനെ ചെയ്യണമെന്നു് ഞാൻ നിങ്ങളോട്ട് ബോധിപ്പിയ്ക്കുന്നു. ഇതു്, സത്യാഗ്രഹത്തിലെ ആദ്യത്തെ വസ്തുനിഷ്ഠമായ പാഠമായിരിയ്ക്കട്ടെ.

വലയങ്ങൾ പാടില്ല. യൂറോപ്യന്മാർക്കും ആംഗ്ലോ ഇൻഡ്യന്മാർക്കും തീവണ്ടികളിൽ ഇരുപ്പിടങ്ങൾ സംവരണം ചെയ്യുന്നതുപോലെ, നിങ്ങൾക്കു്, വേണമെങ്കിൽ, മാമൂല്യകാർക്കു് സ്ഥലങ്ങൾ ഒഴിച്ചിടാം. 'തൊട്ടുകൂടാത്ത'വരെ തീരെ ഒഴിച്ചുനിർത്തുന്ന ഒരു യോഗത്തെ അഭിസംബോധന ചെയ്യുന്നതു് എനിക്കു് സഹിയ്ക്കാനൊക്കും. പക്ഷേ, അപമാനത്തിൻേറയും അപകർഷത്തിൻേറയും നിരോധനത്തോട്ടുകൂടി അവർ ഇരിയ്ക്കുന്ന ഒരു യോഗത്തെ എനിയ്ക്കു പൊറുക്കാൻ ഒക്കുകയില്ല.

*യംഗ് ഇൻഡ്യ, ഒക്ടോബർ 29, 1925*

## വീണ്ടും വീണ്ടും തല പൊക്കുന്ന രാക്ഷസൻ

വിദ്വാനായ ഒരു ബ്രാഹ്മണൻെറ തൂലികയിൽനിന്നു് ദക്ഷിണേന്ത്യയിലെ നാട്ടുഭാഷാപത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട ഒരു ലേഖനത്തിൻെറ രത്നച്ചുരുക്കം ഒരു സ്നേഹിതൻ എനിക്കു് അയച്ചുതന്നിരിയ്ക്കുന്നു. അയിത്തത്തിനുവേണ്ടിയുള്ള ആ ബ്രാഹ്മണൻെറ വാദം അദ്ദേഹം ഈ വിധത്തിൽ സംക്ഷേപിയ്ക്കുന്നു:

(1) ഒരിക്കൽ ആദിശങ്കരൻ ഒരു ചണ്ഡാലനോട്ടു് തന്നെ തീണ്ടാതെ മാറിനില്ക്കാൻ ആവശ്യപ്പെട്ടുവെന്നുള്ള വസ്തുതയും, ഒരു ചണ്ഡാലനാകട്ടെയെന്നു് ശപിയ്ക്കപ്പെട്ടപ്പോൾ ത്രിശങ്കുവിൽനിന്നു് എല്ലാ ആത്മകളും ഒഴിഞ്ഞുമാറിയെന്ന വസ്തുതയും, അയിത്തം ഈയിടെ ഉണ്ടായതല്ലെന്നു് തെളിയിയ്ക്കുന്നു.

(2) ചണ്ഡാലന്മാർ ആര്യസമൂഹത്തിലെ ഭ്രഷ്ടന്മാരാണു്.

(3) തൊട്ടുകൂടാത്തവർ തന്നെയും അയിത്തപ്പാപത്തിൽനിന്നു് വിമുക്തരല്ല.

(4) മൃഗങ്ങളെ കൊല്ലുന്നതുകൊണ്ടും, മാംസം, രക്തം, എല്ലുകൾ, മലം എന്നിവ നിരന്തരം കൈകാര്യം ചെയ്യുന്നതുകൊണ്ടുമാണ് തൊട്ടുകൂടാത്തവർ അങ്ങിനെയായിരിയ്ക്കുന്നതു്.

(5) കശാപ്പുശാലകളും കള്ളുഷാപ്പുകളും വേശ്യാഗൃഹങ്ങളും ഒററപ്പെടുത്തുന്നതുപോലെ, അല്ലെങ്കിൽ ഒററപ്പെടുത്തേണ്ടതുപോലെ, തൊട്ടുകൂടാത്തവരേയും ഒററപ്പെടുത്തണം.

(6) തൊട്ടുകൂടാത്തവർക്കു് പരലോകത്തിലെ സൗഭാഗ്യങ്ങൾ നിഷേധിയ്ക്കാതിരുന്നാൽ മതി.

(7) ഒരു ഗാന്ധിയ്ക്കു് ഈ ആളുകളെ തൊടാമായിരിയ്ക്കാം; പക്ഷേ, അതുപോലെ അദ്ദേഹത്തിനു് ഉപവസിയ്ക്കാനും കഴിയും; ഞങ്ങൾ ഉപവസിയ്ക്കുകയില്ല, തൊട്ടുകൂടാത്തവരെ തൊടുകയുമില്ല.

(8) അയിത്തം മനുഷ്യന്റെ വളർച്ചയ്ക്കു് ഒരാവശ്യമാണു്.

(9) മനുഷ്യനു് കാന്തശക്തിയുണ്ടു്. ആ ശക്തി പാൽ പോലെയാണു്. അനുചിതമായ സമ്പർക്കങ്ങൾകൊണ്ടു് അതു നശിപ്പിയ്ക്കപ്പെടും. കസ്തൂരിയും ഉള്ളിയും ഒന്നിച്ചു വയ്ക്കാമെങ്കിൽ, ബ്രാഹ്മണരേയും തൊട്ടുകൂടാത്തവരേയും കൂട്ടിക്കലർത്താം.

ആ ലേഖകൻ സംക്ഷേപിച്ച മുഖ്യസംഗതികൾ ഇവയാണു്. അയിത്തം കൂടെക്കൂടെ തലപൊക്കുന്ന ഒരു രാക്ഷസനാണു്. അതുകൊണ്ടു്, ആ രാക്ഷസൻ ഓരോ തവണ തലപൊക്കുമ്പോഴും അതിനെ കൈകാര്യം ചെയ്യേണ്ടതുണ്ടു്. പുരാണങ്ങളിൽ പറഞ്ഞിട്ടുള്ള ചില കഥകൾക്കു് ഇപ്പോഴത്തെ പരിതസ്ഥിതികളുമായുള്ള ബന്ധത്തെപ്പററി നമുക്കറിഞ്ഞുകൂടെങ്കിൽ, അവ വളരെ അപകടകരങ്ങളാണു്. ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള ഓരോ വിശദാംശവുമനുസരിച്ചോ, അവയിൽ വിവരിച്ചിട്ടുള്ള കഥാപാത്രങ്ങൾക്കനുസരിച്ചോ, നാം നമ്മുടെ പെരുമാററം ക്രമപ്പെടുത്തുകയാണെങ്കിൽ, ശാസ്ത്രങ്ങൾ മരണക്കെണികളായിരിയ്ക്കും. മൗലികതത്വങ്ങൾ നിർവചിയ്ക്കാനും വാദിച്ചുറപ്പിയ്ക്കാനും മാത്രമേ, അവ നമ്മെ സഹായിയ്ക്കൂ. മതഗ്രന്ഥങ്ങളിലെ വിഖ്യാതനായ ഏതെങ്കിലും കഥാപാത്രം ഈശ്വരനോ, മനുഷ്യനോ എതിരായി പാപം ചെയ്തിട്ടു

ണ്ടെങ്കിൽ, നാം ആ പാപം ആവർത്തിയ്ക്കുന്നതിനുള്ള ഒരു പ്രമാണ മാകുമോ അതു്? ലോകത്തിൽ കാര്യമായിട്ടുള്ള ഒരേയൊരു കാര്യം സത്യമാണു്, സത്യം ഈശ്വരനാണു് എന്നു് എന്നെന്നേക്കുമായി നമ്മോടു പറഞ്ഞാൽ മതിയാകും. യുധിഷ്ഠിരൻപോലും വഞ്ചിയ്ക്കപ്പെട്ടു്, അസത്യം പറഞ്ഞുവെന്നു് നമ്മോടു് പറയുന്നതു് അപ്രസക്തമാണു്. അദ്ദേഹം ഒരു അസത്യം പറഞ്ഞപ്പോൾ, ആ നിമിഷത്തിൽതന്നെ അതിനുവേണ്ടി അദ്ദേഹത്തിനു് ദുരിതമനുഭവിയ്ക്കേണ്ടിവന്നുവെന്നും, ശിക്ഷയിൽനിന്നു് യാതൊരു തരത്തിലും അദ്ദേഹത്തിൻെറ മഹത്തായ പേരു് അദ്ദേഹത്തെ രക്ഷിച്ചില്ലെന്നുമറിയുകയാണു് നമുക്കു് കുറേക്കൂടി പ്രസക്തമായിട്ടുള്ളതു്, അതുപോലെ, ആദിശങ്കരൻ ഒരു ചണ്ഡാലനെ തീണ്ടാതെ മാറിയെന്നു് നമ്മോടു് പറയുന്നതു് അപ്രസക്തമാണു്. നാം നമ്മോടു്തന്നെ പെരുമാറുന്നതുപോലെ, ജീവനുള്ള എല്ലാററിനോടും പെരുമാറണമെന്നു് നമ്മെ പഠിപ്പിയ്ക്കുന്ന ഒരു മതത്തിനു്, തികച്ചും നിർദ്ദോഷികളായ ഒരു മനുഷ്യവർഗ്ഗത്തോടു് മുഴുവൻ പോകട്ടെ, ഒരൊററ പ്രാണിയോടെങ്കിലും മനുഷ്യത്വവിഹീനമായി പെരുമാറുന്നതു് പൊറുക്കാൻ കഴിയുകയില്ലെന്നറിഞ്ഞാൽ മതി. മാത്രമല്ല, ആദിശങ്കരൻ എന്തു ചെയ്തുവെന്നോ, ചെയ്തില്ലെന്നോ നിർണ്ണയിയ്ക്കാൻ പററിയ എല്ലാ വസ്തുതകളും നമ്മുടെ മുമ്പിലില്ലതാനും. ചണ്ഡാലനെന്ന വാക്കു് വരുന്നിടത്തു് അതിൻെറ അർത്ഥവും നമുക്കറിഞ്ഞുകൂടാ. അതിന്നു് പല അർത്ഥങ്ങളുമുണ്ടെന്നു് സമ്മതിയ്ക്കപ്പെട്ടിട്ടുണ്ടു്. പാപിയെന്നാണു് ഒരർത്ഥം. പക്ഷേ, എല്ലാ പാപികളും തൊട്ടുകൂടാത്തവരായി കരുതപ്പെടുകയാണെങ്കിൽ, ലേഖനമെഴുതിയ ബ്രാഹ്മണനെത്തന്നെയും ഒഴിവാക്കാതെ, നമ്മളെല്ലാരും അയിത്തത്തിൻ്റെ നിരോധനത്തിൽ പെടുമെന്നു് വളരെയേറെ ഭയപ്പെടേണ്ടതുണ്ടു്. അയിത്തം ഒരു പഴയ ഏർപ്പാടാണെന്നുള്ളതു് ആരും ഒരിയ്ക്കലും നിഷേധിച്ചിട്ടില്ല. പക്ഷേ, അതൊരു ദൂഷ്യമാണെങ്കിൽ, പഴമയുടെ പേരിൽ അതിനെ ന്യായീകരിയ്ക്കാൻ സാധ്യമല്ല.

തൊട്ടുകൂടാത്തവർ ആര്യസമൂഹത്തിലെ ഭ്രഷ്ടന്മാരാണെങ്കിൽ, ആ സമൂഹത്തിനു് ഹാ കഷ്ടം! ആര്യന്മാർ അവരുടെ പുരോഗതിയിൽ ഏതെങ്കിലും ഘട്ടത്തിൽ, ഒരു വർഗ്ഗം ആളുകൾക്കുള്ള ശിക്ഷയെന്ന നിലയിൽ, അവരെ ഭ്രഷ്ടന്മാരായി കരുതിയെങ്കിൽ, അവരുടെ പൂർവ്വികരെ ശിക്ഷിയ്ക്കപ്പെട്ടതു് ഏതു കാരണങ്ങൾക്കു്

വേണ്ടിയാണെന്നു് കണക്കാക്കാതെ, സന്താനങ്ങളുടെ മേൽ, ആ ശിക്ഷ ചുമത്തുന്നതിനു് യാതൊരു ന്യായവുമില്ല.

തൊട്ടുകൂടാത്തവർക്കിടയിൽപോലും അയിത്തമുണ്ടെന്നുള്ളതു്, ആ ദൂഷ്യം ഒതുക്കിനിർത്താൻ സാധ്യമല്ലെന്നും, അതിൻെറ മാരക ഫലം സർവ്വവ്യാപകമാണെന്നും മാത്രമേ തെളിയിക്കുന്നുള്ളു, തൊട്ടുകൂടാത്തവർക്കിടയിൽ അയിത്തം നിലനില്ക്കുന്നുവെന്നുള്ളതു്, സംസ്കൃതഹിന്ദുസമൂഹം ഏററവും വേഗത്തിൽ ഈ ശാപം കഴുകിക്കളയേണ്ടതിനുള്ള മറെറാരു കാരണമാണു്.

മൃഗങ്ങളെ കൊല്ലുന്നതുകൊണ്ടും, മാംസവും രക്തവും എല്ലുകളും മലവും കൈകാര്യം ചെയ്യുന്നതുകൊണ്ടുമാണു് തൊട്ടുകൂടാത്തവർ അങ്ങിനെയാകുന്നതെങ്കിൽ, എല്ലാ നഴ്സുമാരും എല്ലാ ഡോക്ടർമാരും തൊട്ടുകൂടാത്തവരാകണം. അതുപോലെതന്നെ, ആഹാരത്തിനുവേണ്ടിയോ, ബലിക്കുവേണ്ടിയോ, മൃഗങ്ങളെ കൊല്ലുന്ന ക്രസ്ത്യാനികളും, മുസൽമാന്മാരും, ഉന്നതവർഗ്ഗക്കാരായ എല്ലാ ഹിന്ദുക്കളും അങ്ങിനെയാകണം.

കശാപ്പുശാലകളും, കള്ളുഷാപ്പുകളും, വേശ്യാഗൃഹങ്ങളും ഒറ്റപ്പെട്ടുത്തപ്പെടുന്നുവെന്നതുകൊണ്ടോ, ഒററപ്പെടുത്തണമെന്നതുകൊണ്ടോ, തൊട്ടുകൂടാത്തവരേയും അതുപോലെ ഒററപ്പെടുത്തണമെന്നുള്ള വാദം കടുത്ത പ്രതികൂലമനസ്ഥിതിയാണു് വെളിപ്പെടുത്തുന്നതു്. കശാപ്പുശാലകളേയും കള്ളുഷാപ്പുകളേയും ഒററപ്പെടുത്തുന്നുണ്ടു്; ഒററപ്പെടുത്തുകയും വേണം. പക്ഷേ, കശാപ്പുകാരോ, കള്ളുഷാപ്പുകാരോ ഒറ്റപ്പെട്ടുത്തപ്പെടുന്നില്ല. വേശ്യകളെ ഒററപ്പെടുത്തണം. കാരണം, അവരുടെ തൊഴിൽ മനം മറപ്പിക്കുന്നതും സമൂഹത്തിൻെറ ക്ഷേമത്തിനു് ഹാനികരവുമാണു്. 'തൊട്ടുകൂടാത്ത'വരുടെ തൊഴിൽ അഭിലഷണീയമാണെന്നു് മാത്രമല്ല, സമൂഹത്തിൻെറ ക്ഷേമത്തിനു് ആവശ്യവുമാണു്. 'തൊട്ടുകൂടാത്ത'വർക്കു പരലോകത്തിൽ സൗഭാഗ്യങ്ങൾ നിഷേധിക്കപ്പെടുന്നില്ലെന്നു് പറയുന്നതു് അഹന്തയുടെ പാരമ്യമാണു്. പരലോകത്തിലെ സൗഭാഗ്യങ്ങൾ അവർക്കു് നിഷേധിക്കാൻ സാധ്യമാണെങ്കിൽ, ഈ രാക്ഷസൻെറ സംരക്ഷകന്മാർ പരലോകത്തിൽപോലും അവരെ ഒറ്റപ്പെടുത്താൻ വളരെ സാധ്യതയുണ്ടു്.

"ഒരു ഗാന്ധിക്കു 'തൊട്ടുകൂടാത്തവരെ' തൊടാമായിരിക്കുമെന്നും, മററുള്ളവർക്കു് അതു വയ്യെന്നും" പറയുന്നതു് ജനങ്ങളുടെ ക

ണ്ണിൽ മണ്ണിടലാണ്", ഇതു കേട്ടാൽ തോന്നും, തൊട്ടുകൂടാത്ത രോഗാണുക്കൾക്കെതിരായി പ്രത്യേക പ്രതിരോധശക്തിയുള്ള ആളുകൾ ആവശ്യമാകത്തക്കവണ്ണം ഹാനികരമാണ് 'തൊട്ടുകൂടാത്ത' വരെ തൊടുന്നതും സേവിയ്ക്കുന്നതുമെന്ന്. അയിത്തത്തിൽ വിശ്വസിക്കാത്ത മുസൽമാൻമാർക്കും കൃസ്ത്യാനികൾക്കും മററുള്ളവർക്കും എന്തു ശിക്ഷയാണ് വച്ചിരിയ്ക്കുന്നതെന്ന് ഈശ്വരനു മാത്രമേ അറിയാവൂ.

ജന്തുക്കളുടെ കാന്തശക്തിയെപ്പററിയുള്ള വാദം ആകെക്കൂടി കടന്ന വാദമാണ്. ഉയർന്ന വർഗ്ഗക്കാരായ ആളുകളെല്ലാം കസ്തൂരിയെപ്പോലെ മണക്കുന്നവരോ, തൊട്ടുകൂടാത്തവർ ഉള്ളിയെപ്പോലെ നാറുന്നവരോ അല്ല. എന്തായാലും, ഉയന്നവർഗ്ഗക്കാരെന്നു പറയപ്പെടുന്നവരേക്കാൾ എത്രയോ ഉൽകൃഷ്ടരായ ആയിരക്കണക്കിനു് തൊട്ടുകൂടാത്തവരുണ്ട്.

അയിത്തത്തിനെതിരായി അഞ്ചു കൊല്ലം നിരന്തരം പ്രചരണം നടത്തിയിട്ടും, ഇത്ര അധാർമ്മികവും ദൂഷിതവുമായ ഒരാചാരത്തെ പിന്താങ്ങാൻ വേണ്ടത്ര പണ്ഡിതരായ ആളുകൾ ഉണ്ടെന്നു കാണുന്നതു് വേദനാകരമാണ്. ഒരേയാളിൽതന്നെ പാണ്ഡിത്യത്തോടൊപ്പം അയിത്തത്തിലുള്ള വിശ്വാസത്തിനും നിലനില്ക്കാൻ കഴിയുന്നുവെന്നുള്ളതു് അയിത്തത്തിന് യാതൊരു പദവിയും നൽകുന്നില്ല. വെറും പാണ്ഡിത്യം സ്വഭാവത്തിനോ വിവേകത്തിനോ എന്തെങ്കിലും സഹായമാകുമെന്നുള്ളതിൽ ഇതു് ഇച്ഛാഭംഗമുളവാക്കുകയാണ് ചെയ്യുന്നതു്.

*യംഗ ഇൻഡ്യ, ജൂലൈ 22, 1926*

## അധഃകൃതവർഗ്ഗങ്ങളുടെ ലക്ഷണം

അധഃകൃതവർഗ്ഗങ്ങളെ വേർതിരിച്ചറിയാൻ തൃപ്തികരമായ ഒരു ലക്ഷണം കണ്ടെത്തുക ഒരു വിധത്തിലും എളുപ്പമായ ഒരു കാര്യമല്ല. മൌലികമായും, സാമൂഹ്യവും മതപരവുമായ പ്രശ്നമായതുകൊണ്ടു്, പല തവണ നിർദ്ദേശിയ്ക്കപ്പെട്ട ലക്ഷണങ്ങൾ സാമൂഹ്യാചരണത്തേയോ സാമൂഹ്യമായ ഉപരിനിലയേയോ ആശ്രയിച്ചാണിരിയ്ക്കുന്നതു്. 1901-ലെ സെൻസസിനിടയിൽ ബംഗാളിലെ ജാതികളെ, വിശദമായ ഒരു തരംതിരിയ്ക്കലനുസരിച്ചു്, 7 വിഭാഗങ്ങളായി വേർതിരിച്ചു. ജാതിശ്രേണിയിൽ, മററു വർഗ്ഗങ്ങ

ളൂടെയെല്ലാം അംഗീകൃതമേലാളന്മാരായി. ആദ്യത്തെ ഗ്രൂപ്പിൽ ബ്രാഹ്മണർ മാത്രമാണുണ്ടായിരുന്നതു്. രണ്ടാമത്തെ വിഭാഗത്തിൽ ആദരണീയത ഒരിക്കലും ചോദ്യംചെയ്യപ്പെടാത്തതും, ദ്വിജന്മാരും അല്ലെങ്കിൽ മററെല്ലാ ശൂദ്രജാതികൾക്കും ഉപരിയായിട്ടുള്ളവരുമായ ജാതികളെ ഉൾപ്പെടുത്തിയിരുന്നു. മൂന്നാമത്തെ ഗ്രൂപ്പിൽ 'നവശാഖ'കൾ എന്നു പറയപ്പെടുന്നവയാണു് ഉൾപ്പെട്ടിരുന്നതു്. ഇപ്പോൾ ഒമ്പതിൽ കൂടുതൽ വിഭാഗങ്ങൾ അതിലുണ്ടു്. പക്ഷേ, അവർക്കു് ഉയർന്ന വർഗ്ഗക്കാർക്കു് വെള്ളം കുടിക്കാൻ കൊടുക്കാനുള്ള യോഗ്യതയുണ്ടെന്നു് വച്ചിരുന്നു. ആ വെള്ളം കുടിക്കുന്നതുകൊണ്ടു്, ഉയർന്ന വർഗ്ഗക്കാർ അശുദ്ധരാകില്ലെന്നും വച്ചിരുന്നു. ഈ മൂന്നാം ഗ്രൂപ്പിനു് താഴെ, അധഃപതിച്ച ബ്രാഹ്മണരോടൊപ്പം വൃത്തിയുള്ള ജാതികൾ അടങ്ങിയ നാലാമത്തെ ഗ്രൂപ്പുണ്ടായിരുന്നു. അഞ്ചാമത്തേതിൽ, നാലാമത്തേതിലുള്ളവയേക്കാൾ താണ ജാതികൾ അടങ്ങിയിരുന്നു. അവർ നൽകുന്ന വെള്ളം സാധാരണയായി സ്വീകരിക്കപ്പെട്ടിരുന്നില്ല. മാട്ടിറച്ചി, പന്നിയിറച്ചി, കോഴി ഇറച്ചി എന്നിവ വർജ്ജിക്കുന്ന താണ ജാതികളാണു് ആറാമത്തേതിൽ അടങ്ങിയിരുന്നതു്. നിരോധിക്കപ്പെട്ട ഭക്ഷ്യസാധനങ്ങൾ കഴിക്കുന്നതിലും, തോട്ടികളെപ്പോലെ ഏററവും നികൃഷ്ടമായ തൊഴിലുകൾ ചെയ്യുന്നവരുമായ ജാതികളാണു് ഏഴാമത്തേതിലടങ്ങിയിരുന്നതു്. 1911-ൽ, ഭാരതത്തിലെ സെൻസസ്കമ്മീഷണർ ചില നിലവാരങ്ങളുമായി പൊരുത്തപ്പെടാത്തവരോ, ചില അവശതകൾക്കു് വിധേയരാകുന്നവരോ ആയ ഹിന്ദുക്കളെന്നു പറയപ്പെടുന്ന ജാതികളേയും ഗോത്രവർഗ്ഗങ്ങളേയും "വായനക്കാരനു് സ്വന്തം നിഗമനങ്ങൾ രൂപീകരിക്കാൻ വിട്ടുകൊണ്ടു്" ഇനംതിരിച്ചുകാണിക്കാൻ പ്രവിശ്യാസൂപ്രണ്ടുമാരോടു് നിർദ്ദേശിച്ചു. നിസ്സാരജാതികൾ ഒഴികെ ജാതികളെന്ന ഇനത്തിൽ വരുന്ന എല്ലാവരുടേയും ഒരു പട്ടിക തയാറാക്കാൻ അവരോടാവശ്യപ്പെട്ടു. ആ ജാതികൾ താഴെപ്പറയുന്നവ ചെയ്യുന്നവരായിരിക്കണം:

(1) ബ്രാഹ്മണരുടെ അധീശത്വം നിഷേധിക്കുക.

(2) ഒരു ബ്രാഹ്മണനിൽനിന്നോ, അംഗീകൃതനായ മററാരു ഹിന്ദുഗുരുവിൽനിന്നോ മാത്രം വാങ്ങാതിരിക്കുക.

(3) വേദങ്ങളുടെ പ്രാമാണ്യം നിഷേധിക്കുക.

(4) ഹിന്ദുദൈവങ്ങളെ ആരാധിക്കാതിരിക്കുക.

(5) കുടുംബപുരോഹിതനെന്ന നിലയിൽ, നല്ല ബ്രാഹ്മണരാൽ സേവിക്കപ്പെടാതിരിക്കുക.

(6) ബ്രാഹ്മണപുരോഹിതർ ഇല്ലാതിരിക്കുക.

(7) ഹിന്ദുക്ഷേത്രങ്ങളുടെ ഉള്ളിലേക്കു് പ്രവേശനം നിഷേധിക്കപ്പെടുക.

(8) തൊടീൽകൊണ്ടോ, ഒരു നിശ്ചിതദൂരത്തിനുള്ളിൽ വരുന്നതുകൊണ്ടോ അശുദ്ധിക്കു കാരണമാവുക.

(9) മരിച്ചവരെ കുഴിച്ചിടുക.

(10) മാട്ടിറച്ചി തിന്നുകയും, പശുവിനോടു് ഭക്തി കാണിക്കാതിരിക്കുകയും ചെയ്യുക.

"ആരാണു് ഹിന്ദു?" എന്ന വിഷമം പിടിച്ച ചോദ്യത്തിനു് ഉത്തരം നൽകുന്ന വസ്തുതകൾ, കഴിയുമെങ്കിൽ, നൽകുകയായിരുന്നു ഈ അന്വേഷണത്തിൻെറ ഉദ്ദേശം. 1916 വരെ, ചുരുങ്ങിയതു് ബംഗാളിലെങ്കിലും, ''അധഃകൃതവർഗ്ഗങ്ങൾ'' എന്ന പ്രയോഗം അറിവില്ലായിരുന്നു. എന്നാൽ, 1916–ൽ, ചില കുററവാളികളായ ഗോത്രവർഗ്ഗക്കാരേയും ആദിവാസികളേയും ഉൾപ്പെടുത്തി, ആകെ 31 വിഭാഗങ്ങൾ വരുന്ന ഒരു പട്ടിക തയ്യാറാക്കാൻ ബംഗാൾ ഗവൺമെൻററിനോടാവശ്യപ്പെട്ടു. 1912 മുതൽ 1917 വരെ ഭാരതത്തിലുണ്ടായ വിദ്യാഭ്യാസപുരോഗതിയെപ്പററിയുള്ള പഞ്ചവത്സരറിപ്പോർട്ടു് എഴുതുവാൻ വിദ്യാഭ്യാസകമ്മീഷണർ ഈ പട്ടിക ഉപയോഗപ്പെടുത്തി. അങ്ങിനെ ഉൾപ്പെടുത്തിയ ഈ പദപ്രയോഗം നിലനിന്നു. കൽക്കത്താസർവ്വകലാശാലാകമ്മീഷൻേറയും (1917–1919) 1921ലെ സെൻസസ്സിൻേറയും റിപ്പോർട്ടുകളിൽ അധഃകൃതവർഗ്ഗങ്ങളുടെ പട്ടിക അടങ്ങിയിരുന്നു. എന്നാൽ, ഈ രണ്ടിലും ഈ വിഭാഗങ്ങളെ ഏതു കാരണങ്ങളാലാണു് ഉൾപ്പെടുത്തിയിരുന്നതെന്നു് കാണിക്കുവാൻ വ്യക്തമായ യാതൊരു മാനദണ്ഡവും പറഞ്ഞിരുന്നില്ല. ഇൻഡ്യൻ സ്ററാററ്യൂട്ടറി കമ്മീഷൻ, യാതൊരു മാനദണ്ഡവും നൽകാതെ, അവരെ "മതപരവും സാമൂഹ്യവുമായ ഹിന്ദുവ്യവസ്ഥയ്ക്കുള്ളിൽ വരുന്നതായി അംഗീകരിക്കപ്പെടുന്ന ഏററവും താണജാതികളെ''ന്നു് പരാമർശിച്ചിരുന്നു...... "യാഥാസ്ഥിതിക ഹിന്ദുമതത്തിൻെറ ശാസനങ്ങൾ അനുസരിച്ചു്, അവർ ഹിന്ദുമതത്തിനുള്ളിലാണെ

ങ്കിലും, തൊട്ടുകൂടാത്തവരാണെന്നുള്ളതാണ് അവരുടെ മൌലിക സവിശേഷത. അതായതു്, മററെല്ലാ ഹിന്ദുക്കൾക്കും, അവർ തൊട്ടാൽ, ശാരീരികമായ അശുദ്ധിയും ഭക്ഷണത്തിനും വെള്ളത്തിനും അശുദ്ധിയും വരും. ഒരു സാധാരണ ഹിന്ദുക്ഷേത്രത്തിന്റെ ഉള്ളിലേയ്ക്കു് അവർക്കു് പ്രവേശനം നിഷേധിയ്ക്കപ്പെടുന്നു— 'തൊട്ടുകൂടാത്ത'വരെന്നു് തരംതിരിയ്ക്കപ്പെടാത്ത ചിലരെ സംബന്ധിച്ചും ഇതു് വാസ്തവമാണെങ്കിൽ, സാമൂഹ്യവും മതപരവുമായ ഹിന്ദുവ്യവസ്ഥിതിയിൽ ഏററവും താണവരാണെന്നു് മാത്രമല്ല, ഏതാനും ചിലരൊഴികെ അവർ സാമ്പത്തികനിലയിലും ഏററവും ചോട്ടിലാണു്, പൊതുവേ തികച്ചും വിദ്യാഭ്യാസശൂന്യരുമാണു്, ഗ്രാമങ്ങളിൽ, സാധാരണയായി, ഒരു പ്രത്യേക വാസാകേന്ദ്രത്തിൽ അവരെ മാററി പാർപ്പിയ്ക്കുന്നു. ഹിന്ദുസമുദായത്തിൽ യാതൊരു വിഭാഗവും തൊടാത്ത ആഹാരം അവർ കഴിയ്ക്കുന്നതും അപൂർവ്വമല്ല.''

കുറേ നാൾ കഴിഞ്ഞു്, ലളിതമായ മാനദണ്ഡങ്ങൾ വേണമെന്നു് വന്നപ്പോൾ, വോട്ടവകാശസമിതി, 1911-ലെ സെൻസസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള 7-ം 8-ം വിഭാഗങ്ങൾ സ്വീകരിച്ചു. ബംഗാളിൽ അധകൃതവർഗ്ഗസമാജത്തിനുവേണ്ടി ഈ വിഭാഗങ്ങളെ താഴെ പറയും പ്രകാരം വിവരിച്ചിരിയ്ക്കുന്നു.:

(എ) മൂന്നു് ഉയന്ന ജാതികളും, നവശാഖയുംപോലും വെള്ളം സ്വീകരിയ്ക്കാത്ത ജാതികൾ. അടുക്കളയിലോ, വെള്ളവും പാകംചെയ്ത ഭക്ഷണവും വയ്ക്കുന്ന മുറിയിലോ, ഇവരുടെ സാന്നിദ്ധ്യം, മേൽപ്പറഞ്ഞ ജാതികളുടെ അനുമാനമനുസരിച്ചു്, അവരെ അശുദ്ധപ്പെടുത്തുന്നു.

(ബി) യാതൊരു പൊതുക്ഷേത്രത്തിലും പ്രവേശിപ്പിയ്ക്കപ്പെടാത്ത ജാതികൾ. അവിടെ അവരുടെ സാന്നിദ്ധ്യം ആരാധനാവസ്തുക്കളെ അശുദ്ധമാക്കുന്നു.

(സി) സവർണ്ണഹിന്ദുക്കൾ നടത്തുന്ന ഹോട്ടലിന്റേയോ, ഭക്ഷണശാലയുടേയോ, ഊണുമുറിയ്ക്കുള്ളിൽ പ്രവേശിയ്ക്കാനോ, അവിടെവച്ചു് ഭക്ഷണം കഴിയ്ക്കുവാനോ അനുവദിയ്ക്കപ്പെടാത്ത ജാതികൾ.

(ഡി) സവർണ്ണഹിന്ദുക്കളുടെ വീട്ടിൽ സാമൂഹ്യവും മതപരവുമായ ചടങ്ങുകളിൽ പൌരോഹിത്യം വഹിയ്ക്കുന്ന

'ശ്രോത്രീയ'ബ്രാഹ്മണർ ആരുടെ സാമൂഹ്യവും മതപര വുമായ ചടങ്ങുകളിൽ പൗരോഹിത്യം വഹിയ്ക്കില്ലയോ, ആ ജാതികൾ

(ഈ) ഹിന്ദുക്കളുടെ സാമൂഹ്യവും മതപരവുമായ വിവിധ ചടങ്ങുകൾക്ക് ആരുടെ സേവനമാണോ ആവശ്യമായിട്ടുള്ളതു്, ആ 'ശ്രോത്രീയനാപിത'? (അതായതു് ക്ഷുരകൻ) സേവിയ്ക്കാത്ത ജാതികൾ.''

*ഹരിജൻ, ഏപ്രിൽ 29, 1933*

## മനുഷ്യനിർമ്മിതി

ബിഹാറിൻേറയും ഒറീസ്സയുടേയും 1931ലെ സെൻസസ് റിപ്പോർട്ടിൽ 'അധഃകൃതവർഗ്ഗ'ങ്ങളെ സംബന്ധിച്ച കുറിപ്പിൽ, ശ്രദ്ധേയവും സൂചനാത്മകവുമായ വിവരങ്ങൾ അടങ്ങിയിട്ടുണ്ടു്. അധഃകൃതവർഗ്ഗങ്ങളുടെ ഇനത്തിൽ പെടുന്നതായി 31 ജാതികളെ സെൻസസ് കമ്മീഷണരായ ശ്രീ. ലേസി ഐ. സി. എസ്. അവതരിപ്പിയ്ക്കുന്നു. അധഃകൃതവർഗ്ഗങ്ങളെ നിർവ്വചിയ്ക്കുന്നതിനുള്ള വൈഷമ്യങ്ങളെ അദ്ദേഹം ഇങ്ങനെ പരാമർശിയ്ക്കുന്നു:

'അധഃകൃതവർഗ്ഗങ്ങ'ളെന്നുള്ള വാക്ക് രാഷ്ട്രീയഭാഷണത്തിൽ ഈയിടെയായി യഥേഷ്ടം ഉപയോഗിയ്ക്കപ്പെടാറുണ്ടെങ്കിലും, ഇതുവരേയ്ക്കും ആ വാക്ക് വ്യക്തമായി നിർവ്വചിയ്ക്കപ്പെട്ടിട്ടില്ലാത്ത നിലയ്ക്കു്, ഈ ഇനത്തിൽ പെടേണ്ട ജാതികളെ തെരഞ്ഞെടുക്കുകയെന്നതു്, വളരെ വിഷമം പിടിച്ച ഒരു കാര്യമായിരുന്നു. സമൂഹത്തിലെ (പ്രത്യേകിച്ചും ഹിന്ദുസമൂഹത്തിലെ) പരമ്പരാഗതമായ നില കാരണം, ചില സാമൂഹ്യാവശതകളിൽനിന്നു് കഷ്ടപ്പെടുന്ന ചില ജാതികൾക്കു് മാത്രമായി ഈ വാക്ക് പരിമിതപ്പെടുത്തുകയായിരുന്നു ഇവിടെ അംഗീകരിയ്ക്കപ്പെട്ട ലക്ഷ്യം. ഉദാഹരണത്തിനു്, ഗ്രാമത്തിലെ അമ്പലത്തിൻെറ പുറംവളപ്പുകൾക്കുള്ളിൽ കടന്നുചെല്ലാൻ അവരെ അനുവദിയ്ക്കുന്നില്ല. പൊതുക്കിണററിൽനിന്നു് അവർക്കു് വെള്ളം വലിച്ചെടുക്കാൻ പാടില്ല. ഗ്രാമത്തിലെ സ്കൂളിൽ മററു കുട്ടികളുമൊന്നിച്ചു് അവർ ഇരിയ്ക്കുന്നതു് പൊറുക്കപ്പെടുന്നില്ല. ഈ നിലവാരം വച്ചുകൊണ്ടു് നിർണ്ണയിയ്ക്കുമ്പോൾ അധഃകൃതവർഗ്ഗങ്ങളും, സാധാരണയായി, ''തൊട്ടുകൂടാത്ത ജാതികൾ'' എന്നറിയപ്പെടുന്നവരും തമ്മിലുള്ള വ്യത്യാസം ലോലമാ

ണെന്നു് കാണപ്പെട്ടേക്കാം. പക്ഷേ, ബിഹാറിനേയും ഒറിസ്സയേയും സംബന്ധിച്ചിടത്തോളം, തൊട്ടുകൂടാത്തവൻ എന്ന പദം കേവലത്തിൽ നിർവ്വചിക്കാൻ കുറേക്കൂടി എളുപ്പമാണെങ്കിലും, യഥാർത്ഥ പ്രയോഗത്തിൽ ആ ഇനത്തിൽ ഉൾപ്പെടുത്തുന്ന ജാതികളെ തിരിച്ചറിയാൻ ഒരു ശ്രമം നടത്തുമ്പോൾ ഇതിലും വലിയ വൈഷമ്യങ്ങൾക്കും സങ്കീർണ്ണതകൾക്കും ഇടയാകുന്നു. തെക്കേ ഇന്ത്യയിൽ ഉള്ളതെന്നു് വിശ്വസിക്കപ്പെടുന്ന പരിതസ്ഥിതികളിൽനിന്നു് വളരെ വ്യത്യസ്തമാണു് ഈ പ്രവശ്യയിലെ പരിതസ്ഥിതികൾ. അവിടെ ജാതിഹിന്ദുക്കളും തൊട്ടുകൂടാത്ത ജാതികളും തമ്മിൽ വേർപെടുത്തുന്ന രേഖ എത്രയോ കൂടുതൽ സ്പഷ്ടമായി അടയാളപ്പെടുത്തിയിട്ടുണ്ടു്. പരമ്പരാഗതമായ തൊഴിൽ കാരണം, സാങ്കേതികമായി വൃത്തികെട്ടവരും, ഭാരതത്തിൻെറ മററു ഭാഗങ്ങളിൽ ഇക്കാരണത്താൽ യഥാർത്ഥമായ സാമൂഹ്യാവശതകൾക്കു് വിധേയരായവരുമായ ചില ജാതികളുണ്ടു്. എന്നാൽ, ബിഹാറിലും ഒറിസ്സയിലും അവിടേയും ഇവിടേയും ഉയർന്നജാതിക്കാരനായ ഒരു ഹിന്ദു അവരുമായി വ്യക്തിപരമായ സമ്പർക്കം ഒഴിവാക്കാൻ ഇപ്പോഴും ശ്രമിച്ചേക്കാമെങ്കിലും അവർ, യഥാർത്ഥത്തിൽ, യാതൊരു പ്രത്യേക അവശതയ്ക്കും വിധേയരാകുന്നില്ല. ഉദാഹരണത്തിനു്, ഈ പ്രവിശ്യയിലെ 'തേലി'കളെ അധഃകൃതരെന്നു വിവരിക്കാൻ സാധ്യമല്ല. വിദ്യാഭ്യാസപരമായി മററെല്ലാ സമുദായങ്ങളേക്കാളും അവർ ശരാശരിക്കു മീതെയാണു്. ഭൗതികമായ ഐശ്വര്യത്തിൻെറ കാര്യത്തിൽ വമ്പിച്ച കർഷജാതികളേക്കാൾ എത്രയോ മെച്ചപ്പെട്ട നിലയിലാണവർ. ഒരു യാഥാസ്ഥിതികസഭയിൽ ഒരു ഹിന്ദുക്ഷേത്രത്തിൻെറ ഉള്ളിലേക്കു അവക്കു് പ്രവേശനം നിഷേധിക്കുമായിരിക്കാം. എന്നാൽ, അധഃകൃതവർഗ്ഗങ്ങളുടെ പട്ടികയിൽ അവരെ ഉൾപ്പെടുത്താൻ ഇതു് മതിയായ കാരണമാകുന്നില്ല. ഇതേ അഭിപ്രായങ്ങൾ, ഏറക്കുറെ സുൻറികൾക്കും കൽവാറുകൾക്കും ബാധകമാകുന്നു. നേരേമറിച്ചു്, ഒരു 'ചമാരൻ' യഥാർത്ഥത്തിൽ അധഃകൃതനാണു്. മിക്കവാറും എല്ലാപ്പോഴും, അവൻ അനഭ്യസ്തനും ദാരിദ്ര്യബാധിതനുമാണെന്നു് മാത്രമല്ല, അവൻെറ ജാതിക്കു കൽപ്പിച്ചിട്ടുള്ള കളങ്കം അവന്റെ ജീവിതത്തിൽ, എല്ലാ ദിവസവും, വലിയ തോതിലോ, ചെറിയ തോതിലോ ഒരു പൗരൻെറ സാധാരണ അവകാശങ്ങൾ എന്നു് കരുതാവുന്ന അവനു് നഷ്ടപ്പെടുത്തുന്ന തരത്തിൽ പ്രവർത്തിക്കുന്നു. എ

ന്നാൽ, ഇവിടേയും ജില്ലകൾതോറും, ജില്ലയ്ക്കുള്ളിൽ ഗ്രാമങ്ങൾതോറും, പരിതസ്ഥിതികൾ വ്യത്യസ്തമാണ്. അനേകം മാമൂല്യകാരായ ബ്രാഹ്മണരോ, യാഥാസ്ഥിതികരാജപുത്രരോ ഉള്ള ഒരു ഗ്രാമത്തിൽ, ഒരു 'ചമാരനോ ഒരു ഡോമോ' വിധേയനാകുന്ന അവശതകൾ, മററുള്ളിടത്തേക്കാൾ കൂടുതൽ കക്കശമാകാൻ ഇടയുണ്ട്. വാസ്തവത്തിൽ അവർ ഗ്രാമക്കിണർ ഉപയോഗിയ്ക്കുന്നതു് ഒട്ടുംതന്നെ ചോദ്യം ചെയ്യപ്പെടാത്ത സ്ഥലങ്ങൾ നിസ്സംശയമായുണ്ട്. അവർ 'അവരുടെ സ്ഥാനത്തിരുന്നാൽ' ഒരു പ്രതിബന്ധവും കൂടാതെ ഗ്രാമത്തിലെ ദൈനംദിനജീവിതത്തിൽ അവർക്ക് പങ്കെടുക്കാവുന്നതാണ്. എന്നാൽ, ഇങ്ങിനെയുള്ള സ്ഥലങ്ങളിൽപോലും 'അപകഷ്താബോധം' ഇപ്പോഴുമുണ്ട്. സ്വന്തം യോഗ്യതയിന്മേൽ (തികച്ചും നിസ്വാത്ഥമായിട്ടല്ലെങ്കിലും സൗഹാർദ്ദപരമായ കൈകളാൽ അസുഖകരമായ ഔന്നത്യമുള്ള ഒരു നിലയിലേയ്ക്ക് തള്ളിവിടപ്പെട്ടേക്കാവുന്ന ഒരാളിൽനിന്നു് വ്യത്യസ്തമാണിതു്.) സാമൂഹ്യശ്രേണി കയറാൻ അഭിലഷിയ്ക്കുന്ന ഒരു മുസാഹറിനു് എല്ലായ്പ്പോഴും എല്ലായിടത്തും കരു തനിയ്ക്കെതിരായി നീങ്ങുന്നതായി കാണാം.

ഈ ജാതികളിൽ ഏതൊന്നാണ്, അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേകജാതിയിൽപ്പെട്ട എത്ര അംഗങ്ങളാണ്, അധഃകൃതവർഗ്ഗങ്ങളിൽ എണ്ണപ്പെടാൻ സ്വയം ഹിതം പ്രകടിപ്പിയ്ക്കുന്നതെന്നുള്ള ചോദ്യത്തിനു് നേരിട്ടുള്ള ഒരു ഉത്തരം നൽകാൻ സാധ്യമല്ല. ഒന്നാമതു്, ഈ ചോദ്യത്തിന്റെ ആന്തരാത്ഥം കഷ്ടിച്ചേ മനസ്സിലാക്കപ്പെടുകയുള്ളൂ. താൻ ഒരു ഗഹലോത്തു് രാജപുത്രനാണെന്നും അതിനൊത്തവണ്ണം ജീവിയ്ക്കണമെന്നുമുള്ള അഭിപ്രായം മനസ്സിൽ ദൃഢമായി പതിപ്പിച്ച അയാളുടെ ജാതീസഭയുടെ ഒരു യോഗത്തിൽനിന്നു്വീട്ടിലേയ്ക്കു മടങ്ങുന്ന വഴി തടഞ്ഞുനിത്തപ്പെട്ട ഒരു 'ദോസാഢ്' അയാളുടെ സാമൂഹ്യപദവിയിൽ പ്രതിഫലിയ്ക്കുന്നതായി തോന്നുന്ന ഏതൊരു സൂചനയേയും നിസ്സംശമായും വെറുപ്പോടെ അധിക്ഷേപിയ്ക്കും. എന്നാൽ, പ്രത്യേകവിദ്യാഭ്യാസസൗകര്യങ്ങൾ നേടുന്ന പ്രശ്നമോ, ഗവൺമെൻറു് നിയമനങ്ങളിൽ ഒരു നിശ്ചിതവിഹിതം സംവരണം ചെയ്യുന്ന പ്രശ്നമോ ആണെങ്കിൽ, സാമാന്യനായ ദോസാഢ് മാത്രമല്ല, ഇപ്പോഴത്തെ പട്ടികയിൽ വരാത്ത മററു ജാതികളിൽ ബഹുഭൂരിപക്ഷവും അതിൽ ഉൾപ്പെടുത്തിക്കിട്ടാനായി ഒച്ചപ്പാടുണ്ടാക്കും.''

ഇതിനെത്തുടൎന്ന്, പ്രാകൃതരായ ഗോത്രവൎഗ്ഗങ്ങളെ അനുക്രമമായി ഹിന്ദുമതത്തിലേയ്ക്കു കൊണ്ടുവന്നതിനെ സംബന്ധിച്ച് രസകരമായ ഒരു ഖണ്ഡികയുണ്ട്. അതിന്റെ ഫലമായി, അവൎക്ക് അവരുടെ 'ബലിഷ്ഠവും സ്വതന്ത്രവും അത്യന്തം അഭിമാനകരവുമായ' വൎഗ്ഗസ്വഭാവങ്ങൾ നഷ്ടപ്പെട്ടുകയും, അധഃകൃതവൎഗ്ഗങ്ങളുമായി അവർ കൂടുതൽ ഏകീഭവിയ്ക്കുകയും ചെയ്യുന്നു.

ശ്രീ. ലേസി പറയുന്നു:

"ഇനി ആദിമവാസികളെ, അല്ലെങ്കിൽ പ്രാകൃതഗോത്രവൎഗ്ഗങ്ങളെ എടുക്കുക. കൃസ്തുമതത്തിലേയ്ക്കു പരിവൎത്തനം ചെയ്യപ്പെട്ടവരൊഴികെ, ഗോത്രവൎഗ്ഗങ്ങൾക്കിടയിലുള്ള വിദ്യാഭ്യാസനിലവാരം ഏററവും മോശമാണ്. പലതിലും അവർ അധഃകൃതരെന്നു കരുതപ്പെടുന്ന ജാതികളിൽ കാണുന്നതിനേക്കാൾ താണ നിലവാരമുള്ളവരാണ്. പക്ഷെ അവർ വ്യത്യസ്തമായ ഒരു തരത്തിൽ നില്ക്കുന്നു. ഒന്നാമതായി, അവർ ഹിന്ദുസമൂഹത്തിന് തികച്ചും പുറത്താണ്." അല്ലെങ്കിൽ ആദ്യം ആയിരുന്നു. അങ്ങിനെ അതിന്റെ നിയമങ്ങളും നിരോധങ്ങളും അവരെ ബാധിയ്ക്കുന്നില്ല. ഒരു 'മുണ്ഡ' തൊട്ട ആഹാരം ഒരു സവൎണ്ണഹിന്ദുവിനു് നികൃഷ്ടമായിരിയ്ക്കാം. പക്ഷേ, അതുപോലെതന്നെയാണ് ഒരു യൂറോപ്യനോ, മുസ്ലീമോ തൊട്ട ആഹാരവും. മുമ്പ് ഒരു സന്താളിന് അപകർഷതാബോധമില്ലായിരുന്നു. ഇന്നും വഷളാകാത്ത, സന്താളിന്നതില്ല. അയാൾ ബലിഷ്ഠനും സ്വതന്ത്രനും അത്യന്തം അഭിമാനിയുമാണ്, ഈ ആദിവാസിഗോത്രവൎഗ്ഗങ്ങൾ വൻതോതിൽ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ, വാസ്തവത്തിൽ, തങ്ങൾ സ്വന്തം വീട്ടിലാണെന്നും തങ്ങളൊഴികെ ഹിന്ദുക്കളും മറെറല്ലാവരും കടന്നു കയറിയവരാണെന്നും. ഇപ്പോഴും അവൎക്ക് തോന്നുന്ന പ്രദേശങ്ങളിൽ നിയമേന അവർ യാതൊരവശതകളും അനുഭവിയ്ക്കുന്നില്ല. പക്ഷെ ആ പ്രദേശങ്ങളിൽപോലും അവർ ക്രമേണ ഹിന്ദുമതത്തിലേയ്ക്ക് ലയിപ്പിയ്ക്കപ്പെടുന്നു. ഈ പ്രക്രിയ കൂടുതലാകുന്നേടത്തോളം, അവർ അധഃകൃതവൎഗ്ഗങ്ങളുമായി ഏകീകരിയ്ക്കുകയെന്ന അപകടവും കൂടുതലാകും. ചില ഗോത്രവൎഗ്ഗങ്ങളുടെ കാര്യത്തിൽ അവരെ മിക്കവാറും തിരിച്ചറിയാൻ വയ്യാത്തിടത്തോളം ഈ പ്രക്രിയ മുന്നോട്ടു പോയിക്കഴിഞ്ഞിരിയ്ക്കുന്നു. ഇക്കാരണത്താൽ, നിസ്സംശയമായും അനാര്യരും, തങ്ങളുടെ വ്യക്തിത്വം നിലനിർത്തുന്നതിൽ കൂടുതൽ വിജയിച്ചിട്ടുള്ള ചോട്ടാനാഗ്പൂർ

ആദിവാസികളുടെ അതേ ആദിമൂലമുള്ളവരുമായ 8 ജാതികളെ അല്ലെങ്കിൽ ഗോത്രവർഗ്ഗങ്ങളെ 'അധഃകൃത'പട്ടികയിൽ ഉൾപ്പെടുത്തുന്നതു് ഉചിതമാണെന്നു് കരുതുന്നു. ഈ 8 ഗോത്രവർഗ്ഗങ്ങളുടെ ആകെ ജനസംഖ്യ ഏതാണ്ടു് 20 ലക്ഷമാണു്. പക്ഷേ ഇവരിൽ 20,000 പേർ മാത്രമേ അവരുടെ പഴയ ഗോത്രവർഗ്ഗമതങ്ങൾ പിന്തുടരുന്നതായി രേഖപ്പെടുത്തിയിട്ടുള്ളൂ; അവരിൽ 99 ശതമാനവും ഇപ്പോൾ ഹിന്ദുക്കളാണു്. ഇവരിൽ വലിയൊരനുപാതം, അധഃകൃതഹിന്ദുജാതികളുടെ അതേ ജീവിതവീക്ഷണം അംഗീകരിച്ചിട്ടുണ്ടു്, അതേ പ്രാതികൂല്യങ്ങൾക്കു് വിധേയരാകുന്നുമുണ്ടു്.''

എന്നാൽ ഈ കുറിപ്പിൽ ഏററവും അധികം വിവരം തരുന്ന ഭാഗം എട്ടാം ഭാഗമാണു്. ഈ ഭാഗം 1931 – ലെ അധഃകൃതവർഗ്ഗങ്ങളുടെ പട്ടികയും 1911 – ലെ സെൻസസ് പ്രമാണിച്ചു് തയ്യാറാക്കിയ പട്ടികയും തമ്മിൽ ഒരു താരതമ്യപഠനം നടത്തുന്നു. 1911 – ലെ പട്ടികയിൽ ആകെ 37 ജാതികൾ ഉണ്ടായിരുന്നു. അവയിൽ ഉൾപ്പെടുത്തിയിരുന്ന ആളുകളുടെ ആകെ എണ്ണം ഏകദേശം 135 ലക്ഷമായിരുന്നു. 1931–ലെ പട്ടികയിൽ 31 ജാതികളും ഏകദേശം 65 ലക്ഷം ആളുകളുമാണുള്ളതു്, ഈ രണ്ടു പട്ടികകൾക്കും പൊതുവായി 14 ജാതികളേ ഉള്ളുവെന്നു കാണേണ്ടതാണു്.

''1911 – ൽ, 'കുടുംബപുരോഹിതരെന്ന നിലയിൽ നല്ല ബ്രാഹ്മണർ സേവിച്ചിരുന്നില്ലെ'ന്ന ഏകകാരണത്താൽ ഉൾപ്പെടുത്തപ്പെട്ട 'ഭൂമിജി'കളും 'റജപാറു'കളും ഒഴികെ, ഈ പ്രത്യേക ജാതികളെല്ലാം തന്നെ തൊട്ടുകൂടാത്തവയെന്നു് ഖണ്ഡിതമായി തരംതിരിക്കപ്പെട്ടിരുന്നു. ഇപ്പോഴത്തെ സെൻസസിൽ പെടുത്തിയിട്ടുള്ളതും, എന്നാൽ 1911 ലെ പട്ടികയിൽ കാണാത്തതുമായ 17 ജാതികളിൽ 3 എണ്ണം ഒഴികെ മറെറല്ലാം ആകെ ജനസംഖ്യയിൽ ആയിരത്തിൽ ഒന്നിനു താഴെ മാത്രമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു് മുമ്പത്തെ അന്വേഷണത്തിൻെറ പരിധിയിൽനിന്നു് അവരെ ഒഴിവാക്കിയിരുന്നു.

''മുമ്പത്തെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന 23 ജാതികളേയും ഗോത്രവർഗ്ഗങ്ങളേയും ഇപ്പോഴത്തേതിൽനിന്നു് വിട്ടുകളഞ്ഞിരിക്കുന്നു. ഇവയിൽ 8 എണ്ണം, അധഃകൃതഹിന്ദുജാതികളിൽനിന്നു് വ്യത്യസ്തമായ ഒരു നിലയിലാണെന്നു് കരുതപ്പെട്ട ആദിവാ

സീഗോത്രവർഗ്ഗങ്ങളാണെന്ന കാരണത്താലാണ് വിട്ടുകളഞ്ഞതു്. മററു നാലു ജാതികൾ, അതായതു് ഗണ്ഡ, കൽവാർ, സുൻറി, തീയർ എന്നിവ തൊടീൽകൊണ്ടോ ഒരു നിശ്ചിത ദൂരത്തിനുള്ളിൽ വരുന്നതുകൊണ്ടോ അശുദ്ധിക്കു് കാരണമാകുന്നു', എന്ന പേരിൽ 1911 – ൽ തരംതിരിക്കപ്പെട്ടിരുന്നു. പിൽക്കാലത്തു് കൽവാറുകളേയും സുൻറികളേയും അധഃകൃതരെന്നു കരുതാൻ വയ്യാതായതിന്നു കാരണങ്ങളുണ്ടു്. മററു രണ്ടു ജാതികളും ഏതു ഭാഗത്തു വേണമെങ്കിലും ഉൾപ്പെടുത്താവുന്ന വിധം അതിരിലാണു്. അവർ ദരിദ്രരും, പിന്നോക്കവും താണനിലയിലുമാണെന്നു് കണക്കാക്കപ്പെടുന്നവരുമാണെങ്കിലും, ഇപ്പോഴത്തെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള മററു ജാതികൾക്കു കല്പിക്കപ്പെടുന്ന അതേ കളങ്കം അവക്കില്ലെന്നു് അവരെ മുഖ്യമായും കാണുന്ന ജില്ലകളിൽനിന്നും കിട്ടിയ റപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. 1911 ലെ പട്ടികയിൽ വന്ന മററു 11 ജാതികളെ സംബന്ധിച്ചേടത്തോളം, ഈ സമുദായങ്ങളിൽ മിക്കതിൻെറയും പേരിൽ ആരോപിതമായിട്ടുള്ള ഒരേയൊരു അവശത, കുടുംബപുരോഹിതരെന്ന പേരിൽ നല്ല ബ്രാഹ്മണർ അവരെ സേവിക്കുന്നില്ലെന്നുള്ളതാണു്. ഏതാനും സമുദായങ്ങൾക്കു് (മല്ലാ, തന്തി, തേലി) ഹിന്ദുക്ഷേത്രങ്ങളുടെ ഉള്ളിലേക്കു് പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നതായി പറയപ്പെടുന്നു. മരിച്ചവരെ കുഴിച്ചുമൂടുന്ന പതിവു് കാരണം വൈഷ്ണവരേയും ഉൾപ്പെടുത്തിയിരുന്നു. ഇപ്പോഴത്തെ ഉദ്ദേശത്തിനു് ഈ 11 ജാതികളിൽ ഏതിനെയെങ്കിലും അധഃകൃതവർഗ്ഗമായി കരുതണമോയെന്നു് സംശയമാണു്.

തൊട്ടുകൂടാത്തവരിലോ, അധഃകൃതവർഗ്ഗ[illegible] യൊക്കെ ഉൾപ്പെടുത്തണമെന്ന പ്രശ്നം സെൻസ[illegible] കാരുടെ വിവേചനമനുസരിച്ചാണു് മിക്കവാറ[illegible] പ്പെടുന്നതെന്നു് മുകളിൽ പറഞ്ഞിട്ടുള്ള വിശദ[illegible] ഷ്പക്ഷമായ പരിഗണന സംശയാതീതമായി െ[illegible]ളിയിക്കുന്നു. ഇതുപോലും ഏകരീതികമായ അടിസ്ഥാനത്തിലല്ല ചെയ്യുന്നതു്. ഇങ്ങിനെയുള്ള പട്ടികകൾ തയാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കാലാകാലങ്ങളിലും, പ്രവിശ്യകൾതോറും വ്യത്യസ്തപ്പെടുന്നു. അധഃകൃതവർഗ്ഗങ്ങളുടെ (തൊട്ടുകൂടാത്തവരുടേയും) ആകെ സംഖ്യയിൽ വരുന്ന ജാതികളും അവയുടെ എണ്ണങ്ങളും നിരന്തമായും ഗണ്യമായും മാററങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്നുവെന്നാ

ണു് ഇതിൽനിന്ന മനസ്സിലാക്കുന്നതു്. ഏതെങ്കിലും നിശ്ചിത കാലത്തെ നിലയും; ഒരു തലമുറയ്ക്കോ രണ്ടുതലമുറയ്ക്കോ മുമ്പുണ്ടായിരുന്ന നിലയും തമ്മിൽ പൊതുവായി വളരെക്കുറച്ചേ ഉള്ളു. അതുകൊണ്ടു്, ഒരു പ്രത്യേകകാലത്തോ കാലഘട്ടത്തിലോ കാണപ്പെടുന്ന അയിത്തത്തിൻെറ അളവും തരവും അടിസ്ഥാനമാക്കി, തൊട്ടുകൂടാത്തവരെപ്പററി പൊതുവേ ഖണ്ഡിതമായി എന്തെങ്കിലും പ്രഖ്യാപനം നടത്തുന്നതു് പരിഹാസം ക്ഷണിച്ചുവരുത്തൽ മാത്രമായിരിക്കും. അതിനാൽ തൊട്ടുകൂടാത്തവരെക്കുറിച്ചും, സദാ സമയവും സത്വരപരിവർത്തനവിധേയമായിരിക്കുന്ന സമൂഹത്തിൽ അവക്കുള്ള പദവിയെക്കുറിച്ചും ഏകരീതികവും മാററാനാവാത്തതുമായ നിയമങ്ങൾ ഉണ്ടാക്കാനോ, കണ്ടുപിടിക്കുവാനോ ഉള്ള എല്ലാ ശ്രമങ്ങളും നിരാശയുടെ ഫലമാണെന്നേ കണക്കാക്കപ്പെടുകയുള്ളു. അതേസമയം, അയിത്തത്തിനു് ദൈവീകമായ ഉത്ഭവവും ദൈവകല്പിതവും അവകാശപ്പെടുകയും, അതുവഴി ഹിന്ദുമതത്തിന്റെ മുഖമുദ്രയിലുള്ള ആ കളങ്കത്തിനു് മതപരമായ അനുമതി കല്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിനേക്കാൾ സത്യത്തിൽനിന്നും യുക്തിയിൽനിന്നും വിദൂരമായി മറെറാന്നുമില്ല.

*ഹരിജൻ, മേയ് 20, 1933*

ഈ വിഷയം, കൊല്ലങ്ങൾക്കുമുമ്പ് യംഗ് ഇൻഡ്യയുടെ പേജുകളിൽ പ്രതിപാദിക്കപ്പെട്ടിരുന്നു. 'ഹരിജൻ' എന്ന പേരിനു് വിശുദ്ധമായ ബന്ധങ്ങൾ ഉണ്ടു്. അസ്പൃശ്യൻ, ദളിതൻ അല്ലെങ്കിൽ ഭങ്ഗികൾ, മേഹ്താരന്മാർ, ചമാരന്മാർ, പറയന്മാർ എന്നിങ്ങനെയുള്ള പലതരം 'തൊട്ടുകൂടാത്തവർ' എന്നിവക്കു് പകരമായി ഒരു ഹരിജൻ നിർദ്ദേശിച്ചതാണതു്. ഗവൺമെൻറുദ്യോഗസ്ഥന്മാർ അവരെ ഒരു പട്ടികയിൽപെടുത്തി. അതുകൊണ്ടു്, അവരെ 'പട്ടികവർഗ്ഗക്കാരെ'ന്നു വിളിക്കുന്നു. അങ്ങിനെ, കുഴപ്പം പിന്നെയും വർദ്ധിച്ചു. തൊട്ടുകൂടാത്തവരല്ലാത്തവരെ പട്ടികവർഗ്ഗങ്ങളിൽ പെടുത്തി; അങ്ങിനെ വിളിക്കപ്പെടാവുന്നവരെ ഒഴിവാക്കി. ഗവൺമെൻറു് നയത്തിൻെറ ഫലമായി, പട്ടികവർഗ്ഗങ്ങളിൽ പെടുത്തുകയെന്നുള്ളതു് മോഹിക്കപ്പെടേണ്ട ഒരു കാര്യമായി തീർന്നിരിക്കുന്ന ഒരു ഘട്ടത്തിൽ നാം ഇപ്പോൾ എത്തിയിരിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും സ്ഥാനങ്ങൾക്കായി പ്രക്ഷോഭണംകൂട്ടുന്ന ഒരു പ്രത്യേക സമ്മതിദായകവർഗ്ഗത്തെ ഗവൺമെൻറു് സൃഷ്ടിച്ചിരിക്കുന്നു. ഇങ്ങനെയുള്ള മോ

ഹത്തിനു് സത്യസന്ധമായ യോഗ്യത കൂടിയുണ്ടെങ്കിൽ, ഞാൻ കൂട്ടാക്കുകയില്ല. പക്ഷേ, യോഗ്യതയെന്തായാലും, സ്ഥാനങ്ങൾ മോഹിയ്ക്കപ്പെട്ടമ്പോൾ, അതു് സ്പഷ്ടമായും കുതന്ത്രമാകുന്നു. ഏററവും ഉയർന്ന സ്ഥാനത്തിനുള്ള യോഗ്യത നേടാൻവേണ്ടി വിദ്യാഭ്യാസം നേടണമെന്നുള്ള അഭിലാഷം വില മതിയ്ക്കപ്പെടണം, പ്രോത്സാഹിയ്ക്കപ്പെടണം. ഒരു ജാതിയിലോ, ഒരു വർഗ്ഗത്തിലോ പെടുന്നതിൻെറ അടിസ്ഥാനത്തിൽ, ഇങ്ങിനെയുള്ള ഒരു സ്ഥാനത്തേയ്ക്കു നിയമിയ്ക്കപ്പെടാനുള്ള അഭിലാഷം മൌലികമായി അധിക്ഷേപിയ്ക്കപ്പെടണം; നിരുത്സാഹപ്പെടുത്തണം.

ഞാൻ യഥാൎത്ഥപ്രതിവിധി നിർദ്ദേശിച്ചിട്ടുണ്ടു്. അപകർഷതാബോധം പോയേ തീരു. അതു പോകുന്നുണ്ടു്; പക്ഷേ വളരെ മെല്ലെയാണു്. ഓരോ ഹിന്ദുവും അയാളുടെ ഉൽക്കർഷതാബോധം മനപൂൎവ്വം കൈവെടിയുകയും, പ്രായോഗികമായി ഒരു ഹരിജനോ, നിങ്ങൾക്കിഷ്ടമെങ്കിൽ, ഹരിജനങ്ങളിൽ വച്ചു് ഏററവും താണവർഗ്ഗമായ മെഹത്താരനോ ആവുകയും ചെയ്താൽ, ഈ പ്രക്രിയയ്ക്കു് വേഗം കൂട്ടാം. അപ്പോൾ നമ്മളെല്ലാവരും ഈശ്വരൻെറ യഥാൎത്ഥ സന്താനങ്ങളാകും. 'ഹരിജൻ' എന്ന വാക്കിൻെറ അൎത്ഥം അതാണല്ലോ; ഇതു ചെയ്യുന്നതുവരെ, തൊട്ടുകൂടാത്തവരെ സൂചിപ്പിയ്ക്കുന്നതു് ഏതു വാക്കായാലും കൊള്ളാം അതിനു് അപകൎഷതയുടെ ദുർഗ്ഗന്ധമുണ്ടാകും. അയിത്തത്തിൻെറ അവസാനത്തെ പാടുപോലും നീക്കം ചെയ്യപ്പെടുന്നതുവരെ, ജീവിതത്തിൻെറ ഓരോ തുറയിലും ഈ പ്രക്രിയ നിഷ്കൃഷ്ടമായി നടക്കണം. സന്തോഷകരമായ ആ ദിവസം വന്നെത്തുമ്പോൾ, ഓരോ പാർപ്പിടകേന്ദ്രവും ഒരു ഹരിജന പാർപ്പിടകേന്ദ്രമായിരിയ്ക്കും; ഹൃദയത്തിൻേറയും ഗൃഹത്തിൻേറയും ശുചിത്വം നിത്യസത്യമാകും.

*ഹരിജൻ, ഏപ്രിൽ 14, 1946*

## ഹരിജനങ്ങളുടെ അവകാശങ്ങൾ

ഹരിജനസുഹൃത്തുക്കളിൽനിന്നു് എനിയ്ക്കു കത്തുകൾ കിട്ടി; ചിലർ എന്നെ കാണാനും വന്നിരുന്നു. ഇപ്പോൾ രാഷ്ട്രത്തിൻെറ കൈകളിലേയ്ക്കു് അധികാരം വന്നിട്ടുള്ളതിനാൽ, ഒന്നിലധികം ഹരിജനമന്ത്രികളുണ്ടായിരിയ്ക്കണമെന്നു് അവൎക്കു് തോന്നുന്നു. അവരുടെ ജനസംഖ്യാനുപാതമനുസരിച്ചു്, കുറഞ്ഞതു് മൂന്നു പേരെങ്കി

ല്യം വേണം. മാത്രമല്ല, ഈ അടിസ്ഥാനത്തിൽ, ഓരോ വകുപ്പിലും അവർ പ്രാതിനിധ്യം അവകാശപ്പെടുന്നു. അവർക്കിടയിൽ വേണ്ടത്ര സമത്ഥരായ ആളുകൾ ഇല്ലെന്നു് വാദിക്കുന്നതു് തെററാണെന്നു് അവർ പറയുന്നു: കഴിവിൻെറ മാനദണ്ഡം, ഹരിജനങ്ങളല്ലാത്തവർക്കു് ഒരു തരത്തിലും ബാധകമാകാറില്ലെന്നു് അവർ വാദിക്കുന്നു. അവക്കു് ഇഷ്ടജനാനുകൂല്യത്തിൻെറ ഉദാഹരണങ്ങൾ ഉദ്ധരിക്കാൻ കഴിയും.

അവർ പറയുന്ന എല്ലാം ശരിയാണെന്നു് സമ്മതിക്കാൻ ഞാൻ തയ്യാറില്ല. എൻെറ മനസ്സു് തികച്ചും വ്യത്യസ്തമായിട്ടാണു് പ്രവത്തിക്കുന്നതു്. മനുഷ്യൻ സ്വധർമ്മനിവ്വഹണത്തെ സംബന്ധിച്ചിടത്തോളം യജമാനനാണു്. ശരിയായി നിർവ്വഹിക്കപ്പെട്ട കടമകളിൽനിന്നാണു് അവൻെറ അവകാശങ്ങൾ യഥാത്ഥത്തിൽ പൊന്തിവരുന്നതു് എന്നു് ഞാൻ പറയുന്നു. ഇങ്ങനെയുള്ള അവകാശങ്ങൾ മാത്രമാണു് അനുയോജ്യമായിട്ടുള്ളതും, ശാശ്വതമായിട്ടുള്ളതും. കഴിവുണ്ടായിരുന്ന ഹരിജനങ്ങളല്ലാത്ത ഓരോരുത്തനും അയാളുടെ അവകാശങ്ങൾ പ്രയോഗിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ, സമൂഹം തകന്നുപോയേനെ. സ്വധമ്മനിർവ്വഹണം എല്ലാവക്കുമുള്ളതാണു്. സേവനരംഗം അതിവിപുലമാണു്. ആക്കും യജമാനനാവാൻ സാധ്യമല്ല. യജമാനനാകാൻ ശ്രമിക്കുന്നവൻ പരാജയപ്പെടും. എന്നാൽ, ഞാൻ നിർദ്ദേശിക്കുന്ന മാതിരി ജനങ്ങൾ പ്രവത്തിക്കുന്നില്ലെന്നു് എനിക്കുറിയാം. അതുകൊണ്ടു്, അധികാരത്തിനുവേണ്ടി പൊതുവേ ഒരു മൽപിടുത്തമുണ്ടു്. പലക്കും നിരാശരായി തിരിച്ചുപോകേണ്ടിവരുന്നു. എനിക്കുള്ള അഭിപ്രായങ്ങൾ വച്ചുകൊണ്ടു്, കഴിഞ്ഞ അമ്പതു കൊല്ലമായി അവയനുസരിച്ചു പ്രവത്തിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. അധികാരത്തിനുവേണ്ടിയുള്ള അനുചിതമായ സമരത്തിൽ ഞാൻ തല്പരനല്ല. ഹരിജനങ്ങൾ അവരുടെ കടമകളുടെ പേരിൽ മാത്രം ചിന്തിക്കുണമെന്നാണു് അവരോടുള്ള എൻെറ ഏക ഉപദേശം. രാത്രിയെ തുടർന്നു പകൽ വരുന്ന അത്രതന്നെ തീർച്ചയായി അവകാശങ്ങൾ പിൻതുടരും.

*ഹരിജൻ, ഒക്ടോബർ 6, 1946*

തൊട്ടുകൂടാത്തവർ, പട്ടികവർഗ്ഗക്കാർ, ആണു് ഉന്നം. കാരണം, ഹിന്ദുമതത്തിലെ ഏററവും ദുർബ്ബലമായ ബിന്ദു അവരാ

ണ്. പാകിസ്ഥാനിലെ പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകവോട്ടർ പട്ടികകളാകാമെന്ന് മുസ്ലിം ലീഗ് പ്രാസംഗീകർ പറയുന്നതായുള്ള റിപ്പോർട്ടുകൾ നാം വായിക്കുന്നു. പാകിസ്ഥാൻ മട്ടിലുള്ള ഇസ്ലാമിൽ ചേരുന്നതിനുള്ള ഒരാഹ്വാനമാണോ അത്? നിർബ്ബന്ധിതമതംമാററങ്ങളുടെ കഥകൾ അനുസ്മരിക്കാൻ ഞാൻ അഭിലഷിക്കുന്നില്ല. അവരുടെ സ്വന്തം വായിൽനിന്നുതന്നെ ഇത്രയധികം കേട്ടശേഷം, ഏററവും വഷളായിട്ടുള്ളതിനെപ്പററി വിഭാവനം ചെയ്യാൻ ഞാൻ ഭയപ്പെടുന്നു, ഈ ഭയത്തിനോ, ഭീഷണിക്കോ ഉള്ള ഉത്തരമെന്താണ്? ഹിന്ദുമതത്തിൽ, നിസ്സംശയമായും, യാതൊരു വിധത്തിലുമുള്ള അയിത്തവും പാടില്ല. നിയമത്തിൻെറ കണ്ണിൽ യാതൊരു വിധത്തിലുള്ള ജാതിവിഭാഗങ്ങളും പാടില്ല. ഹിന്ദുക്കളെല്ലാം ഒന്നാണ്. ഉയന്നവരോ, താഴ്ന്നവരോ ഇല്ല. പട്ടികവർഗ്ഗക്കാർ, ആദിവാസികൾ എന്നു വിളിക്കപ്പെടുന്നവർ എന്നിങ്ങനെയുള്ള അവഗണിക്കപ്പെട്ട എല്ലാവർഗ്ഗങ്ങൾക്കും വിദ്യാഭ്യാസം, പാപ്പിടം മുതലായവയുടെ കാര്യത്തിൽ പ്രത്യേകപെരുമാററം കിട്ടണം. വോട്ടർപട്ടികയിൽ അവർ ഒന്നായിരിക്കും. ഇപ്പോഴത്തേക്കാളും മോശമായ ഒരു നിലയെന്നായിരിക്കരുത് ഒരിക്കലും ഇതിൻെറ അത്ഥം. എല്ലാ വിധത്തിലും കുറേക്കൂടി മെച്ചമെന്നായിരിക്കണം. ഹിന്ദുമതം ആ ഉയന്ന തലത്തിലേക്ക് വരുമോ? അതോ, കുപ്രസിദ്ധമായ അന്ധവിശ്വാസങ്ങളെ പുണന്നും, ചീത്ത പെരുമാററങ്ങളെ അനുകരിച്ചും ഉന്മൂലനാശം വരിക്കുമോ?

*ഹരിജൻ, ജൂൺ 6, 1947*

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 301.45 Acc. No. 81857

This book should be returned on or before the date last stamped below.

23 JUL 1994
20 MAY 1995
20 NOV 1995
13 JAN 2000
19 AUG 2011

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

301.45 81857

ഗാന്ധി

ദൈവത്തിന്റെ മുമ്പിൽ എല്ലാവരും
തുല്യർ

KOTTAYAM PUBLIC LIBRARY
Call No 301.45 Acc. No 81857
Author ഗാന്ധി
Title ദൈവത്തിന്റെ മുമ്പിൽ എല്ലാവരും തുല്യർ

Indic Digital Archive Foundation
gpura.org